മഹാകവി

കാളിദാസവിരചിതം

# മാളവികാഗ്നിമിത്രം

മഹാകവി കാളിദാസവിരചിതം

# മാളവികാഗ്നിമിത്രം

വിവർത്തനം

എ. ആർ. രാജരാജവർമ്മ

**E-book Published By**
**http://malayalamebooks.wordpress.com/**
**September 2011**

# ഉള്ളടക്കം

ആമുഖം.......................................................................................... 3

നാടകപാത്രവിവരണം....................................................................... 7

ഒന്നാമങ്കം ........................................................................................ 9

രണ്ടാമങ്കം........................................................................................39

മൂന്നാമങ്കം .......................................................................................53

നാലാമങ്കം.......................................................................................93

അഞ്ചാമങ്കം................................................................................... 131

# ആമുഖം

**മാളവികാഗ്നിമിത്രം:** കാളിദാസന്റെ കാവ്യകൃതികളെ അപേക്ഷിച്ച് നാടകങ്ങളാണ് സാമാന്യജനങ്ങളെയും പണ്ഡിതന്മാരെയും അധികമായി ആകർഷിച്ചിട്ടുള്ളത്. "കാവ്യേഷു നാടകം രമ്യം" എന്ന് കവിവചനവുമുണ്ടല്ലോ. കാളിദാസനാടകങ്ങളിൽ ഏറ്റവും ജനപ്രിയമായതും ഏറ്റവും അധികം ഭാഷകളിൽ പരിഭാഷകളുള്ളതും ശാകുന്തളത്തിനാണ്. അതിനു തൊട്ടുപിന്നാലെയാണ് വിക്രമോർവ്വശീയത്തിന്റെയും മാളവികാഗ്നിമിത്രത്തിന്റെയും സ്ഥാനം.

കാളിദാസൻ വിരചിച്ച ആദ്യനാടകമാണ് മാളവികാഗ്നിമിത്രം എന്നു പറയപ്പെടുന്നു. "മാളവികാഗ്നിമിത്രം" എന്ന പേരിന്റെ അർത്ഥം "മാളവികയുടെയും അഗ്നിമിത്രന്റെയും കഥ" എന്നാണ്. കാളിദാസന്റെ മറ്റു കൃതികളിൽനിന്നു ഭിന്നമായി ഈ നാടകത്തിന്റെ പാശ്ചാത്തലം പൗരാണികമല്ല, ഐതിഹാസികമാണ്. ബി.സി.ഇ. രണ്ടാം ശതകത്തിൽ ജീവിച്ചിരുന്ന സുംഗവംശസ്ഥാപകനായ പുഷ്യമിത്രമഹാരാജാവിന്റെ പ്രഥമപുത്രനും ആ രാജവംശത്തിലെ രണ്ടാമത്തെ രാജാവുമായിരുന്ന അഗ്നിമിത്രന്റെ ജീവിതത്തിലെ ഒരു ഇതിവൃത്തമാണ് കാളിദാസൻ മാളവികാഗ്നിമിത്രം എന്ന നാടകത്തിനായി തിരഞ്ഞെടുത്തത്. ഈ കഥ നടക്കുന്ന സമയം തന്റെ പിതാവിന്റെ വിശാലസാമ്രാജ്യത്തിലെ ഒരു പ്രവിശ്യയായിരുന്ന വിദിശയുടെ അധിപനായിരുന്നു അഗ്നിമിത്രൻ. തന്റെ പട്ടമഹിഷിയായ രാജ്ഞി ധാരിണീദേവിയുടെ പരിചാരികയായ മാളവികയെ ചിത്രത്തിൽ കണ്ട് അനുരക്തനായ അഗ്നിമിത്രൻ മാളവികയെ സ്വന്തമാക്കുവാൻ നടത്തുന്ന പ്രയത്നങ്ങളും അതുമായി ബന്ധപ്പെട്ടു കൊട്ടാരത്തിൽ നടന്ന വിവിധസംഭവങ്ങളും മഹാകവി വളരെ രസകരമായി വർണ്ണിച്ചിട്ടുണ്ട്. നാടകാന്ത്യത്തിൽ രാജമഹിഷിയായ ധാരിണീദേവി തന്റെ പ്രാണപ്രിയന്റെ സന്തുഷ്ടിയ്ക്കായി മാളവികയെ സപത്നിയായി സ്വീകരിക്കുകയെന്ന മഹാത്യാഗം അനുഷ്ഠിക്കുന്നതിലൂടെ കഥ ശുഭപര്യവ-സായിയായി മാറുന്നു.

പ്രസിദ്ധചരിത്രപണ്ഡിതനും ദേശഭക്തനുമായിരുന്ന വീരസവർക്കർ രചിച്ചിട്ടുള്ള "ഭാരതചരിത്രത്തിലെ ആറു സുവർണഘട്ടങ്ങൾ" എന്ന കൃതിയിൽ വർണ്ണിച്ചിട്ടുള്ള ആറു സുവർണകാലഘട്ടങ്ങളിലൊന്ന് പുഷ്യ മിത്രനും, അഗ്നിമിത്രനും ഭാരതം ഭരിച്ചിരുന്ന കാലഘട്ടമാണെന്നതും ഈ സന്ദർഭത്തിൽ സ്മരണീയമാണ്. സ്വഭാവവൈശിഷ്ട്യവും, ഭരണ സാമർത്ഥ്യവുമുള്ള അഗ്നിമിത്രമഹാരാജാവിനെ നായകനായി തിരഞ്ഞെ ടുത്തതിലൂടെ കാളിദാസൻ തന്റെ നാടകത്തിനു മാറ്റുകൂട്ടുകയാണു ചെയ്തത്.

**കാളിദാസകൃതികൾ ഇ-ബുക്ക് പ്രോജക്ട്:** മഹാകവി കാളിദാസന്റെ കൃതികൾ മലയാളത്തിൽ അർത്ഥസഹിതം ഡിജിറ്റൈസ് ചെയ്യണമെന്ന് ഈ ബ്ലോഗിന്റെ സന്ദർശകരും, അഭ്യുദയകാംക്ഷികളും പലപ്പോഴും നിർദ്ദേശിച്ചിരുന്നു. 2011 ജൂലായ് 12-ന് കാളിദാസകൃതികളുടെ ഡിജിറ്റൈസേഷൻ പ്രോജക്റ്റിന് ആരംഭം കുറിച്ചു. കാളിദാസന്റെ കൃതികൾ മുഖ്യമായും ഏഴാണ് – മൂന്ന് മഹാകാവ്യങ്ങളും, മൂന്നു നാടക ങ്ങളും, ഒരു ഖണ്ഡകാവ്യവും. അതിൽ മഹാകാവ്യങ്ങ!ൾ താരതമ്യേന വലുതായതിനാൽ തുടക്കത്തിൽ നാടകങ്ങൾ ഡിജിറ്റൈസ് ചെയ്യു വാനാണ് ഉദ്ദേശിക്കുന്നത്. ശാകുന്തളം, വിക്രമോർവശീയം, മാളവികാഗ്നി മിത്രം എന്നിവയാണല്ലോ കാളിദാസൻ വിരചിച്ച നാടകങ്ങൾ. അവയിൽ വിക്രമോർവശീയമാണ് ആദ്യമായി ഡിജിറ്റൈസ് ചെയ്തുതുടങ്ങിയത്. അതിന്റെ ഡിജിറ്റൈസേഷൻ ഓഗസ്റ്റ് 21-ന് പൂർത്തിയാകുകയും, വിക്രമോർവശീയം ഇ-ബുക്ക് അന്നുതന്നെ ബ്ലോഗിൽ പോസ്റ്റ് ചെയ്യു കയും ചെയ്തിരുന്നു.

അതിനെത്തുടർന്ന് മാളവികാഗ്നിമിത്രത്തിന്റെ ടൈപ്പിങ്ങ് രണ്ടാഴ്ച യ്ക്കകം മിക്കവാറും പൂർത്തിയായെങ്കിലും സംസ്കൃതത്തിലും പ്രാകൃത ത്തിലുമുള്ള സംഭാഷണങ്ങൾ വളരെ ശ്രദ്ധിച്ചു പരിശോധിക്കേണ്ടി വന്നതിനാൽ പ്രൂഫ് റീഡിങ്ങ് വളരെ മന്ദഗതിയിലാണ് നീങ്ങിയത്. അതുകാരണമാണ് മാളവികാഗ്നിമിത്രം ഈ ബ്ലോഗിൽ പോസ്റ്റ് ചെയ്യു ന്നതിന് ഇത്രയും വൈകിയത്.

**മാളവികാഗ്നിമിത്രം ഇ–ബുക്ക്:** മാളവികാഗ്നിമിത്രത്തിന് ഏ. ആർ. രാജരാജവർമ്മ രചിച്ചതും 1916–ൽ പ്രസിദ്ധീകരിക്കപ്പെട്ടതുമായ മലയാള പരിഭാഷയാണ് ഈ സന്ദർഭത്തിൽ ഇബുക്കായി പ്രസിദ്ധീകരിക്കുന്നത്. മാളവികാഗ്നിമിത്രത്തിന്റെ പരിഭാഷയോടൊപ്പം ഈ കൃതിയുടെ സംസ്കൃതമൂലം മലയാളലിപിയിൽത്തന്നെ നല്കിയിട്ടുണ്ട്. ഭാസന്റെയും ഭവഭൂതിയുടെയും നാടകങ്ങളിലെന്നപോലെ കാളിദാസനാടകങ്ങളിലും വിദൂഷകന്റെയും സ്ത്രീകഥാപാത്രങ്ങളുടെയും സേവകന്മാരുടെയും മറ്റും സംഭാഷണം പ്രാകൃതഭാഷയിലാണ്. അതിന്റെ പരിഭാഷ (സംസ്കൃതച്ഛായ) അതാതു സ്ഥലത്ത് ബ്രാക്കറ്റിൽ നല്കിയിട്ടുമുണ്ട്.

പ്രാകൃതഭാഷയിലുള്ള ശ്ലോകങ്ങളും സംഭാഷണങ്ങളും ധാരാളമായി ഉള്ളതിനാൽ ഇതിന്റെ ടൈപ്പിങ്ങ് വളരെ ദുഷ്കരമായിരുന്നു. ക്ലേശ കരമായ ഈ കൃത്യം വളരെ ഉത്സാഹപൂർവ്വം നിർവഹിച്ച മാളവികാഗ്നി മിത്രം ഡിജിറ്റൈസേഷൻ ടീമിലെ എല്ലാ അംഗങ്ങളോടും, ഇതിനായി സദാ പ്രോത്സാഹനമേകിയ എല്ലാ സഹൃദയരോടും, വിക്രമോർവശീയം ഇ–ബുക്കിന് സുന്ദരമായ ഒരു കവർപേജ് ഡിസൈൻ ചെയ്ത സുഗേഷ് ആചാരിയോടുമുള്ള ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

– പ്രസാധകൻ

# പാത്രപരിചയഃ

**പുരുഷാഃ**

| | |
|---|---|
| സൂത്രധാരഃ | നാടകസ്യ പൂർവ്വരംഗകർത്താ |
| പാരിപാർശ്വികഃ | സൂത്രധാരസ്യ സഹചരഃ |
| രാജാ | അഗ്നിമിത്രാഖ്യോ വിദിശാധീശഃ |
| വാഹതകഃ | പ്രാചീനമന്ത്രീ |
| വിദൂഷകഃ | ഗൗതമോ നാമ രാജ്ഞോ മിത്രം |
| കഞ്ചുകീ | അന്തഃപുരാദ്ധ്യക്ഷോ വൃദ്ധബ്രാഹ്മണഃ |
| ഗണദാസോ | ഹരദത്തശ്ച നാട്യാചാര്യൗ |
| സാരസികഃ | കുബ്ജഃ കിങ്കരവിശേഷഃ |
| വൈതാളികഃ | സ്തുതിപാഠകഃ |

**സ്ത്രിയഃ**

| | |
|---|---|
| മാളവികാ | മാളവാധീശമാധവസേനസ്യ ഭഗിനീ |
| ധാരിണീ | അഗ്നിമിത്രസ്യ ജ്യേഷ്ഠാ മഹിഷീ |
| ഇരാവതീ | അഗ്നിമിത്രസ്യ ദ്വിതീയാ പത്നീ |
| പരിവ്രാജികാ | കൗശികീ നാമ്നീ മാധവസേനസചിവസ്യ സുമതേർവിധവാ ഭഗിനീ |
| ബകുളാവലികാ | ധാരിണ്യാഃപരിചാരികാ, മാളവികായാഃ സഖീ |
| മധുകരികാ | ഉദ്യാനപാലികാ |
| കൗമുദികാ | ദാസീ |
| സമാഹിതികാ | പരിവ്രാജികായാഃ പരിചാരികാ |
| ജയസേനാ | പ്രതീഹാരീ |
| ചേടീ | അപരാ ദാസീ |
| രജനികാ, ജ്യോത്സ്നികാ ച | വിദർഭദേശാഗത ശില്പിന്യൗ |

# നാടകപാത്രവിവരണം

| | |
|---|---|
| അഗ്നിമിത്രൻ | വിദിശയിലെ രാജാവ്, നായകൻ |
| മാളവിക | മാധവസേനന്റെ സോദരീ, നായിക |
| ധാരിണി ദേവി | മഹാരാജ്ഞീ, മഹിഷി |
| ബകുളാവലിക | മാളവികയുടെ സഖി, മഹിഷിയുടെ ചേടി |
| കൗമുദിക | നാഗരിക |
| മധുകരിക | ഉദ്യാനപാലിക |
| ഇരാവതി | രാജാവിന്റെ വല്ലഭ |
| നിപുണിക | ഇരാവതിയുടെ ചേടി |
| വാഹതകൻ | മന്ത്രി |
| ഗൗതമൻ | വിദൂഷകൻ |
| ഗണദാസൻ | മഹാരാജ്ഞി വക നട്ടുവൻ |
| ഹരദത്തൻ | മഹാരാജാവിന്റെ വക നട്ടുവൻ |
| കൗശികി – പരിവ്രാജിക | മഹാരാജ്ഞിയുടെ ആശ്രിത |
| സമാഹിതിക | പരിവ്രാജികയുടെ പരിചാരിക |
| മൗദ്ഗല്യൻ | കഞ്ചുകി |
| ജയസേന | ദ്വാരപാലിക |
| സാരസകൻ | പരിജനങ്ങളിൽ പ്രധാനി |
| രജനിക, ജ്യോത്സ്നിക | മാധവസേനൻ അയച്ച പാട്ടുകാരികൾ |

# പ്രഥമോƒങ്കഃ

## പ്രസ്താവനാ

**ഏകൈശ്വര്യേ സ്ഥിതോƒപി പ്രണതബഹുലേ യഃ സ്വയം കൃത്തിവാസാഃ**
**കാന്താസംമിശ്രദേഹോ?പ്യവിഷയമനസാം യഃ പരസ്താദ്യതീനാം**
**അഷ്ടാഭിരസ്യ കൃത്സ്നം ജഗദപി തനുഭിർബിഭ്രതോ നാഭിമാനഃ**
**സന്മാർഗ്ഗാലോകനായ വ്യപനയതു സ വസ്താമസീം വൃത്തിമീശഃ** 1

(നാന്ദ്യന്തേ)

സൂത്രധാരഃ: (നേപഥ്യാഭിമുഖമവലോക്യ) മാരിഷ! ഇതസ്താവത്.

(പ്രവിശ്യ)

പാരിപാർശ്വികഃ: ഭാവ! അയമസ്മി.

സൂത്രധാരഃ: അഭിഹിതോƒസ്മി വിദ്വത്പരിഷദാ "കാളിദാസഗ്രഥിത വസ്തു മാളവികാഗ്നിമിത്രം നാമ നാടകമസ്മിൻ വസന്തോത്സവേ പ്രയോക്തവ്യം" ഇതി. തദാരഭ്യതാം സംഗീതം.

പാരിപാർശ്വികഃ: മാ താവത്. പ്രഥിതയശസാം ഭാസസൗമില്ലക കവിപുത്രാദീനാം പ്രബന്ധമതിക്രമ്യ വർത്തമാനകവേഃ കാളിദാസസ്യ ക്രിയായാഃ കഥം ബഹുമാനഃ?

സൂത്രധാരഃ: അയി! വിവേകവിശ്രാന്തമഭിഹിതം. പശ്യ –

**പുരാണമിത്യേവ ന സാധു സർവ്വം ന ചാപി കാവ്യം നവമിത്യവദ്യം**
**സന്തഃ പരീക്ഷ്യന്യതരദ്ഭജന്തേ മൂഢഃ പരപ്രത്യയനേയബുദ്ധിഃ** 2

പാരിപാർശ്വികഃ: ആര്യമിശ്രാഃ പ്രമാണം.

സൂത്രധാരഃ: തേന ഹി ത്വരതാം ഭവാൻ.

**ശിരസാ പ്രഥമഗൃഹീതാമാജ്ഞാമിച്ഛാമി പരിഷദഃ കർത്തും,**
**ദേവ്യാ ഇവ ധാരിണ്യാഃ സേവാദക്ഷഃ പരിജനോƒയം** 3

(ഇതി നിഷ്ക്രാന്തൗ)

(ഇതി പ്രസ്താവനാ)

# ഒന്നാമങ്കം

## പ്രസ്താവന

**തും ഗൈശ്വര്യത്തിൽ വാണീടിലുമതു നതരിൽചേർത്തു ചർമ്മം ധരിപ്പോൻ,**
**തൻഗാത്രം വല്ലഭാങ്ഗത്തൊടു പിണയുകിലും സങ്ഗഹീനൻ യതീന്ദ്രൻ**
**സർവ്വം മൂർത്ത്യഷ്ടകത്താൽബ്ഭുവനമിതു ഭരിച്ചിട്ടുമസ്താഭിമാനൻ**
**ശർവ്വൻ നീക്കട്ടെ നിങ്ങൾക്കതികലുഷതമോ വൃത്തിസന്മാർഗ്ഗമേറ്റാൻ 1**

(നാന്ദി കഴിഞ്ഞു സൂത്രധാരൻ പ്രവേശിക്കുന്നു).

സൂത്രധാരൻ: (അണിയറയിലേക്കു നോക്കീട്ട്) എടോ! ഇവിടെ വരൂ.

പരിചാരകൻ: (പ്രവേശിച്ചിട്ട്) എജമാന്നേ, ഞാനിതാ വന്നിരിക്കുന്നു.

സൂത്രധാരൻ: സദസ്യർ ആജ്ഞാപിച്ചിരിക്കുന്നു കാളിദാസകൃതമായ "മാളവികാഗ്നിമിത്രം" നാടകം ഈ വസന്തോത്സവത്തിൽ നാം അഭിനയിക്കണം എന്ന്. അതിനാൽ സംഗീതം ആരംഭിക്കട്ടെ!

പരിചാരകൻ: അതു വരട്ടെ. കേൾവികേട്ടിട്ടുള്ള ഭാസൻ, സൗമില്ലൻ, കവിപുത്രൻ മുതലായവരുടെ നാടകങ്ങൾ എടുക്കാതെ നവീനകവിയായ കാളിദാസന്റെ കൃതിയിൽ സദസ്സിനു ബഹുമാനം വരാമോ?

സൂത്രധാരൻ: എടോ! ഇതു താൻ വിവരമില്ലാതെ പറഞ്ഞതാണ്. നോക്കൂ:

**നന്നല്ല കാവ്യമഖിലം പഴതെന്നുവെച്ചി–**
**ട്ടൊന്നോടെ നിന്ദിതവുമല്ല നവത്വമൂലം**
**വിജ്ഞൻ വിചാരണകഴിച്ചു തിരഞ്ഞെടുക്കും;**
**അജ്ഞന്നു വല്ലവരുമോതുവതാം പ്രമാണം. 2**

പരിചാരകൻ: എജമാനൻ പറയുന്നതു ശരി.

സൂത്രധാരൻ: എന്നാൽ അമാന്തിക്കാതെ കാര്യം നോക്കൂ.

**വരുതി സദസ്യർ കൊടുത്തതു വിരവിൽ നടത്താനൊരുമ്പെടുന്നേൻ ഞാൻ**
**വരമഹിഷിധാരിണിയുടയ വിരുതെഴുമിപ്പരിജനം പോലെ 3**

(രണ്ടുപേരും പോയി)

(പ്രസ്താവന കഴിഞ്ഞു).

## വിഷ്കംഭം

(തതഃ പ്രവിശതി ചേടീ)

ചേടീ: ആണത്തംഹി ദേവീഏ ധാരിണീഏ അ!ഇരപ്പ ഉത്തോവദേസം ഛലിഅം ണാമ ണട്ടഅം അന്തരേണ കീരിസീ മാളവിഅത്തി ണട്ടാഅരിഅം അജ്ജഗണദാസമ് പുച്ഛിദും. താ ജാവ സംഗീദ സാലം ഗച്ഛമ്മി. (ആജ്ഞപ്താസ്മി ദേവ്യാ ധാരിണ്യാ, അചിരപ്രവൃത്തോപ ദേശം ഛലികം നാമ നാട്യമന്തരേണ കീദൃശീ മാളവികേതി നാട്യാചാര്യമാര്യഗണദാസം പ്രഷ്ടും. തദ്യാവത് സംഗീതശാലാം ഗച്ഛാമി)

(ഇതി പരിക്രാമതി) (തതഃ പ്രവിശത്യാഭരണഹസ്താ ദ്വിതീയാ ചേടീ).

പ്രഥമാ: (ദ്വിതീയാം ദൃഷ്ട്വാ) ഹളാ കോമുദീഏ! കുദോ ദേ ഇ!അംധീരദാ? ജം സമീവേണ വിമം അദിക്കമന്ദീ ഇദോ ദിട്ഠിം ണദേസീ) സഖി കൗമുദികേ! കുതസ്ത്വ ഇയം ധീരതാ? യത് സമീപേ നാപി മാമതിക്രാമന്തീ ഇതോ ദൃഷ്ടിം ന ദദാസി?)

ദ്വിതീയാ: അഹ്മോ ബ!ഉളാവലിആ! സഹി! ഇദം ദേവീഏസിപ്പിസ ആസാദോ ആണീദം ണാഅമുദ്ദാസണാഹം അംഗുലീഅഅംസിണിഗ്ദ്ധം ണിജ്ഝാഅന്തീ തുഹ ഉവാലംഭേ പഡിദംഹി. (അംഹോ ബകുളാവലികാ! സഖി! ഇദമ് ദേവ്യാഃ ശില്പസകാശാദാനീതം നാഗമുദ്രാ സനാഥമംഗുലീയകം സ്നിഗ്ദ്ധം നിധ്യായന്തീ തവോപാലംഭേ പതിതാസ്മി).

ബകുളാവലികാ: (അഗുലീയകം വിലോക്യ) ഠാണേ ഖു സജ്ജിദിദിട്ഠീ. ഇമിണാ അംഗുലീഅഏണ ഉബ്ഭിണ്ണകിരണകേസരേണ കുസുമിദോ വിഅ ദേ അഗ്ഗഹത്ഥോ പഡിഭാദി. (സ്ഥാനേ ഖലു സജ്ജതി ദൃഷ്ടിഃ അനേനാംഗുലീയകേനോത്ഭിന്ന കിരണകേസരേണ കുസുമിത ഇവ തേ?ഗ്രഹസ്തഃ പ്രതിഭാതി).

കൗമുദികാ: ഹളാ! കഹിം പത്ഥിദാ സി? (സഖി, കുത്ര പ്രസ്ഥിതാസി?)

ബകുളാവലികാ: ദേവീഏ എവ്വ അണേണ ണട്ടാഅരിഅം അജ്ജ ഗണദാസം പുച്ഛിദും ഉവദേസഗ്ഗഹണേ കീരിസി മാളവി ഏത്തി. (ദേവ്യാ ഏവ വചനേന നാട്യാചാര്യമാര്യഗണദാസം പ്രഷ്ടും ഉപദേശഗ്രഹണേ കീദൃശീ മാളവികേതി).

വിഷ്കംഭം

(അനന്തരം ചേടി പ്രവേശിക്കുന്നു)

ചേടീ: ധാരിണീമഹാരാജ്ഞി എന്നോടു കല്പിച്ചിരിക്കുന്നു, ഈയിടെ ചൊല്ലിയാടിത്തുടങ്ങീട്ടുള്ള മാളവികയുടെ മട്ടേതുവിധമെന്നു ഗണദാസനങ്ങുന്നിനോടു ചോദിച്ചുവരണം എന്ന്. അതുകൊണ്ട് സംഗീതക്കളരിയിലേക്കു പോകതന്നെ (ചുറ്റി നടക്കുന്നു).

(ആഭരണവുമെടുത്തുകൊണ്ടു മറ്റൊരു ചേടി പ്രവേശിക്കുന്നു)

ഒന്നാമത്തേവൾ: (മറ്റവളെ കണ്ടിട്ട്) നോക്കൂ, കൗമുദികേ! എന്തേ നിനക്കിത്ര ഊറ്റം? അരികെക്കൂടി കടന്നുപോയിട്ടും ഇങ്ങോട്ടൊരു നോട്ടം ഭാവമില്ല.

രണ്ടാമത്തേവൾ: അല്ലാ, ബകുളാവലികയോ? തോഴി, മഹാരാജ്ഞി തിരുമനസ്സിലെ നാഗമുദ്രമോതിരം തട്ടാരുടെ പക്കൽനിന്നു വാങ്ങിയതു രസിച്ചുനോക്കിക്കൊണ്ടു ഞാൻ വരുമ്പോൾ നിനക്കു പരിഭവിക്കാൻ തരം കിട്ടി.

ബകുളാവലിക: (മോതിരം നോക്കിയിട്ട്) കുറ്റമല്ല നീയിത്ര സൂക്ഷിച്ചു നോക്കിയത്; ഈ തിരുവാഴിയിലെ കല്ലുകളുടെ പളപളപ്പുകൊണ്ടു നിന്റെ ഉള്ളംകൈ പുഷ്പിച്ചതുപോലെ തോന്നുന്നു.

കൗമുദിക: തോഴി! നീയിപ്പോഴെങ്ങോട്ടാണു പുറപ്പെട്ടത്?

ബകുളാവലിക: മഹാരാജ്ഞി കല്പിച്ചിട്ട് മാളവികയുടെ പഠിത്തം എങ്ങനെയിരിക്കുന്നുവെന്നു നട്യനാശാൻ ഗണദാസനവർകളോടു ചോദിക്കാൻ.

കൗമുദികാ: ഹളാ! ഈരിസേണ വാവാരേണ അസംണിഹിദാ വിദിട്ഠാ കില സാ ഭട്ടുണാ (സഖി, ഈദൃശേന വ്യാപാരേണാസന്നിഹിതാപി ദൃഷ്ടാ കില സാ ഭർത്രാ).

ബകുളാവലിക: ആമ. സോ ജണോ ദേവീഏ പസ്സഗദോ ചിത്തേദിട്ഠോ (ആമ. സ ജനോ ദേവ്യാഃ പാർശ്വഗതശ്ചിത്രേ ദൃഷ്ടഃ).

കൗമുദികാ: കഹം വിഅ? (കഥമിവ)

ബകുളാവലികാ: സുണു. ചിത്തസാലം ഗദാ ദേവീ പച്ചഗ്ഗവണ്ണരാ!അം ചിത്തലേഹം ആആരിഅസ്സ ഓലോഅന്ദീ ചിട്ഠദി. ഭട്ടാ ദാവ ഉവട്ഠിദോ. (ശൃണു. ചിത്രശാലാം ഗതാ ദേവീ പ്രത്യുഗ്രവർണ്ണരാഗാം ചിത്രലേഖാ– മാചാര്യസ്യാവലോകയന്തീ തിഷ്ഠതി. ഭർത്താ താവദുപസ്ഥിതഃ)

കൗമുദികാ: തദോ തദോ (തതസ്തതഃ)

ബകുളാവലികാ: ഉവആരാണന്ദരം എക്കാസണോവവിട്ഠേണ ഭട്ടുണാ ചിത്തഗദാഏ ദേവീഏ പരിഅണമജ്ഝഗദം ആസണ്ണ ആരിണിം, ദേക്ഖിഅ ദേവീ പുച്ഛിദാ. (ഉപചാരാനന്തരമേകാസനോപവിഷ്ടേന ഭർത്രാ ചിത്രഗതായാ ദേവ്യാഃ പരിജനമധ്യ ഗതാമാസന്നചാരിണീം ദൃഷ്ട്വാ ദേവീ പൃഷ്ടാ).

കൗമുദികാ: കിംതി (കിമിതി).

ബകുളാവലികാ: "ദേവി! അപുർവ്വ ഇഅം ദാരിആ, തുഹ ആസണ്ണാ ആലിഹിദാ, കിംണാമഹേഏത്തി" (ദേവി! അപൂർവ്വേയം ദാരികാ, തവാസന്നാ ആലിഖിതാ, കിം നാമധേയാ" ഇതി.

കൗമുദികാ: ണം ആകിദിവിസേസേ ആഅരോ പദം കരേദി. തദോ തദോ. (നന്വാകൃതിവിശേഷേ ആദരഃ പദം കരോതി. തതസ്തതഃ).

ബകുളാവലികാ: തദോ അവഹീരിഅവ!അണോ ഭട്ടാ സംകിദോദേവീം പുണോ പുണോ അണുബന്ധിദും പ!ഉത്തോ ജാവ ദേവീണ കഹേഇ, ദാവ കുമാരീഏ വസുലച്ഛീഏ ആചക്ഖിദം ആഉത്ത! ഏസാ മാളവിഏ'ത്തി. (തതോƒവധീരിതവചനോ ഭർത്താ ശങ്കിതോ ദേവീം പുനഃപുനരനുബന്ധും പ്രവൃത്തഃ. യാവദ്ദേവീ ന കഥയതി, താവത് കുമാര്യാ വസുലക്ഷ്മ്യാഖ്യാതം "ആവൃത്ത! ഏഷാ മാളവികാ" ഇതി)

കൗമുദിക: തോഴി! ഈവക ജോലികൊണ്ട് അവൾക്ക് അരമനയിൽ താമസം ചുരുങ്ങുന്ന സ്ഥിതിക്ക് തമ്പുരാൻ അവളെ കണ്ടുമുട്ടിയതെങ്ങനെ?

ബകുളാവലിക: അതോ! ചിത്രത്തിൽ അവളെ മഹാരാജ്ഞിയുടെ അടുക്കൽ നിൽക്കുന്നതായിട്ടെഴുതിയിരുന്നതു കണ്ടിട്ടാണ്.

കൗമുദിക: അതെങ്ങനെ?

ബകുളാവലിക: കേട്ടോളൂ! മഹാരാജ്ഞി ചിത്രശാലയിൽ ചെന്ന് അവിടെ ചിത്രമെഴുത്താശാൻ പുതുതായിട്ടെഴുതിയ ചിത്രം നോക്കിക്കൊണ്ടു നിൽക്കുകയായിരുന്നു. അപ്പോൾ മഹാരാജാവ് എഴുന്നള്ളി.

കൗമുദിക: എന്നിട്ട്?

ബകുളാവലിക: ഉപചാരങ്ങൾ കഴിഞ്ഞു രണ്ടുപേരും ഒന്നിച്ചുതന്നെ ഇരുന്നതിന്റെ ശേഷം മഹാരാജ്ഞിയുടെ ചിത്രത്തിൽ എഴുതിയിരിക്കുന്ന പരിചാരികമാരുടെ കൂട്ടത്തിൽ അടുത്തു ശുശ്രൂഷിച്ചുകൊണ്ടു നില്ക്കുന്നതായിക്കണ്ട ബാലികയെ നോക്കീട്ട് മഹാരാജാവു ചോദിച്ചു.

കൗമുദിക: എന്തായിരുന്നു ചോദ്യം?

ബകുളാവലിക: "ദേവീ! ഇതൊരു പുതിയ ബാലികയാണല്ലോ! ഭവതിയുടെ അടുക്കലായിട്ടെഴുതിയിരിക്കയും ചെയ്യുന്നു. ഇവളുടെ പേരെന്താണ്?" എന്ന്.

കൗമുദിക: ആകൃതിവിശേഷത്തിൽ ആദരം തോന്നുന്നതാണല്ലോ! ആ പിന്നെ?

ബകുളാവലിക: പിന്നീടു മഹാരാജ്ഞി മറുപടി പറയാത്തതിൽ ശങ്ക തോന്നീട്ടു തമ്പുരാൻ വീണ്ടും ചോദ്യം ആവർത്തിക്കാൻ തുടങ്ങിയപ്പോൾ കുമാരി വസുലക്ഷ്മി അരുളിച്ചെയ്തു, "ചേട്ടാ! ഇതു മാളവികയാണ്" എന്ന്.

കൗമുദികാ: (സസ്മിതം) സരിസം ഖു ബാലഭാവസ്സ. അദോ വരം കഹേഹി. (സദൃശം ഖലു ബാലഭാവസ്യ അതഃപരം കഥയ).

ബകുളാവലികാ: കിം അണ്ണം? സംപദം മാളവിആ സവിസേസം ഭട്ടുണോ ദംസണപഹാദോ രക്ഖീഅദി. (കിമന്യത്? സാംപ്രതം മാളവികാ സവിശേഷം ഭർത്തുർദർശനപഥാദ്രക്ഷ്യതേ).

കൗമുദികാ: ഹളാ! അണുചിട്ഠ അത്തണോ ണിഓഅം. അഹം വി ഏദം അംഗുലീഅ!അം ദേവീഏ ഉവണഇസ്സം (ഹളാ! അനുതിഷ്ഠാത്മനോ നിയോഗം. അഹമപേതദംഗുലീയകം ദേവ്യൈ ഉപനേഷ്യാമി).

(ഇതി നിഷ്ക്രാന്താ).

ബകുളാവലികാ: (പരിക്രമ്യാവലോക്യ) ഏസോ ണട്ടാഅരിഓ അജ്ജ ഗണദാസോ സംഗീദസാലാഓ ദാണിം ണിക്കമഇ. ജാവസേ അത്താണം ദംസേമി. (ഏഷ നാട്യാചാര്യ ആര്യഗണദാസഃ സംഗീതശാലാത ഇദാനീം നിഷ്ക്രാമതി യാവദസ്യ ആത്മാനം ദർശയാമി). (ഇതി പരിക്രാമതി)

(പ്രവിശ്യ)

ഗണദാസഃ: കാമം ഖലു സർവ്വസ്യാപി കുലവിദ്യാ ബഹുമതാ. ന പുനരസ്മാകം നാട്യം പ്രതി മിഥ്യാഗൌരവം. കുതഃ

**ദേവനാമിദമാമനന്തി മുനയഃ കാന്തം ക്രതും ചാക്ഷുഷം**
**രുദ്രേണേദമുമാകൃതവ്യതികരേ സ്വാംഗേ വിഭക്തം ദ്വിധാ**
**ത്രൈഗുണ്യോദ്ഭവമത്ര ലോകചരിതം നാനാരസം ദൃശ്യതേ**
**നാട്യം ഭിന്നരുചേർജനസ്യ ബഹുധാപ്യേകം സമാരാധനം.** 4

ബകുളാവലികാ: (ഉപസൃത്യ) അജ്ജ! വന്ദാമി. (ആര്യ! വന്ദേ)

ഗണദാസഃ: ഭദ്രേ ചിരംജീവ.

ബകുളാവലികാ: അജ്ജ! ദേവീ പുച്ഛദി ഭഅവി ഉവദേസഗ്ഗഹണേ ണാദികിലേസേദി വോ സിസ്സാ മാളവിഅ'ത്തി. (ആര്യ! ദേവി പൃച്ഛതി അപ്യുപദേശഗ്രഹണേ നാതിക്ലേശയതി വഃ ശിഷ്യാ മാളവികാ' ഇതി)

ഗണദാസഃ: ഭദ്രേ! വിജ്ഞാപ്യതാം ദേവീ പരമനിപുണാ മേധാവിനീ ച്' ഇതി. കിംബഹുനാ

**യദ്യത് പ്രയോഗവിഷയേ ഭാവികമുപദിശ്യതേ മയാ തസ്യൈ**
**തത്തദ്വിശേഷകരണാത് പ്രത്യുപദിശതീവ മേ ബാലാ.** 5

കൗമുദിക: (പുഞ്ചിരിയോടെ) ബാല്യവയസ്സിനു ചേർന്നതുതന്നെ; ശേഷം പറയൂ!

ബകുളാവലിക: എന്താണു പറയാനുള്ളത്? അതുമുതൽ മാളവികയെ തമ്പുരാൻ കാണാനിടയാകാതെ പ്രത്യേകം സൂക്ഷിച്ചുവരുന്നു.

കൗമുദിക: തോഴീ! എന്നാൽ നീ ഇനി നിന്റെ ജോലിക്കു പൊയ്ക്കൊൾക! ഞാനും ഈ തിരുവാഴി മഹാരാജ്ഞീസന്നിധാനത്തിൽ കൊണ്ടുപോകട്ടെ! (പോയി).

ബകുളാവലിക: (ചുറ്റി നടന്ന് നോക്കീട്ട്) ഇതാ, നട്ട്വൻ, ഗണദാസന ങ്ങുന്ന് സംഗീതക്കളരിയിൽനിന്നിറങ്ങുന്നു; അങ്ങോട്ടു ചെന്നു കാണാം! (ചുറ്റി നടക്കുന്നു).

(ഗണദാസൻ പ്രവേശിക്കുന്നു).

ഗണദാസൻ: കുലവിദ്യയിൽ അഭിമാനം എല്ലാവർക്കുമുണ്ട്; എന്നാൽ നമുക്കു നട്ട്വാംഗത്തെപ്പറ്റി ഗൗരവപ്രതിപത്തി തോന്നുനതിനുതക്ക കാരണമുണ്ട്. എന്തെന്നാൽ,

**ശിഷ്ടന്മാരിതു ചക്ഷുഷക്രതു സുരന്മാർക്കെന്നു ചൊല്ലുന്നുപോൽ;**
**കാട്ടും മെയ്യിലിതിന്റെ ഭേദയുഗളം ചേർത്തർദ്ധനാരീശ്വരൻ;**
**മട്ടോരോവിധമായ ലോകചരിതം കാണാമിതിൽ സ്പഷ്ടമായ്;**
**നട്വാംഗം രുചിഭേദമെന്നിയെ രസിപ്പിക്കുന്നു മാലോകരെ.** 4

ബകുളാവലിക: (അടുത്തു ചെന്നിട്ട്) അങ്ങുന്നേ, വന്ദനം!

ഗണദാസൻ: ഭദ്രേ! ദീർഘായുസ്സായിരിക്ക!

ബകുളാവലിക: അങ്ങുന്നേ! മഹാരാജ്ഞി കല്പിച്ചു ചോദിക്കുന്നു, "അങ്ങത്തേ ശിഷ്യ മാളവികയ്ക്ക് ഉപദേശം ഗ്രഹിക്കുന്നതിൽ വലിയ പ്രയാസമൊന്നുമില്ലല്ലീ" എന്ന്

ഗണദാസൻ: ഭദ്രേ! നല്ല മിടുക്കും ധാരണാശക്തിയും ഉണ്ടെന്നു തിരുമനസ്സറിയിക്കണം. എന്തിനേറെപ്പറയുന്നു

**രീതികൾ രസം നടിപ്പാനേതേതോതുന്നു ഞാനതാതുടനേ**
**ഒരു മാറ്റു കൂട്ടിയാടീട്ടരുളുന്നു തിരിച്ചെനിക്കു പാഠമവൾ.** 5

ബകുളാവലികാ: (ആത്മഗതം) ഇരാവദിം അദിക്കമന്ദിം വിഅപേക്ഖാമി. (പ്രകാശം) കിദത്ഥാ ദാണിം വോ സിസ്സാ, ജസ്സിം ഗുരു അണോ എവ്വം തുസ്സദി (ഇരാവതിം അതിക്രാമന്തീമിവപശ്യാമി. കൃതാർത്ഥേദാനീം വഃ ശിഷ്യാ, യസ്യാം ഗുരുജന ഏവം തുഷ്യതി).

ഗണദാസഃ: ഭദ്രേ! തദ്വിധാനമസുലഭത്വാത് പൃച്ഛാമി കുതസ്ത്വത് പാത്രമായാതം.

ബകുളാവലികാ: അത്ഥി ദേവീഏ വണ്ണാവരോ ഭാദാ വീരസേണോ ണാമ, ഭട്ടുണാ ണമ്മദാതീരേ അന്ദവാലദുഗ്ഗേ ഠാവിദോ തേണ 'സിപ്പാഹി ആരേ ജോഗ്ഗാ ഇഅം ദാരിഅ', ത്തി ഭണി അഭഇണീഏ ദേവീഏ ഉവാഅണം പേസിദാ. (അസ്തി ദേവ്യാവർണ്ണാവരോ ഭ്രാതാ വീരസേനോ നാമ, ഭർത്രാ നർമ്മദാതീരേ?ന്തപാലദുർഗ്ഗേ സ്ഥാപിതഃ. തേന, 'ശില്പാധികാരേ യോഗ്യേയം ദാരികേ' തി ഭണിത്വാ ഭഗിന്യൈ ദേവ്യൈ ഉപായനം പ്രേഷിതാ).

ഗണദാസഃ: (സ്വഗതം) അകൃതിവിശേഷപ്രത്യയാദേനാമനുന വസ്തുകാം സംഭാവയാമി. (പ്രകാശം) ഭദ്രേ! മയാപി യശസ്വിനാ ഭവിതവ്യം. പശ്യ

**പാത്രവിശേഷേ ന്യസ്തം ഗുണാന്തരം വ്രജതി ശില്പമാധാതുഃ**
**ജലമിവ സമുദ്രശുക്തൗ മുക്താഫലതാം പയോദസ്യ.** 6

ബകുളാവലികാ: അഹ കഹിം വോ സിസ്സാ? (അഥ കുത്ര വഃ ശിഷ്യാ).

ഗണദാസഃ: ഇദാനീമേവ പഞ്ചാംഗാഭിനയമുപദിശ്യ മയാ വിശ്രമ്യ താമിത്യഭിഹിതാ ദീർഘികാവലോകനഗവാക്ഷഗതാ പ്രവാതമാസേവ മാനാ തിഷ്ഠതി.

ബകുളാവലികാ: ദേണ ഹി അനുജാണാദു ആആരിഓ, ജാവ സേ അജ്ജസ്സ പരിതോസണിവേദണേണ ഊസാഹം വഡ്ഢേമി. (തേന ഹ്യനുജാനാതു മാമാചാര്യഃ യാവദസ്യാ ആര്യസ്യ പരിതോഷ നിവേദനേനോത്സാഹം വർദ്ധയാമി).

ഗണദാസഃ: ദൃശ്യതാം സഖീ. അഹമപി ലബ്ധക്ഷണഃ സ്വഗൃഹം ഗച്ഛാമി.

(ഇതി നിഷ്ക്രാന്തൗ)

**(ഇതി മിശ്രവിഷ്കംഭഃ)**

ബകുളാവലിക: (വിചാരം) ഇരാവതിയെക്കവിയുമെന്നു തോന്നുന്നു! (വെളിവായിട്ട്) നിങ്ങളുടെ ശിഷ്യയ്ക്കു കൃതാർത്ഥത വന്നു; അവളെപ്പറ്റി ആശാനിത്ര സന്തോഷം തോന്നിയിരിക്കുന്നല്ലോ!

ഗണദാസൻ: ഭദ്രേ! ഇത്തരക്കാർ അപൂർവമാകയാൽ ചോദിക്കയാണ്, മഹാരാജ്ഞിക്ക് ആ സാധനം എവിടന്നു കിട്ടി?

ബകുളാവലിക: മാഹാരജ്ഞിക്കു ജാതിയിൽത്താഴ്ന്ന ഒരു കൂടെ പ്പിറപ്പുണ്ട്; വീരസേനൻ എന്നു പേർ; അദ്ദേഹത്തെ തമ്പുരാൻ നർമ്മദാ തീരത്തിലെ അതിർത്തിക്കോട്ടയിൽ രക്ഷകനായിട്ടു നിയമിച്ചിരിക്കുന്നു. ഈ ബാലിക കലാവിദ്യകളഭ്യസിക്കാൻ കൊള്ളാവുന്നവളാണെന്നുവച്ച് അദ്ദേഹം ഭഗിനിക്കു തിരുമുൽക്കാഴ്ച അയച്ചതാണ്.

ഗണദാസൻ: (വിചാരം) ആകൃതിയും പ്രകൃതിയും നോക്കുമ്പോൾ ഇവൾക്കു കുലംകൊണ്ടും താഴ്ച വരാൻ ഇടയില്ല. (വെളിവായിട്ട്) ഭദ്രേ! എനിക്കും യശസ്സിനു കാരണം ആയി. നോക്കൂ!

**സത്പാത്രത്തിൽ കലകളെയർപ്പിച്ചാൽ ഗുണമവയ്ക്കു വായ്ക്കുന്നു;**
**ചിപ്പിയിൽ മുകിൽ മഴവെള്ളം ചേർപ്പതു മുത്തായ്ച്ചമഞ്ഞിടുംപോലേ 6**

ബകുളാവലിക: എന്നാലിനി അവിടുത്തെ ശിഷ്യയെ ഒന്നു കണ്ടേച്ചു പൊയ്ക്കളയാം; അവൾ എവിടെ ആയിരിക്കും?

ഗണദാസൻ: അഭിനയത്തിന്റെ അഞ്ചംഗങ്ങളും ഉപദേശിച്ചിട്ട് അവളെ ഞാൻ ഇപ്പോൾത്തന്നെ വിശ്രമിക്കാൻ പറഞ്ഞയച്ചതേ ഉള്ളൂ. കുളത്തിന്റെ നേർക്കുള്ള ജനാലയിൽ കാറ്റുകൊള്ളാനായി നിൽക്കുന്നു.

ബകുളാവലിക: എന്നാലെനിക്കു വിടതരണം; ഞാൻ ചെന്ന് അവിടു ത്തേക്കുള്ള തൃപ്തി ഗ്രഹിപ്പിച്ച് അവൾക്ക് ഉത്സാഹം വർദ്ധിപ്പിക്കട്ടെ.

ഗണദാസൻ: തോഴിയെച്ചെന്നു കാണൂ! ഞാനും ഇളവുകിട്ടിയതു കൊണ്ട് ഗൃഹത്തിലേക്കു പോകുന്നു.

(രണ്ടുപേരും പോയി)

**(മിശ്രവിഷ്കംഭം കഴിഞ്ഞു).**

(തതഃ പ്രവിശത്യേകാന്തസ്ഥിതപരിജനോ മന്ത്രിണാ ലേഖഹസ്തേ– നാന്വാസ്യമാനോ രാജാ).

രാജാ: (അനുവാചിതലേഖമമാത്യം വിലോക്യ) വാഹതവ, കിം സ പ്രതിപദ്യതേ വൈദർഭഃ?

അമാത്യഃ: ദേവ! ആത്മവിനാശം.

രാജാ: നിദേശമിദാനീം ശ്രോതുമിച്ഛാമി.

അമാത്യഃ: ഇദമിദാനീമനേന പ്രതിലിഖിതം "പൂജ്യേനാഹമാദിഷ്ടഃ പിതൃവ്യപുത്രോ ഭവതഃ കുമാരോ മാധവസേനഃ പ്രതിശ്രുത സംബന്ധോ മമോപാന്തികമുപസർപ്പന്നന്തരാ ത്വദീയേനാന്ത പലേനാവസ്കന്ദ്യ ഗൃഹീതഃ. സ ത്വയാ മദപേക്ഷയാ സകലത്ര സോദരയോഃ മോക്തവ്യഃ' ഇതി. തന്ന വോ ന വിദിതം, യത്തുല്യാഭിജനേഷു ഭൂമിധരേഷൂ രാജ്ഞാം പ്രവൃത്തിഃ. അതോƒത്ര മധ്യസ്ഥഃ പൂജ്യോ ഭവിതുമർഹതി. സോദര്യാ പുനരസ്യ ഗ്രഹണ വിപ്ലവേ വിനഷ്ടാ. തദന്വേഷണായ പ്രയതിഷ്യേ. അഥ അവശ്യമേവ മാധവസേനോ മയാ പൂജ്യേന മോചയിതവ്യഃ, ശ്രൂയതാമഭിസന്ധിഃ –

**മൗര്യസചിവം വിമുഞ്ചതി യദി പൂജ്യഃ സംയതം മമ സ്യാലം**
**മോക്താ മാധവസേനം തതോƒഹമപി ബന്ധനാത് സദ്യഃ"** 7

ഇതി.

രാജാ: (സരോഷം) കഥം കാര്യവിനിമയേന മയി വ്യവഹരത്യനാത്മ ജ്ഞഃ? വാഹതവ! പ്രകൃതമിത്രഃ പ്രതികൂലകാരീ ച മേ വൈദർഭഃ തദ്യാതവ്യപക്ഷേ സ്ഥിതസ്യ പൂർവ്വസങ്കല്പിതസമുന്മൂലനായ വീരസേന പ്രമുഖം ദണ്ഡചക്രമാജ്ഞാപയ.

അമാത്യഃ: യദാദിശതി ദേവഃ.

രാജാ: അഥവാ കിം ഭവാൻ മന്യതേ?

അമാത്യഃ: ശാസ്ത്രദൃഷ്ടമാഹ ദേവഃ കുതഃ

**അചിരാധിഷ്ഠിതരാജ്യഃ ശത്രുഃ പ്രകൃതിഷ്വരൂഢമൂലത്വാത്**
**നവസംരോപണശിഥിലസ്തരുരിവ സുകരഃ സമുദ്ധർതും.** 8

(അനന്തരം രാജാവും ഒരെഴുത്തു വായിക്കുന്ന നിലയിൽ അടുത്തു മന്ത്രിയും അകലെയായിട്ട് പരിജനങ്ങളും പ്രവേശിക്കുന്നു).

രാജാവ്: വാഹതക! എഴുത്തു വായിച്ചുതീർന്നില്ലേ? വിദർഭരാജാവിനെന്തുവേണമെന്നാണ്?

മന്ത്രി: ദേവ! ആത്മവിനാശം.

രാജാവ്: എഴുത്തുതന്നെ വായിച്ചുകേൾക്കട്ടെ!

മന്ത്രി: അദ്ദേഹം ഇങ്ങനെ എഴുതിയിരിക്കുന്നു: "അവിടുന്ന് ഇങ്ങോട്ട് എഴുതിയിരുന്നു അങ്ങേടെ ചിറ്റപ്പന്റെ മകനായ കുമാരൻ മാധവ സേനനെ വിവാഹസംബന്ധത്തിനായിട്ട് എന്റെ അടുക്കലേക്കു വരുംവഴി അങ്ങേടെ അതിർത്തിയിലെ ഉദ്യോഗസ്ഥൻ ആക്രമിച്ചു തടവുകാര നാക്കി. അയാളേയും അയാളുടെ ഭാര്യ, സോദരി ഇവരേയും അങ്ങ് എന്നെ വിചാരിച്ചു വിടുതൽ ചെയ്യേണ്ടിയിരിക്കുന്നു" എന്ന്. അതിലേക്ക് മറുപടി: "ദായാദികൾ ഭൂമിയിൽ കൈയേറ്റം തുടങ്ങിയാൽ രാജാക്കന്മാർ അവരോടു പെരുമാറുന്നവിധം അവിടേക്ക് അറിയവയ്യാത്തതല്ല; അതിനാൽ ഇസ്സംഗതിയിൽ അവിടുന്നു മദ്ധ്യസ്ഥനായിരിക്കേണ്ടതാകുന്നു. മാധവസേനന്റെ ഭഗിനിയാകട്ടെ, പിടി കൂടുന്ന ലഹളയിൽ കൈവിട്ടുപോയി; അവളെ അന്വേഷിക്കുന്നതിനുശ്രമിക്കാം. അല്ല ഏതു വിധേനയും എന്നെക്കൊണ്ടു മാധവസേനനെ വിടുവിച്ചേതീരൂ എന്നാണ് അവിടേക്കു നിർബന്ധമെങ്കിൽ കരാറു കേട്ടു കൊൾക!

**ചാർച്ച നിനച്ച ഭവാനെൻ മച്ചുനനാം മൗര്യമന്ത്രിയെ വിടേണം;**
**മാധവസേനനെയെന്നാൽ മാനിക്കാം തടവുനീക്കി ഞാനുമുടൻ"** എന്ന്.

രാജാവ്: (കോപത്തോടുകൂടി) എന്ത്? അവനവന്റെ സ്ഥിതിയറിയാതെ അയാൾ എന്നോടു വെച്ചുമാറ്റം ആവശ്യപ്പെടുന്നുവോ? വാഹതക! വിദർഭരാജാവ് എനിക്കു ജന്മശത്രുവാണ്; പ്രതികൂലം പ്രവർത്തിക്കയും ചെയ്യുന്നു. അതിനാൽ എന്നെങ്കിലും എതിർക്കേണ്ടുന്നവനായ അയാളുടെ മൂലച്ഛേദത്തിനായിട്ടു മുൻപുതന്നെ നിശ്ചയിച്ചിട്ടുള്ള പ്രകാരം വീരസേനൻ മുതൽപേരുടെ കീഴിൽ ദണ്ഡചക്രസൈന്യത്തിനു പുറപ്പെടാൻ വരുതി കൊടുത്തേക്കു!

മന്ത്രി: കല്പനപോലെ.

രാജാവ്: അല്ലെങ്കിൽ അങ്ങേക്കെന്താണ് അഭിപ്രായം?

മന്ത്രി: ശാസ്ത്രമനുസരിച്ചാണ് അരുളപ്പാട്.

**പുതുതായ് പട്ടം കെട്ടീട്ടിതുവരെ വേരുന്നിയില്ല നാട്ടിലവൻ;**
**ഇപ്പൊഴുതിൽ പിഴുതെറിയാനെളുതാണിളതായ തൈമരംപോലേ.** 8

രാജാ: തേന ഹ്യവിതഥം തന്ത്രകാരവചനം. ഇദമേവ വചനം നിമിത്ത-മാദായ സമുദ്യോജയതാം സേനാം.

അമാത്യഃ: തഥാ. (ഇതി നിഷ്ക്രാന്തഃ)

(പരിജനശ്ച യഥാവ്യാപാരം രാജാനമഭിതഃ സ്ഥിതഃ. തതഃ പ്രവിശതി വിദൂഷകഃ).

വിദൂഷകഃ: ആണത്തോമ്ഹി തത്തഹോദാ രണ്ണാ 'ഗോദമ! ചിന്തേ ഹി ദാവ ഉവാഅം, ജഹ മേ ജദിച്ഛാ ദിട്ഠപഡികിദീ മാളവിആ പച്ചക്ഖദംസണാ ഹോദി'ത്തി. മഏ വി തം തഹ കിദം. ജാവസേ ണിവേദേമി. (ഇതി പരിക്രാമതി) (ആജ്ഞപ്തോ?സ്മി തത്രഭവതാ രാജ്ഞാ 'ഗൗതമ! ചിന്തയ താവദുപായം, യഥാ മേ യദൃച്ഛാദൃഷ്ട പ്രതികൃതിർമാളവികാ പ്രത്യക്ഷദർശനാ ഭവതി' ഇതി. മയാ ച തത്തഥാ കൃതം. യാവദസ്മൈ നിവേദയാമി).

രാജാ: (വിദൂഷകം ദൃഷ്ട്വാ) അയമപരഃ കാര്യാന്തരസചിവോ*ƒ* സ്മാനുപസ്ഥിതഃ.

വിദൂഷകഃ: (ഉപസൃത്യ) വഡ്ഢദു ഭവം (വർദ്ധതാം ഭവാൻ).

രാജാ: (സശിരഃകമ്പം) ഇത ആസ്യതാം.

(വിദൂഷകഃ ഉപവിഷ്ടഃ)

വയസ്യ! കച്ചിദുപേയോപായദർശനേ വ്യാപൃതം തേ പ്രജ്ഞാചക്ഷുഃ?

വിദൂഷകഃ: (കർണ്ണേ) എവ്വം വിഅ. (ഏവമിവ)

രാജാ: സാധു വയസ്യ! നിപുണമുപക്രാന്തം. ദുരധിഗമസിദ്ധാവപ്യ-സ്മിന്നാരംഭേ വയമാശംസാമഹേ. കുതഃ

**അർത്ഥം സപ്രതിബന്ധം പ്രഭുരധിഗന്തും സഹായവാനേവ**
**ദൃശ്യം തമസി ന പശ്യതി ദീപേന വിനാ സചക്ഷുരപി.** 9

(നേപഥ്യേ)

അലം ബഹു വികത്ഥ്യ. രാജ്ഞഃ സമക്ഷമേവാവയോരധരോത്തര യോർ വ്യക്തിർഭവിഷ്യതി.

രാജാവ്: എന്നാൽ നമുക്കു ശാസ്ത്രപ്രകാരം അനുഷ്ഠാനവും ആയി. ഇക്കാരണത്തിൻപേരിൽതന്നെ സേനാനായകൻ യുദ്ധമാരംഭിച്ചു കൊള്ളട്ടെ!

മന്ത്രി: അങ്ങനെതന്നെ (പോയി).

(പരിജനങ്ങൾ രാജാവിന്റെ അടുത്തു ചെന്നു പതിവിൻപടി നിൽക്കുന്നു). (വിദൂഷകൻ പ്രവേശിക്കുന്നു.)

വിദൂഷകൻ: മാഹാരാജവു തിരുമനസ്സുകൊണ്ട് എന്നോടാജ്ഞാപിച്ചിരിക്കുന്നു: "ഗൗതമ! യദൃച്ഛയാ ചിത്രത്തിൽ കാണാൻ സംഗതിയായ മാളവികയെ പ്രത്യക്ഷമായി കാണുന്നതിനു വല്ല ഉപായവും ആലോചിച്ചുണ്ടാക്കണം" എന്ന്. അതിൻപ്രകാരം ഞാൻ വേണ്ടതൊക്കെ ചെയ്തു കഴിഞ്ഞു; ഇനി വിവരം ചെന്നുണർത്തിക്കാം! (ചുറ്റിനടക്കുന്നു).

രാജാവ്: (വിദൂഷകൻ വരുന്നതുകണ്ടിട്ട്) ഇതാ നമ്മുടെ മറ്റൊരു മന്ത്രി വരുന്നു.

വിദൂഷകൻ: (അടുത്തു ചെന്നിട്ട്) അവിടേക്കു വിജയം!

രാജാവ്: (തല കുലുക്കിക്കൊണ്ട്) ഇവിടെ ഇരിക്കാം!

(വിദൂഷകൻ ഇരിക്കുന്നു)

കാര്യം നേടുന്നതിലേക്കു വല്ല ഉപായവും കണ്ടുപിടിക്കുന്നതിൽ അങ്ങേടെ മനക്കണ്ണു പ്രവർത്തിച്ചോ?

വിദൂഷകൻ: പ്രയോഗസിദ്ധിയെപ്പറ്റി ചോദിച്ചാൽ മതി!

രാജാവ്: അതെങ്ങനെ? (വിദൂഷകൻ ഇന്നയിന്നവിധം എന്നു രഹസ്യമായിട്ടു ചെവിയിൽ പറയുന്നു.) തോഴരേ! ആരംഭം വളരേക്ഷേമമായി. കാര്യസിദ്ധി എളുതല്ലെങ്കിലും എനിക്ക് ആശയ്ക്ക് നല്ല വകയായി. എന്തെന്നാൽ,

**തടസ്സമേറെത്തുടരുന്ന കാര്യം നടത്തുവാൻ നല്ല സഹായി വേണം;**
**കാണേണ്ടതല്ലിൽ ബത! കണ്ടുകൊൾവാൻ കണ്ണുള്ളവർക്കും പണി ദീപമെന്യേ 9**

(അണിയറയിൽ)

"എന്തിനേറെ ഊറ്റം പറയുന്നു? രാജസമക്ഷത്തുവെച്ചുതന്നെ നമ്മുടെ മേന്മയും താണ്മയും വെളിപ്പെടും."

(ആകർണ്യ) വയസ്യ! ത്വത്സുനീതിപാദപസ്യ ഇദം കുസുമമുദ്ഭിന്നം.

വിദൂഷകഃ: ഫലം വി ദക്ഖിസ്സസി (ഫലമപി ദ്രക്ഷ്യസി).

(തതഃ പ്രവിശതി കഞ്ചുകീ)

**കഞ്ചുകി:** ദേവ! അമാത്യോ വിജ്ഞാപയതി, അനുഷ്ഠിതാ പ്രഭോരാജ്ഞേതി. ഏതൗ പുനർഹരദത്തഗണദാസൗ

**ഉഭാവഭിനയാചാര്യൗ പരസ്പരജയോദ്യതൗ**
**ത്വാം ദ്രഷ്ടുമിച്ഛതഃ സാക്ഷാത് ഭാവാവിവ ശരീരിണൗ** 10

രാജാ: പ്രവേശയ തൗ

**കഞ്ചുകി:** യദാജ്ഞാപയതി ദേവഃ (ഇതി നിഷ്ക്രമ്യ പുനസ്താഭ്യാം സഹ പ്രവിശ്യ) ഇത ഇതോ ഭവന്തൗ.

ഹരദത്തഃ: (രാജാനമവലോക്യ) അഹോ! ദുരാസദോ രാജമഹിമാ.

**ന ചന പരിചിതോ, ന ചാപ്യരമ്യ**
**ശ്ചകിതമുപൈമി തഥാപി പാർശ്വമസ്യ**
**സലിലനിധിരിവ പ്രതിക്ഷണം മേ**
**ഭവതി സ ഏവ നവോ നവോ?യമക്ഷണോഃ** 11

ഗണദാസഃ: മഹത് ഖലു പുരുഷാകാരമിദം ജ്യോതിഃ. തഥാഹി

**ദ്വാരേ നിയുക്തപുരുഷാനുമതപ്രവേശഃ**
**സിംഹാസനാന്തികചരേണ സഹോപസർപ്പൻ**
**തോജോഭിരസ്യ വിനിവർത്തിതദൃഷ്ടിപാതൈർ**
**വാക്യാദൃതേ പുനരിവ പ്രതിവാരിതോƒസ്മി.** 12

**കഞ്ചുകി:** ഏഷ ദേവഃ ഉപസർപ്പതാം ഭവന്തൗ.

ഉഭൗ: (ഉപസൃത്യ) വിജയതാം ദേവഃ.

രാജാ: സ്വാഗതം ഭവദ്ഭ്യാം (പരിജനം വിലോക്യ) ആസനേ താവദത്ര ഭവതോഃ (ഉഭൗ പരിജനോപനീതയോരാസനയോരുപവിഷ്ടൗ) കിമിദം ശിഷ്യോപദേശകാലേ യുഗപദാചാര്യയോരുപസ്ഥാനം?

ഗണദാസഃ: ദേവ! ശ്രൂയതാം. സുതീർ!ത്ഥാദഭിനയവിദ്യാ ശിക്ഷിതാ. ദത്താനുയോഗശ്ചാസ്മി ദേവേന ദേവ്യാ ച പരിഗൃഹീതഃ

രാജാവ്: തോഴരേ! അങ്ങയുടെ നീതിവൃക്ഷത്തിനു പുഷ്പം ഉണ്ടായി.

വിദൂഷകൻ: ഫലവും താമസിയാതെ കാണും.

(അനന്തരം കഞ്ചുകി പ്രവേശിക്കുന്നു.)

കഞ്ചുകി: പ്രഭുവിന്റെ കല്പന നടത്തി എന്നു മന്ത്രി ഉണർത്തിക്കുന്നു. പിന്നെ ഹരദത്തഗണദാസന്മാർ,

**രണ്ടുപേരിവർ നട്യന്മാർ ശണ്ഠകൂടിപ്പരസ്പരം**
**കാത്തുനിൽക്കുന്നു കാണ്മാനായ് പ്രത്യക്ഷരസസന്നിഭർ** 10

രാജാവ്: അവരെ വരാൻ പറയൂ!

കഞ്ചുകി: കല്പനപോലെ (പോയിട്ട് ഹരദത്തഗണദാസന്മാരെ കൂട്ടിക്കൊണ്ടു പ്രവേശിക്കുന്നു.) ഇതാ! ഇതിലേ വരാം.

ഹരദത്തൻ: (രാജാവിനെ നോക്കീട്ട്) രാജപ്രഭാവം അധൃക്ഷ്യംതന്നെ. എന്തെന്നാൽ,

**പരിചിതനരചൻ സുശീലനുംതാൻ; ഒരു മടി, എങ്കിലുമങ്ങെനിക്കടുക്കാൻ;**
**പ്രതിദിനമിവനാഴിയെന്നപോലേ പുതുപുതുതായ് പതിയുന്നിതെന്റെ കണ്ണിൽ 11**

ഗണദാസൻ: പുരുഷാകൃതിയിലുള്ള ഒരു വലിയ തേജസ്സാണിത്. എന്തെന്നാൽ,

**ദ്വാരാധികാരി വഴിതന്നു കടന്നുകൊൾവാൻ;**
**കേറുന്നതോ നൃപതിസേവകനോടുകൂടി;**
**എന്നാലുമെന്നെ, അരുതെന്ന നിഷേധവാക്യ**
**മെന്ന്യേ കൊടുനൃപമഹസ്സു തടഞ്ഞിടുന്നു** 12

കഞ്ചുകി: ഇതാ മഹാരാജാവ്. ഭവാന്മാർ അടുത്തു ചെല്ലാം.

രണ്ടുപേരും: (അടുത്തുചെന്ന്) ദേവനു വിജയം!

രാജാവ്: ഭവാന്മാർക്കു സ്വാഗതം! (പരിജനങ്ങളെ നോക്കീട്ട്) ആചാര്യന്മാർക്ക് ഇരിക്കാൻ പീഠം. (രണ്ടുപേരും പരിജനങ്ങൾ കൊണ്ടുവന്ന പീഠത്തിൽ ഇരിക്കുന്നു). ഇതെന്താണു ശിഷ്യർക്കുപദേശം ചെയ്യാനുള്ള സമയത്ത് ആചാര്യന്മാർ രണ്ടുപേരും ചേർന്നിങ്ങോട്ടു വന്നത്?

ഗണദാസൻ: മഹാരാജവു കേൾക്കണം! ഞാൻ ശരിയായ ഗുരുനാഥന്റെ കീഴിലാണ് അഭിനയവിദ്യ അഭ്യസിച്ചത്; പ്രയോഗസാമർത്ഥ്യവും കാണിച്ചിട്ടുണ്ട്; ദേവനും ദേവിയും എന്നെ അരമനയിലെ നട്യനായിട്ടഭിമാനിച്ചിട്ടുമുണ്ട്.

രാജാ: ദൃഢം ജാനേ. തതഃ കിം?

ഗണദാസഃ: സോ?ഹമമുനാ ഹരദത്തേന പ്രധാനപുരുഷസമക്ഷം.

'അയം മേ ന പാദരജസാപി തുല്യ' ഇത്യധിക്ഷിപ്തഃ.

ഹരദത്തഃ: ദേവ! അയമേവ മയി പ്രഥമം പരിവാദകരഃ. 'അത്ര ഭവതഃ കില മമ ച സമുദ്രപല്വലയോരിവാന്തര'മിതി. തദത്ര ഭവാനിമം, മാം ച ശാസ്ത്രേ പ്രയോഗേ ച വിമൃശതു. ദേവ ഏവ നൗ വിശേഷജ്ഞഃ പ്രാശ്നികഃ.

വിദൂഷകഃ: സമത്ഥം പഡിണ്ണാദം (സമർത്ഥം പ്രതിജ്ഞാതം).

ഗണദാസഃ: പ്രഥമഃ കല്പഃ അവഹിതോ ദേവഃ ശ്രോതുമർഹതി.

രാജാ: തിഷ്ഠതു താവത്. പക്ഷപാതമത്ര ദേവീ മന്യതേ. തദസ്യാഃ പണ്ഡിതകൗശികീസഹിതായഃ സമക്ഷമേവ ന്യായ്യോ വ്യവഹാരഃ.

വിദൂഷകഃ: സുട്ഠു ഭവം ഭണാദി (സുഷ്ഠു ഭവാൻ ഭണതി).

ആചാര്യൗ: യദ്ദേവായ രോചതേ.

രാജാ: മൗദ്ഗല്യ! അമും പ്രസ്താവം നിവേദ്യ പണ്ഡിതകൗശിക്യാ സാർധമാഹൂയതാം ദേവീ.

കഞ്ചുകി: യദാജ്ഞാപയതി ദേവഃ (ഇതി നിഷ്ക്രമ്യ സപരിവ്രാജികയാ ദേവ്യാ സഹ പ്രവിശ്യ) ഇത ഇതോ ഭവതീ.

ദേവീ: (പരിവ്രാജികാം വിലോക്യ) ഭഅവദി ഹരദത്തസ്സ ഗണദാസസ്സ അ സംരംഭേ കഹം പേക്ഖസി? (ഭഗവതി! ഹരദത്തസ്യ ഗണദാസസ്യ ച സംരംഭേ കഥം പശ്യസി?)

പരിവ്രാജികാ: അലം സ്വപക്ഷാവസാദശങ്കയാ. ന പരിഹീയതേ പ്രതിദ്വന്ദ്വിനോ ഗണദാസഃ.

ദേവീ: ജഇ വി എവ്വം, രാഅപരിഗ്ഗഹോ സേ പാഹാണത്തണം ഉവഹരഇ (യദ്യപ്യേവം, രാജപരിഗ്രഹോƒസ്യ പ്രധാനത്വമുപഹരതി).

പരിവ്രാജികാ: അധിരാജ്ഞീശബ്ദഭാജനമാത്മാനമപി താവച്ചിന്തയതു ഭവതീ. പശ്യ

രാജാവ്: ശരി, എനിക്കറിയാം; അതുകൊണ്ടെന്താണ്?

ഗണദാസൻ: അവ്വിധമിരിക്കുന്ന എന്നെ ഈ ഹരദത്തൻ യോഗ്യരുടെ സമക്ഷത്തുവെച്ച്, "ഇവൻ എന്റെ ഉള്ളംകാലിലെ പൊടിക്കുപോലും കിടയാവുകയില്ല" എന്ന് അധിക്ഷേപിച്ചു.

ഹരദത്തൻ: ദേവ! ആദ്യം ഇയാൾ എന്നെ നിന്ദിക്കയാണ് ഉണ്ടായത്, "എനിക്കും അങ്ങേക്കും തമ്മിൽ സമുദ്രസരസ്സുകൾക്കെന്നപോലെ അന്തരം ഉണ്ട്" എന്ന് ഇയാൾ പ്രസ്താവിച്ചു. അതിനാൽ തിരുമനസ്സു കൊണ്ടുതന്നെ ഇയാളെയും എന്നെയും ശാസ്ത്രത്തിലും പ്രയോഗ ത്തിലും പരീക്ഷിച്ചു തീർച്ചപ്പെടുത്തണം! ദേവൻതന്നെയാണ് ഞങ്ങളുടെ താരതമ്യം നിർണ്ണയിക്കുന്നതിന് അർഹനായ മദ്ധ്യസ്ഥൻ.

വിദൂഷകൻ: ശരിയായ അപേക്ഷ.

ഗണദാസൻ: ഉത്തമപക്ഷംതന്നെ; ദേവൻ ശ്രദ്ധിച്ചു കേൾക്കണം എന്നപേക്ഷിച്ചുകൊള്ളുന്നു.

രാജാവ്: ഇരിക്കട്ടെ, ദേവിക്ക് ഇതിൽ പക്ഷഭേദത്തിനു വകയുണ്ട്; അതിനാൽ അവളുടെയും പണ്ഡിതകൗശികയുടെയും സമക്ഷത്തിൽ വേണം കേസുവിസ്താരം.

വിദൂഷകൻ: കല്പിച്ചതു ശരിയാണ്.

നട്യന്മാർ: തിരുമനസ്സുപോലെ.

രാജാവ്: മൗദ്ഗല്യ! ഈ പ്രസ്താവം ഉണർത്തിച്ച് പണ്ഡിത കൗശികിയൊന്നിച്ചു ദേവിയെ കൂട്ടിക്കൊണ്ടു വരൂ!

കഞ്ചുകി: കല്പന പോലെ.(പോയി ധാരിണിയെയും പരിവ്രാജിക യെയും കൂട്ടിക്കൊണ്ടു പ്രവേശിച്ചിട്ട്) ഇതാ ഇതിലെ എഴുന്നള്ളാം!

ധാരിണി: (പരിവ്രാജികയെ നോക്കീട്ട്) ഭഗവതി! ഹരദത്തനും ഗണദാസനും തമ്മിലുള്ള ശണ്ഠയുടെ, കലാശം എന്തായിരിക്കാം?

പരിവ്രാജിക: സ്വന്ത കക്ഷിക്കു ബലക്ഷയം ഒട്ടും ശങ്കിക്കേണ്ടാ! ഗണദാസനെ തോല്പിക്കാൻ ഇന്നൊരുത്തനുമില്ല.

ധാരിണി: കാര്യമങ്ങനെ ആണേങ്കിലും ഹരദത്തന് മഹാരാജാവിന്റെ സ്വന്ത മനുഷ്യൻ എന്നുള്ളതുകൊണ്ട് പ്രാധാന്യം കൂടുമല്ലോ!

പരിവ്രാജിക: മഹാരാജ്ഞി എന്ന സ്ഥാനത്തിനു പാത്രമായ അവനവനെക്കൂടി അവിടുന്നാലോചിക്കണം! നോക്കുക:

**അതിമാത്രഭാസുരത്വം പുഷ്യതി ഭാനോഃ പരിഗ്രഹാദനലഃ**
**അധിഗച്ഛതി മഹിമാനം ചന്ദ്രോ?പി നിശാപരിഗൃഹീതഃ** 13

വിദൂഷകഃ: അവിഹ അവിഹ! ഉവട്ഠിദാ പീഠമദ്ദിഅം പണ്ഡിഅകോസിഇം പുരോകദുഅ ദേവീ. (അവിധ അവിധ! ഉപസ്ഥിതാ പീഠമർദികാം പണ്ഡിതകൗശികീം പുരസ്കൃത്യ ദേവീ.)

രാജാ: പശ്യമ്യേനാം. യൈഷാ

**മംഗളാലങ്കൃതാ ഭാതി കൗശിക്യാ യതിവേഷയാ,**
**ത്രയീ വിഗ്രഹവത്യേവ സമമദ്ധ്യാത്മവിദ്യയാ.** 14

പരിവ്രാജികാ: (ഉപേത്യ) വിജയതാം ദേവഃ

രാജാ: ഭഗവതി! അഭിവാദയേ.

പരിവ്രാജികാ: **മഹാസാരപ്രസവയോഃ സദൃശക്ഷമയോർദ്വയോഃ**
**ധാരിണീഭൂതധാരിണ്യോർഭവ ഭർത്താ ശരച്ഛതം** 15

ധാരിണി: ജേദു അജ്ജഉത്തോ. (ജയത്വാര്യപുത്രഃ!)

രാജാ: സ്വാഗതം ദേവ്യൈ. (പരിവ്രാജികാം വിലോക്യ) ഭഗവതി! ക്രിയതാമാസനപരിഗ്രഹഃ.

(സർവ്വേ ഉപവിശന്തി)

രാജാ: ഭഗവതി! അത്രഭവതോർഹരദത്തഗണദാസയോഃ പരസ്പര വിജ്ഞാനസംഘർഷോ ജാതഃ തദത്ര ഭഗവത്യാ പ്രാശ്നികപദമധ്യാസി–തവ്യം.

പരിവ്രാജികാ: (സസ്മിതം) അലമുപാലംഭേന. പത്തനേ വിദ്യമാനേ?പി ഗ്രാമേ രത്നപരീക്ഷാ!

രാജാ: മാ മൈവം. പണ്ഡിതകൗശികീ ഖലു ഭഗവതീ. പക്ഷപാതിനാ–വനയോരഹം ച ദേവീ ച.

ആചാര്യൗ: സമ്യഗാഹ ദേവഃ മദ്ധ്യസ്ഥാ ഭഗവതീ നൗ ഗുണദോഷതഃ പരിച്ഛേത്തുമർഹതി.

രാജാ: തേന ഹി പ്രസ്തൂയതാം വിവാദവസ്തു.

**മിഹിരൻ തനതായ്ഗ്!ഗ്രഹിക്കമൂലം മഹിമാവേറെ വളർന്നു പാവകന്ന്;**
**ഉളവായിതു ശിതദീധിതിക്കും തെളിവേറ്റം രജനീപരിഗ്രഹത്താൽ 13**

വിദൂഷകൻ: അയ്യയ്യാ! നമ്മുടെ മാരസാരഥിയായ പണ്ഡിതകൗശികിയെ മുൻനിർത്തിക്കൊണ് ദേവി ഇതാ വരുന്നു!

രാജാവ്: ഞാൻ കാണുന്നുണ്ട്:

**പരിവ്രാജികയൊന്നിച്ചു വരുന്നു മങ്ഗളാങ്ഗിയാൾ;**
**വേദത്രയി വിശുദ്ധാത്മാ വിദ്യയോടൊത്തു ചേർന്നപോൾ ... 14**

പരിവ്രാജിക: (അടുത്തു ചെന്നിട്ട്) ദേവന് വിജയം!

രാജാവ്: ഭഗവതി, വന്ദനം!

പരിവ്രാജിക: **പതിയായ് വിജയിക്ക! ധാരിണിക്കും**
**ശതവർഷാവധി ഭൂതധാരിണിക്കും,**
**അതുലക്ഷമകൊണ്ടു രണ്ടുപേർക്കും**
**സ്ഥിതിസാരപ്രസവാപ്തികൊണ്ടുമൊക്കും. ... 15**

ധാരിണി: ആര്യപുത്രനു വിജയം!

രാജാവ്: ദേവിക്കു സ്വാഗതം!(പരിവ്രാജികയെ നോക്കീട്ട്) ഭഗവതി ഇരിക്കാമല്ലോ!

(എല്ലാവരും യഥോചിതം ഇരിക്കുന്നു).

യോഗ്യന്മാരായ ഹരദത്തഗണദാസന്മാർക്കു തമ്മിൽ വിദ്യാമത്സരം വന്നുചേർന്നിരിക്കുന്നു. അതുകൊണ്ട് അവരുടെ വാദത്തിൽ ഭഗവതി മദ്ധ്യസ്ഥസ്ഥാനം വഹിക്കണം.

പരിവ്രാജിക: (പുഞ്ചിരിയോടെ) പരിഹസിക്കേണ്ട! പട്ടണമിരിക്കേ ഗ്രാമത്തിൽ രതനപരീക്ഷയോ?

രാജാവ്: അങ്ങനെയല്ല! ഭവതതി പണ്ഡിതകൗശികിയല്ലയോ? ഞാനും ദേവിയും ഇതിൽ കക്ഷിക്കാരായിപ്പോയി.

നട്ടന്മാർ: മഹാരാജാവു കല്പിച്ചതു ശരിയാണ്; തടസ്ഥയായ ഭഗവതി ഞങ്ങളുടെ ഗുണദോഷങ്ങൾ പരീക്ഷിച്ചു തീരുമാനിച്ചാൽ മതി.

രാജാവ്: എന്നാൽ ഇനി വാദമാരംഭിക്കാം!

പരിവ്രാജികാ: ദേവ! പ്രയോഗപ്രധാനം നാമ നാട്യശാസ്ത്രം. കിമത്ര വാഗ്!വ്യവഹാരേണ? കഥം വാ ദേവീ മന്യതേ?

ദേവീ: ജഇ മം പുച്ഛസി, ഏദാണം വിവാദോ എവ്വ ണ മേ രോ അദി. (യദി മാം പൃച്ഛസി, ഏതയോർവിവാദ ഏവ ന മേ രോചതേ.)

ഗണദാസഃ: ന മാം ദേവീ സമാനവിദ്യതഃ പരിഭവനീയമനുമന്തുമർഹതി.

വിദൂഷകഃ: ഭോദി! ദേക്ഖാമോ ഉരബ്ഭസംവാദം കിം മുഹാവേ അണദാണേണ? (ഭവതി! പശ്യാമ ഉരഭ്രസംപാതം. കിം മുധാവേതനദാനേന?)

ദേവീ: ണം കലഹപ്പിഓസി. (നനു കലഹപ്രിയോ$f$സി.)

വിദൂഷകഃ: മാ എവ്വം. അണ്ണോണ്ണകലഹപ്പിആണം മത്തഹത്ഥിണം എക്കദരസ്സിം അണിജ്ജിദേ കുദോ ഉവസമോ? (മൈവം അനന്യോന്യ കലഹപ്രിയയോർമത്തഹസ്തിനോരേകതരസ്മിന്ന നിർജിതേ കുത ഉപശമഃ?)

രാജാ: നനു സ്വാംഗസൗഷ്ഠവാതിശയമുഭയോർദൃഷ്ടവതീ ഭഗവതീ.

പരിവ്രാജികാ: അഥ കിം.

രാജാ: തദിദാനീമതഃ പരം കിമാഭ്യാം പ്രത്യായയിതവ്യം?

പരിവ്രാജികാ: (സസ്മിതം) തദേവ വക്തുകാമാസ്മി.

**ശിഷ്ടാ ക്രിയാ കസ്യചിദാത്മസംസ്ഥാ സംക്രാന്തിരന്യസ്യ വിശേഷയുക്താ**
**യസ്യോഭയം സാധു, സ ശിക്ഷകാണാം ധുരി പ്രതിഷ്ഠാപയതവ്യ ഏവ 16**

വിദൂഷകഃ: സുദം അജ്ജേഹിം ഭഅവദീഏ വ!അണം? ഏസോ പിണ്ഡിദത്ഥോ, ഉവദേസദംസണേണ ണിണ്ണഓ ത്തി (ശ്രുത്രമാര്യാഭ്യാം ഭഗവത്യാ വചനം. ഏഷ പിണ്ഡിതാർത്ഥഃ; ഉപദേശദർശനേന നിർണ്ണയ ഇതി.)

ഹരദത്തഃ: പരമരുചിതം നഃ.

പരിവ്രാജിക: ദേവ! നാട്യശാസ്ത്രത്തിൽ പ്രയോഗമാണല്ലോ പ്രധാനം; അതിനാൽ എന്തിനാണിവിടെ വാഗ്വാദം?

രാജാവ്: ദേവിക്കു എന്താണാവോ അഭിപ്രായം?

ധാരിണി: എന്നോടു ചോദിക്കയാണെങ്കിൽ അവരുടെ കലഹംതന്നെ എനിക്കു രസിച്ചിട്ടില്ല.

ഗണദാസൻ: ദേവി! എന്നെ തൊഴിൽവിഷയത്തിൽ ഒരെതിരാളി നിന്ദിക്കാനിടയാക്കരുത്!

വിദൂഷകൻ: വിവാദം നടക്കട്ടെ! ചമ്മരിയാടുകൾ തമ്മിൽ മല്ലിടുന്നതു നമുക്കു നോക്കാം; എന്തിനിവർക്കു വെറുതേ മാസപ്പടി കൊടുക്കുന്നു?

ധാരിണി: താൻ കലഹപ്രിയനാണല്ലോ!

വിദൂഷകൻ: അങ്ങനെയല്ല, ചണ്ടിത്തം ആലോചിക്കരുത്; മദയാനകൾ തമ്മിൽ ചിണങ്ങിയാൽ രണ്ടിലൊന്നു (തോറ്റ്) കൊമ്പുകുത്തുംമുമ്പ് അടങ്ങുകയില്ല.

രാജാവ്: ഇവർ രണ്ടുപേരുടെയും അഭിനയസാമർത്ഥ്യം ഭഗവതി കണ്ടിട്ടുണ്ടല്ലോ?

പരിവ്രാജിക: ഉണ്ട്.

രാജാവ്: അതിൽപ്പരമായിട്ടിനി എന്താണിവർ ബോദ്ധ്യപ്പെടുത്തേണ്ടത്?

പരിവ്രാജിക: അതുതന്നെയാണ് ഞാൻ പറയാൻ ഭാവിക്കുന്നത്.

**ഉള്ളിൽഗൃഹീതമൊരുവന്നു തുലോം വിശേഷം;**
**ഓതിക്കൊടുക്കുവതിലന്യനു കെ ല്പു കൂടും;**
**ഏവന്നു യോഗ്യതയിരണ്ടിലുമൊന്നുപോലെ**
**യാ വൻപനാണു ഗുരുനാഥപദത്തിനർഹൻ** 16

വിദൂഷകൻ: ഭഗവതിയുടെ വചനം ആശാന്മാർ കേട്ടല്ലോ! ഇതാണ് അതിന്റെ സാരാർത്ഥം: "ഉപദേശസാമർത്ഥ്യം കാണിച്ചാലേ തീർച്ചവരൂ" എന്ന്.

ഹരദത്തൻ: എനിക്ക് പൂർണ്ണസമ്മതം.

ഗണദാസഃ: ദേവി! ഏവമവസ്ഥിതം.

ദേവീ: ജദാ ഉണ അമേഹാവിണീ സിസ്സാ ഉവദേസം മലിണേദി, തദാ ആആരിഅസ്സ ദോസോ ണു. (യദാ പുനരമേധാവിനീ ശിഷ്യാ ഉപദേശം മലിനയതി, തദാ ആചാര്യസ്യ ദോഷോ നു.)

രാജാ: ദേവി! ഏവമാപദ്യതേ. വിനേതുരദ്രവ്യപരിഗ്രഹോ?പി ബുദ്ധലാഘവം പ്രകാശയതി.

ദേവീ: (സ്വഗതം) ജഹ ദാണിം (ഗണദാസം വിലോക്യ, പ്രകാശം) അലം അജ്ജഉത്തസ്സ ഊസാഹകാരണം മണോരഹം പുരിഅ. (പ്രകാശം) വിരമ ണിരത്ഥആദോ ആരംഭാദോ. (യഥേദാനീം അലമാര്യപുത്രസ്യോത്സാഹകാരണം മനോരഥം പൂരയിത്വാ. വിരമ നിരർത്ഥകാദാരംഭാത്).

വിദൂഷകഃ: സുട്ഠു ഭോദീ ഭണാദി. ഭോ ഗണദാസ! സംഗീദപദം ലംഭിഅസരസ്സ ഈ ഉവാ അണമോദ ആഈ ഖാദമാണസ്സ കിം ദേ സുലഹണിഗ്ഗഹേണ വിവാദേണ? (സുഷ്ഠു ഭവതീ ഭണതി. ഭോ ഗണദാസ! സംഗീതപദം ലബ്!ധ്വാ സരസ്വത്യുപായനമോദകാനി ഖാദതഃ കിം തേ സുലഭനിഗ്രഹേണ വിവാദേന?)

ഗണദാസഃ: സത്യമയമേവാർത്ഥോ ദേവീവചനസ്യ. ശ്രൂയതാമവസര പ്രാപ്തമിദം

**ലബ്ധാസ്പദോ?സ്മീതി വിവാദഭീരോ സ്തിതിക്ഷമാണസ്യ പരേണ നിന്ദാം**
**യസ്യാഗമഃ കേവലജീവികായൈ തം ജ്ഞാനപണ്യം വണിജം വദന്തി 17**

ദേവീ: അ!ഇരോവണീദാ ദേ സിസ്സാ. താ അവരിണിട്ഠിദസ്സ ഉവദേസസ്സ അണ്ണാദം പദംസണം. (അചിരോപനീതാ തേ ശിഷ്യാ. തദപരി നിഷ്ഠിതസ്യോപദേശസ്യാന്യായ്യം പ്രദർശനം)

ഗണദാസഃ: അത ഏവ മേ നിർബ്ബന്ധഃ.

ദേവീ: തേണ ഹി ദുവേ വി ഭഅവദീഏ ഉവദേസം ദംസേഹം (തേന ഹി ദ്വാവപി ഭഗവത്യൈ ഉപദേശം ദർശയതം).

ഗണദാസൻ: ദേവീ! ഈ നില വന്നുചേർന്നിരിക്കുന്നു.

ധാരിണി: അങ്ങനെ ആവുമ്പോൾ ധാരണാശക്തിക്കുറവുകൊണ്ട് ശിഷ്യ ഉപദേശത്തിനു മാലിന്യം വരുത്തുകയാണെങ്കിൽ ദോഷം ആശാന്റെ തലയിൽ വരുമല്ലോ?

രാജാവ്: ദേവി! അങ്ങനെതന്നെ വന്നുചേരും.

ഗണദാസൻ: ശുദ്ധമേ അപദാർദ്ധങ്ങളെ ശിഷ്യരായി സ്വീകരിച്ചാൽ അതും ആചാര്യന്റെ ബുദ്ധിലാഘവത്തെ വെളിപ്പെടുത്തുന്നതാണ്.

ധാരിണി: (ഗണദാസനെ നോക്കീട്ട്, സ്വകാര്യം) വിട്ടേക്കൂ! ആര്യപുത്രന് ഉത്സാഹകാരണമായ മനോരാജ്യം സന്ധിപ്പിച്ചുകൊടുക്കാൻ പുറപ്പെടേണ്ടാ! (വെളിവായിട്ട്) നിഷ്!പ്രയോജനമായ ആരംഭത്തിൽനിന്നു പിൻവാങ്ങൂ!

വിദൂഷകൻ: ഭവതി അരുളിച്ചെയ്തതു ശരിയാണ്. എടോ ഗണദാസ! സംഗീതം പഠിപ്പിക്കാൻ തുടങ്ങിയ നാൾ മുതൽ സരസ്വതിക്കു നിവേദിക്കുന്ന മോദകം (കൊഴുക്കട്ട) താൻ തിന്നാറില്ലേ? പിന്നെ എന്തിനാണ് വാദത്തിനൊരുമ്പെട്ടു തോൽവിക്ക് വക വലിച്ചു വയ്ക്കുന്നത്!

ഗണദാസൻ: സത്യം ഇതു തന്നെയാണ്. ദേവി അരുളിച്ചെയ്ത വാക്കിന് അർത്ഥം വന്നുകൂടുക! അവസരോചിതമായ വചനം കേട്ടു കൊണ്ടാലും.

**പേർ കേട്ടു തീർന്നിതിനി വേണ്ട വിവാദമെന്നു**
**പിൻവാങ്ങിനിന്നു പരനിന്ദ പൊറുക്കുവോർക്ക്**
**വിദ്യാധനം വയർപിഴപ്പിനു മാത്രമായാൽ**
**വിജ്ഞാനവാണിഭമതെന്നു ജനങ്ങൾ ചൊല്ലും.** 17

ധാരിണി: നിങ്ങളുടെ ശിഷ്യ ഈയിടെ പഠിത്തമാരംഭിച്ചതേ ഉള്ളല്ലോ; അതിനാൽ ഉറപ്പുവരാത്ത വിദ്യ വെളിപ്പെടുത്തുന്നത് ശരിയല്ല.

ഗണദാസൻ: അതിനാൽത്തന്നെയാണ് എനിക്ക് നിർബന്ധം.

ധാരിണി: എന്നാൽ രണ്ടുപേരും താന്താങ്ങളുടെ ഉപദേശസാമർത്ഥ്യം ഭഗവതിയുടെ മുൻപാകെ കാണിക്കുവിൻ!

പരിവ്രാജികാ: ദേവി നൈതന്ന്യായ്യം. സർവജ്ഞസ്യാപ്യേകാകിനോ നിർണ്ണയാഭ്യുപഗമോ ദോഷായ.

ദേവീ: (അപവാര്യ) മുദ്ധേ! പരിവ്വജ്ജിഏ കിം മം ജാഗ്ഗദിം വി പസുത്തം വിഅ കരേസി? (ഇതി സാസൂയം പരാവർത്തതേ) (മൂഢേ പരിവ്രാജികേ! കിം മാം ജാഗ്രതീമപി പ്രസുപ്താമിവ കരോഷി?)

(രാജാ ദേവീം പരിവ്രാജികായൈ ദർശയതി )

പരിവ്രാജികാ: (വിലോക്യ )

**അനിമിത്തമിന്ദുവദനേ! കിമത്രഭവതഃ പരാങ്മുഖീ ഭവസി**
**പ്രഭവന്ത്യോƒപി ഹി ഭർതൃഷു കാരണകോപാഃ കുടുംബിന്യഃ** 18

വിദൂഷകഃ: ണം സകാരണം എവ്വ. അത്തണോ പക്ഖോ രക്!ഖിദവ്വോ. (ഗണദാസം വിലോക്യ) ദിട്ഠി ആ കോവവ്വാജേണാ ദേവിഏ പരിത്താദോഭവം. ണ ഖു സുസിക്ഖിദോ വി സവ്വോ ഉവദേസദംസണേ ണി ഉണോ ഹോദി. (നനു സകാരണമേവ. ആത്മനഃ പക്ഷോ, രക്ഷിതവ്യഃ ദിഷ്ട്യാ കോപവ്യാജേന ദേവ്യാ പരിത്രാതോ ഭവാൻ. ന ഖലു സുശിക്ഷിതോ?പി സർവ്വ ഉപദേശദർശനേ നിപുണോ ഭവതി)

ഗണദാസഃ: ദേവി! ശ്രൂയതാം. ഏവം ജാനന്തി, തദിദാനീം

**വിവാദേ ദർശയിഷ്യന്തം ക്രിയാസംക്രാന്തിമാത്മനഃ**
**യദി മാം നാനുജാനാസി പരിത്യക്തോƒസ്മ്യഹം ത്വയാ.** 19

(ആസനാദുത്ഥാതുമിച്ഛതി)

ദേവീ: (സ്വഗതം) കാ ഗഈ? (പ്രകാശം) പഹവദി ആആരിഓ സിസ്സജണസ്സ. ( കാ ഗതി? പ്രഭവത്യാചാര്യഃ ശിഷ്യജനസ്യ)

ഗണദാസഃ: ചിരമപദേ ശങ്കിതോ?സ്മി. (രാജാനമവലോക്യ) അനുജ്ഞാതം ദേവ്യാ. തദാജ്ഞാപയതു ദേവഃ. കസ്മിന്നഭിനേയ വസ്തുന്യുപദേശം ദർശയിഷ്യാമി?

രാജാ: യത്രാദിശതി ഭഗവതി.

പരിവ്രാജിക: ദേവി! അതു ന്യായമല്ല. സർവജ്ഞനായിരുന്നാലും ഒരുവനെ ഒറ്റയായിട്ടു നിർണ്ണയസ്ഥാനത്തു വെച്ചാൽ തരക്കേടുണ്ട്.

ധാരിണി: (സ്വകാര്യമായിട്ടു) മൂഢേ! പരിവ്രാജികേ! ഉണർന്നിരിക്കുമ്പോഴും എന്നെ നീ ഉറങ്ങുന്ന നിലയിലാക്കാൻ വിചാരിക്കുന്നോ!

(പിന്തിരിഞ്ഞു പോകാൻ ഭാവിക്കുന്നു )

(രാജാവു ദേവിയുടെ പ്രവൃത്തി പരിവ്രാജികയെ കാണിച്ചു കൊടുക്കുന്നു )

പരിവ്രാജിക: (നോക്കീട്ടു)

**മതിമുഖീ! നീയെന്തു വൃഥാ പ്രതികൂലം പതിയിലാചരിക്കുന്നു?**
**കഴിയുകിലുമകാരണമായ്ക്കയർത്തീടാ കാന്തരിൽ കുടുംബിനിമാർ 18**

വിദൂഷകൻ: കാരണമില്ലാതല്ലല്ലോ. തന്റെ കക്ഷിയെ രക്ഷിക്കണമെന്നു വെച്ചല്ലേ? (ഗണദാസനെ നോക്കീട്ടു) ഭാഗ്യം തന്നെ! കോപം എന്ന വ്യാജംകൊണ്ടു ദേവി അങ്ങേ രക്ഷപ്പെടുത്തി. എത്രതന്നെ അഭ്യാസ ബലം ഇരുന്നാലും ഉപദേശത്തിൽ നൈപുണ്യം എല്ലാവർക്കും വരുന്നതല്ല.

ഗണദാസൻ: ദേവീ! കേട്ടില്ലേ പറയുന്നത്? ഇങ്ങനെയാണു ജനങ്ങൾ ധരിക്കുക! അതിനാൽ

**ഇന്നിസ്സന്നിധിതന്നിൽ തന്നുടെയുപദേശധാടി ശോധിപ്പാൻ**
**തന്നീലനുമതിയെന്നാലെന്നെയിതാ! ഭവതി കൈവെടിഞ്ഞല്ലോ! 19**

(എഴുന്നേറ്റു പോകാൻ ഭാവിക്കുന്നു.)

ധാരിണി: (വിചാരം) എന്താണു ഗതി? (വെളിവായിട്ട്) ശിഷ്യരെ ആശാനു ശാസിക്കാം.

ഗണദാസൻ: ഒരു സംഗതിയും കൂടാതെ ഇത്രയും നേരം എന്നെപ്പറ്റി ദുശ്ശങ്കയ്ക്കിടയായി! (രാജാവിനെ നോക്കീട്ട്) ദേവി അനുവാദം തന്നു; ഇനി ദേവൻ ആജ്ഞാപിക്കണം! ഏതു പദമാണു ആടിക്കാണിക്കേണ്ടത്?

രാജാവ്: ഭഗവതി ഏതു നിശ്ചയിക്കുന്നുവോ അത്.

പരിവ്രാജികാ: കിമപി ദേവ്യാ മനസി വർത്തതേ. തതഃ ശങ്കിതാസ്മി.

ദേവീ: ഭണ വിസദ്ധം, ണം പഹവിസ്സം അത്തണോ പരിഅണസ്സ. (ഭണ വിസ്രബ്ധം. നനു പ്രഭവിഷ്യാമ്യാത്മനഃ പരിജനസ്യ).

രാജാ: മമ ച ഇതി ബ്രൂഹി.

ദേവീ: ഭഅവദി! ഭണദാണീം (ഭഗവതി! ഭണേദാനീം)

പരിവ്രാജികാ: ദേവ! ചതുഷ്പാദോദ്ഭവം ഛലികം ദുഷ്പ്രയോജമുദാ–ഹരന്തി. തത്രൈകാർത്ഥസംശ്രയമുഭയോഃ പ്രയോഗം പശ്യാമഃ. താവതാ ജ്ഞായത ഏവാത്രഭവതോരുപദേശാന്തരം.

ആചാര്യൗ: യദാജ്ഞാപയതി ഭഗവതി.

വിദൂഷകഃ: ദേണ ഹി ദുവേ വി വഗ്ഗാ പേക്ഖാഘരേ സംഗീദരഅണം കരിഅ അത്തഹോദോ ദൂദം പേസഅന്തു. അഹവാ മിഅംഗസദ്ദോ ഏവ്വ ണോ ഉട്ഠാവഇസ്സദി. (തേന ഹി ദ്വാവപി വർഗ്ഗൗ പ്രേക്ഷാഗൃഹേ സംഗീതരചനാം കൃത്വാ അത്രഭവതോ ദൂതം പ്രേഷയതം. അഥവാ മൃദംഗശബ്ദ ഏവ നഃ ഉത്ഥാപയിഷ്യതി)

ഹരദത്തഃ: തഥാ ( ഇത്ത്യുത്തിഷ്ഠതി)

(ഗണദാസോ ദേവീം വിലോകയതി)

ദേവീ: (ഗണദാസം വിലോക്യ) ണഹി വിഅഅപച്ചത്ഥിണീ അഹം അജ്ജസ്സ. വിഅഇൗ ഹോഹി. (ന ഹി വിജയപ്രത്യർത്ഥിന്യഹമാര്യസ്യ, വിജയീ ഭവ).

(ആചാര്യൗ പ്രസ്ഥിതൗ)

പരിവ്രാജിക: ഇതസ്താവദാചാര്യൗ.

ആചാര്യൗ: (പരിവൃത്യ) ഇമൗ സ്വഃ

പരിവ്രാജികാ: നിർണ്ണായാധികാരേ ബ്രവീമി. സർവാംഗസൗഷ്ടവാഭിവ്യക്തയേ വിഗതനേപത്ഥ്യയോഃ പാത്രയോഃ പ്രവേശോ$f$സ്തു.

പരിവ്രാജിക: ദേവിക്കു എന്തോ ഉള്ളിലുണ്ട്. അതിനാൽ എനിക്കു ശങ്കയായിരിക്കുന്നു.

ധാരിണി: ശങ്കിക്കാതെ പറയാം; എന്റെ പരിജനത്തിന്റെ മേൽ എനിക്കാണല്ലോ അധികാരം.

രാജാവ്: എന്റെ മേലും എന്നുകൂടി പറയണം.

ധാരിണി: ഭഗവതി! ഇനി പറയാം!

പരിവ്രാജിക: ദേവ! നാലു ചരണത്തിൽ ഛലിതം എന്നൊരുവക പദമുണ്ട്. അതിൽ ഒരേ അർത്ഥമുള്ള ഒരോ എണ്ണം ഇരുകൂട്ടരും ആടുന്നതു നോക്കാം. അത്രയും കൊണ്ടു രണ്ടാചാര്യന്മാരുടേയും ഉപദേശസാമർത്ഥ്യത്തിലുള്ള അന്തരം മനസ്സിലായിപ്പോകും.

നട്ടൻമാർ: ഭഗവതി ആജ്ഞാപിക്കുന്നതുപോലെ!

വിദൂഷകൻ: എന്നാൽ രണ്ടു സംഘക്കാരും നാടകശാലയിൽ ചെന്നു മേളമാരംഭിച്ചിട്ടു ഇങ്ങോട്ടാളയക്കുവിൻ! അല്ലെങ്കിൽ മൃദംഗനാദം കേൾക്കുമ്പോൾ ഞങ്ങൾ എത്തിക്കൊള്ളാം.!

ഹരദത്തൻ: അങ്ങനെതന്നെ! (എഴുന്നേൽക്കുന്നു.)

(ഗണദാസൻ ദേവിയേ നോക്കുന്നു)

ധാരിണി: ജയം നേടുന്നതിൽ ആചാര്യന് ഞാൻ ഒരിക്കലും തടസ്സം ചെയ്യുന്നവളല്ല.

(നടന്മാർ പുറപ്പെടുന്നു)

പരിവ്രാജിക: ആശാന്മാരെ, ഒരു വാക്കു കൂടി പറയാനുണ്ട്.

നടന്മാർ: (തിരിഞ്ഞു നിന്നിട്ടു ) പറയാമല്ലോ!

പരിവ്രാജിക: നിർണ്ണയാധികാരിയുടെ നിലയിൽ പറയുന്നതാണ്. "സർവാംഗങ്ങൾക്കുമുള്ള സൗഷ്ഠവം വെളിപ്പെടുത്തുന്നതിന്നു വേണ്ടി പാത്രങ്ങൾ വേഷമധികം കൂടാതെ പ്രവേശിക്കട്ടെ!"

ഉഭൗ: നേദമാവയോരുപദേശ്യം (ഇതി നിഷ്ക്രാന്തൗ)

ദേവീ: (രാജാനമവലോക്യ) ജഇ രാഅകജ്ജേസു ഈരിസി ഉവാഅണി ഉണദാ അജ്ജഉത്തസ്സ, തദോ സോഹണം ഹവേ. (യദി രാജകാര്യേഷ്വീദൃശ്യുപായനിപുണതാര്യപുത്രസ്യ, തതഃ ശോഭനം ഭവേത്).

രാജാ: ദേവി!

**അലമന്യഥാ ഗൃഹീത്വാ ന ഖലു മനസ്വിനി! മയാ പ്രയുക്തമിദം**
**പ്രായഃ സമാനവിദ്യാഃ പരസ്പരയശഃപുരോഭാഗാഃ** 20

(നേപഥ്യേ മൃദംഗധ്വനിഃ സർവ്വേ കർണ്ണം ദദതി)

പരിവ്രാജികാ: ഹന്ത! പ്രവൃത്തം സംഗീതം. തഥാ ഹ്യേഷാ

**ജീമൂതസ്തനിതവിശങ്കിഭിർമയൂരൈ രുദ്ഗ്രീവൈരനുരസിതസ്യ പുഷ്കരസ്യ**
**നിർഹ്രാദിന്യുപഹിതമധ്യമസ്വരോത്ഥാ മായൂരി മദയതി മാർജനാ മനാംസി**

രാജാ: ദേവി! സാമവായികാ ഭവാമഃ.

ദേവീ: (സ്വഗതം) അഹോ അവിണഓ അജ്ജഉത്തസ്സ (അഹോ! അവിനയ ആര്യപുത്രസ്യ).

(സർവ്വേ ഉത്തിഷ്ഠന്തി)

വിദൂഷകഃ: (അപവാര്യ) ഭോ വഅസ്സ! ധീരം ഗച്ഛ, മാ തത്ത ഹോദിം ധാരിണിം വിസംവാദഇസ്സസി (ഭോ വയസ്യ! ധീരം ഗച്ഛ, മാ തത്രഭവതീം, ധാരിണീം വിസംവാദയിഷ്യസി)

രാജാ:

**ധൈര്യാവലംബിനമപി ത്വരയതി മാം മുരജവാദ്യരോഗോƒയം**
**അവതരതഃ സിദ്ധിപദം ശബ്ദഃ സ്വമനോരഥസ്യേവ** 22

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

**ഇതി പ്രഥമോƒങ്കഃ**

നടന്മാർ: ഇതു ഞങ്ങൾക്കു പറഞ്ഞുതരേണ്ടതില്ല (പോയി).

ധാരിണി: (രാജാവിനെ നോക്കീട്ട്) മറ്റു കാര്യങ്ങളിൽക്കൂടി ആര്യപുത്രന്നു പോരു പണിഞ്ഞു ഫലിപ്പിക്കാൻ ഇത്രയും സാമർത്ഥ്യം ഉണ്ടായിരുന്നെങ്കിൽ വളരെ നന്നായിരുന്നു!

രാജാവ്: ദേവി!

**തെറ്റിദ്ധരിക്കൊലാ നീ; ചെറ്റുമിതിൽ കൃത്രിമത്തിനില്ല വക;**
**ഒറ്റ തൊഴിലേറ്റവരിൽ പറ്റുവതല്ലോ പരസ്പരസ്പർദ്ധ. 20**

(അണിയറയിൽ മൃദംഗശബ്ദം)

(എല്ലാവരും ചെവി കൊടുത്തു കേൾക്കുന്നു.)

പരിവ്രാജിക: ഏ, മേളമാരംഭിച്ചല്ലോ!

**മൃദുലമുകിൽ നിനാദഭ്രാന്തിയാലേറ്റു കൂവും**
**മയിലുകളുടെ കേകാരവമൊടൊത്തിണങ്ങി,**
**മതിയിൽ മദമുദിപ്പിക്കുന്നിതാ മദ്ധ്യമത്തിൻ**
**ശ്രുതിയിൽ മൃദുമൃദംഗകേളിവാய്ക്കുന്ന മേളം. 21**

രാജാവ്: ദേവി! നമുക്കു ചെന്നു സദസ്യസ്ഥാനത്തിലിരിക്കാം.

ധാരിണി: (വിചാരം) അംബോ! ആര്യപുത്രന്റെ അവിനയം കടുപ്പം തന്നെ.

(എല്ലാവരും എഴുന്നേൽക്കുന്നു.)

വിദൂഷകൻ: (സ്വകാര്യമായിട്ട്) തോഴരേ! ചാപല്യമൊന്നും കാണിക്കാതെ നടക്കണം; ധാരിണീദേവി, തിരുമനസ്സുകൊണ്ടു പിണങ്ങിവശാകാൻ ഇടയാക്കരുത്.

രാജാവ്: **ബന്ധിച്ച ധൈര്യത്തെയകറ്റിയെന്നെ**
**ബ്ബദ്ധപ്പെടുത്തുന്നു മൃദംഗനാദം**
**മനോജ്ഞമാം സിദ്ധിപദത്തിലെത്തും**
**മനോരഥത്തിൻധ്വനിയെന്നപോലെ. 22**

(എല്ലാവരും പോയി)

**(ഒന്നാമങ്കം കഴിഞ്ഞു)**

# ദ്വിതീയോƒങ്കഃ

(തതഃ പ്രവിശതി സംഗീതരചനായാം കൃതായാമാസനസ്ഥഃ സവയസ്യോ രാജാ, ധാരിണീ, പരിവ്രാജികാ, വിഭവതശ്ച പരിവാരഃ)

രാജാ: ഭഗവതി! അത്രഭവതോരാചാര്യയോഃ കതരസ്യ പ്രഥമമുപദേശം ദ്രക്ഷ്യാമഃ?

പരിവ്രാജികാ: നനു സമാനേ?പി ജ്ഞാനവൃദ്ധഭാവേ വയോവൃദ്ധത്വാത് ഗണദാസഃ പുരസ്കാരമർഹതി.

രാജാ: മൗദ്ഗല്യ! ഏവമത്രഭവതോരാവേദ്യ നിയോഗമശൂന്യം കുരു.

കഞ്ചുകി: യാദാജ്ഞാപയതി ദേവഃ (ഇതി നിഷ്ക്രാന്തഃ)

(പ്രവിശ്യ)

ഗണദാസഃ: ദേവ! ശർമിഷ്ഠായാഃ കൃതിർലയമധ്യാ ചതുഷ്പാദാ. തസ്യാസ്തു ഛലികപ്രയോഗമേകമനാഃ ശ്രോതുമർഹതി ദേവഃ

രാജാ: ആചാര്യബഹുമാനാദവഹിതോ?സ്മി.

(നിഷ്ക്രാന്തോ ഗണദാസഃ )

(ജനാന്തികം) വയസ്യ!

**നേപത്യഗൃഹഗതായാശ്ചക്ഷുർദർശനസമുത്സുകം തസ്യാഃ**
**സംഹർത്തുമധീരതയാ വ്യവസിതമിവ മേ തിരസ്കരിണീം 1**

വിദൂഷകഃ: (അപവാര്യ) ഉവട്ഠിദം ണഅണമഹു സണ്ണിഹിദ മക്ഖിഅം അ. താ അപ്പമത്തോ ദാണീം പേഹി. (ഉപസ്ഥിതം നയനമധു, സന്നിഹിതമക്ഷികം ച. തദപ്രമത്ത ഇദാനീം പിബ).

(തതഃ പ്രവിശത്യാചാര്യപ്രത്യവേക്ഷ്യമാണാംഗസൗഷ്ഠവാ മാളവികാ).

വിദൂഷകഃ: (ജനാന്തികം) പേക്ഖദു ഭവം. ണ ഖു സേ പഡിച്ഛന്ദാ ദോ പരിഹീഅദി മഹുരദാ. (പ്രേക്ഷതാം ഭവാൻ ന ഖലസ്യാഃ പ്രതിച്ഛന്ദാത് പരിഹീയതേ മധുരതാ).

# രണ്ടാമങ്കം

(അനന്തരം സംഗീതത്തിൽ മേളം ചേർന്നതിന്റെശേഷം ഇരിക്കുന്ന മട്ടിൽ വിദൂഷകനൊന്നിച്ച് രാജാവും പരിവ്രാജികയോടുകൂടി ധാരിണിയും പദവിക്കൊത്തു പരിവാരങ്ങളും പ്രവേശിക്കുന്നു.)

രാജാവ്: ഭഗവതി! ആചാര്യന്മാർ രണ്ടാളിൽ ഏതാളുടെ ഉപദേശപ്രയോഗമാണ് ആദ്യം വേണ്ടത്?

പരിവ്രാജിക: രണ്ടുപേരും ഒന്നുപോലെ വിദ്യാവൃദ്ധന്മാരാണെങ്കിലും വയസ്സിൽ ഗണദാസനാനു മൂപ്പ്. അതിനാൽ അദ്ദേഹത്തിന്നു മുൻ നില അനുവദിക്കണം.

രാജാവ്: മൗദ്ഗല്യ! എന്നാൽ ഈ വിവരം ചെന്നു ആചാര്യന്മാരെ ധരിപ്പിച്ചിട്ട് തന്റെ ജോലിക്കു പോയ്ക്കൊള്ളൂ!

കഞ്ചുകി: കല്പനപോലെ. (പോയി)

ഗണദാസൻ: (പ്രവേശിച്ചിട്ട്) ദേവ! ശർമിഷ്ഠയുടെ കൃതിയായിട്ട് മദ്ധ്യമകാലത്തിൽ ഒരു പദമുണ്ട്. അതാടുന്നത് ദേവൻ മനസ്സുവച്ചു നോക്കണം.

രാജാവ്: ആചാര്യ! ബഹുമാനപുരസ്സരം മനസ്സിരുത്താം. (ഗണദാസൻ പോയി)

(സ്വകാര്യമായിട്ട് ) തോഴരേ,

**അണിയറയിൽ വന്നോരവളെക്കണികാണ്മാൻ കുതുകമാശു കവിയുകയാൽ**
**തനിയേ തിര നീക്കാനായ്ത്തുനിയുന്നു ചപലമെന്റെ നയനയുഗം. 1**

വിദൂഷകൻ: (സ്വകാര്യമായിട്ട്) അങ്ങേക്കണ്ണിനു പൂന്തേൻ കുടിക്കാൻ കാലമായി. തേനീച്ചയും അടുക്കൽ തന്നെയുണ്ട്. അതുകൊണ്ടു സൂക്ഷിച്ചു വേണം.

(അനന്തരം മാളവിക പ്രവേശിക്കുന്നു. അവളുടെ മെയ്യും, കൈയ്യും മറ്റും സൂക്ഷിച്ചു നോക്കികൊണ്ടു പിന്നാലെ ഗണദാസനും )

(സ്വകാര്യമായിട്ട്) തോഴർ നോക്കണം! ഇവൾക്കു സൗന്ദര്യം ചിത്രത്തിൽ കണ്ടതിൽ കുറഞ്ഞു പോയിട്ടില്ലല്ലോ!

രാജാ: (അപവാര്യ) വയസ്യ!

**ചിത്രഗതായാമസ്യാം കാന്തിവിസംവാദശങ്കി മേ ഹൃദയം**
**സംപ്രതി ശിഥിലസമാധി, മന്യേ, യേനേയമാലിഖിതാ 2**

ഗണദാസഃ: വത്സേ! മുക്തസാധ്വസാ സത്ത്വസ്ഥാ ഭവ.

രാജാ: (ആത്മഗതം) അഹോ! സർവ്വസ്ഥാനാനവദ്യതാ രൂപസ്യ. തഥാഹി:

**ദീർഘാക്ഷം ശരദിന്ദുകാന്തിവദനം, ബാഹൂനതാവംസയോഃ**
**സംക്ഷിപ്തം നിബിഡോന്നതസ്തനമുരഃ പാർശ്വേ പ്രമൃഷ്ടേ ഇവ**
**മധ്യഃ പാണിമിതോ?മിതം ച ജഘനം, പാദാവരാളാംഗുലീ**
**ഛന്ദോ നർത്തയിതുര്യഥൈവ മനസി, ശ്ലിഷ്ടം തഥാസ്യാ വപുഃ 3**

മാളവികാ: (ഉപഗാനം കൃത്വാ ചതുഷ്പദവസ്തുകം ഗായതി)

**ദുല്ലഹോ പിഓ മേ തസ്സിം ഭവ ഹിഅ അണിരാസം**
**അമ്ഹോ അപംഗഓ മേ പപ്ഫുരഇ കിം വി വാമഓ**
**ഏസോ സോ ചിരദിട്ഠോ കഹം ഉവണഇദവ്വോ**
**ണാഹ! മം പരാഹീണം തുഇ ഗണഅ സതിൺഹം 4**

**(ദുർല്ലഭഃ പ്രിയോ മേ തസ്മിൻ ഭവ ഹൃദയനിരാശം**
**അഹോ അപാംഗകോ മേ പ്രസ്ഫുരതി കിമപി വാമകഃ**
**ഏഷ സ ചിരദൃഷ്ടഃ കഥമുപനേതവ്യോ**
**നാഥ മാം പരാധീനാം ത്വയി ഗണയ സ തൃഷ്ണാം.)**

(ഇതി യഥാരസമഭിനയതി)

വിദൂഷകഃ: (ജനാന്തികം) ഭോ വഅസ്സ! ചഉപ്പദവത്ഥുഅം ദുവാരികദുഅ തുഇ ഉവക്ഖിദോ വിഅ അപ്പാ തത്തഹോദീഏ. (ഭോ വയസ്യ! ചതുഷ്പദവസ്തുകം ദ്വാരീകൃത്യ ത്വയ്യുപക്ഷിപ്ത ഇവാത്മാ തത്ര ഭവത്യാ).

രാജാ: (ജനാന്തികം) സഖേ! ഏവമേവ മമാപി ഹൃദയം, അനയാ ഖലു.

**ജനമിമമനുരക്തം വിദ്ധി നാഥേതി ഗേയേ**
**വചനമഭിനയന്ത്യാ സ്വാംഗനിർദ്ദേശപൂർവ്വം**
**പ്രണയഗതിമദൃഷ്ട്വാ ധാരിണീസന്നികർഷാ**
**ദഹമിവ സുകുമാരപ്രാർത്ഥനാവ്യാജമുക്തഃ 5**

രാജാവ്: (സ്വകാര്യമായിട്ട്) തോഴരേ!

**ചിത്രത്തിലന്നവളെ ഞാൻ ബത! പാർത്തനേരം**
**ചിത്തം മടിച്ചു ഗുണപൂർത്തികൾ വിശ്വസിപ്പാൻ**
**ചീർത്തോരു കാന്തികല വേണ്ടതുപോലെയെല്ലാം**
**ചേർത്തില്ല ചിത്രകാരനെന്നു വിചാരമിപ്പോൾ** 2

ഗണദാസൻ: ബാലേ! സഭാകമ്പം കൂടാതെ ധൈര്യമായിരിക്കണം!

രാജാവ്: (വിചാരം) എല്ലാ അംഗങ്ങളിലും ഒന്നുപോലെ കുറ്റമറ്റ ഈ രൂപലാവണ്യം അദ്ഭുതം തന്നെ.

**ഭംഗ്യാ കണ്ണുകൾ നീണ്ടു ചന്ദ്രസദൃശം വക്ത്രം നതാംസം ഭുജം**
**തിങ്ങിപ്പൊങ്ങിയൊതുങ്ങി നെഞ്ചിരുവശം തോന്നും കടഞ്ഞിട്ടപോൽ**
**മധ്യം മുഷ്ടിമിതം നിതംബമധികം വീർത്തങ്ഘ്രി വക്രാങ്ഗുലീ**
**വിദ്ധം: മെയ്യിതു നട്ടനിഷ്ടമെതുമാനമ്മട്ടു സൃഷ്ടിച്ചതാം** 3

മാളവിക: (രാഗം മൂളീട്ടു പദം പാടുന്നു.)

**ദുർല്ലഭനത്രേ വല്ലഭനോർത്താൽ; തെല്ലവനെച്ചൊല്ലി വേണ്ടാശാ;**
**എന്തു ബന്ധമോ? എന്നിടതുകൺ തുടിച്ചീടുന്നു; ഹന്ത! ദൈവമേ!**
**കാത്തിരുന്നു പലനാളിന്നു പാർത്തേൻ'ഇനി വിധിയെന്നു കാൺമതിന്നു?**
**പരതന്ത്ര ഞാൻ പരമനുരക്ത; പരമാർത്ഥമിതറിക! നാഥാ!** 4

(രസത്തിന്നു ചേർന്നഭിനയിക്കുന്നു.)

വിദൂഷകൻ: (സ്വകാര്യമായിട്ട്) തോഴരെ! പദമാടുക എന്നൊരു വ്യാജേന ഈ മാന്യകന്യക അങ്ങേ അടുക്കൽ ആത്മസമർപ്പണം ചെയ്തതായി തോന്നുന്നു.

രാജാവ്: (സ്വകാര്യമായിട്ട്) തോഴരെ, എനിക്കും അങ്ങനെ തോന്നി. ഇവളാകട്ടെ,

**കരളതിന്നനുരാഗം നിങ്കലെന്നർത്ഥമാകു**
**ന്നൊരു മൊഴി തനതംഗം തൊട്ടു തൊട്ടാടിടുമ്പോൾ**
**സ്വഹൃദയഗതി നേരെതന്നെയനന്യോക്തിഭംഗ്യാ**
**മഹിഷിയുടെ സമക്ഷം മൗനിയാമെന്നൊടോതീ** 5

(മാളവികാ ഗീതാന്തേ നിഷ്ക്രമിതുമാരബ്ധാ)

വിദൂഷകഃ: ഭോദി! ചിട്ഠ. കിംവി വോ വിസുമരിദോ കമഭേദോ (ഭവതി! തിഷ്ഠ കിമപി വോ വിസ്മൃതഃ ക്രമഭേദഃ )

ഗണദാസഃ: വത്സേ! ഉപദേശവിശുദ്ധാ യാതുമർഹസി

(മാളവികാ നിവൃത്യ സ്ഥിതാ)

രാജാ: (ആത്മഗതം) അഹോ! സർവാസ്വവസ്ഥാസു ചാരുതാ ശോഭാന്തരം പുഷ്യതി തഥാ ഹി

**വാമം സന്ധിസ്തിമിതവലയം ന്യസ്യ ഹസ്തം നിതംബേ**
**കൃത്വാ ശ്യാമാവിടപസദൃശം സ്ത്രസ്തമുക്തം ദ്വിതീയം**
**പാദാംഗുഷ്ഠാലുളിതകുസുമേ കുട്ടിമേ പാതിതാക്ഷം**
**നൃത്താദസ്യാഃ സ്ഥിതമതിതരാം കാന്തമൃജ്വായതാർധം.** 6

ദേവീ: ണം ഗോദമവഅണം വി അജ്ജോ ഹിഅഏ കരേദി? (നനു ഗൗതമവചനമപ്യാരര്യോ ഹൃദയേ കരോതി?)

ഗണദാസഃ: ദേവി! മാ മൈവം, ദേവപ്രത്യയാത് സംഭാവ്യതേ സൂക്ഷ്മദർശിതാ ഗൗതമസ്യ.

**മന്ദോഽപ്യമന്ദതാമേതി സംസർഗ്ഗേണ വിപശ്ചിതഃ**
**പങ്കച്ഛിദഃ ഫലസ്യേവ നികർഷേണാവിലം പയഃ** 7

(വിദൂഷകം വിലോക്യ) ശൃണുമോ വിവക്ഷിതമാര്യസ്യ

വിദൂഷകഃ: (ഗണദാസം വിലോക്യ) സക്ഖിണിം ദാവ പുച്ഛ. പച്ഛാജ്ജോ മ ഏ കമഭേദോ ലക്ഖിദോ തം ഭണിസ്സം. (സാക്ഷിണിം താവത് പൃച്ഛ. പശ്ചാദ്യോ മയാ ക്രമഭേദോ ലക്ഷിതസ്തം ഭണിഷ്യാമി).

ഗണദാസഃ: ഭഗവതി യഥാദൃഷ്ടമഭിദീയതാം, ഗുണോ വാ ദോഷോ വാ.

പരിവ്രാജികാ: യഥാദർശനം സർവമനവദ്യം കുതഃ

**അംഗൈരന്തർനിഹിതവചനൈഃ സൂചിതഃ സമ്യഗർത്ഥഃ**
**പാദന്യാസോ ലയമനുഗത,സ്തന്മയത്വം രസേഷു**
**ശാഖായോനിർമൃദുരഭിനയ,സ്തദ്വികല്പാനുവൃത്തൗ**
**ഭാവോ ഭാവം നുദതി വിഷയാ,ദ്രാഗബന്ധഃ സ ഏവ.** 8

(മാളവികാ ആടിക്കഴിഞ്ഞുടൻ പോകാൻ ഭാവിക്കുന്നു.)

വിദൂഷകൻ: (മാളവികയെ നോക്കിയിട്ടു) പോകാൻ വരട്ടെ! ഒരു സംഗതി ചോദിക്കാനുണ്ട്. നിങ്ങൾക്കു മറവികൊണ്ട് ഒരു ക്രമക്കേടുപറ്റി.

ഗണദാസൻ: പൈതലേ! നിൽക്കൂ. ദോഷശുദ്ധി വന്നതിനുമേൽ പോകാം.

(മാളവിക പോകാതെ നിൽക്കുന്നു.)

രാജാവ്: (വിചാരം) രൂപഗുണം ഉണ്ടെങ്കിൽ അതുകൊണ്ടുള്ള വിശേഷം ഏതവസ്ഥയിലും കാണും

**ഒറ്റക്കൈയതു കങ്കണങ്ങളെളിയിൽ തട്ടുന്ന മട്ടൂന്നിയും**
**മറ്റേതല്പമയച്ചുവിട്ടു നെടുതാം ശ്യാമാലതാശാഖപോൽ**
**പുഷ്പം കാൽവിരൽ കൊണ്ടു ചിക്കിന നിലത്തർപ്പിച്ച നോട്ടത്തൊടേ**
**സ്വല്പം നീണ്ടു നിവർന്ന നിൽപിതു തുലോം നൃത്തതിലും നന്നഹോ! 6**

ധാരിണി: ഗൗതമൻ പറയുന്നതുകൂടി ആചാര്യൻ കാര്യമായി വക വെക്കുന്നോ?

ഗണദാസൻ: ദേവി! അങ്ങനെ പറഞ്ഞു കൂടാ! മഹാരാജസഹവാസം കൊണ്ടു സൂക്ഷ്മദർശനസാമർത്ഥ്യം ഗൗതമന്നു സംഭവിക്കാവുന്നതാണ്. നോക്കുക

**ബോധമുണ്ടാമബുധനും ബുധസംസർഗ്ഗശക്തിയാൽ;**
**തേറ്റാമ്പരൽ ചതച്ചിട്ടാൽ ചേറ്റിലും തെളിയും ജലം 7**

(വിദൂഷകനെ നോക്കീട്ടു) അങ്ങേക്കു പറയാനുള്ളതു കേട്ടാൽ കൊള്ളാം.

വിദൂഷകൻ: (ഗണദാസനോട്) നിർണ്ണയാധികാരിയോട് ആദ്യം ചോദിക്കൂ! പിന്നീടു ഞാൻ പറയാം, "എന്തു ക്രമക്കേടാണു കണ്ടത്?" എന്ന്.

ഗണദാസൻ: ഭഗവതി കണ്ടതുപോലെ പറയണം ദോഷമായാലും ശരി, ഗുണമായാലും ശരി.

പരിവ്രാജിക: എല്ലാം ശാസ്ത്രപ്രകാരം നല്ല ശരിയായി. എന്തെന്നാൽ

**അർത്ഥം വ്യഞ്ജിച്ചിതു മൊഴികളുൾക്കൊള്ളുമാങ്ഗ്യങ്ങളാലേ;**
**നൃത്തം ചേർന്നു ലയസദൃശമായ്ത്തന്മയത്വം രസത്തിൽ**
**മുദ്രക്കൈയ്യാൽ മൃദുവഭിനയം; രാഗബന്ധം വിടാതെ**
**മാറീ ഭാവം പലതു രസവൈചിത്ര്യമാടുന്ന നേരം. 8**

ഗണദാസഃ: ദേവഃ കഥം വാ മന്യതേ?

രാജാഃ: വയം സ്വപക്ഷേ, ശിഥിലാഭിമാനാഃ സംവൃത്താഃ.

ഗണദാസഃ: അദ്യ നർത്തയിതാസ്മി.

**ഉപദേശം വിദുഃ ശുദ്ധം സന്തസ്തമുപദേശിനഃ**
**ശ്യാമായതേ ന യുഷ്മാസു യഃ കാഞ്ചനമിവാഗ്നിഷു** 9

ദേവീ: ദിട്ഠിആ പരിക്ആരാഹണേണ അഹിഅം വഡ്ഢഇ അജ്ജോ. (ദിഷ്ട്യാ പരീക്ഷകാരാധനേനാധികം വർദ്ധത ആര്യഃ)

ഗണദാസഃ: ദേവീപരിഗ്രഹശ്ചമേ വൃദ്ധിഹേതുഃ (വിദുഷകം വിലോക്യ) ഗൗതമ! വദേദാനീം യത്തേ മനസി വർത്തതേ.

വിദൂഷകഃ: പുഢമോപദേസദംസണേ പുഢമം ബമഹണസ്സ പുആ കാദവ്വാ. സാണം വോ വിസുമരിദാ. (പ്രഥമോപദേശദർശനേ പ്രഥമം ബ്രാഹ്മണസ്യ പൂജാ കർത്തവ്യാ. സാ നനു വോ വിസ്മൃതാ.)

പരിവ്രാജികാ: അഹോ പ്രയോഗാഭ്യന്തരഃ പ്രശ്നഃ!

(സർവ്വേ പ്രഹസിതാഃ മളവികാ സ്മിതം കരോതി)

രാജാ: (ആത്മഗതം) ഉപാത്തസാരശ്ചക്ഷുഷാ മേ സ്വവിഷയഃ യദനേന –

**സ്മയമാനമായതാക്ഷ്യാഃ കിഞ്ചിതഭിവ്യക്തദശനശോഭിമുഖം**
**അസമഗ്രലക്ഷ്യകേസരമുച്ഛ്വസദിവ പങ്കജം ദൃഷ്ടം** 10

ഗണദാസഃ: മഹാബ്രാഹ്മണ! ന ഖലു പ്രഥമം നേപഥ്യപ്രദർശനമിദം. അന്യഥാ കഥം ത്വാം ദക്ഷണീയം ന തർപ്പയിഷ്യാമഃ.

വിദൂഷകഃ: മഏ ണാമ മുദ്ധചാദഏണ വിഅ സുക്ഖഘണഗജ്ജിദേ അന്ദരിക്ഖേ ജലപാണം ഇച്ഛിദം.(മയാ നാമ മുഗ്ധചാതകേനേവ ശുഷ്കഘനഗർജ്ജിതേ?ന്തരിക്ഷേ ജലപാനമിഷ്ടം.)

പരിവ്രാജികാ: ഏവമേവ.

ഗണദാസൻ: മഹാരാജാവു തിരുമനസ്സിലേക്കെന്താണാവോ അഭിപ്രായം?

രാജാവ്: ഗണദാസാ, നമുക്കു സ്വന്തകക്ഷിയിൽ അഭിമാനം കുറഞ്ഞു വശായി.

ഗണദാസൻ: ഇന്നു ഞാൻ നട്ടുനായി

**ഉപദേശിച്ച വിദ്യയ്ക്കു വിശുദ്ധിയതു തന്നെയാം**
**കനലിൽ കനകം പോലെ സദസ്സിൽ കറയേൽക്കൊലാ!** 9

ധാരിണി: ഭാഗ്യം തന്നെ! പരീക്ഷകന്മാരെ തൃപ്തിപ്പെടുത്തിയതു കൊണ്ട് ആചാര്യനു മേന്മ കിട്ടിയല്ലോ!

ഗണദാസൻ: ദേവീപരിഗ്രഹം കൊണ്ടും. (വിദൂഷകന്റെനേരേ തിരിഞ്ഞ്) ഗൗതമാ! ഇനി അങ്ങേ മനസ്സിലിരിക്കുന്നതു പറയൂ!

വിദൂഷകൻ: ശിഷ്യരെ പഠിപ്പിച്ച വിദ്യ ആദ്യമായി അരങ്ങത്തു പ്രയോഗിക്കുമ്പോൾ ബ്രാഹമണപൂജ വേണ്ടതാണ്; അതു നിങ്ങൾക്കു വിട്ടുപോയി.

പരിവ്രാജിക: ശരി! പ്രയോഗവിഷയത്തിൽ സാരമായ സംഗതിതന്നെ!

(എല്ലാവരും പൊട്ടിച്ചിരിക്കുന്നു. മാളവികയും സ്മിതം ചെയ്യുന്നു.)

രാജാവ്: (വിചാരം) എന്റെ കണ്ണിനു ജന്മസാഫല്യം വന്നു. എന്തെന്നാൽ, ഈ കണ്ണ് –

**മന്ദസ്മിതം പൂണ്ട മുത്തു മെല്ലേ മിന്നിത്തുളുമ്പും കുളുർദന്തകാന്തി**
**ചെന്താമരപ്പൂ വിടരുമ്പോഴല്ലി പൊന്തിക്കുതിയ്ക്കും പടി പാർത്തുവല്ലോ!** 10

ഗണദാസൻ: മഹാബ്രാഹ്മണ! വേഷംകെട്ടി നടത്തുന്ന അരങ്ങേറ്റമല്ല ഇത്; അല്ലെങ്കിൽ പൂജ്യനായ അങ്ങേ ഞങ്ങൾ പൂജിക്കാതിരിക്കുമോ?

വിദൂഷകൻ: ഞാനാകട്ടെ, പാഴിടികേട്ട് വെള്ളം കുടിയ്ക്കാൻ മോഹിക്കുന്ന ചാതകത്തിന്റെ മട്ട് കാട്ടിപ്പോയി.

പരിവ്രാജിക: അങ്ങനെതന്നെ!

വിദൂഷകഃ: ഭഅവദി! പണ്ഡിദപരിതോസപച്ചആ ണം മൂഢാ ജാദി. ജഇ ഭഅവദിഏ സോഹണം ഭണിദം, തദോ ഇമംസേ പാരിതോസിഅം പഅച്ഛമ്മി. (ഭഗവതി! പണ്ഡിതപരിതോഷപ്രത്യയാ നനു മൂഢാ ജാതിഃ. യദി ഭഗവത്യാ ശോഭനം ഭണിദം, തത ഇദമസ്യൈ പാരിതോഷികം പ്രയച്ഛാമി). (ഇതി രാജ്ഞോ ഹസ്താത് കടകമാകർഷതി.)

ദേവീ: ചിട്ഠ ദാവ ഗുണന്ദരം അആണന്തോ കിംതി തുമം ആഹരണം ദേസി? (തിഷ്ഠ താവത്, ഗുണാന്തരമജാനൻ കിമിതി ത്വമാഭരണം ദദാസി?)

വിദൂഷകഃ: പരകേരഅംതി കദുഅ (പരകീയമിതി കൃത്വാ)

ദേവീ: (ആചാര്യം വിലോക്യ) അജ്ജ ഗണദാസ! ണം ദംസിദോവദേസാ ദേ സിസ്സാ (ആര്യ ഗണദാസ! നനു ദർശിതോപദേശാ തേ ശിഷ്യാ).

ഗണദാസഃ: വത്സേ! പ്രതിഷ്ഠസ്വേദാനീം.

(മാളവികാ സഹാചാര്യേണ നിഷ്ക്രാന്താ.)

വിദൂഷകഃ: (രാജാനം വിലോക്യ ജനാന്തികം) എത്തിഓ എവ്വ മേ മദി വിഹവോ ഭവന്ദം സേവിദും. (ഏതാവാനേവ മേ മതിവിഭവോ ഭവന്തം സേവിതും).

രാജാ: (ജനാന്തികം) അലമലം പരിച്ഛേദേന, അഹം ഹി

**ഭാഗ്യാസ്തമയമിവാക്ഷ്ണോർഹൃദയസ്യ മഹോത്സവാവസാനമിവ**
**ദ്വാരപിധാനമിവ ധൃതേർമന്യേ തസ്യാസ്തിരസ്കരണം.** **11**

വിദൂഷകഃ: (ജനാന്തികം) സാഹു, തുമം, ദരിദ്ദോ ആദുരോ വിഅ വേജ്ജജണേ ഉവണീജ്ജമാണം ഓസദം ഇച്ഛസി. (സാധു, ത്വം ദരിദ്ര ആതുര ഇവ വൈദ്യോനോപനീയമാനമൗഷധമിച്ഛസി)

(പ്രവിശ്യ)

ഹരദത്തഃ: ദേവ! മദീയമിദാനീമുപദേശമവലോകയിതും ക്രിയതാം പ്രസാദഃ.

രാജാ: (ആത്മഗതം) അവസിതോ ദർശനാർത്ഥഃ. (ദാക്ഷിണ്യമവലംബ്യ പ്രകാശം) നനു പര്യുത്സുകാ ഏവ വയം.

വിദൂഷകൻ: ഭഗവതി! പണ്ഡിതർ പരിതോഷിച്ചാൽ പരിതോഷിക്കുന്ന കൂട്ടരാണല്ലോ പാമരപ്പരിഷ. ഭഗവതി അഭിനന്ദിച്ച സ്ഥിതിയ്ക്കു ഇവൾക്കു ഇതു ഞാൻ സമ്മാനം കൊടുക്കുന്നു. (രാജാവിന്റെ കൈയിൽ കിടക്കുന്ന വള ഊരിയെടുക്കുവാൻ ഭാവിയ്ക്കുന്നു.)

ധാരിണി: വരട്ടെ ഗുണതാരമ്യം തീർച്ചപ്പെടും മുൻപു സമ്മാനം കൊടുക്കാറായോ?

വിദൂഷകൻ: അന്യന്റേതല്ലേ സ്വത്തു എന്നുവച്ചുതന്നെ!

ധാരിണി: (ആചാര്യനോട്) ഗണദാസ, നിങ്ങളുടെ ശിഷ്യ ഉപദേശം പ്രയോഗിച്ചു കഴിഞ്ഞല്ലോ!

ഗണദാസൻ: പൈതലെ ഇനി പുറപ്പെടാം!

(മാളവികയും ഗണദാസനും പോയി)

വിദൂഷകൻ: (രാജാവിനോടു സ്വകാര്യം) തോഴരെ! ഇത്രത്തോളമുണ്ട് എനിയ്ക്കു അങ്ങേടെ സേവയ്ക്കു വേണ്ടുന്ന ബുദ്ധിസാമർത്ഥ്യം.

രാജാവ്: (സ്വകാര്യം) ഇത്രത്തോളമെന്നു പരിച്ഛേദിക്കാൻ വരട്ടെ! ഇപ്പോഴാകട്ടെ,

**കണ്ണിനു ഭാഗ്യാസ്തമയം കരളിന്റെ മഹോത്സവത്തിനു കലാശം;**
**നിർവൃതിയതിനൊരടപ്പും നിയതമെനിക്കിത്തിരശ്ശീല.** 11

വിദൂഷകൻ: കൊള്ളാം! ദരിദ്രരോഗിക്കെന്നപോലെ കഷായം വയ്ക്കുക കൂടി വൈദ്യൻ തന്നെ ചെയ്തേച്ചാൽ നന്നെന്നാണു അങ്ങേയ്ക്കു വിചാരം.

(ഹരദത്തൻ പ്രവേശിക്കുന്നു)

ഹരദത്തൻ: ദേവ! ഇനി എന്റെ ഉപദേശപ്രയോഗം തൃക്കൺ പാർക്കുന്നതിനു തിരുവുള്ളം ഉണ്ടാകണം!

രാജാവ്: (വിചാരം) കാണ്മാനുണ്ടായിരുന്നതു കണ്ടുതീർന്നു. (ദാക്ഷിണ്യം നടിച്ചു വെളിവായിട്ട്) നമുക്കു കാണ്മാൻ കൗതുകം കവിയുന്നു.

ഹരദത്തഃ: അനുഗൃഹീതോƒസ്മി.

(നേപഥ്യേ)

വൈതാളികഃ: ജയതു ജയതു ദേവഃ. ഉപാരൂഢോ മദ്ധ്യമഹ്നഃ സവിതാ. തഥാ ഹി –

**പത്രച്ഛായാസു ഹംസാ മുകുളിതനയനാ ദീർഘികാപദ്മിനീനാം**
**സൗധാന്യത്യർത്ഥതാപാദ്വലഭിപരിചയദ്വേഷിപാരാവതാനി**
**ബിന്ദുക്ഷേപാൻ പിപാസുഃ പരിസരതി ശിഖീ ഭ്രാന്തിമദ്വാരിയന്ത്രം**
**സർവൈരുസ്രൈഃ സമഗ്രസ്ത്വമിവ നൃപ! ഗുണൈർദീപ്യതേ സപ്തസപ്തിഃ 12**

വിദൂഷകഃ: അവിഹ അവിഹ! അമ്ഹാണം ഭോഅണവേലാ ഉവട്ഠിദാ അത്തഹോദോ വി. ഉഇദവേലാദിക്കമാദോ ചികിസ്സആ ദോസം ഉദാഹരന്ദി. ഹരദത്ത! കിം ദാണിം ഭണസി. (അവിധ അവിധ! അസ്മാകം ഭോജനവേലോപസ്ഥിതാ, അത്ര ഭവതോƒപി. ഉചിത വേലാതിക്രമാച്ചികിത്സകാ ദോഷമുദാഹരന്തി. ഹരദത്ത! കിമിദാനീം ഭണസി?)

ഹരദത്തഃ: നാസ്തി വചനസ്യാന്യസ്യാവകാശോƒത്ര.

രാജാ: തേന ഹി ത്വദീയമുപദേശം ശ്വോ വയം ദ്രക്ഷ്യാമഃ. വിശ്രാമ്യതു ഭവാൻ.

ഹരദത്തഃ: യദാജ്ഞാപയതി ദേവഃ (ഇതി നിഷ്ക്രാന്തഃ)

ദേവീ: ണിവ്വട്ടേദു അജ്ജഉത്തോ മജ്ജണവിഹിം (നിവർത്തയത്വാര്യ പുത്രോ മജ്ജനവിധിം)

വിദൂഷകഃ: ഭോദി! വിസേസേണ ഭോ അണമ്മി തുവരാവേ ഹി. (ഭവതി! വിശേഷണ ഭോജനേ ത്വരയ).

പരിവ്രാജികാ: (ഉത്ഥായ) സ്വസ്തി ഭവതേ.

(ഇതി സപരിജനയാ ദേവ്യാ സഹ നിഷ്ക്രാന്താ)

വിദൂഷകഃ: ഭോ ണ കേവലം രൂവേ, സിപ്പേവി അദ്ദുദീആ മാളവിആ. (ഭോഃ! ന കേവലം രൂപേ, ശിൽപേƒപ്യദ്വിതീയാ മാളവികാ).

രാജാ: വയസ്യ!

**അവ്യാജസുന്ദരീം താം വിജ്ഞാനേന ലളിതേന യോജയതാ**
**ഉപകല്പിതോ വിധാത്രാ ബാണഃ കാമസ്യ വിഷദിഗ്ധഃ 13**

കിം ബഹുനാ? ചിതയിതവ്യോƒസ്മി തേ.

ഹരദത്തൻ: എനിയ്ക്കു വലിയ അനുഗ്രഹം

(അണിയറയിൽ)

വൈതാളികൻ: ദേവനു വിജയം! നേരം മദ്ധ്യാഹ്നമായി. ഇപ്പോഴാകട്ടെ,

**വാപീതീരത്തു തണ്ടാരിലനിഴലിൽ മയങ്ങുന്നു മിണ്ടാതെ ഹംസം**
**താപത്താൽ പ്രാക്കൾ സൗധോപരി വളഭിയിലേച്ചേക്ക കൈവിട്ടിടുന്നൂ;**
**യന്ത്രം ചിറ്റിത്തെറിയ്ക്കും ജലകണിക മയിൽക്കോഴിയേൽക്കുന്നു ചാടീ**
**ട്ടേന്തുന്നു രശ്മിയെല്ലാം നൃപ! ഗുണനിര നീയെന്നപോലുഗ്രനർക്കൻ 12**

വിദൂഷകൻ: നമുക്കു സ്നാനഭോജനങ്ങൾക്കു നേരം വഴുതുന്നു. തിരുമനസ്സുകൊണ്ട് അമൃതേത്തിനു നേരേനീക്കം ചെയ്യുന്നു എന്നു വൈദ്യന്മാർ ആവലാതി പറയാറുണ്ട്. ഹരദത്ത! അങ്ങെന്തു പറയുന്നു.?

ഹരദത്തൻ: എനിക്കു പറയാൻ ഒന്നും വക കാണുന്നില്ല.

രാജാവ്: (ഹരദത്തനോട്) എന്നാൽ നിങ്ങളുടെ ഉപദേശപ്രയോഗം കാണുന്നതു നാളെ ആകട്ടെ! അങ്ങും ചെന്നു വിശ്രമിക്കണം!

ഹരദത്തൻ: കല്പനപോലെ. (പോയി)

ധാരിണി: ആര്യപുത്രൻ മധ്യാഹ്നകൃത്യങ്ങൾ നടത്തുകതന്നെ!

വിദൂഷകൻ: വിശേഷിച്ചും ഊണിന്റെ സംഗതിയിൽ വേണം ബദ്ധപ്പെടുത്താൻ.

പരിവ്രാജിക: (എഴുന്നേറ്റിട്ട്) അങ്ങേയ്ക്കു മംഗളം!

(പരിവ്രാജികയും ധാരിണിയും പരിജനങ്ങളും പോയി)

വിദൂഷകൻ: രൂപലാവണ്യത്തിൽ മാത്രമല്ല, ലളിതകലകളിലും മാളവിക അദ്വിതീയയാണ്.

രാജാവ്: തോഴരേ!

**നിഷ്കളങ്കലളിതാങ്ഗിയവൾക്കീ നൽക്കലാപടുത നൽകുകമൂലം**
**പഞ്ചബാണവിരുതന്നു വിരിഞ്ചൻ നഞ്ചുഴിഞ്ഞ കണയൊന്നു ചമച്ചൂ.13**

എന്തിനേറെപ്പറയുന്നു? ഇനി നീതന്നെ ഭരിക്കേണ്ട ദിക്കായി എനിക്ക്!

വിദൂഷകഃ: ഭവദാ വി അഹം. ദിഢം വിപണികന്ദ്യ വിഅ മേ ഉഅരബ്ഭന്ദരം ദഝഇ (ഭവതാപ്യഹം. ദൃഢം വിപണികന്ദുരിവ മേ ഉദരാഭ്യന്തരം ദഹ്യതേ).

രാജാ: ഏവമേവ ഭവാൻ സുഹൃദർത്ഥേ ത്വരതാം.

വിദൂഷകഃ: ഗഹീദം വഅണം. കിംദു, മേഹാവലീണിരുദ്ധാ ജോൺഹാ വിഅ പരാഹീണദംസണാ തത്തഹോദീ മാളവിആ. ഭവം വി സൂണോവരിഅരോ ഗിദ്ധോ വിഅ ആമിസലോലുഓ ഭീരുഓഅ. താ അണാദരോ വിഅ കജ്ജസിദ്ധിം പത്ഥഅന്ദോ മേ രോഅസി. (ഗൃഹീതം വചനം. കിന്തു മേഘാവലീനിരുദ്ധാ ജ്യോത്സ്നേവ പരാധീനദർശനാ തത്രഭവതീ മാളവികാ. ഭവാനപി സൂനോപരിചരോ ഗൃദ്ധ്ര ഇവ ആമിഷലോലുപോ ഭീരുകശ്ച. തസ്മാദനാദര ഇവ കാര്യസിദ്ധിം പ്രാർത്ഥയമാനോ മേ രോചസേ).

രാജാ: സഖേ! കഥം ഭവിഷ്യാമി?

**സർവ്വാന്തഃപുരവനിതാവ്യാപാരപ്രതിനിവൃത്തഹൃദയസ്യ**
**സാ വാമലോചനാ മേ സ്നേഹസ്യൈകായനീഭൂതാ** **14**

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

**ഇതി ദ്വിതീയോƒങ്കഃ**

വിദൂഷകൻ: അങ്ങെന്നെയും ഭരിയ്ക്കണം. പലഹാരക്കടയിലെ ഇഡ്ഢലിപ്പാത്രം പോലെ എന്റെ വയറു കിടന്നു തപിക്കുന്നു.

രാജാവ്: അങ്ങനെ തന്നെ! അങ്ങ് സുഹൃത്കാര്യത്തിൽ അമാന്തിക്കരുത്.

വിദൂഷകൻ: ഞാനേറ്റു; എന്നാൽ അവളുടെ സ്ഥിതി വർഷകാലത്തെ ചന്ദ്രികയ്ക്കുള്ളതുപോലെയാണ്; ഇഷ്ടംപോലെ കാണാൻ പറ്റുകില്ല. അങ്ങോ പിന്നെ ഇറച്ചിക്കടയ്ക്കു മുകളിൽ വട്ടമിടുന്ന പരുന്തിനെപോലെ റാഞ്ചാൻ കൊതിക്കയും പേടിച്ചു പിൻ വാങ്ങുകയും ചെയ്യുന്നു. അതുകൊണ്ട് ഭവാൻ അക്ഷമത കാട്ടാതെ ഇരുന്നാൽ ഞാൻ കാര്യം നേടാൻ നോക്കാം.

രാജാവ്: തോഴരേ! ഞാൻ എങ്ങനെ അക്ഷമ കാട്ടാതിരിക്കും? ഇപ്പോഴത്തെ അവസ്ഥ ഇതാണു:

**അന്തപുരത്തിൽമേലാ ലന്ത:കരണം രമിക്കയില്ലെന്നായ്**
**ചെന്താമരാക്ഷിയവൾതാൻ ചിന്തയ്ക്കെല്ലാമെനിക്കിനിപ്പാത്രം 14**

(എല്ലാവരും പോയി)

**(രണ്ടാമങ്കം കഴിഞ്ഞു.)**

# തൃതീയോƒങ്കഃ

## (പ്രവേശകഃ)

(തതഃ പ്രവിശതി പരിവ്രാജികായാഃ പരിചാരികാ സമാഹിതികാ)

സമാഹിതികാ: ആണത്തമ്ഹി ഭഅവദീഎ 'ദേവസ്സ ഉവാഅണത്ഥം ബീജപുരഅം ഗേണ്ഹിഅ ആഅച്ഛ'ത്തി, താ ജാവ പമദവണപാലിഅം മഹുഅരിഅം അണ്ണേസാമി.(പരിക്രമ്യാവലോക്യ ച) എസാ തവണിആ സോഅം ഓലോഅന്ദീ ചിട്ഠദി. ജാവണം ഉവസപ്പാമി. (ആജ്ഞാപ്താ-സ്മി ഭഗവത്യാ, "ദേവസ്യോപായനാർത്ഥം ബീജപൂരകം ഗൃഹീത്വാഗച്ഛ" ഇതി. തദ്യാവത് പ്രമദവനപാലികാം മധുകരികാമന്വിഷ്യാമി. ഏഷാ തപനീയാ ശോകമവലോകയന്തീ തിഷ്ഠതി. യാവദേനാമുപസർപ്പാമി)

(തതഃ പ്രവിശത്യുദ്യാനപാലികാ)

സമാഹിതികാ: (ഉപസൃത്യ) മഹുഅരിഏ! അവി സുഹോ ദേ ഉജ്ജാണ വ്വാവാരോ? (മധുകരികേ, അപി സുഖസ്ത ഉദ്യാനവ്യാപാരഃ?)

മധുകരികാ: അമ്ഹോ സമാഹിദിആ! സഹി! സാഗദം ദേ. (അഹോ സമാഹിതികാ! സഖി! സ്വാഗതം തേ.)

സമാഹിതികാ: ഹളാ! ഭഅവദീ ആണവേദി അരിത്തപാണിണാ അമ്ഹാരിസജണേണ അത്ഥപദീ ദക്ഖിദവ്വോ. താ ബീജപൂരഎണ സുസ്സൂസിദും ഇച്ഛമ്മിത്തി (ഹളാ! ഭഗവത്യാജ്ഞാപയതി അരിക്ത പാണിനാമസ്മാദൃശജനേന അർത്ഥപതിഃ ദ്രഷ്ടവ്യഃ തത്ബീജപുരകേണ ശുശ്രൂഷിതുമിച്ഛാമീതി)

മധുകരികാ: ണം സണ്ണിഹിദം ഏവ്വ ബീജപൂരഅം കഹേ ഹി ദാവ. അണ്ണോണ്ണസംഘരിസദാണം ണട്ടാഅരിആണം ഉവദേസം ദക്ഖി അ കദരോ ഭഅവദിഎ പസംസിദോ? (നനു സന്നിഹിതമേവ ബീജപൂരകം. കഥയ താവത്, അന്യോന്യസംഘർഷിതയോർനാട്യാചാര്യയോരുപദേശം ദൃഷ്ട്വാ കതരോ ഭഗവത്യാ പ്രശംസിതഃ?)

സമാഹിതികാ: ദുവേ വി കില ആഅമിണാ പഒാ അണീഉണാഅ. കിംദു സിസ്സാഗുണവിസേസേണ ഉണ്ണമിദോ ഗണദാസോ. (ദ്വാവപി കിലാഗ-മിനൗ പ്രയോഗനിപുണൗ ച. കിന്തു ശിഷ്യാഗുണവിശേഷേണോന്ന മിതോ ഗണദാസഃ).

# മൂന്നാമങ്കം

## പ്രവേശകം

(അനന്തരം പരിവ്രാജികയുടെ പരിചാരികയായ സമാഹിതിക പ്രവേശിക്കുന്നു.)

സമാഹിതിക: മഹാരാജവിനു ഉപചാരം ചെയ്യുന്നതിലേക്ക് മാതളംപഴം, വാങ്ങിക്കൊണ്ടുവരുന്നതിനു ഭഗവതി എന്നെ ആജ്ഞാപിച്ചിരിക്കുന്നു; അതിനാൽ പ്രമദവനപാലികയായ മധുകരികയെ അന്വേഷിക്കാം! (ചുറ്റിനടന്നു നോക്കീട്ട്) ഇതാ മധുകരിക തപനീയാശോകത്തെ സൂക്ഷിച്ചു നോക്കികൊണ്ട് നിൽക്കുന്നു; അടുത്തു ചെല്ലാം!

(അനന്തരം ഉദ്യാനപാലികയായ മധുകരിക പ്രവേശിക്കുന്നു.)

സമാഹിതിക: (അടുത്തുചെന്നിട്ട്) മധുകരികേ! ഉദ്യാനത്തിലെ ജോലി നിനക്കു ഹിതമായിത്തന്നെ ഇരിക്കുന്നല്ലോ!

മധുകരിക: അല്ലാ! സമാഹിതികയോ? തോഴി നിനക്കു സ്വാഗതം!

സമാഹിതിക: തോഴി! ഭഗവതി അരുളിച്ചെയ്തിരിക്കുന്നു 'ഞങ്ങളെ പ്പോലുള്ളവർക്ക് ശൂന്യപാണിയായിച്ചെന്നു മഹാരാജവിനെ സന്ദർശിക്ക ശരിയല്ല; അതിനാൽ മാതളംപഴം ഉപഹാരമായി കൊണ്ടു പോകാൻ വിചാരിക്കുന്നു'' എന്ന്.

മധുകരിക: മാതളംപഴം ഇവിടെയുണ്ട്: ഇഷ്ടംപോലെ പറിയ്ക്കാം. ആട്ടെ! സംഗീതോപദേശസാമർത്ഥ്യത്തെപറ്റി നട്ടുവന്മാർ രണ്ടുപേരും തമ്മിൽ മത്സരിച്ചു തർക്കിച്ചിട്ടു പരീക്ഷ നടത്തിയതിൽ ഏതു കക്ഷിയ്ക്കാണു ജയം ഭഗവതി കൽപ്പിച്ചത്?

സമാഹിതിക: രണ്ടുപേരും ഒന്നു പോലെ ശാസ്ത്രജ്ഞന്മാരും പ്രയോഗസമർത്ഥന്മാരും ആണ്; എന്നാൽ ശിഷ്യയുടെ ഗുണവിശേഷം കൊണ്ട് ഗണദാസനു ഉത്കർഷം കിട്ടി.

മധുകരികാ: അഹ മാളവി ആഗദം കോലീണം കഹം സുണീ അദി? (അഥ മാളവികാഗതം കൗലീനം കഥം ശ്രൂയതേ?)

സമാഹിതികാ: ബലിഅം ഖു സാഹിലാസോ ഭട്ടാ തസ്സിം. കേവലം ദേവിഏ ധാരിണീഏ ചിത്തം രക്ഖന്ദോ അത്തണോ പഹുത്തണം ണ ദംസേദി. മാളവിആ വി ഇമേസു ദിഅഹേസു അണുഹൂദമുത്താ വിഅ മാലദീമാലാ മിലാഅമാണാ ലക്ഖിഅദി. അദോ വരം ണ ജാണേ. വിസ്ജ്ജേഹി മം (ബലവത് ഖലു സാഭിലാഷോ ഭർത്താ തസ്യാം. കേവലം ദേവ്യാ ധാരിണ്യാശ്ചിത്തം രക്ഷന്നാത്മനഃ പ്രഭുത്വം ന ദർശയതി. മാൾവികാപ്യേഷു ദിവസേഷ്വനുഭൂതമുക്തേവ മാലതീമാലാ മ്ലായമാനാ ലക്ഷ്യതേ. അത: പരം ന ജാനേ, വിസർജ്ജയ മാം.)

മധുകരികാ: ഏദം സാഹാവലംബി ബീജപൂരഅം ഗേണ്ഹ. (ഏതച്ഛാഖാവലംബി ബീജപൂരകം ഗൃഹാണ)

സമാഹിതികാ: (ഗൃഹീത്വാ) ഹളാ! തുമം വി ഇദോ വരം പേസലദരം സാഹുജണസുസ്സൂസാഏ ഫലം അണുഹോഹി. (ഹളാ! ത്വമപീതഃപരം പേശലതരം സാധുജനശുശ്രൂഷായാഃ ഫലമനുഭവ.)

(ഇതി പ്രസ്ഥിതാ)

മധുകരികാ: സഹി! സമം എവ്വ ഗച്ഛമ്ഹ. അഹം വി ഇമസ്സചിരാ അമാണകുസുമോഗ്ഗമസ്സ തവണീആസോഅസ്സ ദോഹദണിമിത്തം ദേവീഏ വിണ്ണവേമി. (സഖി! സമമേവ ഗച്ഛാവഃ. അഹമപ്യസ്യ ചിരായമാണകുസുമോത്ഗമസ്യ തപനീയാശോകസ്യ ദോഹദനിമിത്തം ദേവ്യൈ വിജ്ഞാപയാമി).

സമാഹിതികാ: ജുജ്ജഇ. അഹിആരോ ക്ഖു തുഹ. (യുജ്യതേ. അധികാരഃ ഖലു തവ)

(ഇതി നിഷ്ക്രാന്തേ)

**(ഇതി പ്രവേശകഃ)**

മധുകരിക: ആട്ടെ! പിന്നെ മാളവികയെപ്പറ്റി ലോകവർത്തമാനം എന്തെല്ലാമോ കേൾക്കുന്നതെങ്ങനെയാണ്?

സമാഹിതിക: തമ്പുരാനു മാളവികയിൽ ബലമായ അനുരാഗം ഉണ്ട്; ധാരിണീദേവി തിരുമനസ്സിലെ നേരെയുള്ള ദാക്ഷിണ്യം കൊണ്ട് തന്റെ തന്റെ പ്രഭുശക്തി കാണിക്കുന്നില്ലന്നു മാത്രമേയുള്ളു. മാളവികയും കുറെ ദിവസമായിട്ടു നിർമ്മാല്യമാലപോലെ വാടിക്കാണുന്നു. ഇതിലധികമായി എനിക്കൊന്നും അറിവില്ല. ഞാൻ പോകട്ടെ!

മധുകരിക: ഇതാ ഈ കൊമ്പിൽ നിൽക്കുന്ന മാതളംപഴം

പറിച്ചോളൂ!

സമാഹിതിക: (പറിച്ചിട്ട്) ഈ സജ്ജനശുശ്രൂഷകൊണ്ടു നിനക്കു മേലാൽ അധികമധികം ഗുണം സിദ്ധിക്കട്ടെ! (പുറപ്പെടുന്നു.)

മധുരിക: തോഴി! നമുക്ക് ഒന്നിച്ചു തന്നെ പോകാം. ഈ തപനീയാശോകം പൂക്കാൻ അമാന്തിച്ചു നിൽക്കുന്നു. അതിനു ദോഹദാർപ്പണം ചെയ്യാനുള്ള സംഗതി എനിക്കു ദേവിയോടു തിരുമനസ്സറിയിക്കേണ്ടതുണ്ട്.

സമാഹിതിക: ശരിതന്നെ; അതു നിങ്ങളുടെ ഉദ്യോഗസംബന്ധമായ കാര്യമാണല്ലോ!

(രണ്ടുപേരും പോയി)

**(പ്രവേശകം കഴിഞ്ഞു)**

(തതഃ പ്രവിശതി കാമയമാനാവസ്ഥോ രാജാ വിദൂഷകശ്ച.)

രാജാ: (ആത്മാനം വിലോക്യ)

**ശരീരം ക്ഷാമം സ്യാദസതി ദയിതാലിംഗനസുഖേ**
**ഭവേത് സാസ്രം ചക്ഷുഃ ക്ഷണമപി ന സാ ദൃശ്യത ഇതി**
**തയാ സാരംഗാക്ഷ്യാ ത്വമസി ന കദാചിദ്വിരഹിതം**
**പ്രസക്തേ നിർവ്വാണേ ഹൃദയ! പരിതാപം വ്രജസി കിം? 1**

വിദൂഷകഃ: അലം ഭവദോ ധീരദം ഉജ്ഝിഅ പരിദേവിദേണ. ദിട്ഠാ മഏ തത്തഹോദീഏ മാളവിആഏ പിഅസഹീ ബഉളാവലിആ. സുണാവിദാ അ മഏ, ജം ഭവദാ സംദിട്ഠം. (അലം ഭവതോ ധീരതാമുജ്ഝിത്വാ പരിദേവിതേന. ദൃഷ്ടാ മയാ തത്രവത്യാ മാളവികായാഃ പ്രിയസഖീ ബകുളാവലികാ. ശ്രാവിതാ ച മയാ, യത്ഭവതാ സന്ദിഷ്ടം).

രാജാ: തതഃ കിമുക്തവതീ?

വിദൂഷകഃ: വിണ്ണവേഹി ഭട്ടാരം. 'അണുഗഹീദമ്ഹി ഇമിണാണി ഓഏണ. കിംദു, സാ തവസ്സിണീ ദേവീഏ അഹിഅദരം രക്ഖിഅമാണാ ണാഅരക്ഖിദോ വിഅ മണീ ണസുഹം സമാസാദഇദവ്വാ. തഹവി ഘടയിസ്സം തി. (വിജ്ഞാപയ ഭർത്താരം അനുഗൃഹീതാസ്മ്യനേന നിയോഗേന. കിന്തു, സാ തപസ്വിനീദേവ്യാധികതരം രക്ഷ്യമാണാ നാഗരക്ഷിത ഇവ മണിർന്ന സുഖം സമാസാദയിതവ്യാ. തഥാപി ഘടയിഷ്യാമി ഇതി.)

രാജാ: ഭഗവൻ സങ്കല്പയോനേ! പ്രതിബന്ധവത്സു ചാപി വിഷയേഷ്വ-ഭിനിവേശ്യ തഥാ പ്രഹരസി, യഥാ ജനോƒയം

കാലാന്തരക്ഷമോ ന ഭവതി (സവിസ്മയം)

**ക്വ രുജാ ഹൃദയപ്രമാഥിനീ ക്വ ച തേ വിശ്വസനീയമായുധം**
**മൃദു തീക്ഷ്ണതരം യദുച്യതേ തദിദം മന്മഥ! ദൃശ്യതേ ത്വയി 2**

വിദൂഷകഃ: ണം ഭണാമി, തസ്സിം സാഹണിജ്ജേ കജ്ജേ കിദോ മഏ ഉവാഓവക്ഖേവോ. താ പജ്ജവത്ഥാവേദു ഭവം അത്താണം. (നനു ഭണാമി, തസ്മിൻ സാധനീയേ കാര്യേ കൃതോ മയോപായോപക്ഷേപഃ തത് പര്യവസ്ഥാപയതു ഭവാനാത്മാനം)

**അങ്കാരംഭം**

(അനന്തരം കാമപരവശനായ രാജാവ് വിദൂഷകനുമൊന്നിച്ചു പ്രവേശിക്കുന്നു)

രാജാവ്: (തന്റെ ശരീരം നോക്കീട്ട്)

**ശരീരം ശോഷിക്കാം പ്രിയയെ ലഭിയാഞ്ഞാൽ പുണരുവാൻ;**
**ചൊരിഞ്ഞീടാം കണ്ണീർ മിഴികളവളെക്കാണ്മതുവരെ;**
**ഒരിക്കൽപ്പോലും നീ ഹൃദയ! പിരിയാറില്ലവളുമായ്**
**പ്പരം മോദിക്കേണ്ടും പൊഴുതഴൽ നിനക്കെങ്ങനെ വരാം? 1**

വിദൂഷകൻ: തോഴരേ! ധൈര്യംവിട്ടു വിലപിച്ചിട്ടാവശ്യമില്ല; ശ്രീമതി മാളവികയുടെ പ്രിയസഖിയായ ബകുളാവലികയെ ഞാൻ കണ്ടു. അങ്ങു പറഞ്ഞയച്ച കാര്യം ഗ്രഹിപ്പിക്കയും ചെയ്തു.

രാജാവ്: അവൾ എന്തു മറുപടി പറഞ്ഞു?

വിദൂഷകൻ: അതിങ്ങനെയാണ്: 'തിരുമനസ്സറിയിക്കണം ഈ കല്പന എനിക്കൊരനുഗ്രഹമാണ്; എന്നാൽ ആ പാവപ്പെട്ട സാധുവിനെ ദേവി ഇപ്പോൾ നിർബന്ധമായി സൂക്ഷിക്കുന്നതുകൊണ്ട്, നാഗത്തിന്റെ തലയിലിരിക്കുന്ന മാണിക്ക്യക്കല്ലുപോലെ എളുപ്പത്തിൽ കൈവശപ്പെടുത്താൻ സാധിക്കുന്നതല്ല. എങ്കിലും ഞാൻ അവരെ ഘടിപ്പിക്കാം' എന്ന്.

രാജാവ്: മന്മഥഭഗവാനേ! പ്രതിബന്ധമുള്ള വിഷയങ്ങളിൽ വല്ലാത്ത അഭിനിവേശം ജനിപ്പിച്ച് ക്ഷണനേരംപോലും കഴിച്ചുകൂട്ടാൻ പാടില്ലാത്ത വിധത്തിൽ അങ്ങ് പ്രഹരിക്കുന്നല്ലോ! (ആശ്ചര്യഭാവത്തോടെ)

**കരളിൻവ്യഥയെത്ര ദുസ്സഹം? സ്മര! നിന്നായുധമെത്ര കോമളം?**
**പെരുതേ മൃദുവിന്റെ മൂർച്ചയെന്നൊരു ചൊല്ലുള്ളതു സത്യമാക്കി നീ 2**

വിദൂഷകൻ: സാധിപ്പാനുള്ള കാര്യത്തിൽ ശരിയായ ആരംഭം ഞാൻ ചെയ്തുകഴിഞ്ഞിരിക്കുന്നു എന്നു പറഞ്ഞില്ലയോ? അതുകൊണ്ട് അങ്ങ് ധൈര്യപ്പെട്ടിരിക്കണം!

രാജാ: അഥേമം ദിവസശേഷമുചിതവ്യാപാരവിമുഖേന ചേതസാ ക്വ നു ഖലു യാപയാമി?

വിദൂഷകഃ: ണം ഭവം അജ്ജ പുഢമം വസന്ദോദര സൂഅആഇ രത്താസോഅകോരആഇ ഉവാഅണം പേസിഅ ണവവസന്ദാവദാര വവദേസേണ ഇരാവദീഏ ണിഉണിആമുഹേണ പത്ഥിദോ 'ഇച്ഛമ്മി ആജ്ജഉത്തേണ സഹ ദോളാഹിരോഹണം അണുഹോദും'തി. ഭവദാ വിസേ പഡിണ്ണാദം. താ പമദവണം എവ്വ ഗച്ഛമ്ഹ. (നനു ഭവാനദ്യ പ്രഥമം വസന്താവതാരസൂചകാനി രക്താശോകകോരകാണ്യുപായനം പ്രേഷ്യ നവവസന്താവതാരവ്യപദേശേനേരാവത്യാ നിപുണികാമുഖേന പ്രാർത്ഥിതഃ 'ഇച്ഛാമ്യാര്യപുത്രേണ സഹ ദോളാധിരോഹണമനുഭവിതു'-മിതി. ഭവതാപ്യസ്യൈ പ്രതിജ്ഞാതം. തത് പ്രമദവനമേവ ഗച്ഛാവഃ.)

രാജാ: ന ക്ഷമമിദം.

വിദൂഷകഃ: കഹം വിഅ? (കഥമിവ?)

രാജാ: വയസ്യ! നിസർഗ്ഗനിപുണാഃ സ്ത്രിയഃ കഥം മാമന്യസംക്രാന്ത-ഹൃദയമുപലാളയന്തമപി തേ സഖീ ന ലക്ഷയിഷ്യതി? അതഃ പശ്യാമി

**ഉചിതഃ പ്രണയോ വരം വിഹന്തും**
**ബഹവഃ ഖണ്ഡനഹേതവോ ഹി ദൃഷ്ടാഃ**
**ഉപചാരവിധിർമനസ്വിനീനാം**
**ന തു പൂർവ്വാഭ്യധികോഽപി ഭാവശൂന്യഃ** 3

വിദൂഷകഃ: ണാരിഹദി ഭവം അന്തേഉരപഡിട്ഠിദം ദക്ഖിണ്ണം എക്കപദേ പിട്ഠദോ കാദും. (നാർഹതി ഭവാനന്തഃപുരപ്രതിഷ്ഠിതം ദാക്ഷിണ്യമേകപദേ പൃഷ്ഠതഃ കർത്തും)

രാജാ: (വിചിന്ത്യ) തേന ഹി പ്രമദവനമാർഗ്ഗമാദേശയ.

വിദൂഷകഃ: ഇദോ ഇദോ ഭവം (ഇതോ ഇതോ ഭവാൻ)

(ഉഭൗ പരിക്രാമതഃ)

വസന്ദോ കില പവണദരചാലി പല്ലവംഗുലീഹിം തുവരേദി വിഅ ഭവന്തം പമദവണം പവിസദുത്തി. (വസന്തഃ കില പവനതരചാലി പല്ലവാംഗുലീഭിസ്ത്വരയതീവ ഭവന്തം പ്രമദവനം പ്രവിശത്വിതി.)

രാജാവ്: എനിക്കു പതിവുള്ള ജോലികളിലൊന്നും മനസ്സു പ്രവർത്തിക്കുന്നില്ല; ഇനി എവിടെ ഇരുന്നാണ് ശേഷമുള്ള നേരം കഴിച്ചു കൂട്ടേണ്ടത്?

വിദൂഷകൻ: ഓർക്കുന്നില്ലേ, ഇന്ന് ഇരാവതി വസന്താരംഭത്തിൽ പുതുതായുണ്ടായ രക്താശോകപുഷ്പങ്ങൾ ഉപചാരമായി നിപുണികയുടെ കൈവശം കൊടുത്തയച്ചിട്ട് "ആര്യപുത്രനൊന്നിച്ച് എനിക്ക് ഊഞ്ഞാലാടി ആനന്ദിച്ചാൽ കൊള്ളാം" എന്ന് ഒരു പ്രാർത്ഥന പറഞ്ഞയച്ചിട്ടുണ്ടല്ലോ! അങ്ങ് അതിന്മണ്ണം സമ്മതിക്കുകയും ചെയ്തു. അതുകൊണ്ട് പ്രമദവനത്തിലേക്കു തന്നെ പോകണം!

രാജാവ്: അതു സാധിക്കയില്ല.

വിദൂഷകൻ: എന്തുകൊണ്ട്?

രാജാവ്: തോഴരേ! സ്ത്രീകൾക്കു മനോഭാവം മനസ്സിലാക്കാൻ സഹജമായ ഒരു വാസനയുണ്ട്. ഞാൻ എത്രതന്നെ ഭവ്യം ഭാവിച്ചാലും എൻറെ മനസ്സ് മറ്റൊരുവളിൽ പ്രവർത്തിച്ചിരിക്കുന്ന സംഗതി നിന്റെ തോഴി കണ്ടുപിടിക്കാതിരിക്കുമോ? അതിനാൽ എന്റെ അഭിപ്രായത്തിൽ,

**നോക്കേണ്ടിഹ പ്രണയഖണ്ഡനതന്നെ കൊള്ളാം;**
**നല്ക്കാരണം പലതുമായതിനോർക്കിലുണ്ടാം;**
**ശുഷ്കോപചാരവിധിയോ ശരിയാകയില്ല**
**മൈക്കണ്ണിമാരിലധികപ്പടി കാട്ടിയാലും** 3

വിദൂഷകൻ: അന്തഃപുരസ്ത്രീകളിൽ ഏറെനാളായി കാണിച്ചുവരുന്ന ദാക്ഷിണ്യത്തെ അങ്ങ് ഇന്ന് ഒന്നോടെ നിരസിച്ചു കളയുന്നതു ശരിയല്ല.

രാജാവ്: (ആലോചിച്ചിട്ട്) എന്നാൽ പ്രമദവനത്തിലേക്കു വഴി കാണിക്കൂ!

വിദൂഷകൻ: ഇതാ ഇതിലേ എഴുന്നള്ളാം!

(രണ്ടുപേരും ചുറ്റിനടക്കുന്നു.)

ഋതുരാജാവായ വസന്തൻ കാറ്റടിച്ചിളകുന്ന ഈ പല്ലവാങ്ഗുലികളെക്കൊണ്ട് പ്രമദവനത്തിലേക്കു കയറുന്നതിന് അങ്ങേ മാടിവിളിക്കുന്നതു പോലെ തോന്നുന്നു!

രാജാ: (സ്പർശം രൂപയിത്വാ) അഭിജാതഃ ഖലു വസന്തഃ സഖേ! പശ്യ –

**ആമത്താനാം ശ്രവണസുഭഗൈഃ കൂജിതൈഃ കോകിലാനാം**
**സാനുക്രോശം മനസിജരുജഃ സഹ്യതാം പൃച്ഛതേവ**
**അംഗേ ചൂതപ്രസവസുരഭിർദക്ഷിണോ മാരുതോ മേ**
**സാന്ദ്രസ്പർശഃ കരതല ഇവ വ്യാപൃതോ മാധവേന 4**

വിദൂഷകഃ: പവിസ ണിവ്വുദിലാഹാഅ. (പ്രവിശ നിർവൃതിലാഭായ) (ഉഭൗ പ്രവിശതഃ)

വിദൂഷകഃ: ഭോ വഅസ്സ! അവഹാണേണ ദിട്ഠിം ധേഹി. ഏദം ഖു ഭവന്ദം വിലോഹഇദുകാമാഏ പമദവണലച്ഛീഏ ജുവഇവേസ ലജ്ജാപഇത്തഅം വസന്ദകുസുമണേവത്ഥം ഗഹീദം. (ഭോ വയസ്യ! അവധാനേന ദൃഷ്ടിം ധേഹി ഏതത് ഖലു ഭവന്തം വിലോഭയിതുകാമയാ പ്രമദവനലക്ഷ്മ്യാ യുവതിവേഷലജ്ജാപയിതൃകം വസന്തകുസുമ നേപഥ്യം ഗൃഹീതം)

രാജാ: നനു വിസ്മയാദവലോകയാമി –

**രക്താശോകരുചാഽവിശേഷിതഗുണോ ബിംബാധരാലക്തകഃ**
**പ്രത്യാഖ്യാതവിശേഷകം കുരവകം ശ്യാമാവദാതാരുണം**
**ആക്രാന്താ തിലകക്രിയാപി തിലകൈർലഗ്നദ്വിരേഫാഞ്ജനൈഃ**
**സാവജ്ഞേവ മുഖപ്രസാധനവിധൗ ശ്രീർമാധവീ യോഷിതാം 5**

(ഉഭൗ ഉദ്യാനശോഭാം നിരൂപയതഃ)

(തതഃ പ്രവിശതി പര്യുത്സുകാ മാളവികാ

മാളവികാ: അവിണ്ണാദഹിഅഅം ഭട്ടാരം അഹിലസന്ദീ അത്തണോവി ദാവ ലജ്ജേമി. കുദോ വിഹവോ സിണിദ്ധസ്സ സഹീജണസ്സ ഇമം വുത്തന്തം ആചക്ഖിദും. ണ ജാണേ അപ്പഡീആരഗുരു അം വേ അണം കേത്തിഅം കാലം മഅ ണോ മം ണഇസ്സദി. (കതിചിത് പദാനി ഗത്വാ) കഹിം ഖു പത്ഥിദമ്ഹി? (സ്മൃതിമഭിനീയ) ആഃ! സംദിട്ഠമ്ഹി ദേവീഏ ഗോദമചാവലാദോ ദോളാ പരിബ്ഭട്ടാഏ സരുജോ മഹചലണോ. തുമം ദാവ ഗദുഅ തവണീആസോഅസ്സ ദോഹദം ണിവ്വട്ഠേഹി. ജദി സോ പഞ്ചരത്തബ്ഭന്ദരേകുസുമം ദംസേദി തദോ അഹം തുഹ. (അന്തരാ നിശ്വസ്യ) അഹിലാസപൂരഇത്തഅം പസാദം ദാഇസ്സം' തി. താജാവ ണിഓഅഭൂമിം പുഢമം. ഗദാ ഹോമി.

രാജാവ്: (സ്പർശസുഖം ഭാവിച്ചിട്ട്) വസന്തൻ ഒരു നല്ല രസികൻ തന്നെ! തോഴരേ, നോക്കൂ!

**എല്ലാടത്തും മുഴക്കിപ്പരഭൃതനിനദം ഹന്ത! വന്മാരമാലി**
**ന്നില്ലേ തെല്ലും പൊറുപ്പന്നലിവൊടു കുശലപ്രശ്നമോതുന്നമട്ടിൽ;**
**ആലോലച്ചൂതപുഷ്പാങ്കുരസുരഭിലമാം തെന്നലെന്മെയ്യിൽ മെല്ലെ**
**ത്താലോലക്കൈ തലോടുംപടി പടുതയൊടേ മാധവൻ ചേർത്തിടുന്നു 4**

വിദൂഷകൻ: വരിക! നമുക്കു പ്രവേശിച്ചാനന്ദിക്കാം! (രണ്ടുപേരും പ്രമദവനത്തിലേക്കു കയറുന്നു) തോഴരേ! സൂക്ഷിച്ചുനോക്കൂ! പ്രമദവന ലക്ഷ്മി ഇതാ അങ്ങേ രസിപ്പിക്കാൻവേണ്ടി യുവതികളായ സ്ത്രീകളെ ലജ്ജിപ്പിക്കത്തക്കവിധത്തിൽ വസന്തപുഷ്പങ്ങൾ കൊണ്ടു സർവാംഗ ഭൂഷിതയായി നില്ക്കുന്നു!

രാജാവ്: ഞാൻ നോക്കുന്നുണ്ട്; വളരെ വിസ്മയംതന്നെ!

**ചെഞ്ചായം ചോരിവായിൽ ചൊരിവതിലധികം ചെമ്മ കാണായശോക–**
**പ്പൂവിൽ; പൊട്ടിൻപകിട്ടക്കുരബകകുസുമം കൂരിരുട്ടത്തു തള്ളീ;**
**മൈച്ചാർത്തിൻ മെച്ചമേറ്റു തിലകമലർമിഴിക്കോണണഞ്ഞോരു ഭൃങ്ഗം;**
**പാഴിക്കുന്നോ മധുശ്രീ മുഖമഴകിൽ മിനുക്കുന്ന മല്ലാക്ഷിമാരെ? 5**

(രണ്ടുപേരും ഉദ്യാനശോഭ നോക്കിക്കൊണ്ടുനില്ക്കുന്നു.)

(അനന്തരം മനോവിചാരംകൊണ്ടു വലഞ്ഞ നിലയിൽ മാളവിക പ്രവേശിക്കുന്നു)

മാളവിക: മനോഗതി അറിയാതെ തമ്പുരാന്റെ നേരേ അഭിലാഷം ജനിക്കയാൽ എനിക്കു തന്നത്താനേ ലജ്ജ തോന്നുന്നു; പിന്നെങ്ങനെയാണ് ഈ സംഗതി ഞാൻ തോഴിമാരോടു പ്രസ്താവിക്കുക? പരിഹാരമാർഗ്ഗമില്ലാത്ത വേദന എത്രകാലം മദനൻ എന്നെ അനുഭവിപ്പിക്കുമെന്നറിഞ്ഞില്ല. (മൂന്നുനാലടി നടന്നിട്ട്) ഞാൻ എങ്ങോട്ടാണു പുറപ്പെട്ടത്? (ഓർത്തുനോക്കീട്ട്) ഓ! ശരി, ദേവി എന്നോടു കല്പിച്ചയച്ചിട്ടുണ്ട്; "ഗൗതമന്റെ ചാപല്യത്താൽ ഊഞ്ഞാലിൽ നിന്നു വീണിട്ട് എനിക്കു കാൽ അനക്കാൻ പാടില്ല; അതുകൊണ്ടു നീ ചെന്ന് തപനീയാശോകത്തിനു ദോഹദം നടത്തണം. ആ അശോകം അഞ്ചു ദിവസത്തിനകം പുഷ്പിക്കയാണെന്നു വരികിൽ ഞാൻ നിനക്ക് (മദ്ധ്യേ നെടുവീർപ്പു വിട്ടിട്ട്) അഭിലാഷം നിറവേറ്റുന്ന ഒരു സമ്മാനം തരാൻ നിശ്ചയിച്ചിട്ടുമുണ്ട്" എന്ന്. അതിനാൽ കല്പന നടത്താനുള്ള സ്ഥലത്തേക്കു മുൻകൂട്ടിച്ചെല്ലാം.

ജാവ അണുപദം മഹചലണാലങ്കാര ഹത്ഥാഏ ബഉളാവലിആഏ ആഅന്ദവ്വം, പരിദേവഇസ്സം ദാവ വീസദ്ധം മുഹുത്തഅം. (ഇതി പരിക്രാമതി) (അവിജ്ഞാതഹൃദയം ഭർത്താരമഭിലഷന്ത്യാത്മനോƒപി താവല്ലജ്ജേ. കുതോ വിഭവഃ സ്നിഗ്ദ്ധസ്യ സഖീജനസ്യേമം വൃത്താന്തമാഖ്യാതും? ന ജാനേƒപ്രതീകാരഗുരുകാം വേദനാം കിയന്തം കാലം മദനോ മാം നേഷ്യതി. കുത്ര ഖലു പ്രസ്ഥിതാസ്മി? ആഃ! സന്ദിഷ്ടാസ്മി ദേവ്യാ 'ഗൗതമചാപലാദ്ദോളാപരിഭ്രഷ്ടായാഃ സരുജോ മമ ചരണഃ. ത്വം താവത് ഗത്വാ തപനീയാശോകസ്യ ദോഹദം നിവർത്തയ. യദി സ പഞ്ചരാത്രാഭ്യന്തരേ കുസുമം ദർശയതി, തതോ?ഹം തവാഭിലാഷപൂരയിതൃകം പ്രസാദം ദാസ്യാമി' ഇതി. തദ്യാവന്നിയോഗ ഭൂമിം പ്രഥമം ഗതാ ഭവാമി. യാവദനുപദം മമ ചരണാലങ്കാരഹസ്തയാ ബകുളാവലികയാ ഗന്തവ്യം, പരിദേവയിഷ്യേ താവദ്വിസ്രബ്ധം മുഹൂർത്തകം.)

വിദൂഷകഃ: (ദൃഷ്ട്വാ) ഹീ ഹീ! ഇഅംഖു സീഹുപാണുവ്വേജിദസ്സ മച്ഛണ്ഡിആ ഉവണദാ. (ഹീ ഹീ! ഇയം ഖലു സീധുപാനോദ്വേജിതസ്യ മത്സ്യണ്ഡികോപനതാ)

രാജാ: അയേ! കിമേതത്.

വിദൂഷകഃ: എസാ ഖു ണാദിപരിക്ഖിദവേസാ ഊസുആ വിഅ ഏആഇണീ മാളവിആ അദൂരേ വട്ടദി. (ഏഷാ ഖലു നാതിപരിഷ്കൃത വേഷോത്സുകേവൈകാകിനീ മാളവികാƒദൂരേ വർത്തതേ.)

രാജാ: (സഹർഷം) കഥം മാളവികാ?

വിദൂഷകഃ: അഹ ഇം. (അഥ കിം).

രാജാ: ശക്യമിദാനീം ജീവിതമവലംബിതും.

**ത്വദുപലഭ്യ സമീപഗതാം പ്രിയാം ഹൃദയമുച്ഛ്വസിതം മമ വിക്ലബം**
**തരുവൃതാം പഥികസ്യ പിപാസതഃ സരിതമാരസിതാദിവ സാരസാത്. 6**

അഥ ക്വ തത്രഭവതീ?

വിദൂഷകഃ: ഏസാ തരുരാഇമജ്ഝാദോ ണിക്കന്ദാ ഇദോ ഏവ്വ ആഅച്ഛദി. (ഏഷാ തരുരാജിമദ്ധ്യാന്നിഷ്ക്രാന്തേത ഏവാഗച്ഛതി)

രാജാ: (വിലോക്യ സഹർഷം) വയസ്യ! പശ്യാമ്യേനാം.

എനിക്കു കാലിൽ ഇടാനുള്ള ആഭരണങ്ങളും കൊണ്ട് ബകുളാവലിക പിന്നോടേ വരുന്നുണ്ട്; അവൾ വന്നെത്തുന്നതു വരെ ക്ഷണനേരം സ്വൈരമായിട്ടിരുന്നു വിലപിക്കാം! (ചുറ്റി നടക്കുന്നു.)

വിദൂഷകൻ: (നോക്കീട്ട്) ഓഹോ! ഇതാ മുന്തിരിങ്ങാസത്തു കുടിച്ചു മടുത്തവനു തിന്നാൻ കല്ക്കണ്ടം വന്നു ചേർന്നിരിക്കുന്നു!

രാജവ്:ഹേ! ഏന്താണിത്?

വിദൂഷകൻ: ഇതാ ഏറെ അലങ്കാരങ്ങളൊന്നും അണിയാതെ മനോരാജ്യത്തി!ൽ മുഴുകിയമട്ടിൽ ഏകാകിനിയായിട്ട് അരികിൽത്തന്നെ മാളവിക നിൽക്കുന്നു.

രാജാവ്: (സന്തോഷത്തോടുകൂടി) ഏ! മാളവികയോ?

വിദൂഷകൻ: അതേ!

രാജാവ്: ഇനി എനിക്കു പ്രാണനെ രക്ഷിക്കാം

**മത്കാന്തയുണ്ടരികിലെന്ന ഭവാന്റെ വാർത്ത**
**യുൾക്കാമ്പിനുത്കലികനീക്കിയുണർച്ച നല്കീ;**
**ശുഷ്കാസ്യനാം പഥികനാറ്ററികേ മറഞ്ഞു**
**കേൾക്കായ് വരും സരസസാരസനിസ്വനം പോൽ** 6

ആ ബാലിക എവിടെ?

വിദൂഷകൻ: ഇതാ മരങ്ങളുടെ ഇടയിൽക്കൂടി കടന്ന് ഇങ്ങോട്ടുതന്നെ വരുന്നു!

രാജാവ്: കാണുന്നുണ്ട്.

**വിപുലം നിതംബബിംബേ മദ്ധ്യേക്ഷാമം സമുന്നതം കുചയോഃ**
**അത്യായതം നയനോർമമ ജീവിതമേതദായതി.** 7

സഖേ! പൂർവ്വസ്മാദവസ്ഥാന്തരമുപാരൂഢാ തത്രഭവതീ. തഥാ ഹി –

**ശരകാണ്ഡപാണ്ഡുഗണ്ഡസ്ഥലേയമാഭാതി പരിമിതാഭരണാ**
**മാധവപരിണതപത്രാ കതിപയകുസുമേവ കുന്ദലതാ.** 8

വിദൂഷകഃ: ഏസാവി ഭവം വിഅ മഅണവ്വാഹിണാ പരാമിട്ഠാ ദീസഇ (ഏഷാപി ഭവാനിവ മദനവ്യാധിനോ പരാമൃഷ്ടാ ദൃശ്യതേ).

രാജാ: സൗഹാർദ്ദമേവം പശ്യതി.

മാളവികാ: അഅം സോ ലളിഅദോഹളാവേക്ഖീ അഗഹീദ കുസുമ ണേവച്ഛോ ഉക്കണ്ഠിദാഏ മഹ അണുകരേദി അസോഓ. ജാവസേ പച്ഛാഅസീദളേ സിലപട്ടഏ ണിസണ്ണാ അത്താണം വിണോദേമി. (അയം സ ലളിതദോഹദാപേക്ഷീ അഗൃഹീത കുസുമനേപഥ്യേ ഉത്കണ്ഠിതായാ മമാനുകരോത്യശോകഃ. യാവദസ്യ പ്രച്ഛായശീതളേ ശിലാപട്ടകേ നിഷണ്ണാത്മാനം വിനോദയാമി)

വിദൂഷകഃ: സുദം ഭവദാം. "ഉത്കണ്ഠിദമ്മി"ത്തി. തത്തഹോദീഏ മന്തിദം. (ശ്രുതം ഭവതാ. "ഉത്കണ്ഠിതാസ്മി" ഇതി തത്രഭവത്യാ മന്ത്രിതം.)

രാജാ: നൈതാവതാ ഭവന്തം പ്രസന്നതർക്കം മന്യേ. കുതഃ

**വോഢാ കുരവകരജസാം കിസലയപുടഭേദശീകരാനുഗതഃ**
**അനിമിത്താമുത്കണ്ഠാമപി ജനയതി മലയവാതോ?യം 9**

(മാളവികോപവിഷ്ടാ)

രാജാ: വയസ്യ! ഇതസ്താവത്. ആവാം ലതാന്തരിതൗ ഭവാവഃ.

വിദൂഷകഃ: ഇരാവദിം വിഅ അദൂരേ പേക്ഖാമി. (ഇരാവതീമിവാദൂരേ പ്രേക്ഷേ)

രാജാ: നഹി കമലിനീം ദൃഷ്ട്വാ ഗ്രാഹമവേക്ഷതേ മതംഗജഃ.

(ഇതി വിലോകയൻ സ്ഥിതഃ)

**ശ്രോണീതടത്തിൽ തടി പാരമാർന്നും,**
**ക്ഷീണിച്ച മധ്യത്തിൽ മെലിഞ്ഞുമേറ്റം,**
**മാറത്തുയർന്നും, മിഴിയിങ്കൽ നീണ്ടും**
**മേവുന്നൊരെൻജീവനിതാ! വരുന്നു.** 7

തോഴരേ, ഈ മാന്യകന്യകയ്ക്ക് മുൻപിലത്തേതിൽ ഒരവസ്ഥാഭേദം വന്നു കാണുന്നു.

**പാണ്ഡുഗണ്ഡയിവൾ ചില്ലറയായിപ്പൂണ്ടിടുന്നു ചില ഭൂഷകൾ മാത്രം;**
**കുന്ദവള്ളിയതു വെള്ളില വീശീട്ടൊന്നു രണ്ടു മലരേ ള്ളുപോലെ** 8

വിദൂഷകൻ: ഇവൾക്കും അങ്ങേക്കുള്ളതുപോലെ മദനവ്യാധി പിടിപെട്ടിരിക്കണം.

രാജാവ്: തോഴരേ! സുഹൃത്സ്നേഹം കൊണ്ട് തോന്നുന്നതാണിത്.

മാളവിക: ഇതാണ് ആ അശോകം. ഇതാ ഇതും എന്നെപ്പോലെതന്നെ ലളിതദോഹദം മോഹിച്ച് കുസുമാലങ്കാരം ധരിക്കാതെ ഔത്സുക്യത്തോടെ നില്ക്കുന്നു. തണൽകൊണ്ടു തണുപ്പുള്ള ഇതിന്റെ തറയിൽ ഇരുന്നു വിനോദിക്കാം.

വിദൂഷകൻ: ശ്രീമതി ഉത്കണ്ഠിതയാണെന്നു പറഞ്ഞത് അങ്ങു കേട്ടില്ലേ?

രാജാവ്: ഇത്രയുംകൊണ്ട് അങ്ങേടെ ഊഹം ശരിയാണെന്നു ഞാൻ സമ്മതിക്കയില്ല. എന്തുകൊണ്ടെന്നാൽ

**പുതുതളിരിണ വേർതിരിച്ചെടുക്കുമ്പോൾ**
**ചിതറിയെഴും ചെറുശീകരങ്ങളോടെ,**
**കുരബകമണവും കലർന്ന വാതം**
**കരളിനകാരണമായുമാർത്തിയേകും.** 9

(മാളവിക ഇരിക്കുന്നു)

രാജാവ്: തോഴരേ! നമുക്ക് ഈ വള്ളിയുടെ മറവിൽ ഒളിച്ചുനില്ക്കാം.

വിദൂഷകൻ: ആരോ അകലെനിന്നുവരുന്നു; ഇരാവതിയായിരിക്കുമെന്നു തോന്നുന്നു.

രാജാവ്: ആന മുതലയെപ്പേടിച്ച് താമരപ്പൊയ്കയിൽ ഇറങ്ങാതിരിക്കയില്ലല്ലോ!

(നോക്കിക്കൊണ്ടുനില്ക്കുന്നു)

മാളവികാ: ഹിഅഅ! ണിരവലംബാദോ മണോരഹാദേവിരമ. കിം മം ആആസേസി? (ഹൃദയ! നിരവലംബാന്മനോരഥാദ്വിരമ. കിം മാമായാസ-യസി?)

(വിദൂഷകോ രാജാനം വീക്ഷതേ.)

രാജാ: പ്രിയേ! പശ്യ മഹത്ത്വം സ്നേഹസ്യ.

**ഔത്സുക്യഹേതും വിവൃണോഷി ന ത്വം**
**തത്ത്വാവബോധൈകഫലോ ന തർക്കഃ**
**തഥാപിരംഭോരു കരോമി ലക്ഷ്യ**
**മാത്മാനമേഷാം പരിദേവിതാനാം.** 10

വിദൂഷകഃ: സമ്പദം ഭവദോ ണിസ്സംസഅം ഭവിസ്സദി. ഏസാഅപ്പിദ മഅണസന്ദേസാ വിവിത്തേ ണം ബഉളാവലിആ ഉവട്ഠിദാ. (സാമ്പ്രതം ഭവതോ നിസ്സംശയം ഭവിഷ്യതി. ഏഷാർപ്പിത മദനസന്ദേശാ വിവിക്തേ ഏനാം ബകുളാവലികോപസ്ഥിതാ.)

രാജാ: അപി സ്മരേദസ്മദഭ്യർത്ഥനാം?

വിദൂഷകഃ: കിം ദാണിം ഏസാ ദാസീഏ ദുഹിദാ തുഹ ഗുരുഅം സന്ദേസം വിസുമരേദി? അഹം ഹി ദാവ ണ വിസുമരേമി. (കിമിദാനീമേഷാ ദാസ്യാ ദുഹിതാ തവ ഗുരുകം സന്ദേശം വിസ്മൃതി? അഹമപി താവന്ന വിസ്മരാമി)

(പ്രവിശ്യ ചരണാലങ്കാരഹസ്താ)

ബകുളാവലികാ: അവി സുഹം സഹീഏ? (അപി സുഖം സഖ്യാഃ)

മാളവികാ: അമ്ഹോ ബഉളാവലിആ! സഹി! സാഅദം ദേ. ഉവവിസ. (അഹോ ബകൂളാവലികാ! സഖി! സ്വാഗതം തേ. ഉപവിശ.)

ബകുളാവലികാ: (ഉപവിശ്യ) ഹളാ! തുമം ദാവ ദാണിം ദേവീഏ ജോഗ്ഗദാരിഏ ത്തി ണിഉത്താ. താ എക്കം ദേ ചലണം ഉവണേഹി. ജാവ സാലത്തഅം സണേഉരം കരേമി. (ഹളാ! ത്വം താവദിദാനീം ദേവ്യാ യോഗ്യദാരികേതി നിയുക്താ. തസ്മാദേകം തേ ചരണമുപനയ. യാവത് സാലക്തകം സനൂപുരം കരോമി.)

മാളവിക: ഹൃദയമേ! നിഷ്ഫലമായ മനോരാജ്യം മതിയാക്കൂ; എന്തിനു നീ എന്നെ ഇങ്ങനെ ശ്രമപ്പെടുത്തുന്നു?

(വിദൂഷകൻ രാജാവിനെ നോക്കുന്നു)

രാജാവ്: പ്രിയേ! സ്നേഹത്തിൻറെ അപകടം നോക്കൂ!

**ചൊന്നില്ല നീയുത്സുകയ്ക്കു ഹേതു;**
**നന്നായ്പ്ഫലിക്കുംപടിയൂഹമില്ല;**
**എന്നാലുമിന്നിൻറെ വിലാപമെല്ലാ**
**മെന്നെക്കുറിച്ചെന്നു നിനച്ചീടുന്നേൻ. 10**

വിദൂഷകൻ: ഇപ്പോൾ അങ്ങേക്ക് സംശയം തീരും. ഇതാ മന്മഥ ദൂത്യമേറ്റിട്ടുള്ള ബകുളാവലിക ഇങ്ങോട്ടു വരുന്നു; ഇവിടെ വേറെ ആരും ഇല്ലതാനും.

രാജാവ്: അവൾ നമ്മുടെ അപേക്ഷ ഓർക്കുമോ?

വിദൂഷകൻ: ഇത്തേവിടിയാമകൾ അങ്ങേടെ ഗൗരവമേറിയ സന്ദേശ ത്തെ ഇപ്പോൾ മറന്നുകളകയോ! എനിക്കുകൂടി മറവി വന്നില്ലല്ലോ!

(ചരണാലങ്കാരങ്ങളെടുത്തുംകൊണ്ട് ബകുളാവലിക പ്രവേശിക്കുന്നു.)

ബകുളിവാലിക: തോഴിക്കു സുഖം തന്നെയല്ലീ?

മാളവിക: ഓ! ബകുളാവലിക എത്തിക്കഴിഞ്ഞോ? സഖിക്കു സ്വാഗതം! ഇരിക്കൂ!

ബകുളാവലിക: (ഇരുന്നിട്ട്) സഖി! നിന്നെ ഇപ്പോൾ ദേവി യോഗ്യത നോക്കീട്ട് അശോകത്തിനു വളം ചെയ്യുന്ന ജോലിക്കു നിയോഗിച്ചിരിക്ക യാണ്. കാലിങ്ങോട്ടു കാണിക്കൂ! ചിലങ്കയിടുവിച്ച് ചെമ്പഞ്ഞിച്ചാറു തടവട്ടെ!

മാളവികാ: (ആത്മഗതം) ഹിഅഅ! അലം സുഹിദദാഏ. അഅം വിഹവോ ഉവട്ഠിദോത്തി. കഹം ദാണിം അത്താണം മോചേഅം. അഹവാ എദം എവ്വ മിച്ചുമണ്ഡണം മേ ഭവിസ്സദി. (ഹൃദയ! അലം സുഖിതതയാ, അയം വിഭവ ഉപസ്ഥിത ഇതി കഥമിദാനീമാത്മാനം മോചയേയം. അഥവൈതദേവ മൃത്യുമണ്ഡനം മേ ഭവിഷ്യതി.)

ബകുളാവലികാ: കിം വിആരേസി? ഊസുആ ഖു ഇമസ്സ തവണീആസോഅസ്സ മുളളുഗ്ഗമേ ദേവീ. (കിം വിചാരയസി? ഉത്സുകാ ഖലസ്യ തപനീയാശോകസ്യ മുകുളോദ്ഗമേ ദേവീ)

രാജാ: കഥമശോകദോഹദനിമിത്തോƒയമാരംഭഃ?

വിദൂഷകഃ: കിംണ്ണു ഖു ണ ജാണാസി, അകാലണാദോ ദേവീ ഇമം അന്തേഉരണേവച്ഛേണ സംജോ അ!ഇസ്സദി ത്തി. (കിം നു ഖലു ന ജാനാസി അകാരണാദ്ദേവീമാമന്തഃപുരനേപഥ്യേന ന സംയോജയി–ഷ്യതീതി.)

മാളവികാ: ഹളാ! മരിസേഹി ദാവണം. (ഹളാ! മർഷയ താവദേനം)

(ഇതി പാദമുപഹരതി)

ബകുളാവലികാ: അഇ! സരീരം സി മേ. (അയി! ശരീരമസി മേ.)

(ഇതി നാട്യേന ചരണാലങ്കാരമാരഭതേ)

രാജാ:

**ചരണാന്തനിവേശിതാം പ്രിയായാഃ സരസാം പശ്യ വയസ്യ! രാഗരേഖാം**
**പ്രഥമാമിവ പല്ലവപ്രസൂതിം ഹരദഗ്ധസ്യ മനോഭവദ്രുമസ്യ. 11**

വിദൂഷകഃ: ചലണാണുരൂവോ ഖു തത്തഹോദീഏ അഹിആരോ ഉവക്ഖിത്തോ. (ചരണാനുരൂപഃ ഖലു തത്രഭവത്യാ അധികാര ഉപ–ക്ഷിപ്തഃ).

രാജാ: സമ്യഗാഹ ഭവാൻ

**നവകിസലയരാഗേണാഗ്രപാദേന ബാലാ**
**സ്ഫുരിതനഖരുചാ ദ്വൗ ഹന്തുമർഹത്യനേന**
**അകുസുമിതമശോകം ദോഹദാപേക്ഷയാ വാ**
**പ്രണമിതശിരസം വാ കാന്തമാർദ്രാപരാധം 12**

മാളവിക: (വിചാരം) മനസ്സേ! ഇത്രയും വിഭവമുണ്ടായി എന്നു നീ ഒട്ടും സന്തോഷിക്കേണ്ടാ! ഈ കഷ്ടാവസ്ഥയിൽനിന്ന് എനിക്ക് എങ്ങനെയാണ് മുക്തി കിട്ടുക? അല്ലെങ്കിൽ ഇതു തന്നെ എനിക്കു പ്രേതാലങ്കാരമായിത്തീരും!

ബകുളാവലിക: എന്താണു സംശയിച്ചുകൊണ്ടിരിക്കുന്നത്? ഈ തപ നീയാശോകത്തിനു പുഷ്പം ഉണ്ടായിക്കാണ്മാൻ ദേവിക്കു വളരെ തിടുക്കമുണ്ട്.

രാജാവ്: ഓഹോ! അശോകദോഹദത്തിനായിട്ടുള്ള ഒരുക്കമാണോ ഇത്?

വിദൂഷകൻ: തക്കകാരണംകൂടാതെ ദേവി ഈ തിരുവാഭരണങ്ങൾ ഇവൾക്കണിയാൻ കൊടുക്കുകയില്ലെന്ന് അങ്ങേക്ക് അറിയാൻ പാടില്ലേ?

മാളവിക: (കാലു നീട്ടിക്കാണിച്ചിട്ട്) സഖീ! നീ ക്ഷമിക്കണം.

ബകുളാവലിക:എന്താ ഹേ! നിന്റെ ശരീരം എന്റേതുതന്നെ അല്ലയോ! (കാലിൽ ആഭരണങ്ങളണിയിക്കുന്നു.)

രാജാവ്:

**സരസോജ്ജ്വലരാഗമോമലാളിൻ**
**ചരണാഗ്രത്തിൽ വരച്ച രേഖ നോക്കൂ!**
**ഹരവീക്ഷണമേറ്റു നീറിനിൽക്കും**
**സ്മരവൃക്ഷത്തിൽ മുളച്ച നാമ്പുപോലെ** **11**

വിദൂഷകൻ: ചരണത്തിനു ചേർന്ന ഉദ്യോഗമാണു ശ്രീമതിക്കു കിട്ടിയത്!

രാജാവ്: അങ്ങു പറഞ്ഞതു ശരിതന്നെ.

**വടിവിൽ നഖമയൂഖം വീശിയാരോമലാൾക്കീ**
**യടിതളിർ വിളയാടാൻ രണ്ടിടം യോഗ്യമത്രേ;**
**മലർപെറുമുരമേല്ലാൻ കാത്തിരിപ്പോരശോകം;**
**കലുഷമകലെയാക്കാൻ കുമ്പിടും കാന്തശീർഷം.** **12**

വിദൂഷകഃ: പഹരിസ്സദി തത്തഹോദീ തുമം അവരദ്ധം. (പ്രഹരിഷ്യതി തത്രഭവതീ ത്വാമപരാദ്ധം.)

രാജാ: മൂർദ്ധ്നാ പ്രതിഗൃഹീതം വചഃ സിദ്ധിദർശിനോ ബ്രാഹ്മണസ്യ.

(തതഃ പ്രവിശതി യുക്തമദാ ഇരാവതീ ചേടീ ച)

ഇരാവതീ: ഹഞ്ജേ ണിഉണിഏ! സുണോമി ബഹുസോ, 'മദോകില ഇത്ഥിആജണസ്സ വിസേസമണ്ഡണം'തി. അവി സച്ചോലോ അവാഓ അ!അം? (ഹഞ്ജേ നിപുണികേ! ശൃണോമി ബഹുശോ, മദഃ കില സ്ത്രീജനസ്യ വിശേഷമണ്ഡന'മിതി. അപി സത്യോ ലോകവാദോ*f*യം?)

നിപുണികാ: പുഢമം ലോഅവാഓ ഏവ്വ. അജ്ജ ഉണ സച്ചോ സവുത്തോ (പ്രഥമം ലോകവാദ ഏവ. അദ്യ പുനഃ സത്യഃ സംവൃത്തഃ).

ഇരാവതീ: അലം മഇ സിണേഹേണ. കുദോ ദാണിം അവഗദം 'ഡോലാഘരം പുഢമം ഗദോ ഭട്ടേ' ത്തി? (അലം മയി സ്നേഹേന. കുത ഇദാനീമവഗതം 'ഡോലാഗൃഹം പ്രഥമം ഗതോ ഭർത്താ'ഇതി?)

നിപുണികാ: ഭട്ടിണീഏ അഖണ്ഡിദാദോ പണആദോ. (ഭട്ടിന്യാ അഖണ്ഡിതാത് പ്രണയാത്)

ഇരാവതീ: അലം സേവാഏ മജ്ഝത്ഥദം ഗഹ്ണിഅ ഭണാഹി. (അലം സേവയാ. മദ്ധ്യസ്ഥതാം ഗൃഹീത്വാ ഭണ)

നിപുണികാ: വസന്ദോവാ അണലോലുവേണ അജ്ജഗോദമേണ കഹിദം. തുവരദു ഭട്ടിണീ. (വസന്തോപായനലോലുപേനാര്യഗൗതമേന കഥിതം. ത്വരതാം ഭട്ടിനീ.)

ഇരാവതീ: (അവസ്ഥാസദൃശം പരിക്രമ്യ) ഹഞ്ജേ! മദേന കിലാമിഅ മാണം മം അജ്ജഉത്തദംസണേ ഹിഅഅം തുവരേദി. ചലണാ ഉണ മഗ്ഗേണപ്പസരന്ദി. (ഹഞ്ജേ! മദേന ക്ലാമ്യന്തീം മാമാര്യപുത്രദർശനേ ഹൃദയം ത്വരയതി. ചരണൗ പുനർമാർഗ്ഗേന പ്രസരതഃ).

നിപുണികാ: ണം സമ്പത്തമ്ഹ ഡോലാഘരം. (നനു സമ്പ്രാപ്തേ സ്വോ ഡോലാഗൃഹം)

ഇരാവതീ: ണിഉണിഏ! ണ ഏത്ഥ അജ്ജഉത്തോ ദീസഇ. (നിപുണികേ! നാത്രാര്യപുത്രോ ദൃശ്യതേ.)

വിദൂഷകൻ: അങ്ങേക്ക് ഇതിനു ധാരാളം സംഗതിയുണ്ടായിക്കൊള്ളും!

രാജാവ്: കാര്യസിദ്ധി കാണ്മാൻ കരുത്തുള്ള ബ്രാഹ്മണന്റെ വാക്യം തെറ്റാതെ ഫലിക്കട്ടെ!

(അനന്തരം മദവിവശയായി ഇരാവതിയും, അവളുടെ ചേടി നിപുണികയും പ്രവേശിക്കുന്നു.)

ഇരാവതി: നോക്കെടീ, നിപുണികേ! സ്ത്രീകൾക്കു മദം ഒരു വിശേഷപ്പെട്ട അലങ്കാരമാണെന്നു പലപ്പോഴും പറഞ്ഞുകേട്ടിട്ടുണ്ട്; ആ ലോകവാദം സത്യം തന്നെയോ?

നിപുണിക: ഇതുവരെ ലോകവാദം മാത്രമായിരുന്നു; ഇപ്പോൾ സത്യമായി.

ഇരാവതി: സ്നേഹത്തിനുവേണ്ടി പുകഴ്ത്തേണ്ട! ആട്ടെ! ആര്യപുത്രൻ ഊഞ്ഞാൽ! മണ്ഡപത്തിലേക്കു പൊയ്ക്കഴിഞ്ഞു എന്നു നീ എങ്ങനെ അറിഞ്ഞു?

നിപുണിക: തിരുമേനിയുടെ പ്രാർഥനകൾക്ക് ഇതേവരെ ഭംഗംചെയ്കയുണ്ടായിട്ടില്ല; അതുകൊണ്ടുതന്നെ.

ഇരാവതി: സേവ പറയേണ്ട! മദ്ധ്യസ്ഥന്റെ നിലയിൽ പറയൂ!

നിപുണിക: വസന്തോപഹാരങ്ങളിൽ കൊതിയുള്ള ഗൗതമൻ സ്വാമി പറഞ്ഞറിഞ്ഞു; അതുകൊണ്ട് വേഗത്തിൽ എഴുന്നള്ളണം!

ഇരാവതി: (മദാവസ്ഥയ്ക്കു ചേർന്നു ചുറ്റിനടന്നിട്ട്) മദാവേശംകൊണ്ട് ആര്യപുത്രനെ കാണ്മാൻ എന്റെ മനസ്സു ബദ്ധപ്പെടുന്നു; കാലുകളോ നീങ്ങുന്നുമില്ല!

നിപുണിക: നാം ഊഞ്ഞാൽമണ്ഡപത്തിൽ എത്തിക്കഴിഞ്ഞല്ലോ!

ഇരാവതി: നിപുണികേ! ഇവിടെ ആര്യപുത്രനെ കാണുന്നില്ലല്ലോ!

നിപുണികാ: ഓലോ ഏദു ഭട്ടിണീ. പരിഹാസണിമിത്തം കഹിം വിഗൂഢേണ ഭട്ടിണാ ഹോദവ്വം. അമ്ഹേ വി ഇമം പിഅംഗുലദാ പരിക്ഖിത്തം അസോഅസിലാപട്ടഅം പവിസമ്ഹ. (അവലോകയതു ഭട്ടിനീ. പരിഹാസനിമിത്തം കുത്രാപി ഗൂഢേന ഭർത്രാ ഭവിതവ്യം. ആവാമപീമം പ്രിയംഗുലതാപരിക്ഷിപ്തമശോകശിലാപട്ടകം പ്രവിശാവഃ.)

(ഇരാവതീ തഥാ കരോതി)

നിപുണികാ: (പരിക്രമ്യ വിലോക്യ) ഓലോ ഏദു ഭട്ടിണീ, ചൂദങ്കുരം വിചിണ്ണന്ദീണം അമ്ഹാണം പിപീലിആഹിം ദംസിദം. (അവലോകയതു ഭട്ടിനീ. ചുതാങ്കുരം വിചിന്വന്ത്യോരാവയോഃ പിപീലികാഭിർദഷ്ടം)

ഇരാവതീ: കിം വിഅ ഏദം? (കിമിവൈതത്?)

നിപുണികാ: ഏസാ ബഉളാവലിആ അസോഅപാഅവച്ഛാആഏ മാളവിആഏ ചരണാലംകാരം ണിവ്വട്ടേദി (ഏഷാ ബകുളാവലികാശോക പാദപച്ഛായായാം മാളവികായാശ്ചരണാലങ്കാരം നിർവർത്തയതി.)

ഇരാവതീ: (ശങ്കാം രൂപയിത്വാ) അഭൂമീ ഇഅം മാളവിആഏ. കഹം എത്ഥ തക്കേസി? (അഭൂമിരിയം മാളവികായാഃ. കഥമത്ര തർക്കയസി?)

നിപുണികാ: തക്കേമി ഡോലാപരിബ്ഭംസിദാഏ സരുഅചലണാഏ ദേവീഏ അസോഅദോഹളാഹിആരേ മാളവിആ ണിഉത്തേത്തി. അണ്ണഹാ കഹം ദേവീ സഅം ധാരിഅം ണൂഉരജുഅളം പരിഅണസ്സ അബ്ഭണുജാണിസ്സദി. (തർക്കയാമി, ദോലാപരിഭ്രഷ്ടയാ സരുജചരണയാ ദേവ്യോ?ശോകദോഹദാധികാരേ മളവികാ നിയുക്തേതി. അന്യഥാ കഥം ദേവീ സ്വയം ധാരിതം നൂപുരയുഗളം പരിജനസ്യാഭ്യനുജ്ഞാസ്യതി?)

ഇരാവതീ: മഹദീ ക്ഖു സേ സംഭാവണാ. (മഹതീ ഖല്വസ്യാഃ സംഭാവനാ )

നിപുണികാ: കിംണ അണ്ണേസീഅദി ഭട്ടാ? (കിം നാന്വിഷ്യതേ ഭർത്താ?)

ഇരാവതീ: ഹഞ്ജേ! ണ മേ ചലണാ അണ്ണദോ പവട്ടന്ദി. മണോവി കിംവി വിആരേദി. ആസങ്കിദസ്സ ദാവഅന്തം ഗമിസ്സം. (മാളവികാം നിർവർണ്യ ആത്മഗതം) ഠാണേ ക്ഖു കാദരം മേ ഹിഅഅം. (ഹഞ്ജേ! ന മേ ചരണാവന്യതഃ പ്രവർത്തേതേ. മനോ?പി കിമപി വികാരയതി. ആശങ്കിതസ്യ താവദന്തം ഗമിഷ്യാമി. സ്ഥാനേ ഖലു കാതരം മേ ഹൃദയം)

നിപുണിക: ഇവിടെ എല്ലാടത്തും തിരഞ്ഞുനോക്കണം; തിരുമേനിയെ കളിപ്പിക്കാൻവേണ്ടി വല്ല വള്ളിക്കെട്ടിലും തമ്പുരാൻ ഒളിച്ചിരിക്കയായിരീക്കണം! അടിയനും ശ്യാമലത ചുറ്റിയിട്ടുള്ള ഈ അശോകത്തറയിൽ കയറി നോക്കാം.

(ഇരാവതി അപ്രകാരം തിരയുന്നു)

(ചുറ്റിനോക്കീട്ട്) തിരുമേനി നോക്കണം, മാമ്പൂതേടിപ്പോയിട്ടു നമുക്ക് ഉറുമ്പുകടിയാണു കിട്ടിയത്.

ഇരാവതീ: അതെന്താണ്?

നിപുണിക: ഇതാ അശോകത്തിന്റെതണലിൽ ഇരുന്നു ബകുളാവലിക മാളവികയുടെ കാലിൽആഭരണം ഇടുവിക്കുന്നു!

ഇരാവതീ: (ശങ്കാഭാവത്തോടുകൂടി) ഇവിടെ മാളവിക വരാൻ സംഗതിയില്ലല്ലോ! നിനക്കെന്തു തോന്നുന്നു?

നിപുണിക: ഉഞ്ഞാലിൽനിന്നു വീണിട്ടു തൃക്കാലുളുക്കുകയാൽ ദേവി അശോകദോഹദം നടത്താൻ മാളവികയെ കല്പിച്ചയച്ചിരിക്കണം എന്നാണടിയന്റെ ഊഹം. അല്ലെങ്കിൽ തൃക്കാലിൽ ചാർത്തുന്ന ചിലങ്ക പരിജനങ്ങളുപയോഗിക്കാൻ തിരുമനസ്സുകൊണ്ട് അനുവദിക്കുമോ?

ഇരാവതീ: ഇതു ഇവൾക്ക് ഒരു വലിയ ബഹുമാനമായല്ലോ!

നിപുണിക: നമുക്ക് തമ്പുരാനെ അന്വേഷിക്കണ്ടേ?

ഇരാവതീ: എന്റെ കാല് മുൻപോട്ടെടുക്കാൻ പൊങ്ങുന്നില്ല; മനസ്സിൽ ചില ദുശ്ശങ്കയും ഉദിക്കുന്നു; അതിന്റെ അവസാനം കണ്ടിട്ട് പോകാം! (മാളവികയെ സൂക്ഷിച്ചുനോക്കിയിട്ട് വിചാരം) എന്റെ മനസ്സിൽ തോന്നുന്ന പേടിക്കെല്ലാം വകയുണ്ട്.

ബകുളാവലികാ: (മാളവികായൈ ചരണം ദർശയന്തീ) അവി രോ അദി ദേ അഅം രാഅരേഹാവിണ്ണാസോ? (അപി രോചതേ തേƒയം രാഗരേഖാ വിന്യാസഃ?)

മാളവികാഃ: അത്തണോ ചലണം തി ലജ്ജേമി ണം പസംസിദും. കഹേഹി, കേണ പസാഹണകലാഏ അഹിവിണീദാസി? (ആത്മന ശ്ചരണ ഇതി ലജ്ജേ ഏനം പ്രശംസിതും. കഥയ, കേന പ്രസാധന കലായാമഭിവിനീതാസി?)

ബകുളാവലികാ: എത്ഥ ഭത്തുണോ സീസംഹി. (അത്ര ഭർത്തുഃ ശിഷ്യാസ്മി. )

വിദൂഷകഃ: തുവരേഹി ദാണീം ഗുരുദക്ഖിണാഏ. (ത്വരസ്വേദാനീം ഗുരുദക്ഷിണായൈ. )

മാളവികാ: ദിട്ഠിആ ണ ഗവ്വിദാസി. (ദിഷ്ട്യാ ന ഗർവ്വിതാസി)

ബകുളാവലികാ: ഉവദേസാണുരുവേ ചലണേ ലംഭിഅ ദാണീം ഗവ്വിദാ ഭവിസ്സം. (ആത്മഗതം) ഹന്ത! സിദ്ധം മേദുച്ചം. (പ്രകാശം രാഗം വിലോക്യ) സഹി! എക്കസ്സ ദേ ചലണസ്സ അവസിദോ രാഅണിക് ഖേവോ. കേവലം മുഹുമാരുദോ ലംഭഇദവ്വോ. അഹവാ പവാദം എടം ഠാണം. (ഉപദേശാനുരൂപേ ചരണേ ലബ്ധ്വേദാനീം ഗർവ്വിതാ ഭവിഷ്യാമി. ഹന്ത! സിദ്ധം മേ ദൂത്യം. സഖീ! ഏകസ്യ തേ ചരണസ്യാവസിതോ രാഗനിക്ഷേപഃ. കേവലം മുഖമാരുതോ ലംഭയിതവ്യഃ. അഥവാ പ്രവാതമേതത്സ്ഥാനം.)

രാജാ: സഖേ! പശ്യ പശ്യ –

**ആർദ്രാലക്തകമസ്യാശ്ചരണം മുഖമാരുതേന വീജയിതും**
**പ്രതിപന്നഃ പ്രഥമതരഃ സമ്പ്രതി സേവാവകാശോ മേ** 13

വിദൂഷകഃ: കുദോ ദേ അണുസഓ? ചിരം ഭവദാ ഏദം കമേണ അണുഹോദവ്വം. (കുതസ്തേƒനുശയഃ? ചിരം ഭവതാ ഏതത്ക്രമേണാനു ഭവിതവ്യം.)

ബകുളാവലികാ: സഹി! അരുണസദപത്തം വിഅ സോഹദി ദേ ചലണം. സവ്വഹാ ഭത്തൂണോ അങ്കപരിവട്ടിണീ ഹോഹി. (സഖീ! അരുണശതപത്രമിവ ശോഭതേ തേ ചരണം. സർവ്വഥാ ഭർത്തുരങ്ക പരിവർത്തിനീ ഭവ)

(ഇരാവതീ നിപുണികാമുഖമാവേക്ഷതേ)

ബകുളാവലിക: (കാലു ചൂണ്ടിക്കാണിച്ചുകൊണ്ട്) ചുമപ്പുവരകൾ ഇട്ടതു നിനക്കു രസിച്ചോ?

മാളവിക: സ്വന്തം കാലിലാണല്ലോ എന്നുവെച്ച് എനിക്കു പ്രശംസിക്കാൻ ലജ്ജയായിരിക്കുന്നു; പറയൂ ഈവക രസികത്തവേല ഏതാശാനാണു നിന്നെ അഭ്യസിപ്പിച്ചത്?

ബകുളാവലിക: ഈ വിദ്യയിൽ ഞാൻ തമ്പുരാന്റെ ശിഷ്യയാണ്.

വിദൂഷകൻ: ഗുരുദക്ഷിണ വാങ്ങാൻ വേഗം ചെല്ലൂ.

മാളവിക: നീ ഗർവ്വു ഭാവികാത്തതു ഭാഗ്യം തന്നെ.

ബകുളാവലിക: ഉപദേശത്തിനു ചേർന്ന കാലുകൾകിട്ടിയതു കൊണ്ട് ഇനി എനിക്കു ഗർവ്വുമുണ്ടാകും. (കാലിലെ ചുവപ്പു നോക്കീട്ടു വിചാരം) എന്റെ ദൂതു ഫലിച്ചു (വെളിവായിട്ട്) തോഴി! നിന്റെ ഒരു കാലിൽ ചായം ഉഴിഞ്ഞുകഴിഞ്ഞു; ഇനി ഊതി ഉണക്കേണ്ടതു മാത്രമേയുള്ളു. അല്ലെങ്കിൽ ഇവിടെ നല്ല കാറ്റുണ്ടല്ലോ!

രാജാവ്: തോഴരേ, നോക്കൂ!

**ഇതുപൊഴുതിക്കഴലിണയിൽ**
**കുതിരും ചെഞ്ചായമൂറി വലിയാതേ**
**ഊതിയുണക്കി നടാടെയൊ–**
**രുതവിയിവൾക്കേകുവാൻതരം കിട്ടി.** 13

വിദൂഷകൻ: ഇത്ര തപിക്കുന്നതെന്തിന്? താമസിയാതെ ഈ സുഖം അങ്ങേക്കു ദീർഘകാലം അനുഭവിക്കാൻ സംഗതിയാകും!

ബകുളാവലിക: നിന്റെ കാല് ചെന്താമരപ്പൂവുപോലെ ശോഭിക്കുന്നു; എല്ലാം കൊണ്ടും നീ നാഥന്റെ മടിയിൽ കളിയാടേണ്ടവളാണ്.

(ഇരാവതി നിപുണികയുടെ നേരെ നോക്കുന്നു. )

രാജാ: മമേയമാശീഃ

മാളവികാ: ഹളാ! അവഅണീഅം മന്തേസി. (ഹളാ! അവചനീയം മന്ത്രയസേ)

ബകുളാവലികാ: മന്തിദവ്വം എവ്വ മഏ മന്തിദം (മന്ത്രയിതവ്യമേവ മയാ മന്ത്രിതം)

മാളവികാ: പിആ ഖു അഹം തുഹ (പ്രിയ ഖലഹം തവ)

ബകുളാവലികാ: ണ കേവലം മഹ (ന കേവലം മമ)

മാളാവികാ: കസ്സ വാ അണ്ണസ്സ? (കസ്യ വാന്യസ്യ?)

ബകുളാവലികാ: ഗുണേസു അഹിണിവേസിണോ ഭത്തുണോ വി. (ഗുണേഷ്വഭിനിവേശിനോ ഭർത്തുരപി.)

മാളവികാ: അലീഅം മന്തേസി. ഏദം ഏവ്വ മഇ ണത്തി. (അലീകം മന്ത്രയസേ. ഏതദേവ മയി നാസ്തി)

ബകുളാവലികാ: സച്ചം തുഇ ണത്തി. ഭത്തൂണോ കിസേസു വരപണ്ഡുരേസു ദീസഇ അംഗേസു (സത്യം ത്വയി നാസ്തി. ഭർത്തുഃ കൃശേഷു വരപാണ്ഡുരേഷു ദൃശ്യതേംഗേഷു)

നിപുണികാ: പുഢമഗണിദം വിഅ ഹദാസാഏ ഉത്തരം (പ്രഥമ ഗണിതമിവ ഹതാശായാ ഉത്തരം)

ബകുളാവലികാ: അണുരാഓ അണുരാഏണ പരിക്ഖിദവ്വോത്തി സുഅണവഅണം പമാണീകരേഹി (അനുരാഗോ$f$നുരാഗേണ പരീക്ഷിതവ്യ ഇതി സുജനവചനം പ്രമാണീകുരു)

മാളവികാ: കിം അത്തണോ ഛന്ദേണ മന്തേസി? (കിമാത്മനശ്ഛന്ദേന മന്ത്രയസേ?)

ബകുളാവലികാ: ണഹി ണഹി. ഭത്തുണോ ഖു എദാഇ പണ അമിദു ആഇ അക്ഖരാഇ ബിംബന്തരിദാഇ. (നഹി നഹി. ഭർത്തുഃ ഖലേതാനി പ്രണയമൃദുകാന്യക്ഷരാണി ബിംബാന്തരിതാനി)

മാളവികാ: ഹളാ! ദേവീം ചിന്തിഅ ണ മേ ഹിഅ!അസ്സം (സഖി! ദേവീം ചിന്തയിത്വാ ന മേ ഹൃദയസ്യ പ്രഭവിഷ്യാമി).

രാജാവ്: ഈ ആശിസ്സെനിക്കാണ്.

മാളവിക: നീ പറഞ്ഞുകൂടാത്തതു പറയുന്നു.

ബകുളാവലിക: ഞാൻപറയാവുന്നതേ പറഞ്ഞുള്ളൂ.

മാളവിക: ഞാൻ നിനക്കു പ്രീയപ്പെട്ടവളല്ലേ?

ബകുളാവലിക: എനിക്കു മാത്രമല്ല.

മാളവിക: പിന്നെ വേറെ ആർക്കാണ്?

ബകുളാവലിക: ഗുണം ഗ്രഹിക്കുന്ന തമ്പുരാനും.

മാളവിക: നീ പൊളി പറയുന്നു; അതുതന്നെ എന്നിൽ ഇല്ലല്ലോ!

ബകുളാവലിക: ശരി, നിന്നിലില്ലായിരിക്കും; തമ്പുരാന്റെ ചടച്ചുവിളറിയ തിരുമേനിയിൽ കാണുന്നുണ്ട്.

നിപുണിക: കരുതിക്കൂട്ടി പറഞ്ഞതുപോലെയിരിക്കുന്നു ഈ ദ്രോഹിയുടെ മറുപടി.

ബകുളാവലിക: അനുരാഗം അനുരാഗം കൊണ്ടുവേണം പരീക്ഷിപ്പാൻ എന്നുള്ള സജ്ജനമര്യാദ പ്രമാണമാക്കികൊള്ളൂ.

മാളവിക: നീ സ്വമേധയായിപ്പറയുന്നതാണോ ഇത്?

ബകുളാവലിക: അല്ല! ഇതു തമ്പുരാന്റെ പ്രണയസന്ദേശമാണ്. ഇതിൽ ഓരോ അക്ഷരവും തിരുവായിൽനിന്നു പുറപ്പെട്ട് എന്റെ മുഖത്തിൽ പ്രതിബിംബിച്ചതാണ്.

മാളവിക: സഖി. ദേവിയെ വിചാരിച്ചിട്ട് എന്റെ ഹൃദയത്തിനു സ്വൈരപ്രവൃത്തി അനുവദിപ്പാൻ ഞാനാളാകുന്നില്ല.

ബകുളാവലിക: മുദ്ധേ! ഭമ്രരസംപാദോ ഭവിസ്സദി ത്തി വസന്താവദാര സവ്വസ്സം കിം ണ ചൂദപ്പസവോ ഓദംസിദവ്വോ)? (മുഗ്ദ്ധേ! ഭ്രമര സംപാതോ ഭവിഷ്യതീതി വസന്താവതാരസർവ്വസ്വം കിം ന ചൂത പ്രസവോƒവതംസയിതവ്യഃ?)

മാളവികാ: തുമം ദാവ ദുജ്ജാദേ മഹ അച്ചന്തസഹാഇണീ ഹോഹി (ത്വം താവദ്ദുർജ്ജാതേ മമാത്യന്തസഹായിനീ ഭവ.)

ബകുളാവലിക: വിമദ്ദസുരഹീ ബഉളാവലിആ ഖു അഹം. (വിമർദ സുരഭിർബകുളാവലികാ ഖലുഹം.)

രാജാ: സാധു ബകുളാവലികേ! സാധു

**ഭവജ്ഞാനാനന്തരം പ്രസ്തുതേന**
**പ്രത്യാഖ്യാനേ ദത്തയുക്തോത്തരേണ**
**വാക്യേനേയം സ്ഥാപിതാ സ്വേ നിദേശേ**
**സ്ഥാനേ പ്രാണാഃ കാമിനാം ദൂത്യധീനാഃ.** 14

ഇരാവതീ: ഹഞ്ജേ! പേക്ഖ പേക്ഖ. കാരിദാ ഏവ്വ എദസ്സിം ബഉളാവലിആഏ പദം മാളവിആ. (ഹജ്ജേ! പശ്യ പശ്യ. കാരിതൈ–വൈതസ്മിൻ ബകുളാവലികയാ പദം മാളവികാ)

നിപുണികാ: ഭട്ടിണി! ണിവ്വിആരസ്സ വിഊസുഅദാജണഓ ഉവദേസോ (ഭട്ടിനി! നിർവ്വികാരസ്യാപ്യുത്സുകതാജനക ഉപദേശഃ)

ഇരാവതീ: ഠാണേ ക്ഖു സങ്കിദം മേ ഹിഅഅം. ഗഹീദത്ഥാഅണന്തരം ചിന്ത ഇസ്സം. (സ്ഥാനേ ഖലു ശങ്കിതം മേ ഹൃദയം. ഗൃഹീതാർത്ഥാ–നന്തരം ചിന്തയിഷ്യാമി )

ബകുളാവലിക: എസോ ദുദീഓവി ദേ ണിവ്വുത്തപരികമ്മാ ചലണോ. ജാവദുവേവി സണുഉരേ കരേമി. (ഇതി നാട്യേന നൂപുരയുഗളമാമുച്യ) ഹളാ! ഉട്ഠേഹി. അണുചിട്ഠ ദേവീഏ അസോഅവിആസഇത്തഅം ണിഓഅം. (ഏഷ ദ്വിതീയോƒപി തേ നിർവൃത്തപരികർമ്മാ ചരണഃ. യാവത് ദ്വാപി സനുപുരൗ കരോമി. ഹളാ! ഉത്തിഷ്ഠ. അനുതിഷ്ഠ ദേവ്യാ അശോക വികാസയിതൃകം നിയോഗം) (ഉഭേ ഉത്തിഷ്ഠതഃ)

ഇരാവതീ: സുദം ദേവീഏ ണിഓഓ ത്തി. ഹോദു ദാണീം. (ശ്രുതം ദേവ്യാ നിയോഗ ഇതി. ഭവത്വിദാനീം)

ബകുളാവലിക: ഏന്റെ പാവമേ, ഭ്രമരബാധ ഭയപ്പെട്ട് പുതുവസന്തത്തിന്റെ കാതലായ മാന്തളിർ ആരെങ്കിലും

ചൂടാതിരിക്കാറുണ്ടോ?

മാളവിക: വല്ല അപകടങ്ങളും വന്നുചേർന്നാൽ നീ എനിക്കു നല്ല തുണയായി നില്കണേ!

ബകുളാവലിക: മർദ്ദിക്കും തോറും മണമേറുന്ന ബകുളാവലികയാണല്ലോ ഞാൻ!

രാജാവ്: നന്ന്! ബകുളാവലികേ, നന്ന് ! നിന്റെ ദൂത്യം കേമമായി.

**സാമാന്യമായ് മനമറിഞ്ഞു പറഞ്ഞു കാര്യം;**
**സാമർത്ഥ്യമോടു മടിചൊന്നതെതിർത്തു നിന്നു;**
**വാമാക്ഷിയാളെയിതുമാതിരി പാട്ടിലാക്കീ;**
**കാമിക്കു ദൂതി തുണയെന്നു പറഞ്ഞു ഞായം. 14**

ഇരാവതീ: നോക്കൂ, നിപുണികേ! ബകുളാവലിക മാളവികയെ ഇളക്കിപ്പുറപ്പെടുവിച്ചു കഴിഞ്ഞല്ലോ!

നിപുണിക: തിരുമേനീ! വികാരമില്ലാത്തവരുപോലും ഉപദേശം കേട്ടാൽ ഇളകിപ്പോകും!

ഇരാവതീ: എന്റെ മനസ്സു ശങ്കിച്ചത് വെറുതെയല്ല; കാര്യമെല്ലാം മനസ്സിലാക്കിയതിൽപ്പിന്നെ ആലോചിക്കാം.

ബകുളാവലിക: ഇതാ നിന്റെ മറ്റേക്കാലിലും ചാറുഴിഞ്ഞു കഴിഞ്ഞു; ഇനി രണ്ടിലും ചിലങ്കയിടുവിക്കട്ടെ! (ചിലങ്ക ഇടുവിച്ചിട്ട്) തോഴി, എണീക്കൂ! ഇനി അശോകത്തിനു പൂവുളവാക്കാനുള്ള ദേവിയുടെ കല്പന അനുഷ്ഠിക്കാം.

(രണ്ടു പേരും എഴുന്നേല്ക്കുന്നു.)

ഇരാവതീ: ദേവിയുടെ കല്പനയെന്നു പറയുന്നതു കേട്ടില്ലേ? ഇപ്പോഴത്തേക്കിരിക്കട്ടെ!

ബകുളാവലികാ: എസ്സോ ഉവാരൂഢരാഓ ഉവഭോഅക്ഖമോ പുരദോ ദേ വട്ടഇ. (ഏഷ ഉപാരൂഢരാഗ ഉപഭോഗക്ഷമഃ പുരതസ്തേ വർത്തതേ)

മാളവികാ: (സഹർഷം) കിം ഭട്ടാ? ( കിം ഭർത്താ?)

ബകുളാവലികാ: (സസ്മിതം) ണ ദാവ ഭട്ടാ. ഏസോ അസോഅസാഹാവലംബീ പല്ലവഗുച്ഛോ. ഓദംസേഹി ദാവ ണം (ന താവത് ഭർത്താ. ഏഷോ*ƒ*ശോകശാഖാവലംബീ പല്ലവഗുച്ഛഃ. അവതംസയ താവദേനം)

വിദൂഷകഃ: സുദം ഭവദാ? (ശ്രുതം ഭവതാ?)

രാജാ: സഖേ! പര്യാപ്തമേതാവതാ കാമിനാം.

**അനാതുരോത്കണ്ഠിതയോഃ പ്രസിദ്ധ്യതാ**
**സമാഗമേനാപി രതിർന മാം പ്രതി**
**പരസ്പരപ്രാപ്തിനിരാശയോർവരം**
**ശരീരനാശോ*ƒ*പി സമാനുരാഗയോഃ** 15

(മാളവികാ രചിതപല്ലവാവതംസാ സലീലമശോകായ പാദം പ്രഹിണോതി)

രാജാ: സഖേ,

**ആദായ കർണ്ണകിസലയമസ്മാദിയമത്ര ചരണമർപ്പയതി**
**ഉഭയോഃ സദൃശവിനിമയാദാത്മാനം വഞ്ചിതം മന്യേ** 16

മാളവികാ: വാമോ ക്ഖു ഏസോ അസോഓ, ജോ വ്യഞ്ജഅം പമാണീകദൂഅ കുസുമുഗ്ഗമം ണ ദംസേഇ അവിണാമ അമ്ഹാണം സംഭാവണാ സഫലാ ഹവേ (വാമഃ ഖല്വേഷോ*ƒ*ശോകഃ, യോ വ്യഞ്ജകം പ്രമാണീകൃത്യ കുസുമോദ്ഗമം ന ദർശയതി. അപി നാമ ആവയോഃ സംഭാവനാ സഫലാ ഭവേത്?)

ബകുളാവലികാ: ഹള! ണത്ഥി ദേ ദോസോ, ണിഗ്ഗുണോ അഅം അസോഓ ജഇ കുസുമോബ്ഭേദമന്ഥരോ ഹവേ, ജോ ഈരിസം ചലണസക്കാരം ലംഭിഅ. (ഹളാ! നാസ്തി തേ ദോഷഃ. നിർഗുണോ*ƒ* യമശോകോ യദി കുസുമോദ്ഭേദമന്ഥരോ ഭവേദ്യ ഈദൃശം ചരണ സത്കാരം ലബ്ധ്വാ.)

ബകുളാവലിക: ഇതാ രംഗം വർദ്ധിച്ച് ഉപഭോഗയോഗ്യമായ അവസ്ഥയിൽ നിന്റെ മുൻപിൽ നിൽക്കുന്നു!

മാളവിക: (സന്തോഷത്തോടുകൂടി) തമ്പുരാനോ?

ബകുളാവലിക: (പുഞ്ചിരിയോടെ) അല്ല, അശോകത്തിന്റെ കൊമ്പിൽ തൂങ്ങിക്കിടക്കുന്ന തളിത്തൊത്ത്; പറിച്ചു ചൂടിക്കൊള്ളൂ!

വിദൂഷകൻ: അങ്ങു കേട്ടില്ലേ?

രാജാവ്: ഇത്രയും കൊണ്ട് കാമുകർക്ക് തൃപ്തിപ്പെടാം!

**മദ്ധ്യസ്ഥരായ തരുണിതരുണർക്കു യോഗം**
**സിദ്ധിപ്പതും വിരസമെന്നു നിനപ്പവൻ ഞാൻ;**
**തെല്ലും മനോരഥഫലാപ്തിയിലാശയെന്ന്യേ**
**തുല്ല്യാനുരാഗർ തുലയുന്നതുമൊട്ടുകൊള്ളാം.** 15

(മാളവിക തളിർ പറിച്ചു ചൂടിട്ട് വിലാസത്തോടുകൂടി അശോകത്തിൽ കാലെടുത്തു പതിക്കുന്നു.)

തോഴരേ, നോക്കൂ!

**ചൂടാനൊരു തളിരിതിൽ നി**
**ന്നെടുത്തുകൊണ്ടിവൾ കൊടുത്തു കഴലിതിനായ്;**
**ഇടപാടു ശരിക്കു ശരി**
**പ്പടിചെയ്താരിവൾ; എനിക്കു താൻ ചേതം.** 16

ബകുളാവലിക: സഖീ! നിന്റെ പേരിൽ ദോഷം വരികയില്ല; ഈ വിധമുള്ള ചരണസത്കാരം ലഭിച്ചിട്ടും ഈ അശോകം പൂക്കാൻ താമസിക്കയാണെങ്കിൽ അത് അതിന്റെ നിർഗ്ഗുണതയാണെന്നേ വരൂ!

**രാജാ: അനേന തനുമദ്ധ്യയാ മുഖരനൂപുരാരാവിണാ**
**നവാമബുരുഹകോമളേന ചരണേന സംഭാവിതഃ**
**അശോക യദി സദ്യ ഏവ മുകുളൈർന സംപത്സ്യസേ**
**വൃഥാ വഹസി ദോഹദം ലളിതകാമിസാധാരണം 17**

സഖേ! വചനാവസരപൂർവ്വകം പ്രവേഷ്ടുമിച്ഛാമി.

വിദൂഷകഃ: ഏഹി ണം പരിഹാസഇസ്സം (ഏഹ്യേനാം പരിഹാസയിഷ്യാമി)

(ഉഭൗ പ്രവേശം കുരുതഃ)

നിപുണികാ: ഭട്ടിണി! ഭട്ടാ ഏത്ഥ ഏവ്വ പവിസദി. (ഭട്ടിനി! ഭർത്താത്രൈവ പ്രവിശതി.)

ഇരാവതീ: ഏവം പുഢമം മമ ചിന്തിദം ഹിഅഏണ. (ഏവം പ്രഥമം മമ ചിന്തിതം ഹൃദയേന)

വിദൂഷകഃ: (ഉപസൃത്യ) ഹോദി! ണ ജുത്തം ണാമ, അത്തഹോദോ പിഅവഅസ്സോ അഅം അസോഓ വാമപാദേണ താഡിദും. (ഭവതി! ന യുക്തം നാമ അത്രഭവതഃ പ്രിയവയസ്യോ?യമശോകോ വാമപാദേന താഡയിതും)

ഉഭേ: (സസംഭ്രമം) അമ്ഹോ! ഭട്ടാ (അഹോ! ഭർത്താ)

വിദൂഷകഃ: ബഉളാവലിഏ! ഗഹീദത്ഥാഏ തുഏ അത്തഹോദീ ഈരിസം അവിണഅം കരന്തീ കീസ ണ ണിവാരിദാ? (ബകുളാവലികേ! ഗൃഹീതാർത്ഥയാ ത്വയാത്രഭവതീദൃശമവിനയം കുർവ്വതീ കസ്മാന്ന നിവാരിതാ?)

(മാളവികാ ഭയം രൂപയതി)

നിപുണികാ: ഭട്ടിണി! പേക്ഖം കിം പഉത്തം അജ്ജഗോദമേണ? (ഭട്ടിനി! പശ്യ. കിം പ്രവൃത്തമാര്യഗൗതമേന?)

ഇരാവതീ: കഹം ബഹ്മബന്ധു അണ്ണഹാ ജീവിസ്സദി? (കഥം ബ്രഹ്മബന്ധുരന്യഥാ ജീവിഷ്യതി?)

ബകുളാവലികാ: അജ്ജ! എസാ ദേവീഏ ണിഓഅം അണുചിട്ഠദി. ഏദസ്സിം അദിക്കമേ പരവദീഇഅം. പസീദദു ഭട്ടാ. (ആര്യ! ഏഷാ ദേവ്യാ നിയോഗമനുതിഷ്ഠതി. ഏതസ്മിന്നതിക്രമേ പരവതീയം പ്രസീദതു ഭർത്താ.) (ആത്മനാ സമമേനാം പ്രണിപാതയതി)

**രാജാവ്: തലോദരി സരോജകോമളത കോലുമിക്കാലിനാൽ**
**ചിലങ്കകൾ ചിലമ്പുമാററുളി നല്ല സംഭാവന;**
**നിരപ്പെയിനി നീയശോക, പുതുമൊട്ടു കാട്ടായ്കിലോ**
**ധരിപ്പതു വൃഥാ ഭവാൻ ലളിതകാമിതുല്യം വളം. 17**

തോഴരേ! വല്ല പ്രസംഗവും ഉണ്ടാക്കി നമുക്ക് നേരേ ചൊല്ലാം.

വിദൂഷകൻ: തോഴരു വരണം; നമുക്കു ചെന്നിവരെപ്പരിഹസിക്കാം.

(രണ്ടുപേരും നേരെ ചെല്ലുന്നു.)

നിപുണിക: തിരുമേനി, ഇതാ തമ്പുരാൻ ഇവിടെ എഴുന്നള്ളുന്നു!

ഈരാവതി: ഇതു ഞാൻ മുമ്പു തന്നെ ആലോചിച്ചിരിക്കുന്നു.

വിദൂഷകൻ: (അടുത്തുചെന്ന്) ഭദ്രേ! മഹാരാജാവിനേറ്റം പ്രിയപ്പെട്ട ഈ അശോകത്തെ ഇടതുകാലുകൊണ്ടു ചവിട്ടിയതു ശരിയായില്ല.

മാളവിക, ബകുളാവലിക: (സംഭ്രമത്തോടുകൂടി) അല്ല! മഹാരാജാവ്

വിദൂഷകൻ: ബകുളാവലികേ! നീ കാര്യം ഗ്രഹിച്ചിട്ടുണ്ടല്ലോ! ശ്രീമതി ഈ അവിനയം പ്രവർത്തിച്ചപ്പോൾ എന്താണ് തടയാഞ്ഞത്?

(മാളവിക ഭയപ്പെടുന്നു.)

നിപുണിക: തിരുമേനി! ഗൗതമൻ സ്വാമിയുടെ ആരംഭം കണ്ടില്ലേ?

ഇരാവതീ: ഇല്ലെങ്കിൽ ബ്രാഹ്മണനെന്നും പറഞ്ഞു നടക്കുന്ന ഈ തീറ്റിപ്പണ്ടം എങ്ങനെ കാലക്ഷേപം ചെയ്യും?

ബകുളാവലിക: സ്വാമീ! ഇവൾ ദേവിയുടെ നിയോഗം അനുഷ്ഠിച്ചതേ ഉള്ളൂ; ഈ പ്രവൃത്തിക്ക് ഇവൾ ഉത്തരവാദിയല്ല. തമ്പുരാന് തിരുവുള്ളക്കേടുണ്ടാകരുത്. (നമസ്കരിച്ചും കൊണ്ട് മാളവികയെയും നമസ്കരിപ്പിക്കുന്നു.)

രാജാ: യദ്യേവമനപരാധാസി. ഉത്തിഷ്ഠ ഭദ്രേ!

(ഹസ്തേ ഗൃഹീത്വൈനാമുത്ഥാപയതി)

വിദൂഷകഃ: ജുജ്ജഇ ദേവീ എത്ഥ മാണഇദവ്വാ. (യുജ്യതേ. ദേവ്യത്ര മാനയിതവ്യാ)

**രാജാ: കിസലയമൃദോർ വിലാസിനി! കഠിനേ നിഹിതസ്യ പാദപസ്കന്ധേ**
**ചരണസ്യ ന തേ ബാധാസംപ്രതി വാമോരൂ! വാമസ്യ 18**

(മാളവികാ ലജ്ജാം രൂപയതി)

ഇരാവതീ: അഹോ! ണവണീദകപ്പഹിഅഓ അജ്ജഉത്തോ. (അഹോ! നവനീതകല്പഹൃദയ ആര്യപുത്രഃ)

മാളവികാ: ബഉളാവലിഏ! ഏഹി. അണുട്ഠിദം അത്താണോ ണിഓഅം ദേവിഏ ണിവേദേമ്ഹ. (ബകുളാവലികേ! ഏഹി. അനുഷ്ഠിത–മാത്മനോ നിയോഗം ദേവ്യൈ നിവേദയാവഃ)

ബകുളാവലികാ: തേണ ഹി വിണ്ണാവേഹി ഭട്ടാരം, 'വിസജ്ജേഹി'ത്തി (തേന ഹി വിജ്ഞാപയ ഭർത്താരം. 'വിസർജ്ജയേ'തി.)

രാജാ: ഭദ്രേ! യാസ്യസി. മമ താവദുത്പന്നാവസരമർത്ഥിത്വം ശ്രൂയതാം.

ബകുളാവലികാ: അവഹിദാ സുണാഹി. ആണവേദു ഭട്ടാ. (അവഹിതാ ശൃണു. ആജ്ഞാപയതു ഭർത്താ)

**രാജാ: ധൃതിപുഷ്പമയമപി ജനോ ബധ്നാതി ന താദൃശം ചിരാത് പ്രഭൃതി**
**സ്പർശാമൃതേന പൂരയ ദോഹദസ്യാപ്യനന്യരുചേഃ 19**

ഇരാവതീ: (സഹസോപസൃത്യ) പുരേഹി പുരേഹി. അസോഓകുസുമം ണ ദംസേദി. അഅം ഉണ പുപ്ഫഇ ഫലഇഅ. (പൂരയ പൂരയ അശോകഃ കുസുമം ന ദർശയതി. അയം പുനഃ പുഷ്പ്യതി ഫലതി ച.)

(സർവ്വേ ഇരാവതീം ദൃഷ്ട്വാ സംഭ്രാന്താഃ)

രാജാ: (അപവാര്യ) വയസ്യ! കാ പ്രതിപത്തിരത്ര?

രാജാവ്: അങ്ങനെയാണെങ്കിൽ തെറ്റില്ല; ഭദ്രേ! എണീക്കു. (കൈകൊണ്ടു പിടിച്ചെഴുന്നേല്പിക്കുന്നു.)

വിദൂഷകൻ: ശരിതന്നെ, ദേവിയെ ബഹുമാനിക്കണമല്ലോ!

**രാജാവ്: സരസപല്ലവകോമളമായ നിൻ! ചരണതാരിനു ചഞ്ചലലോചനേ!**
**പരുപരുത്ത മരത്തിലണയ്ക്കയാൽ പറക ചെറ്റൊരു വേദന പറ്റിയോ?**

(മാളവിക ലജ്ജിക്കുന്നു.)

ഇരാവതീ: (ഈർഷ്യയോടുകൂടെ) അയ്യോ! ആര്യപുത്രന്റെ മനസ്സ് വെണ്ണനെയ്യു പോലെ ഉരുകുന്നു.

മാളവിക: ബകുളാവലികേ! വരൂ! നമുക്കു ചെന്ന് കല്പന നടത്തിയ വിവരം ദേവിയോട് തിരുമനസ്സറിയിക്കാം.

ബകുളാവലിക: എന്നാൽ പോകുന്നതിനു തമ്പുരാൻ തിരുമനസ്സിലെ അടുക്കൽ അനുവാദം ചോദിക്കൂ.

രാജാവ്: ഭദ്രേ! പോകാം; എന്നാൽ ഈ അവസരതിൽ നടത്തിത്തരേണ്ടതായ ഒരപേക്ഷ എനിക്കുള്ളതു കേൾക്കണം.

ബകുളാവലിക: ശ്രദ്ധിച്ചുകേൾക്കൂ. തിരുമേനി, അരുളിച്ചെയ്യാം.

**രാജാവ്: ഇതു പൊഴുതീയുള്ളവനും പതിവിൻപടിയേല്പതില്ല ധൃതിപുഷ്പം;**
**സംസ്പർശദോഹദത്താൽ തൃപ്തിവരുത്തേണമർത്ഥിയാമിവനും 19**

ഇരാവതീ: (പെട്ടെന്നടുത്തുചെന്നിട്ട്) തൃപ്തിവരുത്തൂ! തൃപ്തിവരുത്തൂ! അശോകം പുഷ്പിച്ചാലായി; ഇദ്ദേഹമാകട്ടെ, പുഷ്പം മാത്രമല്ല ഫലവും ഉടനെ കാണിക്കും.

(എല്ലാവരും ഇരാവതിയെ കണ്ടിട്ടു പരുങ്ങുന്നു.)

വിദൂഷകഃ: കിം അണ്ണം ജംഘാബലം ഏവ്വ. (കിമന്യത്, ജംഘാബലമേവ)

ഇരാവതീ: ബഉളാവലിഏ! സാഹു തുഏ ഉവക്കന്ദം. മാളവിഏ തുമം ദാവ കരേഹി സഫലപത്ഥണം അജ്ജഉത്തം. (ബകുളവലികേ! സാധു ത്വയോപക്രാന്തം. മാളവികേ! ത്വം താവത്കുരു സഫലപ്രാർത്ഥനമാര്യപുത്രം.)

ഉഭേ: പസീദദു ഭട്ടിണീ കാ വഅം ഭട്ടിണോ പണഅപരിഗ്ഗഹസ്സ? (പ്രസിദദു ഭട്ടിനീ, കാ വയം ഭർത്തുഃ പ്രണയപരിഗ്രസ്യ?)

(ഇതി നിഷ്ക്രാന്തേ)

ഇരാവതീ: അഹോ! അവിസ്സസണീആ പുരിസാ. മഏ ക്ഖു അത്തണോ വഞ്ചണാ വാഹജണഗിദിരത്താഏ ഹരിണീഏവിഅ അസംകിദാഏ ണ വിണ്ണാദാ. (അഹോ! അവിശ്വസനീയാഃ പുരുഷാഃ മയാ ഖല്വാത്മനോ വഞ്ചനാ വ്യാധജനഗീതിരക്തയാ ഹരിണ്യേവാശങ്കിതയാ ന വിജ്ഞാതാ)

വിദൂഷകഃ: (ജനാന്തികം) ഭോ പഡിവജ്ജേഹി കിംവി ഉത്തരം, കമ്മഗഹിദേണ കുംഭീലഏണ സന്ധിച്ഛേഅണേ സിക്ഖിദോമ്മിത്തി വത്തവ്വം ഹോദി. (ഭോ പ്രതിപദ്യസ്വ കിമപ്യുത്തരം. കർമ്മഗൃഹീതേനാപി കുഭീലകേന സന്ധിച്ഛേദനേ ശിക്ഷിതോ?സ്മിതി വക്തവ്യം ഭവതി)

രാജാ: സുന്ദരീ! ന മേ മാളവികയാ കശ്ചിദർത്ഥഃ മയാ ത്വം ചിരയസീതി യഥാകഥഞ്ചിദാത്മാ വിനോദിതഃ.

ഇരാവതീ: വിസ്സസണീഓസി. മഏ ണ വിണ്ണാദം ഈരിസം വിണോദവത്ഥുഅം അജ്ജഉത്തേണ ഉലവദ്ധം ത്തി. അണ്ണഹാ മന്ദഭാഇണീഏ ഏവ്വം ണ കരീഅദി. (വിശ്വസനീയോƒസി. മയാ ന വിജ്ഞാതമീദൃശം വിനോദവസ്തുകമാര്യപുത്രേണോപലബ്ധമിതി. അന്യഥാ മന്ദഭാഗിന്യൈവം ന ക്രിയതേ.)

വിദൂഷകഃ: മാ ദാവ തത്തഹോദോ ദക്ഖിണ്ണസ്സ ഉവരോഹം ഭണദു. സമാവത്തിദിട്ഠേണ ദേവിഏ. പരിഅണേണ സംകഹാവി ജഇ അവരാഹോ ഠാവിഅദി ഏത്ഥ തുമം ഏവ്വ പമാണം. (മാ താവത്തത്രഭവതോ ദാക്ഷിണ്യസ്യോപരോധം ഭണതു. സമാപത്തിദൃഷ്ടേന ദേവ്യാഃ. പരിജനനേ സംകഥാപി യദ്യപരാധഃ സ്ഥാപ്യതേ. അത്ര ത്വമേവ പ്രമാണം.)

ബകുളാവലികേ, നിന്റെ ആരംഭം നന്ന്; മാളവികേ! നീ എന്താണു ആര്യപുത്രന്റെ അപേക്ഷ സാധിച്ചുകൊടുക്കാത്തത്?

മാളവിക, ബകുളാവലിക: തിരുമേനി പ്രസാദിക്കണേ! തമ്പുരാന്റെ അപേക്ഷ സാധിക്കാൻ ഞങ്ങൾ ആളാകുമോ? (പോയി).

ഇരാവതീ: പുരുഷന്മാരെ ഒരിക്കലും വിശ്വസിച്ചുകൂടാ! ഞാനാകട്ടെ, എന്റെ നേരുബുദ്ധികൊണ്ട് വേടന്മാരുടെ പാട്ടുകേട്ടു മയങ്ങുന്ന പേടമാൻ എന്നപോലെ വഞ്ചനയുള്ള ആരംഭം അറിഞ്ഞില്ല.

വിദൂഷകൻ: (സ്വകാര്യമായിട്ട്) ഹേ! എന്തെങ്കിലും ഒന്നു മറുപടി പറയു. കള്ളൻ കന്നൽക്കോലും കൈയുമായി പിടികൂടിപോയാൽ ഭവനഭേദനവിധി പ്രയോഗിച്ചു നോക്കുകയായിരുന്നു എന്നു പറഞ്ഞു നിൽക്കണം.

രാജാവ്: അല്ലേ സുന്ദരി, എനിയ്ക്കു മാളവികയുടെ അടുക്കൽ ഒരു കാര്യവുമില്ല; നീ വരാൻ താമസിച്ചിട്ട് കാത്തിരിക്കുമ്പോൾ വല്ല നേരം പോക്കും ആകട്ടെ എന്നു വിചാരിച്ചതേയുള്ളു.

ഇരാവതീ: ശരി തന്നെ, എനിയ്ക്കു വിശ്വാസമായി. ആര്യപുത്രനു ഇങ്ങനെ ഒരു വിനോദത്തിനു വക കിട്ടിയത് ഞാൻ അറിഞ്ഞില്ല. അല്ലെങ്കിൽ ഈ വിധം ശല്യപ്പെടുത്തുകയില്ലായിരുന്നു.

വിദൂഷകൻ: ശ്രീമതി! മഹാരാജാവിന്റെ ദാക്ഷിണ്യത്തിനു തടസ്സം പറക ശരിയല്ല. ദേവിയുടെ പരിജനങ്ങളെ യദൃച്ഛയാ കണ്ടെത്തിയാൽ അവരോടു തോഴർ വെടി പറകപോലും പാടില്ലന്നുള്ള വിധിയ്ക്കു അവിടുന്നു തന്നെ പ്രമാണം.

ഇരാവതീ: ണം സംകഹാ ണാമ ഹോദു. കിം ത്തി അത്താണം ആആസഇസ്സം. (നനു സംകഥാ നാമ ഭവതു. കിമിത്യാത്മാനമായാസ–യിഷ്യാമി.)

(ഇതി രുഷാ പ്രസ്ഥിതാ)

രാജാ: (അനുസരൻ) പ്രസീദതു ഭവതി

(ഇരാവതീ രശനാസംദാനിതചരണാ വ്രജത്യേവ)

സുന്ദരീ! ന ശോഭതേ പ്രണയിനിജനേ നിരപേക്ഷതാ,

ഇരാവതീ: സഠ! അവിസ്സസണീഅഹിഅഓസി. (ശഠ! അവിശ്വസനീയ ഹൃദയോƒസി)

**രാജാ: ശഠ ഇതി മയി താവദസ്തു തേ പരിചയവത്യവധരീണാ പ്രിയേ!**
**ചരണപതിതയാ നചണ്ഡി! താം വിസൃജസി മേഖലയാപി യാചിതാ** 20

ഇരാവതീ: ഇഅം പി ഹദാസാ തുമം ഏവ്വ അണുകരേദി. (ഇയമപി ഹതാശാ ത്വമേവാനുകരോതി.)

(ഇതി രശനാമാദായ രാജാനം താഡയിതുമിച്ഛതി)

രാജാ: ഇയമിരാവതീ

**ബാഷ്പാസാരാ ഹേമകാഞ്ചീഗുണേന**
**ശ്രോണീബിംബാദവ്യപേക്ഷാച്യുതേന**
**ചണ്ഡീ ചണ്ഡം ഹന്തുമഭ്യുദ്യതാ മാം**
**വിദ്യുദ്ദാമ്നാ മേഘരാജീവ വിന്ധ്യം** 21

ഇരാവതീ: കിം മം ഏവ്വ ഭൂഓ വി അവരദ്ധം കരേസി (കിം മാമേവ ഭൂയോപ്യപരാദ്ധാം കരോഷി)

(ഇതി രശനാം ഹസ്തേനാവലംബതേ)

**രാജാ: അപരാധിനി മയി ദണ്ഡം സംഹരസി കിമുദ്യതം കുടിലകേശി!**
**വർദ്ധയസി വിലസിതം ത്വം ദാസജനായാത്ര കുപ്യസി ച** 22

നൂനമിദാനീമനുജ്ഞാതം. (ഇതി പാദയോഃ പതതി)

ഇരാവതീ: ഓഹോ! വെടി പറകായിട്ടുതന്നെ ഇരിക്കട്ടെ; ഞാൻ എന്തിനു വെറുതെ ശ്രമപ്പെടുന്നു? (ദേഷ്യപ്പെട്ടു പോകുന്നു.)

രാജാവ്: (പിന്നലെ ചെന്നിട്ട്) മനസ്സ് ദേഷ്യപ്പെടല്ലേ!

(ഇരാവതി ഒഡ്യാൺ ഊരിവീണു കാലിൽ തടഞ്ഞിട്ടും കൂട്ടാക്കാതെ നടക്കുന്നു.) സുന്ദരി! പ്രണയപ്രാർത്ഥന ഗണിക്കാതെ പോക ശരിയല്ല!

ഇരാവതീ: ശഠ! അങ്ങേ വിശ്വസിച്ചുകൂടല്ലോ!

രാജാവ്: **ചിരപരിചിതനായൊരെന്റെ നേരെ**
**ശഠനിവനെന്നു കയർത്തുകൊൾക! ചണ്ഡീ!**
**കനകരശന കാൽക്കൽ വീണിരന്നാൽ**
**കനിവു നിനക്കതിലും വരാത്തതെന്തേ?** 20

ഇരാവതീ: ഈ ശനിയും അങ്ങേയ്ക്കു തന്നെ അനുകൂലമായിരിക്കുന്നല്ലോ! (ഒഡ്യാണെടുത്ത് രാജാവിനെ അടിക്കാൻ ഓങ്ങുന്നു.)

രാജാവ്: ഇവൾ ഇതാ –

**കണ്ണീർപൊഴിച്ചു മഴപോലുടനൂരിവീണ**
**കാഞ്ചീഗുണം കലുഷമോടു കരത്തിലേന്തി**
**ഓങ്ങുന്നിതെന്നിൽ, മുകിൽമാല മുതിർന്ന തുങ്ഗ**
**ഭങ്ഗ്യാ തടിൽകൊടിയെ വിന്ധ്യനിലെന്നപോലെ.** 21

ഇരാവതീ: ഇനിയും അങ്ങ് എന്നെത്തന്നെ കുറ്റക്കാരിയാക്കുകയാണോ?

(ഓങ്ങിയ കൈ പിൻ വലിക്കുന്നു)

**രാജാവ്: കുറ്റത്തിനൊത്തപടി ശിക്ഷയെനിക്കു നൽകാൻ**
**ചെറ്റെന്തു നീ കുടിലകേശി! മടിപ്പതിപ്പോൾ?**
**ഏറ്റീടിലും ചടുലകോപമിവന്റെ നേരേ**
**യേറ്റം നിനക്കു വളരുന്നു വിലാസജാലം.** 22

(വിചാരം) ഇപ്പോൾ ഒരു വിധം സമാധാനപ്പെട്ടിരിക്കണം (കാൽക്കൽ വീഴുന്നു.)

ഇരാവതീ: ണ ഖു ഇമേ മാളവിആചലണാ, ജാ ദേ ഹരിസദോഹലം പുരഇസ്സന്ദി. (ഇതി നിഷ്ക്രാന്താ സഹ ചേട്യാ) (ന ഖലിമൗ മാളവികാ ചരണൗ, യൗ തേ ഹർഷദോഹദം പുരയിഷ്യതഃ)

വിദൂഷകഃ: ഉട്ഠേഹി. കിദപ്പസാദോƒസി. (ഉത്തിഷ്ഠ കൃതപ്രസാദോƒസി)

രാജാ: (ഉത്ഥായ ഇരാവതീമപശ്യൻ) കഥം ഗതൈവ പ്രിയാ?

വിദൂഷകഃ: വഅസ്സ! ദിട്ഠിആ ഇമസ്സ അവിണഅസ്സ അപ്പസണ്ണാ ഗദാ ഏസാ. ദാവ വഅം സിഗ്ഘം ഓസരാമ, ജാവ അംഗാരഓ വിഅ സാ അണുവക്കം ണ കരേദി. (വയസ്യ! ദിഷ്ട്യാനേനാവിനയയേനാപ്രസന്നാ ഗതൈഷാ. താവദാവാം ശീഘ്രമേവാപസരാവോ യാവദംഗാരക ഇവ സാനുവക്രം ന കരോതി)

രാജാ: അഹോ മനസിജവൈഷമ്യം!

**മന്യേ പ്രിയാഹൃതമനാസ്തസ്യാഃ പ്രണിപാതലംഘനം സേവാം**
**ഏവം ഹി പ്രണയവതീ സാ ശക്യമുപേക്ഷിതും കുപിതാ** 23

(ഇതി പരിക്രമ്യ നിഷ്ക്രാന്താഃ സർവ്വ)

**(ഇതി തൃതീയോƒങ്കഃ)**

ഇരാവതീ: ഇതു മാളവികയുടെ കാലല്ല; അതല്ലയോ അങ്ങേയ്ക്ക് സ്പർശദോഹദം തരേണ്ടത്? (നിപുണികയും ഒന്നിച്ചു പോയി)

വിദൂഷകൻ: ഓഹോയ്! ഇനി എഴീക്കാം! എഴീക്കാം! പ്രസാദം കിട്ടിക്കഴിഞ്ഞു.

രാജാവ്: (എഴുന്നേറ്റ് ഇരാവതി പോയതറിഞ്ഞിട്ട്) ഏയ്! പ്രിയ പൊയ്ക്കളഞ്ഞോ!

വിദൂഷകൻ: നമ്മുടെ ഭാഗ്യം! അധികപ്രസംഗം മുഴുത്തിട്ട് സമാധാന പ്പെടാതെതന്നെ പോയി. നമുക്ക് വേഗത്തിൽ ഇവിടെ നിന്നു കടന്നു കളയാം; പക്ഷേ, ചൊവ്വായെപോലെ അനുവക്രം ചെയ്തു മടങ്ങി വന്നേക്കും.

രാജാവ്: കാമന്റെ വിപരീതഗതി ആശ്ചര്യം തന്നെ,

**അക്കാന്തയാളെ നിരൂപിക്കവെ എൻപ്രാണമ**<br>
**മേൽക്കാതെയിക്കമനി പോയതനുഗ്രഹം താൻ;**<br>
**ധിക്കാരകൃത്യമിതു കാരണമാക്കി വച്ചു**<br>
**തത്കാലമിപ്രണയഖണ്ഡിതയെ ത്യജിക്കാം!** 23

(എല്ലാവരും പോയി)

**(മൂന്നാമങ്കം കഴിഞ്ഞു.)**

# ചതുർത്ഥോ $f$ങ്കഃ

(തതഃ പ്രവിശതി പര്യുത്സുകോ രാജാ പ്രതിഹാരീ ച.)

രാജാ: (ആത്മഗതം)

**താമാശ്രിത്യ ശ്രുതിപഥഗതാമാസ്ഥയാ ബദ്ധമൂലഃ**
**സംപ്രാപ്തായാം നയനവിഷയം രൂഢരാഗപ്രവാളഃ**
**ഹസ്തസ്പർശൈർമുകുളിത ഇവ വ്യക്തരോമോത്ഗമത്വാത്**
**കുര്യാത് കാന്തം മനസിജതരുർമാം രസജ്ഞം ഫലസ്യ 1**

(പ്രകാശം) സഖേ! ഗൗതമ!

പ്രതീഹാരീ: ജേദു ജേദു ഭട്ടാ. അസംണിഹിദോ ഗോദമോ.(ജയതു ജയതു ഭർത്താ അസന്നിഹിതോ ഗൗതമഃ)

രാജാ: (ആത്മഗതം) ആഃ! മാളവികാവൃത്താന്തജ്ഞാനായ മയാ പ്രേക്ഷിതഃ.

(പ്രവിശ്യ)

വിദൂഷകഃ: വഡ്ഢദു ഭവം (വർദ്ധതാം ഭവാൻ!)

രാജഃ ജയസേനേ! ജാനീഹി താവത്, ക്വ ദേവീ ധാരണീ, കഥം വാ സരജചരണത്വാദ്വിനോദ്യത ഇതി.

പ്രതീഹാരീ: ജം ദേവോ ആണവേദി. (യദ്ദേവ ആജ്ഞാപയതി)

(ഇതി നിഷ്ക്രാന്താ)

രാജാ: ഗൗതമ! കോ വൃത്താന്തസ്തത്രഭവത്യാസ്തേ സഖ്യാഃ!

വിദൂഷകഃ: ജോ ബിഡാലഗഹീദാ പരഹുദിആഎ. (യോ ബിഡാലഗൃഹീതായാഃ പരഭൃതികായാഃ).

രാജാ: (സവിഷാദം) കഥമിവ?

വിദൂഷകഃ: സാ ഖു തവസ്സിണീ താഏ പിംഗലച്ഛീഏ സാരഭണ്ഡ ഭൂമി ഗേഹേ മിച്ചുമുഹേ വിഅ ണിക്ഖിത്താ. (സാ ഖലു തപസ്വിനീ തയാ പിംഗലാക്ഷ്യാ സാരഭണ്ഡഭൂമിഗൃഹേ മൃത്യുമുഖ ഇവ നിക്ഷിപ്താ)

# നാലാമങ്കം

(അനന്തരം മനോരാജ്യഭാവത്തിൽ രാജാവ് പ്രവേശിക്കുന്നു. അരികിലായിട്ടു ജയസേന (ദ്വാരപാലിക)യും)

രാജാവ്: (വിചാരം)

**മുന്നം കേൾവികൾ കൊണ്ടറിഞ്ഞൊരവളെപ്പറ്റീട്ടു വേരൂന്നിപോൽ;**
**പിന്നെക്കണ്ടതു നേരമേറ്റിതുടനേരാഗപ്രവാളാങ്കുരം;**
**മന്ദം പൂണ്ടു കരങ്ങൾകൊണ്ടു തൊടവേരോമാഞ്ചപുഷ്പോദ്ഗമം;**
**നന്നായ് മന്മഥവൃക്ഷമെന്നെയറിയിക്കട്ടേ ഫലത്തിൻരുചി!**

(വെളിവായിട്ട്) സഖേ! ഗൗതമ! 1

ജയസേന: തമ്പുരാനു വിജയം! ഗൗതമൻ ഇവിടെയില്ല.

രാജാവ്: (വിചാരം) അയാളെ മാളവികയുടെ വർത്തമാനം അറിഞ്ഞു വരാൻ പറഞ്ഞുവല്ലോ!

വിദൂഷകൻ: (പ്രവേശിച്ചിട്ട്) തോഴർക്കു വിജയം!

രാജാവ്: ജയസേന! ദേവി എവിടെ ആണെന്നും, കാലിനു സുഖക്കേടാകയാൽ ഏതുവിധം നേരമ്പോക്കുന്നുവെന്നും ചെന്നറിഞ്ഞു കൊണ്ടു വരൂ!

ജയസേന: കല്പനപോലെ. (പോയി)

രാജാവ്: അങ്ങേത്തോഴിയുടെ സ്ഥിതിയെന്താണ്?

വിദൂഷകൻ: പൂച്ച പിടിച്ച കുയിലിന്റേതു തന്നെ.

രാജാവ്: (വിഷാദത്തോടെ) എങ്ങനെ?

വിദൂഷകൻ: പാവപ്പെട്ട ആ സാധുവിനെ ആ പൂച്ചക്കണ്ണി മൃത്യുമുഖതുല്യമായ ഈടുവെപ്പുമുറിയുടെ കല്ലറയിൽ അടച്ചിരിക്കുന്നു.

രാജാ: നനു മത്സമ്പർക്കമുപലഭ്യ?

വിദൂഷകഃ: അഹ ഇ (അഥ കിം)

രാജാ: ക ഏവം വിമുഖോ$f$സ്മാകം, യേന ചണ്ഡീകൃതാ ദേവീ?

വിദൂഷകഃ: സുണാദു ഭവം. പരിവ്വാജിആ മേ കഹേദി. ഹിഓ കില തത്തഹോദീ ഇരാവദീ രുജാവിഹത്ഥചലണം ദേവിം സുഹപുച്ഛി ആ ആഅദാ. (ശൃണോതു ഭവാൻ. പരിവ്രാജികാ മേ കഥയതി ഹ്യഃ കില തത്രഭവതീരാവതീ രുജാവിഹസ്തചരണാം ദേവീം സുഖപൃച്ഛികാഗതാ.)

രാജാ: തതസ്തതഃ

വിദൂഷകഃ: തദോ സാ ദേവീഏ പുച്ഛിദാ കിംണു ണ ഓലോ ഇദോവല്ലഹജണോ'ത്തി. തദോ താഏ ഉത്തം "കുദോ വാ ദേഉവആരോ? ജംദേ പരിഅണസ്സ വല്ലഹത്തണം ജാണന്തീ വിപുച്ഛസിത്തി. (തതഃ സാ ദേവ്യാ പൃഷ്ടാ കിം നു നാവലോകിതോ വല്ലഭജന' ഇതി. തതസ്തയോക്തം "കുതോ വാത ഉപചാരഃ? യത്തേ പരിജനസ്യ വല്ലഭത്വം ജാനത്യപി പൃച്ഛസി" ഇതി).

രാജാ: നിർഭേദാദൃതേ$f$പി മാളവികായാമയമുപന്യാസഃ ശങ്കയതി തതസ്തതഃ.

വിദൂഷകഃ: തദോ താഏ അണുബന്ധിജ്ജമാണാഏ ഭവദോ അവിണഅം അന്ദരേണ പരിഗഹിദത്ഥാ കിദാ ദേവി. (തതസ്തയാ ന ബധ്യമാനയാ ഭവതോ$f$വിനയമന്തരേണ പരിഗൃഹീതാർത്ഥാ കൃതാ ദേവീ.)

രാജാ: അഹോ! ദീർഘരോഷതാ തത്രഭവത്യാഃ അതഃപരം കഥയ.

വിദൂഷകഃ: കിം അദോ വരം? മാളവിആ ബഉളാവലിആ അ ണിഅള പദീഓ അദിട്ഠസുജ്ജപാദം പാദാളവാസം ണാഅകണ്ണാആഓ വിഅ അണുഹോന്തി. (കിമതഃപരം? മാളവികാ ബകുളാവലികാ ച നിഗള പദ്യാവദൃഷ്ടസൂര്യപാദം പാതാളവാസം നാഗകന്യകേ ഇവാനുഭവതഃ)

രാജാ: കഷ്ടം കഷ്ടം!

**മധുരസ്വരാ പരഭൃതാ ഭ്രമരീ ച വിബുദ്ധചൂതസംഗിന്യൗ**
**കോടരമകാലവൃഷ്ട്യാ പ്രബലപുരോവാതയാ ഗമിതേ** 2

വയസ്യ! അപ്യത്ര കസ്യചിദുപക്രമസ്യ ഗതിഃ സ്യാത്?

രാജാവ്: എന്റെ സ്പർശം ലഭിച്ച വകയ്ക്കോ?

വിദൂഷകൻ: അതെ!

രാജാവ്: ഗൗതമാ! ആരാണു എന്റെ പേരിൽ വിരോധം മുഴുത്തിട്ട് ദേവിയെ ഈ വിധം പറഞ്ഞിളക്കിവിട്ടത്?

വിദൂഷകൻ: അങ്ങു കേൾക്കണം! പരിവ്രാജിക എന്നോട് പറഞ്ഞ താണ്, 'ഇന്നലെ ദേവിയുടെ തൃക്കാലിലെ ആലസ്യം അന്വേഷിക്കുന്ന തിന് ശ്രീമതി ഇരാവതി ചെന്നിരുന്നു'.

രാജാവ്: എന്നിട്ടോ?

വിദൂഷകൻ: അപ്പോൾ ദേവി കല്പിച്ചു ചോദിച്ചു വല്ലഭനെ കാണാറില്ലേ? എന്ന്. അവൾ ഉത്തരം പറഞ്ഞു, "ഈ ഉപചാരം നിസ്സാരമാണ്; അവിടുത്തേപ്പരിജനത്തിനുള്ള വല്ലഭസ്ഥാനം അവിടെ അറിഞ്ഞില്ലന്നു വരുമോ?" എന്ന്.

രാജാവ്: തുറന്നു പറഞ്ഞില്ലങ്കിലും ഈ വാക്ക് മാളവികയെപറ്റി ശങ്ക ജനിപ്പിക്കുമല്ലോ! ആട്ടെ എന്നിട്ട്?

വിദൂഷകൻ: അനന്തരം ദേവി നിർബന്ധിച്ചപ്പോൾ അങ്ങ് കാണിച്ച അവിനയത്തെപ്പറ്റിയെല്ലാം പറഞ്ഞു കേൾപ്പിച്ചു.

രാജാവ്: അമ്പ! ഇരാവതി മനസ്സിൽ ഇത്ര ശല്യം വച്ചുകൊണ്ടിരു ന്നല്ലോ! അതിന്റെ ശേഷം പറയൂ!

വിദൂഷകൻ: അതിന്റെ ശേഷം എന്താണ്? മാളവികയും ബകുളാ വലികയും കാലിൽ വിലങ്ങിട്ട് സൂര്യരശ്മി കാണാതെ നാഗകന്യക കളെപ്പോലെ പാതാളവാസം അനുഭവിക്കുന്നു.

രാജാവ്: കഷ്ടം!

**മധുകരി പെൺകുയിൽതാനും മധുരം ശബ്ദിച്ചു മാവിൽ മേവുമ്പോൾ**
**വിടവിലവരെക്കരേറ്റീകൊടിയ കൊടുംകാറ്റിലേറ്റ പേമാരി** 2

തോഴരേ! വല്ല ഉപായത്തിനും വഴിയുണ്ടാവുമോ?

വിദൂഷകഃ: കഹം ഭവിസ്സദി? ജം സാരഭണ്ഡഘരഏ വാഉദാ മാഹവിആ ദേവീഏ സംദിട്ഠാ മഹ അംഗുലീഅഅമുദ്ദം അദേക്ഖിഅ ണ മോത്തവ്വാ തുഏ ഇഅം ഹദാസാ മാളവിആ ബഉളാവലിആ അത്തി. (കഥം ഭവിഷ്യതി? യത് സാരഭാണ്ഡഗൃഹേ വ്യാപൃതാ മാധവികാ ദേവ്യാ സന്ദിഷ്ടാമമാംഗുലീയകമുദ്രാമദൃഷ്ട്വാ ന മോക്തവ്യാ ത്വയേയം ഹതാശാ മാളവികാ ബകുളാവലികാ ചേതി)

രാജാ: (നിഃശ്വസ്യ, സപരാമർശം) സഖേ! കിമത്ര കർത്തവ്യം?

വിദൂഷകഃ: (വിചിന്ത്യ) അത്ഥി ഏത്ഥ ഉവാഓ (അസ്ത്യത്രോപായഃ)

രാജാ: ക ഇവ?

വിദൂഷകഃ: (സദൃഷ്ടിക്ഷേപം) കോ വിഅദിട്ഠോ സുണോദി. കണ്ണേ ദേ കഹേമി. (ഇത്യുപശ്ലിഷ്യ കർണ്ണേ) ഏവ്വം വിഅ.(കോƒപ്യദൃഷ്ടഃ ശൃണോതി. കർണ്ണേ തേ കഥയാമി. ഏവമിവ)

രാജാ: (സഹർഷം) സാധു! പ്രയുജ്യതാം സിദ്ധയേ.

(പ്രവിശ്യ)

പ്രതീഹാരീ: ദേവ! പവാദസഅണമ്മി ദേവി ണിസണ്ണാ രത്തചന്ദണ ധാരിണാ പരിഅണഹത്ഥഗദേണ ചലണേണ ഭഅവദീഏ കഹാഹിം വിണോദിജ്ജമാണാ ചിട്ഠദി. (ദേവ! പ്രവാതശയനേ ദേവീ നിഷണ്ണാ രക്തചന്ദനധാരിണാ പരിജനഹസ്തഗതേന ചരണേന ഭഗവത്യാ കഥാഭിർ വിനോദ്യമാനാ തിഷ്ഠതി)

രാജാ: അസ്മത് പ്രവേശയോഗ്യോ?യമവസരഃ.

വിദൂഷകഃ: താ ഗച്ഛദു ഭവം അഹം വി ദേവീം പേക്ഖിദും അരിത്തപാണീ ഭവിസ്സം (തത്ഗച്ഛതു ഭവാൻ. അഹമപി ദേവീം ദ്രഷ്ടുമരിക്തപാണിർഭവിഷ്യാമി).

രാജാ: ജയസേനായാസ്താവത് സംവേദ്യ ഗച്ഛ.

വിദൂഷകഃ: തഹ (കർണ്ണേ) ഭോദി! ഏവ്വം വിഅ (തഥാ ഭവതി! ഏവമിവ) (ഇതി നിഷ്ക്രാന്തഃ)

രാജാ: ജയസേനേ! തേന ഹി പ്രവാതശയനമാർഗ്ഗമാദേശയ

പ്രതീഹാരീ: ഇദോ ദേവോ. (ഇത ഇതോ ദേവഃ)

വിദൂഷകൻ: എങ്ങനെയുണ്ടാവും? ഈടുവെപ്പുമുറി സൂക്ഷിപ്പുകാരി യായ മാധവികയോടു ദേവി ചട്ടം കെട്ടിയിയിട്ടുള്ളത് ഇങ്ങനെയാണ്, "എന്റെ മുദ്രമോതിരം കണ്ടല്ലാതെ ആ അസത്തു മാളവികയെ നീ വിടരുത്!" എന്ന്.

രാജാവ്: (നെടുവീർപ്പുവിട്ട് ഓർത്തു നോക്കീട്ട്) ഇനി എന്താണു പ്രതിവിധി?

വിദൂഷകൻ: (ആലോചിച്ചിട്ട്) ഉപായമുണ്ടാക്കാം.

രാജാവ്: എന്തു മാതിരി?

വിദൂഷകൻ: (ചുറ്റും നോക്കീട്ട്) വല്ലവരും ഒളിഞ്ഞുനിന്നു കേട്ടേക്കും; അതുകൊണ്ടു ചെവിയിൽ പറയാം (അടുത്തുചെന്നു ചെവിയിൽ പറയുന്നു.)

രാജാവ്: നല്ല ആലോചന! പ്രയോഗിച്ചോളു! ഫലിക്കട്ടെ!

(ജയസേന പ്രവേശിക്കുന്നു. )

ജയസേന: തമ്പുരാനേ! മഹാരാജ്ഞി പ്രവാതശയനത്തിൽ എഴുന്നള്ളി യിരിക്കുന്നു; തൃക്കാലിൽ രക്തചന്ദനം തേച്ചിട്ട് പരിജനങ്ങൾ കൈ കൊണ്ടു താങ്ങിയിരിക്കുന്നു. ഭഗവതി അരികിലിരുന്നു കഥ പറഞ്ഞു വിനോദിപ്പിക്കുന്നുമുണ്ട്.

രാജാവ്: നമുക്കു ചെല്ലാൻ നല്ല അവസരമാണ്

വിദൂഷകൻ: അങ്ങോട്ടെഴുന്നള്ളണം! ഞാനും ദേവിയെ സന്ദർശിക്കുന്നതിന് വല്ല ഉപഹാരവും സമ്പാദിക്കട്ടെ.

രാജാവ്: ജയസേനയുടെ സംഗതി ഗ്രഹിപ്പിച്ചിട്ടു പൊയ്ക്കോളൂ!

(വിദൂഷകൻ ജയസേനയുടെ ചെവിയിൽ സ്വകാര്യം പറഞ്ഞിട്ടു പോയി)

പ്രവാതശയനത്തിലേക്കു വഴി കാണിക്കൂ.

ജയസേന: ഇതിലേ എഴുന്നള്ളാം!

(തതഃ പ്രവിശതി ശയനസ്ഥാ ദേവീ പരിവ്രാജികാ വിഭവതശ്ച പരിവാരഃ)

ദേവീ: ഭഅവദി! രമണിജ്ജം കഹാവത്ഥു തദോ തദോ? (ഭവതി! രമണീയം കഥാവസ്തു തതസ്തതഃ)

പരിവ്രാജികാ: (സദൃഷ്ടിക്ഷേപം) അതഃപരം പുനഃ കഥയിഷ്യാമി അത്ര ഭവാൻ വിദിശേശ്വരഃ സംപ്രാപ്തഃ.

ദേവീ: അമ്ഹോ! ഭട്ടാ (അഹോ! ഭർത്താ) (അഭ്യുത്ഥാതുമിച്ഛതി)

രാജാ: അലമലമുപചാരയന്ത്രണയാ.

**അനുചിതനൂപുരവിരഹം നാർഹസി തപനീയപീഠികാലംബം**
**ചരണം രുജാപരീതം കളഭാഷിണി! മാം ച പീഡിയിതും** 3

ദേവീ: ജേദു അജ്ജ ഉത്തോ (ജയത്വാര്യപുത്രഃ)

പരിവ്രാജികാ: വിജയതാം ദേവഃ.

രാജാ: (പരിവ്രാജികാം പ്രണമ്യോപവിശ്യ) ദേവി! അപി സഹ്യാ തേ വേദനാ?

ദേവീ: അജ്ജ അത്ഥി മേ വിസേസോ (അദ്യാസ്തി മേ വിശേഷഃ) (തതഃ പ്രവിശതി യജ്ഞോപവീതസംവീതാംഗുഷ്ഠഃ സംഭ്രാന്തോ വിദൂഷകഃ)

വിദൂഷകഃ: പരിത്താഅദു, പരിത്താഅദു സപ്പേണ മിച്ചുണാ ദട്ഠോമ്ഹി. (പരിത്രായതാം പരിത്രായതാം. സർപ്പേണ മൃത്യുനാ ദഷ്ടോ?സ്മി)

(സർവ്വേ വിഷണ്ണാഃ)

രാജാ: കഷ്ടം കഷ്ടം! ക്വ ഭവാൻ പരിഭ്രാന്തഃ?

വിദൂഷകഃ: ദേവീ ദേക്ഖിസ്സംതി ആആരപുപ്ഫഗ്ഗഹണ കാലണാദോ പമദവണം ഗദോമ്ഹി (ദേവീം ദ്രക്ഷ്യാമീത്യാചാരപുഷ്പഗ്രഹണ കാരണാത് പ്രമദവനം ഗതോ$f$സ്മി)

ദേവീ: ഹദ്ധി ഹദ്ധി! ണം, അഹം ഏവ്വ ബമ്ഹണസ്സ ജീവിദസംസഅ ണിമിത്തം ജാദമ്ഹി. (ഹാ ധിക് ഹാ ധിക്! നന്വഹമേവ ബ്രാഹ്മണസ്യ ജീവിതസംശയനിമിത്തം ജാതാസ്മി)

(അനന്തരം മെത്തയിൽ ഇരുന്നുംകൊണ്ട് ദേവിയും അരികിൽ പരിവ്രാജികയും പരിജനങ്ങളും പ്രവേശിക്കുന്നു)

ധാരിണി: കഥ വളരെ രസകരമായിരിക്കുന്നു. ഉം പിന്നെ!

പരിവ്രാജിക: (കണ്ണുകാണിച്ചിട്ട്) ഇതിനുശേഷം പിന്നെപ്പറയാം ഇതാ, മഹാരാജാവു വരുന്നു!

ധാരിണി: ഏയ്! ആര്യപുത്രനോ? (എഴുന്നേൽക്കാൻ ഭാവിക്കുന്നു)

രാജാവ്: വേണ്ടാ! വേണ്ടാ! ഉപചാരം ആവശ്യമില്ല.

**ശീലായ്മയാൽ ശീലിതപൂർവ്വമായ ചിലങ്കയൂരിക്കനകാസനത്തിൽ**
**അർപ്പിച്ച പാദത്തിലുമെന്നിലും നീയല്ലിക്കൊലാ നൊമ്പലമുത്പലാക്ഷി! 3**

ധാരിണി: ആര്യപുത്രനു വിജയം!

പരിവ്രാജിക: ദേവനു വിജയം!

രാജാവ്: (പരിവ്രാജികയെ വന്ദിച്ചതിനുശേഷം ഇരുന്നിട്ട്) ദേവി! വേദനയ്ക്ക് ആശ്വാസമുണ്ടോ?

ധാരിണി: ഇപ്പോൾ കുറെ ഭേദമുണ്ട്.

(അനന്തരം പെരുവിരൽ പുണൂനൂലുകൊണ്ടു വരിഞ്ഞുകെട്ടിക്കൊണ്ട് സംഭ്രമത്തോടെ വിദൂഷകൻ പ്രവേശിക്കുന്നു)

വിദൂഷകൻ: അയ്യയ്യോ! എന്നെപ്പാമ്പു കടിച്ചേ!

(എല്ലാവരും വിഷാദിക്കുന്നു)

രാജാവ്: കഷ്ടം! അങ്ങെവിടെയാണു പോയത്?

വിദൂഷകൻ: ദേവിയെ സന്ദർശിക്കുന്നതിലേക്ക് ഉപഹാരത്തിനു പൂ പറിക്കാൻ പ്രമദവനത്തിൽ പോയിരുന്നു. എന്നെ രക്ഷിക്കണേ! രക്ഷിക്കണേ!

ധാരിണി: ശിവ!ശിവ! ബ്രാഹ്മണനു ജീവിതസന്ദേഹം വരുത്തിവെക്കുന്നതിൽ ഞാനോ ഹേതുവായത്?

വിദൂഷകഃ: തഹിം അസോഅത്ഥവ അകാലണാദോ പസാരിദേ മേഹത്ഥേ കോഡരണിഗ്ഗദേണ സപ്പരുവേണ കാലേണ ദട്ഠോമ്ഹി. ണം എദേ ദുവേ ദംസണപദാണി (തസ്മിന്നശോകസ്തബകകാരണാത് പ്രസാരിതേ മേ ഹസ്തേ കോടരനിർഗ്ഗേതേന സർപ്പരൂപിണാ കാലേന ദഷ്ടോ?സ്മി നന്വേതേ ദ്വേ ദംശപദേ)

(ഇതി ദംശം ദർശയതി)

പരിവ്രാജികാ: തേന ഹി ദംശച്ഛേദഃ പൂർവ്വകർമ്മേതി ശ്രൂയതേ. സ താവദസ്യ ക്രിയതാം.

**ഛേദോ ദംശസ്യ ദാഹോ വാ ക്ഷതേർവാ രക്തമോക്ഷണം**
**ഏതാനി ദഷ്ടമാത്രാണാമായുഷ്യാഃ പ്രതിപത്തയഃ** **4**

രാജാ: സംപ്രതി വിഷവൈദ്യാനം കർമ്മ. ജയസേനേ! ക്ഷിപ്രമാഹൂയതാം ധ്രുവസിദ്ധിഃ.

പ്രതീഹാരീ: ജംദേവോ ആണവേദി (യദ്ദേവ ആജ്ഞാപയതി) (ഇതി നിഷ്ക്രാന്താ)

വിദൂഷകഃ: അഹോ! പാവേണ മിച്ചുണാ ഗഹീദോമ്ഹി (അഹോ പാപേന മൃത്യുനാ ഗൃഹീതോƒസ്മി)

രാജാ: മാ കാതരോ ഭൂഃ. അവിഷോ!?പി കദാചിദ്ദംശോ ഭവേത്.

വിദൂഷകഃ: കുഹം ണ ഭാഇസ്സം? സിമസിമാഅന്തി മേ അംഗാഇം. (കഥം ന ഭേഷ്യാമി? സിമസിമായന്തി മേ?ംഗാനി)

(ഇതി വിഷവേഗം രൂപയതി)

ദേവീ: ഹാ! ദംസിദം അസുഹം വിആരേണ ഹളാ! ഓലംഭഹണം (ഹാ! ദർശിതമശുഭം വികാരേണ. ഹളാ അവലംബധ്വമേനം).

(പരിജനഃ സസംഭ്രമമവലംബതേ)

വിദൂഷകഃ: (രാജാനം വിലോക്യ) ഭോ! ഭവദോ ബാല്ലാദോ വിപിഅവ അസ്സോമ്ഹി. തം വിആരിഅ അവുത്താഏ മേ ജണിണീഏ ജോഗക്ഖേമം വഹേഹി. (ഭോഃ ഭവതോ ബാല്യാദപി പ്രിയവയസ്യോƒസ്മി. തദിചാര്യാപുത്രായാ മേ ജനന്യാ യോഗക്ഷേമം വഹ)

വിദൂഷകൻ: അവിടെ അശോകത്തിൽനിന്നും പൂങ്കുല പറിക്കാനായിട്ടു ഞാൻ കൈയെത്തി നിട്ടീയപ്പോൾ പോട്ടിൽനിന്നു സർപ്പരൂപനായ കാലൻ എന്നെക്കടിച്ചു. ഇതാ! രണ്ടു പല്ലിന്റെ പാടുകിടക്കുന്നു. (കൈ നീട്ടിക്കാണിക്കുന്നു)

പരിവ്രാജിക: എന്നാൽ കടിച്ചിടം വെച്ചു മുറിച്ചുകളയണമെന്നാണു വിധി; അതു ചെയ്കതന്നെ!

**ദംശം ഛേദിക്ക, പൊള്ളിക്ക മുറിവിൽ ചോര ചോർത്തുക**
**കടിച്ച മാത്രയിൽ ചെയ്താലിതു മൂന്നും ഫലപ്പെടും** 4

രാജാവ്: ഇനിയത്തെ ക്രിയ വിഷവൈദ്യൻ ചെയ്യേണ്ടതാണ്. ജയസേന! വേഗത്തിൽ ധ്രുവസിദ്ധിക്ക് ആളയയ്ക്കൂ!

ജയസേന: കല്പനപോലെ (പോയി)

വിദൂഷകൻ: കഷ്ടം! ക്രൂരനായ മൃത്യൂ എന്നെപ്പിടികൂടി.

രാജാവ്: ഭയപ്പെടേണ്ട! പാമ്പു കടിച്ചാലും വിഷപ്പല്ലു പെട്ടാലേ വിഷമുള്ളൂ.

വിദൂഷകൻ: ഞാൻ എങ്ങനെ ഭയപ്പെടാതിരിക്കും? എന്റെ ശരീരം ആസകലം ചിമിചിമാ എന്നു തരിക്കുന്നു. (വിഷവേഗം ഭാവിക്കുന്നു)

ധാരിണി: ഹാ!ഹാ! വിഷവികാരം മുർച്ഛിക്കുന്നു; നോക്കിൻ! ഇയാളെ താങ്ങിക്കൊൾവിൻ!

(പരിജനങ്ങൾ വിദൂഷകനെ താങ്ങിപ്പിടിക്കുന്നു)

വിദൂഷകൻ: (രാജാവിന്റെ നേരേ നോക്കീട്ട്) ബാല്യം മുതലേ ഞാൻ അങ്ങേടെ ഇഷ്ടതോഴരാണെല്ലോ! അതു വിചാരിച്ചിട്ട് എന്റെ പാവപ്പെട്ട അമ്മയെ നോക്കിക്കൊള്ളണേ!

രാജാ: മാ ഭൈഷീഃ അചിരാത് ത്വാം വിഷവൈദ്യശ്ചികിത്സതേ സ്ഥിരോ ഭവ.

(പ്രവിശ്യ)

ജയസേനാ: ദേവ! ആണാവിദോ ധ്രുവസിദ്ധീ വിണ്ണാവേദി ഇഹ ഏവ്വ ആണീഅദു സോ ഗോദമോത്തി (ദേവ! ആജ്ഞാപിതോ ധ്രുവസിദ്ധിർ വിജ്ഞാപയതി ഇഹൈവാനീയതാം സ ഗൗതമ ഇതി)

രാജാ: തേന ഹി വർഷവരപരിഗൃഹീതമേനം തത്രഭവതഃ സകാശം പ്രാപയ.

ജയസേനാ: തഹ. (തഥാ)

വിദൂഷകഃ: (ദേവീം വിലോക്യ) ഭോദി! ജീവോഅം വാ ണ വാ. ജം മഏ അത്തഭവന്ദം സേവമാണേണ ദേ അവരദ്ധം, തം മരിസേഹി. (ഭവതി! ജീവേയം വാ ന വാ. യന്മയാത്രഭവന്തം സേവമാനേന തേƒപരാദ്ധം, തന്മൃഷ്യസ്വ)

ദേവീ: ദീഹാഊ ഹോഹി (ദീർഘായുർഭവ)

(നിഷ്ക്രാന്തോ വിദൂഷകഃ പ്രതീഹാരീ ച.)

രാജാ: പ്രകൃതിഭീരുസ്തപസ്വീ ധ്രുവസിദ്ധിമപി യഥാർത്ഥനാമാനം സിദ്ധിമന്തം ന മന്യതേ.

(പ്രവിശ്യ)

ജയസേനാ: ജേദു ഭട്ടാ. ധുവസിദ്ധീ വിണ്ണവേദി ഉദകുംഭവിഹാണേണ സപ്പമുദ്ദിഅം കിംവി കപ്പിദവ്വം. തം അണ്ണേ സീ അദുത്തി. (ജയതു ഭർത്താ. ധ്രുവസിദ്ധിർവിജ്ഞാപയതി ഉദകുംഭവിധാനേന സർപ്പമുദ്രിതം കിമപി കല്പയിതവ്യം. തദന്വിഷ്യതാമിതി)

ദേവീ: ഇദം സപ്പമുദ്ദിഅം അംഗുലീഅഅം പച്ഛാ മമ ഹത്ഥേ ദേഹിണം. (ഇദം സർപ്പമുദ്രിതമംഗുലീയകം പശ്ചാന്മമ ഹസ്തേ ദേഹ്യേ-തത്) (ഇത്യംഗുലീയകം ദദാതി. പ്രതിഹാരീ നാട്യേന ഗൃഹ്ണാതി)

രാജാ: ജയസേനേ! കർമ്മസിദ്ധാവാശു മാം പ്രതിപത്തിം നയ.

ജയസേനാ: ജം ദേവോ ആണവേദി (യദ്ദേവ ആജ്ഞാപയതി) (ഇതി നിഷ്ക്രാന്താ)

രാജാവ്: പേടിക്കേണ്ടാ! വിഷവൈദ്യൻ ഇപ്പോൾ അങ്ങേ ചികിത്സിക്കും; ധൈര്യമായിരിക്കൂ;

ജയസേന: (പ്രവേശിച്ചിട്ട്) ധ്രുവസിദ്ധി വിജ്ഞാപനം ചെയ്യുന്നു: ഗൗതമനെ ഇങ്ങോട്ടുതന്നെ അയയ്ക്കണം എന്ന്.

രാജാവ്: എന്നാൽ അന്തഃപുരത്തിലെ പരിചാരകന്മാരെക്കൊണ്ടെടുപ്പിച്ച് ഇദ്ദേഹത്തെ വൈദ്യന്റെ അടുക്കൽ കൊണ്ടു ചെന്നാക്കൂ.

ജയസേന: ഇറാൻ!

വിദൂഷകൻ: (ദേവിയുടെ നേരെ നോക്കീട്ട്) ശ്രീമതി! ഞാൻ ജീവിച്ചെങ്കിലുമായി, ഇല്ലെങ്കിലുമായി! മഹാരജാവിന്റെ സേവനിമിത്തം ഞാൻ എന്തെങ്കിലും അവിടേക്ക് അപരാധം ചെയ്തിട്ടുണ്ടെങ്കിൽ അതെല്ലാം ക്ഷമിക്കണേ!

ധാരിണി: അങ്ങ് ദീർഘായുസ്സായിരിക്കും!

(വിദൂഷകനും ജയസേനനും പോയി)

രാജാവ്: ഭീരുസ്വഭവം ഈ സാധുവിനു ജന്മസിദ്ധമാണ്; യഥാർത്ഥനാമധേയനായ ധ്രുവസിദ്ധിയെപ്പോലും ഇയാൾക്കു വിശ്വാസമില്ല.

ജയസേന: (പ്രവേശിച്ചിട്ട്) തമ്പുരാനു വിജയം! ധ്രുവസിദ്ധി ഉണർത്തിക്കുന്നു: വെള്ളമോതി ഒഴിക്കുന്നതിന് ഒരു സർപ്പമുദ്ര തേടിക്കൊണ്ടു കൊടുക്കണം എന്ന്

ധാരിണി: ഇതാ സർപ്പമുദ്രയുള്ള മോതിരം; ആവശ്യം കഴിഞ്ഞാൽ എന്റെ കൈയിൽ ഏല്പിക്കണം! (ഊരിക്കൊടുക്കുന്നു.)

(ജയസേന അതു വാങ്ങുന്നു)

രാജാവ്: ജയസേനേ! കാര്യം ഫലിച്ചാൽ ഉടൻവന്നറിവു തരണം!

ജയസേന: കല്പനപോലെ (പോയി)

പരിവ്രാജികാ: ദേവ! യഥാ മേ ഹൃദയമാചഷ്ടേ തഥാ നിർവ്വിഷോ ഗൗതമഃ.

രാജാ: ഭൂയാദേവം.

ജയസേനാ: (പ്രവിശ്യ) ദേവ! ണിവുത്തവിസവേഗോ ഗോദമോ മുഹുത്തേണ പകിദിത്ഥോ സംവുത്തോ. (ദേവ! നിവൃത്തവിഷവേഗോ ഗൗതമോ മുഹൂർത്തേന പ്രകൃതിസ്ഥഃ സംവൃത്തഃ).

ദേവീ: ദിട്ഠിആ വഅണീആദോ മുത്തമ്ഹി (ദിഷ്ട്യാ വചനീയാ-ന്മുക്താസ്മി)

ജയസേനാ: ഏസോ ഉണ അമച്ചോ വാഹതഓ വിണ്ണാവേദി രാഅകജ്ജം ബഹുമന്തിദവ്വം ദംസണേണ അണുഗ്ഗഹം ഇച്ഛാമി ത്തി. (ഏഷ പുനരമാത്യോ വാഹതവോ വിജ്ഞാപയ്തി രാജകാര്യം ബഹുമന്ത്രയിതവ്യം ദർശനേനാനുഗ്രഹമിച്ഛാമി ഇതി)

ദേവീ: ഗച്ഛദു അജ്ജ!ഉത്തോ കജ്ജസിദ്ധീഏ. (ഗച്ഛത്വാര്യപുത്രഃ കാര്യസിദ്ധയേ).

രാജാ: (ഉത്ഥായ) ദേവി! ആതപക്രാന്തോƒയമുദ്ദേശഃ. ശീതക്രിയാ ചാസ്യ പ്രശസ്താ. തദന്യത്ര നീയതാം ശയനം.

ദേവീ: ബാലിആഓ! അജ്ജഉത്തവഅണം അണുചിട്ഠഹ (ബാലികാഃ! ആര്യപുത്രവചനമനുതിഷ്ഠത).

പരിജനഃ: തഹ (തഥാ)

(നിഷ്ക്രാന്താ ദേവീ പരിവ്രാജികാ പരിജനശ്ച)

രാജാ: ജയസേനേ! ഗൂഢപഥേന മാം പ്രമദവനം പ്രാപയ.

ജയസേനാ: ഇദോ ഇദോ ദേവോ (ഇത ഇതോ ദേവഃ)

രാജാ: (പരിക്രമ്യ) ജയസേനേ! നനു സമാപ്തകൃത്യോ ഗൗതമഃ?

ജയസേനാ: അഹ ഇം? (അഥ കിം?)

രാജാ: **ഇഷ്ടാധിഗമനനിമിത്തം പ്രയോഗമേകാന്തസാധുമപി മത്വാ**
**സംദിഗ്ദ്ധമേവ സിദ്ധൗ കാതരമാശങ്കതേ ചേതഃ** 5

പരിവ്രാജിക: എനിക്കു തോന്നുന്ന ഭൂതോദയം ഗൗതമന് വിഷം പിടി പെട്ടിട്ടില്ലെന്നാണ്!

രാജാവ്: അങ്ങനെ തന്നെ ഫലിക്കട്ടെ.

ജയസേന: (പ്രവേശിച്ചിട്ട്) തമ്പുരാനു വിജയം! ഗൗതമനു വിഷമിറങ്ങി; പതിവുമട്ടിലായി

ധാരിണി: ഭാഗ്യം! എനിക്ക് അപവാദം കൂടാതെ കഴിഞ്ഞു.

ജയസേന: ഇതാ, മന്ത്രിഅവർകൾ വാഹതകൻ എജമാനൻ ഉണർത്തിക്കുന്നു: രാജ്യകാര്യം പലതും ബോധിപ്പിക്കേണ്ടതുണ്ട്; അതിനാൽ ദർശനം കിട്ടുന്നതിനു തിരുവുള്ളമുണ്ടാകണം എന്ന്.

ധാരിണി: എന്നാൽ ആര്യപുത്രൻ അങ്ങോട്ടു ചെല്ലണം; കാര്യസിദ്ധിയുണ്ടാകട്ടെ!

രാജാവ്: ദേവീ! ഇവിടെ വെയിലിന്റെ ഉപദ്രവം വരുന്നു ഈ സുഖക്കേടിനു വേണ്ടതു ശീതോപചാരവുമാണ്; അതിനാൽ കിടക്ക ഇവിടെ നിന്നു മാറ്റണം.

ധാരിണി: പെണ്ണുങ്ങളേ! ആര്യപുത്രൻ പറഞ്ഞതുപോലെ ചെയ്വിൻ.

പരിജനങ്ങൾ: ഇറാൻ

(ധാരിണിയും പരിജനങ്ങളും പരിവ്രാജികയും പോയി)

രാജാവ് : ജയസേനേ! എനിക്ക് ഊടുവഴിയായി പ്രമദവനത്തിലേക്കു പോകണം!

ജയസേന: ഇതാ ഇതിലേ എഴുന്നള്ളാം!

രാജാവ്: (ചുറ്റിനടന്നുകൊണ്ട്) ജയസേനേ! ഗൗതമൻ കാര്യമൊക്കെ ഭദ്രമാക്കിയോ?

ജയസേന: ഇറാൻ!

**രാജാവ്: ചിന്തിച്ച കാര്യത്തിനു ചെയ്ത ചാരു**
**തന്ത്രം ഫലിക്കുന്നതിലല്ല തർക്കം;**
**എന്നാലുമാശങ്കകൾപൂണ്ട് ചിത്തം**
**സന്ദിഗ്ദ്ധമായ് സിദ്ധിയെയോർത്തിടുന്നു** 5

(പ്രവിശ്യ)

വിദൂഷകഃ: ജം ദേവോ ആണവേദി (യദ്ദേവ ആജ്ഞാപയതി)

(ഇതി നിഷ്ക്രാന്താ)

രാജാ: വയസ്യ! ക്ഷുദ്രാ മാധവികാ ന ഖലു കിഞ്ചിദ്വിചാരിതമനയാ?

വിദൂഷകഃ: ദേവീഏ അംഗുലീഅഅമുദ്ദിഅം ദേക്ഖിഅ കഹം വിആരേദി? (ദേവ്യാ അംഗുലീയകമുദ്രാം ദൃഷ്ട്വാ കഥം വിചാരയതി?)

രാജാ: ന ഖലു മുദ്രാധികൃത്യ ബ്രവീമി തയോർബദ്ധയോഃ കിം നിമിത്തോ?യം മോക്ഷഃ? കിം വാ ദേവ്യാഃ പരിജനമതിക്രമ്യ ഭവാൻ സംദിഷ്ടഃ? ഇത്യേവമനയാ പ്രഷ്ടവ്യം.

വിദൂഷകഃ: ണം പുച്ഛിദോമ്ഹി. പച്ചുപ്പണ്ണബുദ്ധിണാ മഏ കഹിദം. (നനു പൃഷ്ടോ?സ്മി. പ്രത്യുത്പന്നബുദ്ധിനാ മയാ കഥിതം)

രാജാ: കഥ്യതാം.

വിദൂഷകഃ: ഭണിദം മഏ ദേവ്വചിന്തഏഹിം വിണ്ണാവിദോ രാആ സോവസഗ്ഗം വോ ണക്ഖത്തം. സവ്വബന്ധണമോക്ഖോ കരീഅദു ത്തി. തം സുണിഅ ദേവീഏ ഇരാവദീഏ ചിത്തം രക്ഖന്ദീഏ രാആ കില മോഏദി ത്തി തുമം ഏവ്വണം മോ ഏഹി'ത്തി അഹം സംദിട്ഠോമ്ഹി"ത്തി. തദോ ജുജ്ജദി ത്തി താഏ സമ്പാദിദോ അർത്ഥോ. (ഭണിതം മയാ ദൈവചിന്തകൈർവിജ്ഞാപിതോ രാജാ സോപസർഗ്ഗം വോ നക്ഷത്രം സർവ്വബന്ധനമോക്ഷഃ ക്രിയതാമിതി. തച്ഛ്രുത്വാ ദേവ്യേരാവത്യാശ്ചിത്തം രക്ഷന്ത്യാ രാജാ കില മോചയതീതി ത്വമേവൈനാം മോചയേ ത്യഹം സന്ദിഷ്ടോ?സ്മീതി. തതോ യുജ്യത ഇതി തയാ സമ്പാദി തോ?ർത്ഥഃ)

രാജാ: (വിദൂഷകം പരിഷ്വജ്യ) സഖേ! പ്രിയോ?ഹം തവ.

**നഹി ബുദ്ധിഗുണേനൈവ സുഹൃദാമർത്ഥദർശനം**
**കാര്യസിദ്ധിപഥഃ സൂക്ഷ്മഃ സ്നേഹേനാപ്യുപലഭ്യതേ** 6

വിദൂഷകൻ: (പ്രവേശിച്ചിട്ട്) അങ്ങേക്കു വിജയം! എന്റെ മംഗളകാര്യമെല്ലാം സിദ്ധിച്ചു.

രാജാവ്: ജയസേനേ! നിന്റെ ജോലിക്കു പൊയ്ക്കൊള്ളൂ.

ജയസേനേ: കല്പനപോലെ. (പോയി)

രാജാവ്: തോഴരേ മാധവിക അന്തസ്സാരമില്ലാത്തവളാണ്; അവൾക്കൊട്ടും ശങ്ക തോന്നിയില്ലല്ലോ.

വിദൂഷകൻ: ദേവിയുടെ മുദ്രമോതിരം കണ്ടാൽ പിന്നെ ശങ്കിക്കാൻ വല്ലതുമുണ്ടോ?

രാജാവ്: മുദ്രയെപ്പറ്റിയല്ല ഞാൻ പറഞ്ഞത്; തടവിൽ പാർപ്പിച്ചിരുന്നവരെ എന്തിനാണിങ്ങനെ വിടുവിക്കുന്നത്? സ്വന്തം പരിജനങ്ങളുള്ളപ്പോൾ അവരെ വിട്ടുംവെച്ച് ദേവി അങ്ങേ പറഞ്ഞയയ്ക്കാൻ സംഗതി എന്ത് എന്നും മറ്റും അവൾക്കു ചോദിക്കാൻ വകയുണ്ടല്ലോ!

വിദൂഷകൻ: ആ ചോദ്യം ഉണ്ടായല്ലോ! എനിക്ക് അതിന് തത്കാലം കണക്കായിട്ടുത്തരം തോന്നി; പറയുകയും ചെയ്തു: ജ്യോത്സ്യന്മാർ മഹാരാജാവിനെ ഉണർത്തിച്ചു തിരുമനസ്സിലെ ജന്മനക്ഷത്രത്തിന് ഇപ്പോൾ ചാരവശാൽ ദോഷഫലമാണ്; അതുകൊണ്ട് സർവ്വബന്ധമോക്ഷത്തിന് കല്പനകൊടുക്കണം എന്ന്. അതു കേട്ടിട്ട് ധാരണീദേവി അരുളിച്ചെയ്തു: "ഇരാവതിക്ക് വല്ലായ്മ തോന്നിയേക്കും. മഹാരാജാവ് ചെയ്യുന്നതായിട്ടിരുന്നോട്ടേ. അതു കൊണ്ട് അങ്ങുതന്നെ ചെന്ന് വിടുവിച്ചേക്കൂ!" എന്ന്. ഇതാണ് എന്നെ കല്പിച്ചയയ്കാനുള്ള കാരണം. അവൾ ഇതുകേട്ട് ശരി എന്നു പറഞ്ഞ് കാര്യവും നടത്തി.

രാജാവ്: (വിദൂഷകനെ ആലിംഗനം ചെയ്തിട്ട്) തോഴരേ അങ്ങ് എന്റെ പ്രാണസ്നേഹിതനല്ലയോ.

**മേധാബലം മാത്രമല്ല സാധകം കാര്യസിദ്ധിയിൽ**
**സ്നേഹവും വഴികാണിക്കും സുഹൃത്കാര്യങ്ങൾ നേടുവാൻ** 6

വിദൂഷകഃ: തുവരദു ഭവം. സമുദ്ദഘരഏ സഹീസഹിദം മാളവിഅം ഠാവിഅ ഭവന്ദം പച്ചുഗ്ഗദോമ്ഹി. (ത്വരതാം ഭവാൻ സമുദ്രഗൃഹേ സഖീ സഹിതാം മാളവികാം സ്ഥാപയിത്വാ ഭനന്തം പ്രത്യുദ്ഗതോ$f$സ്മി)

രാജാ: അഹമേനാം സംഭാവയാമി. ഗച്ഛാഗ്രതഃ.

വിദൂഷകഃ: ഏദു ഭവം (പരിക്രമ്യ) ഇദം സമുദ്ദഘരഅം (ഏതു ഭവാൻ. ഇദം സമുദ്രഗൃഹകം)

രാജാ: (സാശങ്കം) വയസ്യ! ഏഷാ കുസുമാപചയവ്യഗ്രഹസ്താ സഖ്യാസ്തേ ഇരാവത്യാഃ പരിചാരികാ ചന്ദ്രികാ സമാഗച്ഛതി. ഇതസ്താവദാവാം ഭിത്തിഗൂഢൗ ഭവാവഃ.

വിദൂഷകഃ: അഹോ! കുംഭീലഏഹിം കാമുഏഹിം വി പരിഹരണിജ്ജാ ഖു ചന്ദിആ (അഹോ! കുംഭീലകൈഃ കാമുകൈരപി പരിഹരണീയാ ഖലു ചന്ദ്രികാ).

(ഉഭൗ യഥോക്തം കുരുതഃ)

രാജാ: ഗൗതമ! കഥം നു തേ സഖീ മാം പ്രതിപാലയതി? ഏഹ്യേനാം ഗവാക്ഷമാശ്രിത്യാവലോകയാവഃ.

വിദൂഷകഃ: തഹ (തഥാ).

(ഉഭൗ വിലോകയന്തൗ തിഷ്ഠതഃ. തതഃ പ്രവിശതി മാളവികാ ബകുളാവലികാ ച.)

ബകുളാവലികാ: ഹളാ! പണമ ഭട്ടാരം (ഹളാ! പ്രണമ ഭർത്താരം).

മാളവികാ: (സഹർഷം) ണമോ ദേ കഹിം ഭട്ടാ? (നമസ്തേ. കുത്ര ഭർത്താ?)

ബകുളാവലികാ: ദുവാരഗദാ ഭവിഅ പിട്ഠദോ ദേക്ഖിസ്സസി(ദ്വാരഗതാ ഭൂത്വാ പൃഷ്ടതോ ദ്രക്ഷ്യസി)

രാജാ: മന്യേ പ്രതികൃതിം മേ ദർശിയതീതി

മാളവികാ: (ദ്വാരമവലോക്യ സവിഷാദം) ഹളാ! വിപ്പലംഭേസി മം (ഹളാ! വിപ്രലംഭയസി മാം)

രാജാ: സഖേ! ഹർഷവിഷാദാഭ്യാമത്രഭവത്യാഃ പ്രീതോ$f$സ്മി.

**സൂരര്യോദയേ ഭവതി യാ സൂര്യാസ്തമയേ ച പുണ്ഡരീകസ്യ**
**വദനേന സുവദനായാസ്തേ സമവസ്ഥേ ക്ഷണാദൂഢേ** 7

വിദൂഷകൻ: വേഗത്തിലാവട്ടെ! മാളവികയെ സഖിയും ഒന്നിച്ച് ഞാൻ സമുദ്രഗൃഹത്തിലാക്കീട്ട് അങ്ങേ എതിരേല്ക്കാനായി ഇങ്ങോട്ടു വന്നതാണ്.

രാജാവ്: ഞാൻ അവളെ ചെന്നു സത്കരിക്കാം; മുൻപേ നടക്കൂ! നമുക്കു പോവുക!

വിദൂഷകൻ: എഴുന്നള്ളണം! (ചുറ്റിനടന്നിട്ട്) ഇതാ സമുദ്രഗൃഹം!

രാജാവ്: (ആശങ്കയോടെ) ഇതാ ഇരാവതിയുടെ പരിചാരികയായ ചന്ദ്രികയാണെന്നു തോന്നുന്നു; പൂവും പറിച്ചുകൊണ്ട് ഈ വഴിവരുന്നു. നമുക്ക് ഈ ഭിത്തിയുടെ മുൻവശം മറഞ്ഞുനിൽക്കാം.

വിദൂഷകൻ: കള്ളന്മാരും കാമുകന്മാരും ചന്ദ്രികയെ പരിഹരിക്കണമല്ലോ!

(രണ്ടുപേരും മറഞ്ഞുനിൽക്കുന്നു. അനന്തരം മാളവികയും ബകുളാവലികയും പ്രവേശിക്കുന്നു)

ബകുളാവലിക: സഖീ! തമ്പുരാനെ വന്ദിക്കൂ!

രാജാവ്: എന്റെ ചിത്രം കാണിക്കയാണെന്നു തോന്നുന്നു.

മാളവിക: (സന്തോഷത്തോടെ) തിരുമേനിക്ക് നമസ്കാരം!(വാതിൽക്കലേക്കു നോക്കീട്ടു വിഷാദത്തോടെ) തമ്പുരാനെവിടെ? നീ എന്നെ കളിപ്പിക്കയാണ്.

രാജാവ്: തോഴരേ! ശ്രീമതിയുടെ സന്തോഷവിഷാദങ്ങൾ കണ്ടിട്ട് എനിക്കു പ്രീതിയായി.

**സൂര്യോദയസമയത്തും സൂര്യാസ്തമയത്തിലും സരോജത്തിൽ**
**ഉളവാമവസ്ഥ രണ്ടും വെളിവായ് സുമുഖീമുഖത്തു നിമിഷത്തിൽ** 7

ബകുളാവലികാ: ണം ഏസോ ചിത്തഗദോ ഭട്ടാ (നന്വേഷ ചിത്രഗതോ ഭർത്താ)

ഉഭേ: (പ്രണിപത്യ) ജേദു ഭട്ടാ (ജയതു ഭർത്താ)

മാളവികാ: ഹളാ തദാ സസംഭമദിട്ഠേ ഭട്ടിണോ രൂവേ അഹം സംമുഹട്ഠിദാ തഹ ണ വിതിണ്ഹമ്ഹി, ജഹ അജ്ജ മഏ വിഭാവിദോ ചിത്തഗദോ ഭട്ടാ (ഹളാ! തദാ സസംഭ്രമദൃഷ്ടേ ഭർത്തുരൂപേ അഹം സംമുഖസ്ഥിതാ. തഥാ ന വിതൃഷ്ണാസ്മി യഥാദ്യ മയാ വിഭാവിതശ് ചിത്രഗതോ ഭർത്താ).

വിദൂഷകഃ: സുദം ഭവദാ? അത്തഹോദീഏ ജഹ ദിട്ഠോ ചിത്തേ, ണ തഹ ദിട്ഠോ ഭവം തി മന്തിദം. മുഹാ ദാണിം മഞ്ജുസാവിഅ രഅണഭണ്ഡം ജോവ്വണഗവ്വം വഹേസി. (ശ്രുതം ഭവതാ? അത്രഭവത്യാ യഥാ ദൃഷ്ടശ്ചിത്രേ ന തഥാ ദൃഷ്ടോ ഭവാനിതി മന്ത്രിതം. മുധേദാനീം മഞ്ജുഷേവ രത്നഭാണ്ഡം യൗവനഗർവ്വം വഹസി).

രാജാ: സഖേ! കുതൂഹലവാനപി നിസർഗ്ഗശാലീനഃ സ്ത്രീജനഃ. പശ്യ

**കാർത്സ്ന്യേന നിർവർണ്ണയിതും ച രൂപമിച്ഛന്തി തത്പൂർവ്വസമാഗമാനാം**
**ന ച പ്രിയേഷായതലോചനാനാം സമഗ്രപാതീനി വിലോചനാനി 8**

മാളവികാ: ഹളാ കാ ഏസാ പാസപരിഉത്തവഅണേണ ഭട്ടിണാ സിണിദ്ധാഏ ദിട്ഠീഏ ണിജ്ഝാഇഅദി? (ഹളാ! കൈഷാ പാർശ്വ പരിവൃത്തവദനേന ഭർത്ത്രാ സ്നിഗ്ദ്ധയാ ദൃഷ്ട്യാ നിദ്ധ്യായതേ?)

ബകുളാവലികാ: ണം ഇഅം ഭട്ടിണോ പാസഗദാ ഇരാവദീ. (നന്വിയം ഭർത്തുഃ പാർശ്വഗതേരാവതീ).

മാളവികാ: സഹി! അദക്ഖിണോ വിഅ ഭട്ടാ മേ പഡിഭാദി. ജോ സവ്വം ദേവീജണമ് ഉജ്ഝിഅ എക്കാഏ മുഹേ ബദ്ധലക്ഖോ. (സഖി! അദക്ഷിണ ഇവ ഭർത്താ മേ പ്രതിഭാതി. യഃ സർവ്വം ദേവീജന–മുജ്ഝിത്വൈകസ്യാ മുഖേ ബദ്ധലക്ഷഃ).

ബകുളാവലികാ: (ആത്മഗതം) ചിത്തഗദം ഭട്ടാരം പരമത്ഥദോസങ്കപ്പിഅ അസുഅദി. ഹോദു. കീഡിസ്സം ദാവ ഏദാഏ. (പ്രകാശം) ഹളാ! ഭട്ടിണോ വല്ലഹാ ഏസാ (ചിത്രഗതം ഭർത്താരം പർമാർത്ഥതഃ സങ്കല്പ്യാസൂയതി. ഭവതു. ക്രീഡിഷ്യാമി താവദേതയാ. ഹളാ! ഭർത്തുർവല്ലഭൈഷാ)

മാളവിക, ബകുളാവലിക: (ചിത്രത്തെ നമസ്കരിച്ചിട്ട്) തമ്പുരാന് വിജയം!

മാളവിക: തോഴി! ഇന്നിപ്പോൾ ചിത്രത്തിൽ നോക്കി രസിക്കുംപോലെ അന്ന് നേരേ കണ്ടപ്പോൾ സംഭ്രമം കൊണ്ട് തമ്പുരാന്റെ സ്വരുപസമ്പത്ത് സൂക്ഷിച്ചുനോക്കാൻ എനിക്കു സാധിച്ചില്ല.

വിദൂഷകൻ: അങ്ങ് കേട്ടോ? ചിത്രത്തിൽ കാണുന്നതുപോലെ ശ്രീമതി അങ്ങേ നേരേ കണ്ടില്ലെന്നാണു പറയുന്നത്. പെട്ടകം കല്ലുവെച്ച ഉരുപ്പടികൾ ധരിക്കും പോലെ അങ്ങ് യൗവനകർമ്മം വഹിക്കുന്നത് വെറുതേതന്നെ.

രാജാവ്: കൗതുകമിരുന്നാലും സ്ത്രീകൾക്ക് സങ്കോചം സഹജമാണ്. നോക്കൂ:

**ദീർഘാക്ഷിമാർ മിഴികളാദ്യസമാഗമത്തി**
**ലോർക്കുന്നു കാന്തമുഖകാന്തി മുഴുക്കെ നോക്കാൻ;**
**നോട്ടങ്ങൾ പിന്നതുവഴിക്കു വിടാനവയ്ക്കു**
**കഷ്ടിച്ചുപോലുമൊരു ശേഷിയതില്ലതാനും** **8**

മാളവിക: ഇതിൽ കുറച്ചൊന്നു മുഖം തിരിച്ചു നോക്കുന്നമട്ടിൽ എഴുതി യിരിക്കുന്ന ആളിതേതാണ്? അവളെ തമ്പുരാൻ സ്നേഹദൃഷ്ടിയോടെ സൂക്ഷിച്ചുനോക്കുന്നല്ലോ.

ബകുളാവലിക: അതോ? പാർശ്വഭഗത്തു നില്ക്കുന്ന ഇരാവതിയാണ്.

മാളവിക: ഇത് തമ്പുരാന്റെ ദാക്ഷിണ്യത്തിനു ചേർന്നതല്ല എല്ലാ ദേവിമാരും ഒന്നിച്ചുനില്ക്കുമ്പോൾ ഒരാളുടെ മുഖത്തുമാത്രം പ്രത്യേക മായി ദൃഷ്ടി പതിപ്പിക്കാമോ?

ബകുളാവലിക: (വിചാരം) ചിത്രത്തിൽ കണ്ട സംഗതി വാസ്തവമെന്നു വിചാരിച്ച് ഈർഷ്യപ്പെടുകയാണ്. ഇരിക്കട്ടേ! ഇവളെ ഒന്നു ശുണ്ഠിയെടുപ്പിക്കാം! (വെളിവായിട്ട്) ഇവൾ തമ്പുരാന്റെ വല്ലഭയല്ലയോ?

മാളവികാ: തദോം കിം ദാണിം അത്താണം ആആസേമി (തതഃ കിമിദാനീമാത്മാനമായാസയാമി)

(ഇതി സാസൂയം പരാവർത്തതേ)

രാജാ: സഖേ! പശ്യ:

**ഭ്രൂഭംഗഭിന്നതിലകം സ്ഫുരിതാധരോഷ്ഠം**
**സാസൂയമാനനമിതഃ പരിവർത്തയന്ത്യാ**
**കാന്താപരാധകുപിതേഷ്വനയാ വിനേതുഃ**
**സന്ദർശിതേവ ലളിതാഭിനയസ്യ ശിക്ഷാ.** 9

വിദൂഷകഃ: അണുണഅസജ്ജോ ദാണിം ഹോഹി. (അനുനയസജ്ജ ഇദാനീം ഭവ)

മാളവികാ: അജ്ജ ഗോദമോ വി ഏത്ഥ എവ്വ സേവദി ണം (ആര്യ ഗൗതമോ*f*പ്യത്രൈവ സേവത ഏനം)

(പുനഃസ്ഥാനാന്തരാഭിമുഖീഭവതുമിച്ഛതി)

ബകുളാവലികാ: (മാളവികാം രുദ്ധ്വാ) ണ ഖു കുവിദാ ദാണിം തുമം? (ന ഖലു കുപിതേദാനീം ത്വം?)

മാളവികാ: ജ ഇ ചിരം കുവിദം ഏവ്വ മം മണ്ണേസി, ഏസോ പച്ചാണീഅദി കോവോ. (യദി ചിരം കുപിതാമേവ മാം മന്യസേ, ഏഷ പ്രത്യാനീയതേ കോപഃ)

രാജാ: (ഉപേത്യ)

**കുപ്യസി കുവലയനയനേ! ചിത്രാർപ്പിതചേഷ്ടയാ കിമേവമയി!**
**നനു തവ സാക്ഷാദയമഹമനന്യസാധാരണോ ദാസഃ** 10

ബകുളാവലികാ: ജേദു ഭട്ടാ (ജയതു ഭർത്താ)

മാളവികാ: (ആത്മഗതം) കഹം ചിത്തഗദോ ഭട്ടാ മഏ അസൂഇദോ? (കഥം ചിത്രഗതോ ഭർത്താ മയാസൂയിതഃ?) (സവ്രീഡവദനാ അഞ്ജലിം കരോതി)

(രാജാ മദനകാതര്യം രൂപയതി)

വിദൂഷകഃ: കിം ഭവം ഉദാസീണോ വിഅ? (കിം ഭവാനുദാസീന ഇവ?)

മാളവിക: എന്നാൽ ഞാനെന്തിനു പിന്നെ ശ്രമപ്പെടുന്നു? (ഈർഷ്യയോടെ തിരിഞ്ഞുപോകുന്നു)

രാജാവ്: തോഴരേ! അങ്ങേസ്സഖിയുടെ മുഖത്തൊന്നു നോക്കു!

**ചില്ലിക്കൊടിച്ചുളിവതിൽ തിലകം തകർന്നു;**
**ചുണ്ടും തുടിച്ച മുഖമിങ്ങു തിരിച്ചനേരം**
**കാണിച്ചിതോ സുമുഖി നട്ടനൊടഭ്യസിച്ച**
**കാന്താപരാധകലഹാഭിനയസ്വഭാവം? 9**

വിദൂഷകൻ: ചെന്നു സമാധാനപ്പെടുത്താൻ തയ്യാറായിക്കൊള്ളു!

മാളവിക: ഗൗതമൻസ്വാമിയും ഇവിടെ സേവകനായി നില്ക്കുന്നുണ്ട് (മാറിപ്പോകാൻ ഭാവിക്കുന്നു)

ബകുളാവലിക: (മാളവികയെ തടഞ്ഞിട്ട്) നീ ദേഷ്യപ്പെട്ടില്ലല്ലോ?

മാളവിക: നിനക്കെന്നെ ശുണ്ഠിയെടുപ്പിക്കണമെന്നാണെങ്കിൽ അങ്ങനെ തന്നെ ആയിക്കളയാം.

രാജാവ്: (നേരേ അടുത്തുചെന്നിട്ട്)

**ചിത്രത്തിലർപ്പിച്ച മദീയചേഷ്ട പാർത്തിട്ടു നീയെന്തു കയർത്തിടുന്നു?**
**നിനക്കിതാ താമരസാക്ഷി, സാക്ഷാലനന്യസാധാരണദാസനീ ഞാൻ. 10**

ബകുളാവലിക: തമ്പുരാനു വിജയം.

മാളവിക: (വിചാരം) ഏ! ചിത്രത്തിൽ കണ്ട തമ്പുരാന്റെ നേരേ ആണോ ഞാൻ ഈർഷ്യപ്പെട്ടത്? (ലജ്ജിച്ചു മുഖം താഴ്ത്തീട്ട് അഞ്ജലി ബന്ധം ചെയ്യുന്നു)

(രാജാവ് പരുങ്ങുന്നു)

വിദൂഷകൻ: അങ്ങെന്താണ് ഉദാസീനം ഭവിക്കുന്നത്?

രാജാ: അവിശ്വസനീയത്വാത് സഖ്യാസ്തേ.

വിദൂഷകഃ: മാ ദാവ അത്തഹോദീഏ തുഹ അവിസ്സാസോ (മാ താവദത്രഭവത്യാം തവാവിശ്വാസഃ)

രാജാ: ശ്രൂയതാം

**പഥി നയനയോഃ സ്ഥിത്വാ സ്വപ്നേ തിരോഭവതി ക്ഷണാത്**
**സരതി സഹസാ ബാഹ്വോർമദ്ധ്യം ഗതാപി സഖീ തവ**
**മനസിജരുജാ ക്ലിഷ്ടസ്യൈവം സമാഗമമായയാ**
**കഥമിവ സഖേ! വിസ്രബ്ധം സ്യാദിമാം പ്രതി മേ മനഃ** 11

ബകുളാവലികാ: സഹി! ബഹുസോ കില തുഏ വിപ്പലദ്ധോ ഭട്ടാ താ ദാവ അത്താ വിസ്സസണിജ്ജോ കരീഅദു. (സഖി! ബഹുശഃ കില ത്വയാ വിപ്രലബ്ധോ ഭർത്താ തത്താവദാത്മാ വിശ്വസനീയഃ ക്രിയതാം)

മാളവികാ: സഹി! മഹ ഉണ മന്ദഭഗ്ഗാഏ സിവിണസമാ അമോവി ഭട്ടിണോ ദുല്ലഹോ ആസി. (സഖി! മമ പുനർമന്ദഭാഗ്യായാഃ സ്വപ്ന സമാഗമോƒപി ഭർത്തുർദുല്ലഭ ആസീത്).

ബകുളാവലികാ: ഭട്ടാ ദേഉ സേ ഉത്തരം (ഭർത്താ ദദാത്വസ്യാ ഉത്തരം)

രാജാ: **ഉത്തരേണ കിമാത്മൈവ പഞ്ചബാണാഗ്നിസാക്ഷികം**
**തവ സഖ്യൈ മയാ ദത്തോ ന സേവ്യഃ സേവിതാ രഹഃ** 12

ബകുളാവലികാ: അണുഗഹിദമ്ഹി (അനുഗൃഹീതാസ്മിഃ)

വിദൂഷകഃ: (പരിക്രമ്യ സസംഭ്രമം) ബഉളാവലിഏ! ഏസോ ബാലാസോ അരുക്ഖസ്സ പല്ലവാഇ ഹരിണോ ലംഘിദും ആഅച്ഛദി ഏഹി, ണിവാരേമ ണം. (ബകുളാവലികേ! ഏഷ ബാലാശോകവൃക്ഷസ്യ പല്ലവാനി ഹരിണോ ലംഘിതുമാഗച്ഛതി ഏഹി, നിവാരയാവ ഏനം)

ബകുളാവലികാ: തഹ. (തഥാ) (ഇതി പ്രസ്ഥിതാ)

രാജാ: ഏവമസ്മദ്രക്ഷണേ വയസ്യേനാവർഹിതേന ഭവിതവ്യം.

വിദൂഷകഃ: ഏദം വി ഗോദമോ ണം സംദിസ്സഇ? (ഏതദപി ഗൗതമോ നനു സന്ദിശ്യതേ?)

ബകുളാവലികാ: (പരിക്രമ്യ) അജ്ജഗോദമ! അഹം അപ്പആസേ ചിട്ഠാമി. തുമം ദുവാരരക്ഖഓ ഹോഹി. (ആര്യഗൗതമ! അഹമപ്രകാശേ തിഷ്ഠാമി. തവം. ദ്വാരരക്ഷകോ ഭവ.)

രാജാവ്: അങ്ങേസ്സഖിയിൽ എനിക്കു വിശ്വാസം വരായ്കകൊണ്ട്.

വിദൂഷകൻ: ശ്രീമതിയിൽ അങ്ങേക്ക് അവിശ്വാസം വേണ്ടാ!

രാജാവ്: കേട്ടുകൊള്ളൂ!

**നില്ക്കും കണ്ണിനുനേർക്കും; നോക്കുമളവിൽ പിന്നങ്ങു കാണാതെയാം;**
**കൈക്കൂട്ടിൻപിടിയിൽ പെടാതെ വഴുതു ചാരത്തണഞ്ഞീടിലും;**
**ഈമട്ടിൽ പലവട്ടമെന്നെ വെറുതേ നിൻതോഴി വഞ്ചിപ്പതു**
**ണ്ടീ മായാവിനിപേരിലെങ്ങനെ വരും വിശ്വാസമെൻ തോഴരേ? 11**

ബകുളാവലിക: തോഴി! തമ്പുരാനെ നീ പലപ്പോഴും വഞ്ചിച്ചിട്ടുണ്ടു പോലും! വേഗത്തിൽ വിശ്വാസം വരുത്തിക്കൊടുക്കൂ!

മാളവിക: ഭഗ്യംകെട്ട എനിക്കോ പിന്നെ, തമ്പുരാന്റെ സമാഗമം സ്വപ്നത്തിൽപ്പോലും ദുർല്ലഭമായല്ലോ.

ബകുളാവലിക: തമ്പുരാൻതന്നെ ഇതിനുത്തരമരുളിച്ചെയ്യണം!

രാജാവ്: **ഉത്തരം വേണ്ടാ, ഞാനെന്നെപ്പഞ്ചബാണാഗ്നിസാക്ഷികം**
**നിൻസഖിക്കേകിനേൻ: മേലാൽസേവകൻ; സേവ്യനല്ലിവൻ. 12**

ബകുളാവലിക: എനിക്കനുഗ്രഹമായി.

വിദൂഷകൻ: (ചുറ്റിനടന്നിട്ട് സംഭ്രമത്തോടെ) ബകുളാവലികേ! ഇതാ അശോകത്തയ്യിന്റെ തളിർ മാൻകുട്ടി കടന്നു മേയാൻ ഭാവിക്കുന്നു; നമുക്കു ചെന്നു തടയാം

ബകുളാവലിക: അങ്ങനെതന്നെ. (പുറപ്പെടുന്നു.)

രാജാവ്: തോഴരേ! വേണ്ടും വണ്ണം കാത്തുകൊള്ളണേ!

വിദൂഷകൻ: ഗൗതമനോട് അതു വിശേഷിച്ചു പറയേണ്ടതുണ്ടോ?

ബകുളാവലിക: ഗൗതമസ്വാമികളേ! ഞാൻ മറവിൽ നിൽക്കാം; അങ്ങു വാതിൽ കാത്തുകൊള്ളൂ!

വിദൂഷകഃ: ജുജ്ജഇ. (യുജ്യതേ)

(നിഷ്ക്രാന്താ ബകുളാവലികാ)

വിദൂഷകഃ: (പരിക്രമ്യാവലോക്യ ച) ഇദം ദാവ ഫലിഹത്ഥലം ആസീണോ ഹോമി. (ഇതി തഥാ കൃത്വാ) അഹോ! സുഹപ്ഫരിസദാ സിലാവിസേസസ്സ. (ഇദം താവത് സ്ഫടികസ്ഥലം ആസീനോ ഭവാമി അഹോ! സുഖസ്പർശതാ ശിലാവിശേഷസ്യ.)

(ഇതി നിദ്രായതേ)

(മാളവികാ സസാധ്വസാ തിഷ്ഠതി.)

രാജാ: **വിസൃജ്യ സുന്ദരി! സംഗമസാധ്വസം**
**തവ ചിരാത്പ്രഭൃതി പ്രണയോന്മുഖേ**
**പരിഗൃഹാണ ഗതേ സഹകാരതാം**
**ത്വമതിമുക്തലതാചരിതം മയി. 13**

മാളവികാ: ദേവീഏ ഭഏണ അത്തണോ വി പിഅം കാദും ണ പാരേമി. (ദേവ്യാ ഭയേനാത്മനോപി പ്രിയം കർത്തും ന പാരയാമി)

രാജാ: അയി! ന ഭേതവ്യം.

മാളവികാ: (സോപഹാസം) ജോ ണ ഭാഏദി, സോ മഏ ഭട്ടിണീ ദംസണേ ദിട്ഠസാമത്ഥോ ഭട്ടാ. (യോ ന ബിഭേതി, സമയാഭട്ടി നിദർശനേ ദൃഷ്ടസാമർത്ഥ്യോ ഭർത്താ)

രാജാ:

**ദാക്ഷിണ്യം നാമ ബിംബോഷ്ഠി, ബൈംബികാനാം കുലവ്രതം**
**തന്മേ ദീർഘാക്ഷി! യേ പ്രാണാസ്തേ ത്വദാശാനിബന്ധനാഃ 14**

തദനുഗൃഹ്യതാം ചിരാനുരക്തോയം ജനഃ (ഇതി സംശ്ലേഷമഭിനയതി.)

(മാളവികാ നാട്യേന പരിഹരതി.)

രാജാ: (ആത്മഗതം) രമണീയഃ ഖലു നവാംഗനാനാം മദനവിഷയോവ–താരഃ. ഏഷാ ഹി –

**ഹസ്തം കമ്പവതീ രുണദ്ധി രശനാവ്യാപാരലോലാംഗുലിം**
**ഹസ്തൗ സ്വൗ നയതി സ്തനാവരണതാമാലിംഗ്യമാനാ ബലാത്**
**പാതും പക്ഷ്മലനേത്രമുന്നമയതഃ സാചീകരോത്യാനനം**
**വ്യാജേനാപ്യഭിലാഷപൂരണസുഖം നിർവർത്തയത്യേവ മേ 15**

വിദൂഷകൻ: ശരി!

(ബകുളാവലിക പോയി)

(ചുറ്റി നോക്കീട്ട്) ഈ സ്ഫടികത്തറയിൽ ഇരിക്കാം. (ഇരുന്നിട്ട്) ഈ കുളിരുകല്ലിന്റെ മിനുസം കേമം തന്നെ! (ഉറങ്ങുന്നു)

(മാളവിക പരുങ്ങി നിൽക്കുന്നു)

**രാജാവ്: ത്യജിക്ക നീ സാധ്വസമേറെനാളായ്**
**ബ്ഭജിച്ചിടുന്നേൻ പ്രണയോത്സുകൻ ഞാൻ;**
**ചൂതം കണക്കിങ്ങനെ കാക്കുമെന്നിൽ**
**ചെയ്തീടെടോ മാധവിതൻവിലാസം. 13**

മാളവിക: ദേവിയെ ഭയപ്പെട്ടിട്ട് തന്നിഷ്ടം പ്രവർത്തിപ്പാൻ പോലും ഞാൻ ശക്തയല്ല.

രാജാവ്: ഹേ! നോക്കൂ! ഒട്ടും ഭയപ്പെടേണ്ടാ!

മാളവിക: ഓഹോ! ഒട്ടും ഭയമില്ലാത്ത തിരുമേനിയുടെ ധൈര്യമെല്ലാം കെട്ടിലമ്മ ചാടിക്കേറി വന്ന സമയം ഞാൻ കണ്ടു.

രാജാവ്:

**ബിംബോഷ്ഠി! കേൾക്ക ദാക്ഷിണ്യം ബൈബികർക്കു കുലവ്രതം,**
**ഇന്നെന്റെ ജീവനാലംബം നിന്നിലുള്ളാശയൊന്നുതാൻ. 14**

അതുകൊണ്ട് ചിരാനുരക്തനായ ഈയുള്ളവന് അനുഗ്രഹം ചെയ്യണം!
(അടുത്തു ചെല്ലുന്നു. മാളവിക മാറിക്കളയുന്നു)

(വിചാരം) മുഗ്ദ്ധാംഗനമാരിൽ മന്മഥന്റെ പ്രഥമവ്യാപാരം രമണീയം തന്നെ!

**പൊല്ക്കാഞ്ചിക്കെതിരായ്ച്ചരിപ്പൊരു കരം ഞെട്ടിത്തടഞ്ഞീടുമേ;**
**പുൽകാനോങ്ങുകിൽ മാറിടം മുഴുവനേ പൊത്തും സ്വഹസ്തങ്ങളാൽ;**
**ഏൽക്കാനാണധരാമൃതം തുനിവെനിക്കെന്നാകിൽ നീക്കും മുഖം;**
**നൽകാതില്ല നിനച്ചിടുന്ന സുഖമോ പിന്നീയിടങ്കേടിലും. 15**

(തതഃ പ്രവിശതി ഇരാവതീ നിപുണികാ ച)

ഇരാവതീ: ഹഞ്ജേ ണിഉണിഏ! സച്ചം തുഏ സംദിട്ഠം ചന്ദിആഏ 'സമുദ്ദഘരഅലിന്ദഏ അജ്ജഗോദമോ ഏത്തഈ ദിട്ഠോ'ത്തി. (ഹഞ്ജ നിപുണികേ! സത്യം ത്വയാ സംദിഷ്ടം ചന്ദ്രികയാ സമുദ്രഗൃഹാളിന്ദേ ആര്യഗൗതമ ഏകാകീ ദൃഷ്ട ഇതി)

നിപുണികാ: അണ്ണഹാ കഹം ഭട്ടിണീഏ വിണ്ണവേമി? (അന്യഥാ കഥം ഭട്ടിന്യൈ വിജ്ഞാപയാമി?)

ഇരാവതീ: തേണ ഹി തഹിം ഏവ ഗച്ഛമ്ഹ സംസആദോ മുത്തം ഭട്ടിണോ പിഅവഅസ്സം പേക്ഖിദും അ. (തേന ഹി തത്രൈവ ഗഛാവഃ. സംശയാന്മുക്തം ഭർത്തുഃ പ്രിയവയസ്യം പ്രേക്ഷിതും ച)

നിപുണികാ: സാവസേസം വിഅ ഭട്ടിണീഏ വഅണം (സാവശേഷമിവ ഭട്ടിന്യാ വചനം.)

ഇരാവതീ: ആമ. ചിത്തഗദം ഭട്ടാരം പസാദേദു (ആമ, ചിത്രഗതം ഭർത്താരം പ്രസാദയിതും)

നിപുണികാ: അഹ ദാണിം ഭട്ടാ എവ്വ കിം ണ പജ്ജണുണീ അദി? (അഥേദാനീം ഭർത്തൈവ കിം ന പ്രത്യനുനീയതേ?)

ഇരാവതീ: മുഗ്ധേ! ജാരിസോ ചിത്തഗദോ ണ താരിസോ ഏവ്വ. അണ്ണസംകന്ദഹിഅഓ അജ്ജഉത്തോ. കേവലം ഉവആരാദിക്കമം പമജ്ജിദും അഅം ആരംഭോ. (മുഗ്ദ്ധേ! യാദൃശശ്ചിത്രഗതോ, ന താദൃശ ഏവ. അന്യസംക്രാന്തഹൃദയ ആര്യപുത്രഃ. കേവലമുപചാരാതിക്രമം പ്രമാർഷ്ടുമയാമാരംഭഃ)

നിപുണികാ: ഇദോ ഇദോ ഭട്ടിണീ (ഇത ഇതോ ഭട്ടിനീ)

(ഉഭേ പരിക്രാമതഃ) (പ്രവിശ്യ)

ചേടീ: ജേദു ഭട്ടിണീ. ദേവീ ഭണാദി 'ണ മേ ഏസോ മച്ഛരസ്സ കാലോ. കേവലം തുഹ ഖു ബഹുമാണം വഡ്ഢേദും വഅസ്സാഏ സഹ ണിഅലബന്ധണേ കിദാ മാളവിആ. ജഇ അണുമണ്ണേസി അജ്ജഉത്തസ്സ പിഅം കാദും ഇച്ഛമ്മി. ജം തുഹ ഇച്ഛിഅം തം മെ ഭണാഹി'ത്തി. (ജയതു ഭട്ടിനീ. ദേവി ഭണതി 'ന മേ ഏഷ മത്സരസ്യ കാലഃ. കേവലം തവ ഖലു ബഹുമാനം ബർദ്ധയിതും വയസ്യയാ സഹ നിഗളബന്ധനേ കൃതാ മാളവികാ. യദ്യനുമന്യസേ, ആര്യപുത്രസ്യ പ്രിയം കർത്തുമി ച്ഛാമി. യത്തവേഷ്ടം തന്മേ ഭണേതി)

(അനന്തരം ഇരാവതിയും നിപുണികയും പ്രവേശിക്കുന്നു.)

ഇരാവതീ: നോക്കെടീ നിപുണികേ! സമുദ്രഗൃഹത്തിന്റെ തിണ്ണയിൽ ഗൗതമൻ ഏകാകിയായിട്ടിരിക്കുന്നു എന്ന് ചന്ദ്രിക പറഞ്ഞയച്ചതായി നീ പറഞ്ഞത് സത്യം തന്നെയോ?

നിപുണിക: അല്ലെങ്കിൽ അടിയൻ തിരുമനസ്സുണർത്തിക്കുമോ?

ഇരാവതീ: എന്നാൽ അങ്ങോട്ടുതന്നെ പോകാം. ആര്യപുത്രന്റെ പ്രിയവയസ്യനായ ഗൗതമനോട് വിഷം തീണ്ടി രക്ഷപ്പെട്ടതിൽ അനുമോദനം പറയുകയും വേണമല്ലോ!

നിപുണിക: വേറെ വല്ലതുംകൂടി അവിടെ ചെയ്യേണ്ടതുണ്ടോ? കൽപിച്ചതു മുഴുവനായില്ലെന്നു തോന്നുന്നല്ലോ!

ഇരാവതീ: ഉണ്ട്; ചിത്രത്തിൽ എഴുതിയിരിക്കുന്ന ആര്യപുത്രന്റെ അടുക്കൽ ചെന്നു ക്ഷമായാചനം ചെയ്യണം!

നിപുണിക: എന്താണ് നേരെ ഉള്ള തമ്പുരാന്റെ അടുക്കൽ അരുതോ?

ഇരാവതീ: എടീ വിഡ്ഢീ! മറ്റൊരുവളിൽ ആസക്തഹൃദയനായ ആര്യ പുത്രന്റെ ഇപ്പോഴത്തെ അവസ്ഥ ചിത്രത്തിനു തുല്യം തന്നെയാണ്, ഞാൻ ഉപചാരാതിക്രമം ചെയ്തുപോയതിനു പ്രതിവിധി ചെയ്യണമെന്നു മാത്രമേ കരുതുന്നുള്ളു.

നിപുണിക: ഇതിലേ എഴുന്നള്ളാം.

(രണ്ടുപേരും ചുറ്റിനടക്കുന്നു.)

(ചേടി പ്രവേശിക്കുന്നു.)

ചേടീ: തമ്പുരാട്ടിക്കു വിജയം! മഹാരാജ്ഞിതിരുമനസ്സുകൊണ്ട് അരുളിച്ചെയ്തിരിക്കുന്നു: 'എനിക്കിപ്പോൾ മത്സരത്തിനുള്ള കാലമല്ല; നിങ്ങളുടെ അന്തസ്സിനും അഭിമാനത്തിനും കുറവുവരേണ്ടാ എന്നു കരുതി മാളവികയെയും അവളുടെ സഖിയെയും വിലങ്ങിട്ടു തടവിൽ പാർപ്പിച്ചിരിക്കുന്നു. നിങ്ങൾക്കു സമ്മതമാണെങ്കിൽ ആര്യപുത്രനു പ്രിയം ചെയ്യാമെന്നു വിചാരിക്കുന്നു. നിങ്ങളുടെ അഭിപ്രായം എങ്ങനെ എന്നു പറഞ്ഞയയ്ക്കണം,' എന്ന്.

ഇരാവതീ: ണാഅരിഏ! വിണ്ണവേഹി ദേവീം 'കാ വഅം ഭട്ടിണിം ണിഓജേദും? പരിയണണിഗ്ഗഹേണ മഇ ദംസിദോ സിണേഹോ. കസ്സ വാ അണ്ണസ്യ പസാദേണ അഅം ജണോ വഡ്ഢദി'ത്തി. (നാഗരികേ! വിജ്ഞാപയ ദേവീം 'കാ വയം ഭട്ടിനീം നിയോജയിതും? പരിജന നിഗ്രഹേണ മയി ദർശിതഃ സ്നേഹഃ. കസ്യ വാന്യസ്യ പ്രസാദേനായം ജനോ വർദ്ധത' ഇതി.)

ചേടീ: തഹ (തഥാ) (ഇതി നിഷ്ക്രാന്താ)

നിപുണികാ: (പരിക്രമ്യാവലോക്യ ച) ഭട്ടിണി! ഏസോ ദുവാരുദ്ദേസേ സമുദ്ദഘരഅസ്സ വിപണിഗദോ വിഅ ബലീവദ്ദോ അജ്ജഗോദമോ ആസീണോ ഏവ ണിദ്ദാഅദി. (ഭട്ടിനി! ഏഷ ദ്വാരോദ്ദേശേ സമുദ്ര ഗൃഹസ്യ വിപണിഗത ഇവ ബലീവർദ ആര്യഗൗതമ ആസീന ഏവ നിദ്രായതേ)

ഇരാവതീ: അച്ചാഹിദം. ണ ഖു സാവസേസവിസവിആരോ ഹവേ? (അത്യാഹിതം! ന ഖലു സാവശേഷവിഷവികാരോ ഭവേത്?)

നിപുണികാ: പസണ്ണമുഹവണ്ണോ ദീസഇ. അവി അ ധുവസിദ്ധിണാ ചിഇച്ഛിദോ. താ സേ അസങ്കണിജ്ജം പാവം (പ്രസന്നമുഖവർണ്ണോ ദൃശ്യതേ അപി ച ധ്രുവസിദ്ധിനാ ചികിത്സിതഃ. തദസ്യാ ശങ്കനീയം പാപം.)

വിദൂഷകഃ: (ഉത്സ്വപ്നായതേ) ഭോദി മാളവിഏ! (ഭവതി മാളവികേ!)

നിപുണികാ: സുദം ഭട്ടിണീഏ? കസ്സ ഏസോ അത്തണീണോ ഹദാസോ കിദവോ. സവ്വകാലം ഇദോ എവ്വ സോഥിവാഅണ മോദഏഹിം കുച്ഛിം പൂരിഅ സമ്പടം മാളവിഅം ഊസിവിണാഅദി. (ശ്രുതം ഭട്ടിന്യാ? കസ്യൈഷ ആത്മനീനോ ഹതാശഃ കിതവഃ സർവ്വ കാലമിത ഏവ സ്വസ്തിവാചനമോദകൈഃ കുക്ഷിം പൂരയിത്വാ സാമ്പ്രതം മാളവികാമുത്സ്വപ്നായതേ).

വിദൂഷകഃ: ഇരാവദീം അദിക്കമന്ദീ ഹോഹി (ഇരാവതീമതിക്രാമന്തീ ഭവ)

നിപുണികാ: സുദം ഏദം അച്ചഹിദം? ഇമം ഭുഅംഗഭീരുഅം ബമ്ഹബന്ധും ഇമിണാ ഭുഅംഗകുഡിലേണ ദണ്ഡകട്ഠേണ തംഭന്തരി ദാഭാഅ!ഇസ്സം (ശ്രുതമേതദത്യാഹിതം? ഇമം ഭുജംഗഭീരും ബ്രഹ്മ ബന്ധുമനേന ഭുജംഗകുടിലേന ദണ്ഡകാഷ്ഠേന സ്തംഭാന്തരിതാ ഭീഷയിഷ്യാമി.)

ഇരാവതീ: നാഗരികേ! മഹാരാജ്ഞിയെ ഉണർത്തിക്കണം: 'തിരുമനസ്സിലേ അടുക്കൽ അഭിപ്രായമറിയിക്കാൻ ഞങ്ങൾ ആളാകുമോ? പരിജനങ്ങളെ അമർച്ചചെയ്തുകൊണ്ട് എന്റെ പേരിലുള്ള അനുഗ്രഹബുദ്ധി വെളിപ്പെട്ടു. മറ്റാരോടാണു ഞാൻ സങ്കടം പറയേണ്ടത്?' എന്ന്.

ചേടീ: ഇറാൻ! (പോയി.)

നിപുണിക: (ചുറ്റിനടന്നു നോക്കീട്ട്) തിരുമേനി! ഇതാ സമുദ്രഗൃഹത്തിന്റെ വാതിൽപ്പടിയിൽ ഗൗതമൻ സ്വാമി, തെരുവിൽ അലയുന്ന വിത്തുകാളയെപ്പോലെ, ഇരുന്നുറങ്ങുന്നു.

ഇരാവതീ: അയ്യോ ദൈവമേ! വിഷം മുഴുവൻ ഇറങ്ങിയിട്ടില്ലെന്നു വരുമോ?

നിപുണിക: മുഖത്ത് പ്രസാദം കാണുന്നുണ്ട്. ധ്രുവസിദ്ധിയാണല്ലോ ചികിത്സിച്ചതും; അതിനാൽ അശുഭശങ്കയ്ക്കൊന്നും വകയില്ല.

വിദൂഷകൻ: (സ്വപ്നത്തിൽ പുലമ്പുന്നു) ശ്രീമതി മാളവികേ!

നിപുണിക: തിരുമേനി കേട്ടോ? ഈ വഷളന് ആരുടെ നേരെ എങ്കിലും കൂറുണ്ടോ? ഈ വയറ്റാളി എന്നും ഇവിടെ വന്നു കാലുകഴികിച്ചൂട്ടിനുള്ള കൊഴുക്കട്ടയും വിഴുങ്ങി വയറും വീർപ്പിച്ചുകൊണ്ട് പോയിട്ട് ഇപ്പോൾ സ്വപ്നത്തിൽ മാളവികയെ വിളിച്ചു പുലമ്പുന്നു.

വിദൂഷകൻ: ഇരാവതിയെക്കവിഞ്ഞു വാഴുക!

നിപുണിക: ഈ കടന്ന കൈ കേട്ടില്ലേ? പാമ്പിനെപ്പേടിയുള്ള ഈ ദുഷ്ടബ്രാഹ്മണനെ, പാമ്പിനെപ്പോലെ വളഞ്ഞ അവന്റെ കുറുവടികൊണ്ടു തന്നെ തൂണിനു മറഞ്ഞുനിന്ന് ഒന്നു പേടിപ്പിക്കാം.

ഇരാവതീ: അരുഹദി ഏവ്വ കിദഗ്ഘോ ഉവദ്ദവസ്സ (അർഹത്യേവ കൃതഘ്ന ഉപദ്രവസ്യ.)

(നിപുണികാ വിദൂഷകസ്യോപരി ദണ്ഡകാഷ്ഠം പാതയതി.)

വിദൂഷകഃ: (സഹസാ പ്രബുദ്ധ്യ) അവിഹ അവിഹ ഭോ! ദവ്വിഅരോ മേ ഉവരി പഡിദോ (അവിധ അവിധ ഭോഃ! ദർവ്വീകരോമ ഉപരി പതിതഃ)

രാജാ: (സഹസോപസൃത്യ) സഖേ! ന ഭേതവ്യം ന ഭേതവ്യം.

മാളവികാ: (അനുസൃത്യ) ഭട്ടാ! മാ ദാവ സഹസാ ണിക്കമ. സപ്പോത്തി ഭണാദി. (ഭർത്തഃ! മാ താവത് സഹസാ നിഷ്ക്രാമ. സർപ്പ ഇതി ഭണതി.)

ഇരാവതീ: ഹദ്ധി ഹദ്ധി! ഭട്ടാ ഇദോ ഏവ്വ ധാവതി. (ഹാ ധിക്! ഹാ ധിക്! ഭർത്താ ഇത ഏവ ധാവതി.)

വിദൂഷകഃ: (സപ്രഹാസം) കഹം ദണ്ഡകട്ഠം ഏദം? അഹം ഉണജാണേ, ജാം മഏ കേദഈകണ്ടഏഹിം ദംശം കരിഅ സപ്പസ്സവിഅ ദംസോ കിദോ, തം ഫലിദം തി (കഥം ദണ്ഡകാഷ്ഠമേതത്? അഹം പുനർജാനേ, യന്മയാ കേതകീകണ്ടകൈർദംശം കൃത്വാ സർപ്പസ്യേവ ദംശഃ കൃതഃ, തത് ഫലമിതി.)

(പ്രവിശ്യ പടാക്ഷേപേണ)

ബകുളാവലികാ: മാ ദാവ ഭട്ടാ പവിസദു. ഇഹ കുഡിലഗഈ സപ്പോ വിഅ ദീസഇ ( മാ താവത് ഭർത്താ പ്രവിശതു. ഇഹ കുടിലഗതിഃ സർപ്പ ഇവ ദൃശ്യതേ.)

ഇരാവതീ: (രാജാനം സഹസോപസൃത്യ) അവി ണിവ്വിഗ്ഘ മണോരഹോ ദിവാസംകേദോ മിഹുണസ്സ? (അപി നിർവ്വിഘ്നമനോരഥോ ദിവാസങ്കേതോ മിഥുനസ്യ?)

(സർവ്വേ ഇരാവതീം ദൃഷ്ട്വാ സംഭ്രാന്താഃ)

രാജാ: പ്രിയേ! അപൂർവ്വോയമുപചാരഃ.

ഇരാവതീ: ബള്ളാവലിഏ! ദിട്ഠിയാ ദുച്ചാഹിആരവിസആ സംപുണ്ണാ ദേ പഡിണ്ണാ. (ബകുളാവലികേ! ദിഷ്ട്യാ ദൂത്യധികാരവിഷയാ സമ്പൂർണ്ണാ തേ പ്രതിജ്ഞാ.)

ഇരാവതീ: ഈ കൃതഘ്നന് അതു വേണ്ടതുതന്നെയാണ്.

(നിപുണിക വിദൂഷകന്റെ മേൽ കുറുവടി എടുത്തിടുന്നു)

വിദൂഷകൻ: (ഞെട്ടിയുണർന്ന്) അയ്യയ്യോ! എന്റെ മേത്തു പാമ്പു വീണേ!

രാജാവ്: (ഓടിവന്നിട്ട്) തോഴരേ! ഭയപ്പെടേണ്ട! ഭയപ്പെടേണ്ട!

മാളവിക: (പിന്നാലെ വന്നിട്ട്) തമ്പുരാനേ! സൂക്ഷിച്ചു വേണം ചെല്ലാൻ; പാമ്പെന്നാണേ പറയുന്നത്!

ഇരാവതീ: ഛേ! ഛേ! ഇതെന്തൊരു കഷ്ടം! ആര്യപുത്രൻ ഇതാ ഇങ്ങോട്ടോടിയെത്തുന്നു.

വിദൂഷകൻ: (ഉറക്കെച്ചിരിച്ചിട്ട്) ആഹ്ഹാ! ഇതു കുറുവടിയാണോ? ഞാൻ വിചാരിച്ചു പോയതു കൈതമുള്ളു കൊണ്ടു കുത്തി സർപ്പദംശം ഉണ്ടാക്കിയതിനു കൈയോടെ ഫലം കിട്ടി എന്നാണ്.

ബകുളാവലിക: (ഓടിക്കേറി വന്നിട്ട്) പാമ്പെവിടെ? അങ്ങോട്ടെഴുന്നള്ളരുതേ! ഇവിടെ ഇതാ പാമ്പ് ഇഴഞ്ഞതുപോലെ കാണുന്നു.

ഇരാവതീ: (രാജാവിന്റെ നേരെ ചാടിച്ചെന്നിട്ട്) നിങ്ങടെ രണ്ടുപേരുടെയും മനോരഥം നിർവ്വിഘ്നമായി ഫലിച്ചോ?

(എല്ലാവരും ഇരാവതിയെക്കണ്ടിട്ടു കുഴങ്ങിവശാകുന്നു.)

രാജാവ്: പ്രിയേ! ഈ ഉപചാരവാക്കു പുതുതായിരിക്കുന്നല്ലോ!

ഇരാവതീ: ബകുളാവലികേ, നീ ചെയ്ത ദൂത്യപ്രതിജ്ഞ ദൈവാധീനം കൊണ്ടു നിറവേറിയല്ലോ.

ബകുളാവലികാ: പസീദദു ഭട്ടിണീ. കിം ണു ഖു ദദ്ദുരാ വാഹരന്ദിത്തി ദേവ്വോ പുഢവീഏ വരിസിദും സുമരദി? (പ്രസീദതു ഭട്ടിനീ. കിം നു ഖലു ദർദ്ദുരാ വ്യാഹരന്തീതി ദേവഃ പൃഥിവ്യാം വർഷിതും സ്മരതി?)

വിദൂഷകഃ: മാ ദാവ. ഹോദീഏ ദംസണമത്തേണ അത്തഭവം പണിവാദലംഘണം വിസുമരീദോ. ഹോദീ ഉണ അജ്ജവി പസാദം ണ ഗേണ്ഹഇ (മാ താവത് ഭവത്യാ ദർശനമാത്രേണാത്രഭവാൻ പ്രണിപാത ലംഘനം വിസ്മൃതഃ. ഭവതീ പുനരദ്യാപി പ്രസാദം ന ഗൃഹ്ണാതി.)

ഇരാവതീ: കുവിദാവിദാണിം കിം കരിസ്സം? (കുപിതാപീദാനീം കിം കരിഷ്യാമി?)

രാജാ: അസ്ഥാനേ കോപ ഇത്യനുപപന്നം ത്വയി. തഥാഹി,

**കദാ മുഖം വരതനു! കാരണാദൃതേ**
**തവാഗതം ക്ഷണമപി കോപപാത്രതാം?**
**അപർവ്വണി ഗ്രഹകലുഷേന്ദുമണ്ഡലാ**
**വിഭാവരീ, കഥയ, കഥം ഭവിഷ്യതി?** 16

ഇരാവതീ: അട്ഠാണേ ത്തി സുട്ഠു വാഹരിദം അജ്ജഉത്തേണ. അണ്ണ സങ്കന്ദേസു അമ്ഹാണം ഭാഅഹേഏസു ജദി ഉണ കുപ്പേഅം, തദോ ഹസ്സാ ഭവേഅം. (അസ്ഥാന ഇതി സുഷ്ഠു വ്യാഹൃതമാര്യപുത്രേണ. അന്യസംക്രാന്തേഷ്വസ്മാകം ഭാഗധേയേഷു യദി പുനഃ കുപ്യേയം, തതോ ഹാസ്യാ ഭവേയം.)

രാജാ: ത്വമന്യഥാ കല്പയസി. അഹം പുനഃ സത്യമേവാത്ര കോപ സ്ഥാനം ന പശ്യാമി. കുത:

**നാർഹതി കൃതാപരാധോപ്യുത്സവദിവസേഷു പരിജനോ ദണ്ഡം**
**ഇതി മോചിതേ മയൈതേ പ്രണിപതിതും മാമുപഗതേ** 17

ഇരാവതീ: ണിഉണിഏ! ഗച്ഛ. ദേവിം വിണ്ണവേഹി. ദിട്ഠം ദേവീഏ പക്ഖവാഇത്തണം അജ്ജ ത്തി. (നിപുണികേ! ഗച്ഛ, ദേവിം വിജ്ഞാപയ ദൃഷ്ടം ദേവ്യാഃ പക്ഷപാതിത്വമദ്യേതി.)

നിപുണികാ: തഹ. (തഥാ) (ഇതി നിഷ്ക്രാന്താ)

ബകുളാവലിക: തിരുമേനി, തിരുവുള്ളക്കേടുണ്ടാകരുതേ! ഇതിൽ അടിയന് എന്തു കൈയ്യാണ് ഉണ്ടായിട്ടുതെന്നു തമ്പുരാനോടു തന്നെ കൽപിച്ചു ചോദിക്കണം. തവള കിടന്നു വിളികൂട്ടുന്നല്ലോ എന്നു വെച്ചാണോ ഇന്ദ്രൻ ഭൂമിയിൽ വർഷിക്കുന്നത്?

വിദൂഷകൻ: വരട്ടെ, ഞാനൊന്നു ചോദിച്ചോട്ടെ. ശ്രീമതിയെ കണ്ട മാത്രയിൽ തോഴർക്കു പ്രണിപാതലംഘനം കൊണ്ടുണ്ടായ അപ്രിയം തീരുന്നു; അവിടേക്കു പിന്നെ ഇത്രയൊക്കെ ആയിട്ടും കലുഷം പോയില്ലല്ലോ.

ഇരാവതീ: കോപിച്ചാലും ഞാൻ വിചാരിച്ചാൽ എന്തു കഴിയും?

രാജാവ്: അസ്ഥാനത്തിൽ കോപിക്ക എന്നതു നിനക്കു സംഭവിക്കുന്നതാണോ?

**ഒരുപോതുമഹേതുവായ് കയർത്തി**
**ട്ടരിശം നിന്റെ മുഖത്തുദിച്ചതുണ്ടോ?**
**വരുമെങ്ങനെ പർവ്വയോഗമില്ലാ**
**തിരവിന്നുഗ്രവിധൂപരാഗഖേദം?** 16

ഇരാവതീ: അസ്ഥാനത്തിൽ കോപിക്ക എന്ന് ആര്യപുത്രൻ പറഞ്ഞതു ശരി തന്നെ. ഞങ്ങളുടെ ഭാഗ്യമെല്ലാം മറ്റൊരാളിൽ ആയിപ്പോയ സ്ഥിതിക്ക് ഇനി കോപിച്ചാൽ ഞാൻ പരിഹാസപാത്രമായിത്തീരുകയേ ഉള്ളു.

രാജാവ്: നീ വേറെ വ്യാഖ്യാനമുണ്ടാക്കുകയാണ്, ഞാനാകട്ടെ പരമാർത്ഥമായിട്ട് കോപകാരണമൊന്നും ഇവിടെ കാണുന്നില്ല. എന്തു കൊണ്ടെന്നാൽ,

**ബന്ധിക്കൊലാ പരിജനങ്ങളെയുത്സവങ്ങൾ**
**സന്ധിച്ചിടും പൊഴുതു തെറ്റവർ കാട്ടിയാലും**
**എന്നോർത്തു ഞാൻ വിടുതൽ ചെയ്തു കുമാരിമരെ;**
**വന്ദിപ്പതിന്നവരുമെന്നരികത്തണഞ്ഞു.** 17

ഇരാവതീ: നിപുണികേ, ദേവിയോടു ചെന്നറിയിക്കൂ: 'അവിടുത്തേ വിശേഷപ്രതിപത്തിയുടെ ഫലമെല്ലാം കിട്ടി' എന്ന്.

നിപുണിക: ഇറാൻ (പോയി.)

വിദൂഷകഃ: (ആത്മഗതം) അമ്ഹോ! അണത്ഥോ സംവുത്തോ ബന്ധണ ബ്ഭട്ടോ ഘരകവോദഓ ബിഡാലിആലോഏ പഡിദോ. (അഹോ! അനർത്ഥഃ സംവൃത്തഃ. ബന്ധനഭ്രഷ്ടോ ഗൃഹകപോതകോ ബിഡാലികാ–ലോകേ പതിതഃ)

നിപുണികാ: (അപവാര്യ) ഭട്ടിണി! ജദിച്ഛാദിട്ഠാഏ മഹാവിആഏ ആചക്ഖിദം 'എവ്വം ഖു ഏദം ണിവ്വുത്തം' തി. (ഭട്ടിനി! യദൃച്ഛാദൃഷ്ടയാ മാധവികയാഖ്യാതം 'ഏവം ഖലേതന്നിർവൃത്തം' ഇതി) (കർണ്ണേ കഥയതി.)

ഇരാവതീ: (ആത്മഗതം) ഉവവണ്ണം. സച്ചം അഅം എത്ഥ ബമ്ഹ ബന്ധുണാ ഉബ്ഭിണ്ണോ ദുപ്പഓഓ. (വിദൂഷകം വിലോക്യ പ്രകാശം) ഇഅം ഇമസ്സ കാമതന്തസചിവസ്സ ണീദീ. (ഉപപന്നം. സത്യമയമത്ര ബ്രഹ്മബന്ധുനോത്ഭിന്നോ ദുഷ്പ്രയോഗഃ. ഇയമസ്യ കാമതന്ത്ര സചിവസ്യ നീതിഃ)

വിദൂഷകഃ: ഹോദി! ജഇ ണീദിഏ ഏക്കം വി അക്ഖരം പഠേഅം, തദോ ണം ഗാഅത്തിം വി വിസുമരേയം. (ഭവതി! യദി നീത്യാ ഏകമപ്യക്ഷരം പഠേയം, തതോ നനു ഗായത്രീമപി വിസ്മരേയം.)

രാജാ: (ആത്മഗതം) കഥം നു ഖല്വസ്മാത് സങ്കടാദാത്മാനം മോചയിഷ്യാമി?

ജയസേനാ: (പ്രവിശ്യ) (സാവേഗം) ദേവ! കുമാരീ വസുലച്ഛീ കന്ദുഅം അണുധാവന്ദീ പിംഗലവാണരേണ ബലിഅം താസിദാ അങ്കണി സണ്ണാ ദേവീഏ പവാദകിസലംഅം വിഅ വേവമാണാ ദാണിം വി പകിദിം ണ പഡിവജ്ജ. (ദേവ! കുമാരീ വസുലക്ഷ്മീഃ കന്ദുകമനുധാവന്തീ പിംഗല വാനരേണ ബലവത്ത്രാസിതാങ്കനിഷണ്ണാ ദേവ്യാഃ പ്രവാത കിസലയമിവ വേപമാനേദാനീമപി പ്രകൃതിം ന പ്രതിപദ്യതേ.)

രാജാ: കഷ്ടം! കാതരോ ബാലഭാവഃ.

ഇരാവതീ: (സാവേഗം) തുവരുദു തുവരുദു അജ്ജഉത്തോ ണം സമാശാസിദും. മാ ദാവ സേ സന്താസജണിദോ വിആരോ വഡ്ഢദു (ത്വരതാം ത്വരതാമാര്യപുത്ര! ഏനാം സമാശ്വാസയിതും. മാ താവദസ്യാഃ സന്ത്രാസജനിതോ വികാരോ വർദ്ധതാം.)

വിദൂഷകൻ: (വിചാരം) ഏഃ! അനർത്ഥം വന്നുചേർന്നല്ലോ! കൂട്ടിൽ നിന്നും വഴുതിയ മാടപ്രാവ് ചക്കിപ്പൂച്ചയുടെ വായിലാണല്ലോ ചെന്നു വീണത്.

നിപുണിക: (പ്രവേശിച്ചിട്ട്) തിരുമേനീ, യദൃച്ഛയാ ഞാൻ വഴിയിൽവെച്ച് മാധവികയെ കണ്ടെത്തി; അവൾ വിവരമെല്ലാം പറഞ്ഞു. ഇങ്ങനെയാണു നടന്നത്. (ചെവിയിൽ പറയുന്നു.)

ഇരാവതീ: (വിചാരം) എല്ലാം യോജിച്ചു. ഈ ദുഷ്ടബ്രാഹ്മണന്റെ സ്വന്തം കൃത്രിമമാണിതെല്ലാം! (വിദൂഷകന്റെ നേരെ നോക്കി വെളിവായിട്ട്) ഈ കാമതന്ത്രിയുടെ നീതിപ്രയോഗം കേമമായി.

വിദൂഷകൻ: ഞാൻ നീതിശാസ്ത്രത്തിന്റെ ഒരക്ഷരമെങ്കിലും പഠിച്ചിരുന്നെങ്കിൽ ഗായത്രി കൂടി മറന്നേക്കാമായിരുന്നു.

രാജാവ്: (വിചാരം) ഈ ധർമ്മസങ്കടത്തിൽ മോചനമാർഗം എന്താണ്?

ജയസേന: (പരിഭ്രമത്തോടെ പ്രവേശിച്ചിട്ട്) ദേവ! പന്തു പിടിക്കാനോടുമ്പോൾ വസുലക്ഷ്മിക്കൊച്ചുതമ്പുരാട്ടിയെ പിങ്ഗളവാനരം ചാടിവീണു കടിക്കാൻ ഭാവിച്ചു. പൂക്കുല പോലെ വിറച്ചുംകൊണ്ട് ദേവിയുടെ മടിയിൽ കിടക്കുന്നു. ഇപ്പോഴും കൂടെക്കൂടെ ഞെട്ടുന്നുണ്ട്.

രാജാവ്: ബാല്യവയസ്സിൽ പേടിക്കു വക ധാരാളമുണ്ട്.

ഇരാവതീ: (സംഭ്രമത്തോടെ) ആര്യപുത്രൻ വേഗം ചെന്ന് കുട്ടിയെ സമാധാനപ്പെടുത്തണം. ഭയം മൂർച്ഛിച്ച് വല്ല അപകടവും വന്നുകൂടാൻ ഇടയാക്കരുത്.

രാജാ: അഹമേനാം സംജ്ഞാപയാമി. (ഇതി സത്വരം പരിക്രാമതി.)

വിദൂഷകഃ: (ആത്മഗതം) സാഹു രേ പിംഗലവാണര! സാഹു! പരിത്താദോ തുഹ്ഏ സപക്ഖോ (സാധു രേ പിംഗലവാനര! സാധു! പരിത്രാതയസ്ത്വയാ സപക്ഷഃ)

(നിഷ്ക്രാന്തോ രാജാ വിദൂഷകശ്ച, ഇരാവതീ നിപുണികാ പ്രതീഹാരി ച.)

മാളവികാ: ഹളാ! ദേവിം ചിന്തിഅ വെവദി മേ ഹിഅഅം. ണ ജാണേ അദോ വരം കിം വാ അണുഹവിദവ്വം ഹവിസ്സദിത്തി. (സഖി, ദേവീം ചിന്തയിത്വാ വേപതേ മേ ഹൃദയം. ന ജാനേതഃ പരം കിംവാനു–ഭവിതവ്യം ഭവിഷ്യതീതി.)

(നേപഥ്യേ)

അച്ചരിഅം അച്ചരിഅം! അപുണ്ണേ എവ്വ പഞ്ജരത്തേ ദോഹലസ്സ മുഉളേഹിം സംണദ്ധോ തവണീആസോഓ. ജാവ ദേവീഏ ണിവേദേമി. (ആശ്ചര്യമാശ്ചര്യം! അപൂർണ്ണ ഏവ പഞ്ചരാത്രേ ദോഹസ്യമുകുളൈഃ സന്നദ്ധസ്തപനീയാശോകഃ യാവദ്ദേവ്യൈ നിവേദയാമി.)

(ഉഭേ ശ്രുത്വാ പ്രഹൃഷ്ടേ ഭവതഃ)

ബകുളാവലികാ: ആസസിദു സഹീ: സച്ചപ്പഇണ്ണാ ദേവീ. (ആശ്വസിതു സഖീ സത്യപ്രതിജ്ഞാ ദേവീ.)

മാളവികാ: തേണ ഹി പമദവണപാലിആഏ പിട്ഠദോ ഹോമ്മ. (തേന ഹി പ്രമദവനപാലികായാഃ പൃഷ്ഠതോ ഭവാവഃ)

ബകുളാവലികാ: തഹ (തഥാ.)

(ഇവി നിഷ്ക്രാന്താഃ സർവ്വേ)

**ഇതി ചതുർത്ഥോƒങ്കഃ**

രാജാവ്: ഞാൻ ചെന്നു പേടി മാറ്റാം. (ബദ്ധപ്പെട്ട് ചുറ്റിനടക്കുന്നു.)

വിദൂഷകൻ: (വിചാരം) നന്നെടോ പിങ്ഗളവാനര! നന്ന്; നീ കൂട്ടുകാരനെ രക്ഷപ്പെടുത്തി.

(വിദൂഷകനൊന്നിച്ച് രാജാവും നിപുണികയൊന്നിച്ച് ഇരാവതിയും തനിയെ ജയസേനയും പോയി.)

മാളവിക: തോഴീ! ദേവിയെ ഓർത്തിട്ട് എന്റെ നെഞ്ചുപിടയ്ക്കുന്നു; ഇനി എന്തെല്ലാമാണോ അനുഭവിക്കാനുള്ളത് എന്നറിഞ്ഞില്ല.

(അണിയറയിൽ: ആശ്ചര്യം! ആശ്ചര്യം! വളം ചെയ്തിട്ട് അഞ്ചുരാത്രി കഴിയും മുൻപുതന്നെ തപനീയാശോകത്തിൽ മൊട്ടു വീശി; വിവരം ചെന്നു ദേവിയെ ഉണർത്തിക്കാം!)

(രണ്ടുപേരും കേട്ടിട്ട് സന്തോഷിക്കുന്നു)

ബകുളാവലിക: പ്രിയസഖി! ആശ്വസിച്ചുകൊള്ളൂ! ദേവി വാക്കുമാറുന്ന ആളല്ല.

മാളവിക: എന്നാൽ നമുക്കും പ്രമദവനപാലികയുടെ പിന്നാലേ കൂടാം.

ബകുളാവലിക: അങ്ങനെതന്നെ!

(എല്ലാവരും പോയി)

**(നാലാമങ്കം കഴിഞ്ഞു).**

# പഞ്ചമോ ƒങ്കഃ

## പ്രവേശകം

(തതഃ പ്രവിശത്യുദ്യാനപാലികാ)

ഉദ്യാനപാലികാ: ഉവക്ഖിത്തോ മഏ കിദസക്കാരവിഹിണോ തവണീ ആസോഅസ്സ വേദിആബന്ധോ. ജാവ അണുട്ഠിദ ണിഓഅം അത്താണം. ദേവീഏ ണിവേദേമി. (പരിക്രമ്യ) അഹോ! ദേവ്വസ്സ അണുകംപണീആ മാളവിആ. ജംതസ്സിം തഹ ചണ്ഡീകിദാ ദേവീ ഇമിണാ അസോഅകുസുമവുത്തന്തേണ പസാദസുമുഹീഹവിസ്സദി. കഹിം ണു ഖു ദേവീ ഹവേ? (വിലോക്യ) അമ്ഹോ! എസോ ദേവീഏ പരി അണബ്ഭന്തരോ കിംവി ജദുമുദ്ദാലംച്ഛിദം മഞ്ജൂസിഅം ഗേണ്ഹിഅ ചദുസ്സാലാദോ കുജ്ജോസാരസഓ ണിക്കാമദി. പുച്ഛിസ്സം ദാവണം. (ഉപക്ഷിപ്തോ മായാകൃതസത്കാരവിധേസ്ഥപനീയാ– ശോകസ്യ വേദികാബന്ധഃ. യാവദനുഷ്ഠിതനിയോഗമാത്മാനം ദേവ്യൈ നിവേദയാമി. അഹോ! ദൈവസ്യാനുകമ്പനീയാ മാളവികാ, യത്തസ്യാം തഥാ ചണ്ഡീകൃതാ ദേവ്യനേനാശോകകുസുമവൃത്താന്തേന പ്രസാദസുമുഖീ ഭവിഷ്യതി. കുത്ര നു ഖലു ദേവീ ഭവേത് ? അഹോ! ഏഷ ദേവ്യാഃ പരിജനാഭ്യാന്തരഃ കിമപി ജതുമുദ്രാലാഞ്ഛിതാം മഞ്ജൂഷികാം ഗൃഹീത്വാ ചതുശ്ശാലാത് കുബ്ജഃ സാരസകോ നിഷ്ക്രാമതി. പ്രക്ഷ്യാമിതാവദേനം)

(തതഃ പ്രവിശതി യഥാനിർദ്ദിഷ്ടഃ കുബ്ജഃ)

ഉദ്യാനപാലികാ: (ഉപസൃത്യ) സാരസഅ! കഹിം പത്ഥിദോസി? (സാരസക! കുത്ര പ്രസ്ഥിതോƒസി?)

സാരസകഃ: മഹുഅരിഏ! വേഅപാരആണം ബമ്ഹണാണം ണിച്ച ദക്ഖിണാ ദാദവ്വാ. താ അജ്ജപുരോഹിദസ്സ ഹത്ഥം പാവഇസ്സം. (മധു– കരികേ! വേദപാരാഗാണാം ബ്രാഹ്മണാനാം നിത്യദക്ഷിണാ ദാതവ്യാ. തദാര്യപുരോഹിതസ്യ ഹസ്തം പ്രാപയിഷ്യാമി)

മധുകരികാ: കിം ണിമിത്തം? (കിം നിമിത്തം?)

# അഞ്ചാമങ്കം

### പ്രവേശകം

(അനന്തരം ഉദ്യാനപാലികയായ മധുരിക പ്രവേശിക്കുന്നു.)

മധുകരിക: വളം ചെയ്ത ഉടനെ തപനീയാശോകത്തിന്റെ തറ നന്നാക്കിക്കെട്ടിക്കണമെന്നു കല്പിച്ചപ്രകാരം ഞാൻ നടത്തിയിരിക്കുന്നു. ഈ വിവരം ചെന്നു ദേവിയെ ഉണർത്തിക്കാം. (ചുറ്റിനടന്നിട്ട്) കഷ്ടം! ആ മാളവികയുടെ നേരേ ദൈവത്തിനു കരുണ തോന്നേണ്ടതാണ്. അവളുടെ പേരിൽ ദേവിക്ക് ഇപ്പോൾ കഠിനമായിട്ടുള്ള തിരുവുള്ളക്കേട് ഈ അശോകം പൂത്ത വർത്തമാനം കേൾക്കുമ്പോൾ നീങ്ങണം. എവിടെ ആയിരിക്കും ഇപ്പോൾ എഴുന്നള്ളിയിരിക്കുന്നത്? (നോക്കീട്ട്) ഇതാ പരിജനങ്ങളിൽ പ്രധാനിയായ കൂനൻ സാരസകൻ അരക്കുമുദ്രവെച്ച ഒരു പെട്ടിയും കൈയിലെടുത്തുകൊണ്ട് നാലുകെട്ടിൽ നിന്ന് ഇറങ്ങി വരുന്നു. ഇവനെക്കണ്ടു ചോദിക്കാം.

(അനന്തരം പറഞ്ഞ പ്രകാരം കൂനൻ സാരസകൻ പ്രവേശിക്കുന്നു.)

(അടുത്തു ചെന്ന്) സാരസക, എങ്ങോട്ടേക്കാണ്?

സാരസകൻ: മധുകരികേ! നല്ല ശാസ്ത്രപരിജ്ഞാനവും അനുഷ്ഠാനവും ഉള്ള ബ്രാഹ്മണർക്ക് നിത്യദക്ഷിണ മാസാമാസം കൊടുക്കേണ്ടതുണ്ട്; ആവകപ്പണം പുരോഹിതൻ തിരുമേനിവശം ഏല്പിക്കാൻ പോകയാണ്.

മധുകരിക: ഇതെന്തിനായിട്ടാണ് ?

*സാരസകഃ*: ജദാ പഹുദി സുദം സേണാവഇണാ ജണ്ണതുരഗ രക്ഖണേ ണിഉത്തോ ഭട്ടിദാരഓ വസുമിത്തോത്തി, തദാ പഹുദി തസ്സ ആഉസോണിമിത്തം അട്ടാദസസുവണ്ണപമാണം ദക്ഖിണം ദേവീ ദക്ഖിണീഏഹിം പഡിഗ്ഗാഹേദി. (യദാപ്രഭൃതി ശ്രുതം, സേനാപതിനാ യജ്ഞതുരഗരക്ഷണേ നിയുക്തോ ഭർത്തൃദാരകോ വസുമിത്ര ഇതി, തദാപ്രഭൃതി തസ്യായുഷോനിമിത്തമഷ്ടാദശസുവർണ്ണപ്രമാണാം ദക്ഷിണാം ദേവീ ദക്ഷിണീയൈഃ പ്രതിഗ്രാഹയതി.)

*മധുകരികാ*: ജുജ്ജഇ. അഹ കഹിം ദേവീ? കിം വാ അണുചിട്ഠദി? (യുജ്യതേ. അഥ കുത്ര ദേവീ? കിം വാനുതിഷ്ഠതി?)

*സാരസകഃ*: മംഗളഘരേ ആസണത്ഥാ ഭവിഅ വിദബ്ഭവിസആദോ ഭാദുണാ വീരസേണേണ പേസിദം ലേഹം ലേഹകരേഹിം വാഇഅമാണം സുണാദി. (മംഗളഗൃഹേ ആസനസ്ഥാ ഭൂത്വാ വിദർഭവിഷയാത് ഭ്രാത്രാ വീരസേനേന പ്രേഷിതം ലേഖം ലേഖകരൈർവാച്യമാനം ശൃണോതി.)

*മധുകരിക*: കോ ഉണ വിദബ്ഭരാഅവുത്തന്തോ സുണീഅദി? (കഃ പുനർവിദർഭരാജ വൃത്താന്തഃ ശ്രൂയതേ?)

*സാരസകഃ*: വസീകിദോ കില വീരസേണപ്പമുഹേഹിം ഭത്തുണോ വിജഅദണ്ഡേഹിം വിദബ്ഭണാഹോ. മോഇദോസേ ദാആദോ മാഹവ സേണോ. തേണ മഹാസാരാഇ രഅണാഇ വാഹണാഇ സിപ്പആരിആ ഭൂഇട്ഠം പരിഅണം അഉവാഅണീകരിഅ ഭട്ടിണോ സആസം പേസിദോ ദൂദോ സുവോ കില ഭട്ടാരം പേക്ഖിസ്സദി. (വശീകൃതഃ കില വീരസേന പ്രമുഖൈർഭർത്തുർവിജയദണ്ഡൈർ വിദർഭനാഥഃ. മോചിതോƒസ്യ ദായാദോ മാധവസേനഃ. തേനഃ മഹാസാരാണി രത്നാനി വാഹനാനി ശില്പകാരികാഭൂയിഷ്ഠം പരിജനം ചോപായനീകൃത്യ ഭർത്തുഃ സകാശം പ്രേഷിതോ ദൂതഃ ശ്വഃ കില ഭർത്താരം ദ്രക്ഷ്യതി.)

*മധുകരികാ*: ഗച്ഛ, അമുചിട്ഠ അത്തണോ ണിഓഅം. അഹം വി ദേവിം പേക്ഖിസ്സം (ഗച്ഛ, അനുതിഷ്ഠാത്മനോ നിയോഗം. അഹമപി ദേവീം ദ്രക്ഷ്യാമി) (ഇതി നിഷ്ക്രാന്തൗ)

**ഇതി പ്രവേശകഃ**

**സാരസകൻ:** യാഗക്കുതിരയെ രക്ഷിക്കാൻ സേനാപതിതിരുമനസ്സു കൊണ്ട് വസുമിത്രൻ കൊച്ചുതമ്പുരാനെ നിയോഗിച്ച വസ്തുത കേട്ടതു മുതൽ അവിടുത്തേക്കു ദീർഘായുസ്സിനുവേണ്ടി ദിവസം എൺപത്തിനാലു കഴഞ്ചുവീതം സ്വർണ്ണം ഉത്തമബ്രാഹ്മണർക്കു ദക്ഷിണകൊടുപ്പാൻ ഏർപ്പാടു ചെയ്തിരിക്കുന്നു.

**മധുകരിക:** വേണ്ടതുതന്നെ. എവിടെയാണു പിന്നെ ഇപ്പോൾ എഴുന്നള്ളിയിരിക്കുന്നത്?

**സാരസകൻ:** തേവാരപ്പുരയിൽത്തന്നെ എഴുന്നള്ളിയിരുന്ന്, വിദർഭരാജ്യത്തിൽനിന്നു സഹോദരൻ വീരസേനൻ എജമാനൻ കൊടുത്തയച്ച എഴുത്ത് രായസംപിള്ള വായിക്കുന്നത് കേട്ടുകൊണ്ടിരിക്കയാണ്.

**മധുകരിക:** വിദർഭരാജ്യത്തിലെ വർത്തമാനം എന്താണ് ?

**സാരസകൻ:** വീരസേനന്റെ വരുതിയിൽ ദണ്ഡചക്രസൈന്യം ചെന്ന് വിദർഭരാജാവിനെ പിടിച്ചടക്കി അദ്ദേഹത്തിന്റെ ദായാദനായ മാധവസേനനെ വിടുവിക്കയുംചെയ്തു. ആ മാധവസേനൻ അനവധി വിലപിടിച്ച രത്നങ്ങളും വാഹനങ്ങളും കലാവിദ്യകളിൽ സാമർത്ഥ്യമുള്ള ആൾക്കാരെയും ദൂതൻവശം മഹാരാജാവിന് അടിയറ കൊടുത്തയച്ചിരിക്കുന്നു. ദൂതൻ നാളെച്ചെന്നു മുഖം കാണിക്കും.

**മധുകരിക:** അങ്ങേടെ ജോലിക്കു പൊയ്ക്കൊള്ളു; ഞാനും എഴുന്നള്ളിയിരിക്കുന്നിടത്തേക്കു ചെല്ലട്ടെ!

(രണ്ടുപേരും പോയി.)

**(പ്രവേശകം കഴിഞ്ഞു).**

(തതഃ പ്രവിശതി പ്രതീഹാരീ)

പ്രതീഹാരീ: ആണത്തമ്ഹി അസോഅസാക്കാരവ്വാവുദാഏ ദേവീഏ വിണ്ണവേഹി അജ്ജഉത്തം 'ഇച്ഛാമി അജ്ജഉത്തേണ സഹ അസോഅ രുക്ഖസ്സ പസൂണലച്ഛിം പച്ചക്ഖീകാദും' തി. താ ജാവ ധമ്മാസണഗദം ദേവം പഡിവാലേമി. (ആജ്ഞപ്താസ്മ്യശോകസത്കാരവ്യാപൃതയാ ദേവ്യാ, വിജ്ഞാപയ ആര്യപുത്രം ഇച്ഛാമ്യാര്യപുത്രേണ സഹാശോകവൃക്ഷാസ്യ പ്രസൂനലക്ഷ്മീം പ്രത്യക്ഷീകർത്തും "ഇതി. തദ്യാവത് ധർമ്മാസനഗതം ദേവം പ്രതിപാലയാമി) (ഇതി പരിക്രാമതി)

(നേപഥ്യേ)

വൈതാളികൗ: ദിഷ്ട്യാ ദണ്ഡേനൈവാരിശിരസു വർത്തതേ ദേവഃ.

പ്രഥമഃ: **പരിഭൃതകളവ്യാഹാരേഷു ത്വമാത്തരതിർമധും**
**നയസി വിദിശാതീരോദ്യാനേഷനംഗ ഇവാംഗവാൻ**
**വിജയകരിണാ മാലാ ന ത്വം ഗതൈഃ പ്രബലസ്യ തേ**
**വരദ! വരദാരോധോവൃക്ഷൈഃ സഹാവനതോ രിപുഃ** 1

ദ്വിതീയഃ: **വിരചിതപദം വീരപ്രീത്യാ സുരോപമ!**
**സൂരിഭിശ്ചരിതമുഭയോർമദ്ധ്യേകൃത്യ സ്ഥിതം ക്രഥകൈശികാൻ**
**തവ ഹൃതവതോ ദണ്ഡാനീകൈർവിദർഭപതേഃ ശ്രിയം**
**പരിഘഗുരുഭിർദോർഭിഃ ശൗരേഃ പ്രസഹ്യ ച രുക്മിണീം** 2

പ്രതീഹാരീ: എസോ ജഅസദ്ദസൂഇദപ്പത്ഥാണോ ഭട്ടാ ഇദോ എവ്വ ആഅച്ഛദി. അഹം വി ദാവ ഇമസ്സ പമുഹോദോ കിംവി ഓസരിഅ ഏദം മുഹാളിന്ദതോരണം സമസ്സിദാ ഹോമി. (ഏഷ ജയശബ്ദസൂചിത പ്രസ്ഥാനോ ഭർത്തേത ഏവാഗച്ഛതി. അഹമപി താവദസ്യ പ്രമുഖാത് കിമപ്യപസൃത്യ ഏതന്മുഖാളിന്ദതോരണം സമാശ്രിതാ ഭവാമി)

(ഇത്യേകാന്തേ സ്ഥിതാ) (തതഃ പ്രവിശതി സവയസ്യോ രാജാ.)

**രാജാ: കാന്താം വിചിന്ത്യ സുലഭേതരസംപ്രയോഗാം**
**ശ്രുത്വാ വിദർഭപതിമാനമിതം ബലൈശ്ച**
**ധാരാഭിരാതപ ഇവാഭിഹിതം സരോജം**
**ദുഃഖായതേ മമ മനഃ സുഖമശ്നുതേച** 3

വിദൂഷകഃ: ജഹ അഹം പേക്ഖാമി തഹ ഏക്കന്ദസുഹിദോ ഭവം ഹവിസ്സദി. (യഥാഹം പശ്യാമി, തഥാ ഏകാന്തസുഖിതോ ഭവാൻ ഭവിഷ്യതി.)

(അനന്തരം ജയസേന പ്രവേശിക്കുന്നു)

ജയസേന: ദേവി! തമ്പുരാനോടുണർത്തിക്കാൻ കല്പിച്ചിരിക്കുന്നു. 'ആര്യപുത്രനൊന്നിച്ചുവേണം എനിക്കു തപനീയാശോകം ഭംഗിയായി പുഷ്പിച്ചു നിൽക്കുന്നതു ചെന്നു നോക്കുന്നതിന് ' എന്ന്. അതുകൊണ്ട് ആസ്ഥാനമണ്ഡപത്തിൽനിന്ന് എഴുന്നള്ളുന്നതു കാത്തുനിൽക്കാം (ചുറ്റി നടക്കുന്നു).

(അണിയറയിൽ)

സ്തുതിപാഠകന്മാർ: ഭാഗ്യവശാൽ ദേവൻ ശത്രുക്കളെ ദണ്ഡോപായം കൊണ്ടു ചവിട്ടിത്താഴ്ത്തിയിരിക്കുന്നു!

**ഒന്നാമൻ: തോഷംപൂണ്ടുപികാരവത്തിൽ വിദിശാതീരത്തു ധീരൻ ഭവാൻ**
**ഘോഷിക്കുന്നു ശരീരശാലിമദനശ്രീമാൻ വസന്തോത്സവം;**
**ചിക്കെന്നാനകളെത്തളച്ച തരുവിൻ കൂട്ടത്തിനൊപ്പം തളർ**
**ന്നൂക്കേറും തല തഴ്ത്തിടുന്നു വരദാതീരത്തു നിൻ ശത്രുവും 1**

**രണ്ടാമൻ: രണ്ടാളെക്കുതുകത്തൊടേ കവികുലം വാഴ്ത്തുന്നു; വീരാദ്ഭുതം**
**കൊണ്ടാടിക്ക്രഥകൈശികപ്പരിഷയെത്തോല്പിച്ച വീരാഗ്ര്യരായ്;**
**ദണ്ഡാനീകമുഖേന ലക്ഷ്മിയെ ഹരിച്ചീടും ഭവാനാദിമൻ,**
**രണ്ടാമൻ ഭുജദണ്ഡവിക്രമവശാൽ ഭൈഷ്മീഹരൻ ശൗരിയും 2**

ജയസേന: വിരുതുഘോഷം കേൾക്കുന്നതുകൊണ്ട് ഇങ്ങോട്ട് എഴുന്നള്ളത്തു തിരിച്ചിറക്കണം. വഴിവിട്ടൊതുങ്ങി ഈ പൂമുഖപ്പടിയിലേക്കു മാറി നിൽക്കാം. (ഒഴിഞ്ഞു നിൽക്കുന്നു)

(അനന്തരം രാജാവും വിദൂഷകനും പ്രവേശിക്കുന്നു.)

**രാജാവ്: പ്രേമാർദ്രയാം ദയിത ദുർലഭയെന്നതോർത്തും**
**ശ്രീമാൻ വിദർഭപതി നിർജ്ജിതനെന്നു കേട്ടും**
**പേമാരിധാര വെയിലത്തു പതിച്ചതേറ്റ**
**പദ്മത്തിനൊത്തഴലുമിമ്പവുമുള്ളിനൊപ്പം. 3**

വിദൂഷകൻ: എന്റെ മനസ്സു പറയുന്നു, 'അങ്ങേക്കു സർവഥാ സുഖം തന്നെ ശേഷിക്കും 'എന്ന്.

രാജാ: കഥമിവ?

വിദൂഷകഃ: അജ്ജ കില ദേവീഏ ധാരിണീഏ പണ്ഡിദകോസിഇഊ ഭണിദാ 'ഭഅവദി! ജഇ തുമം പസാഹണഗവ്വം വഹേസി, താ ദംസേഹി മാളവിആഏ സരീരേ വൈദബ്ഭം വിവാഹണേവച്ഛം'തി. താഏ വി സവിസേസാലംകിദാ മാളവിആ. തത്തഹോദീ കദാവി പൂരഏ ഭവദോ മണോരഹം. (അദ്യ കില ദേവ്യാ ധാരിണ്യാ പണ്ഡിതകൗശികീ ഭണിതാ ഭഗവതി! യദി ത്വം പ്രസാദനഗർവ്വം വഹസി, തദ്ദർശയ മാളവികായാഃ ശരീരേ വൈദർഭം വിവാഹനേപഥ്യ മിതി. തയാപി സവിശേഷാലംകൃതാ മാളവികാ. തത്രഭവതീ കദാപി പൂരയേത്ഭവതോ മനോരഥം)

രാജാ: സഖേ! മദപേക്ഷാനുവൃത്ത്യാ നിവൃത്തേർഷ്യായാ ധാരിണ്യാഃ പൂർവ്വചരിതൈഃ സംഭാവ്യമേതത്.

പ്രതീഹാരീ: (ഉപഗമ്യ) ജേദു ഭട്ടാ. ദേവീ വിണ്ണവേദി തവണീആ-സോഅസ്സ കുസുമസോഹാദംസണേണ മഹ ആരംഭോ സഫലീ-കരിഅദുത്തി. (ജയതു ഭർത്താ. ദേവീ വിജ്ഞാപയതി തപനീയാ-ശോകസ്യ കുസുമശോഭാദർശനേന മമാരംഭഃ സഫലീക്രിയതാമിതി.)

രാജാ: നനു തത്രൈവ ദേവീ?

പ്രതീഹാരീ: അഹ ഇം. ജഹാരൂഹസംമാണസുഹിദം അന്ദേഉരം വിസജ്ജിഅ മാളവിആപുരോഏണ അത്തണോ പരിഅണേണ സഹ ദേവം പിഡിവാലേദി. (അഥ കിം. യഥാർഹസമ്മാനസുഖിതമന്തഃപുരം വിസൃജ്യ മാളവികാപുരോഗേണാത്മനഃ പരിജനേന സഹ ദേവം പ്രതിപാലയതി)

രാജാ: (സഹർഷം വിദൂഷകം വിലോക്യ) ജയസേനേ! ഗച്ഛാഗ്രതഃ.

പ്രതീഹാരീ: ഇദോ ഇദോ ദേവോ (ഇത ഇതോ ദേവഃ.)(ഇതി പരിക്രാമതി)

വിദൂഷകഃ: (വിലോക്യ) ഭോ വഅസ്സ! കിംചി പരിവുത്തജോവ്വണോ വിഅ വസന്തോ പമദവണേ ലക്ഖീഅദി. (ഭോ വയസ്യ! കിംചിത് പരിവൃത്തയൗവന ഇവ വസന്തഃ പ്രമദവനേ ലക്ഷ്യതേ.)

രാജാ: യഥാഹ ഭവാൻ.

**അഗ്രേ വികീർണ്ണകുരവകഫലജാലവിഭിദ്യമാനസഹകാരം**
**പരിണാമാഭിമുഖമൃതോരുത്സുകയതി യൗവനം ചേതഃ** 4

രാജാവ്: അതെങ്ങനെയാണ് ?

വിദൂഷകൻ: ദേവീ ഇന്നു പണ്ഡിതകൗശികിയോടു പറയുകയുണ്ടായി 'ഭഗവതിക്കു ചമയിക്കാൻ വളരെ മിടുക്കുണ്ടല്ലോ! അത് ഇന്നു വിദർഭരാജ്യത്തിലെ നടപ്പനുസരിച്ച് മാളവികയെ കല്യാണപ്പെണ്ണായി ചമയിക്കുന്നതിൽ കാണണം" എന്ന്. അതിൻപ്രകാരം മാളവികയെ വിവാഹാലങ്കാരങ്ങൾ അണിയിച്ച് ഒരുക്കിനിർത്തുകയും ചെയ്തിരിക്കുന്നു. ഒരുവേള ദേവി അങ്ങേടെ ആഗ്രഹം സാധിപ്പിച്ചു തന്നു എന്നും വന്നേക്കാം.

രാജാവ്: തോഴരേ! അവളുടെ മുൻ നടപടികൾ ഓർത്തുനോക്കുമ്പോൾ അങ്ങേടെ ഊഹം ഒട്ടും അസംഭാവ്യമല്ല. എന്റെ ഹിതത്തിനുവേണ്ടി അവൾ ഈർഷ്യാകോപം വകവെക്കാറില്ല.

ജയസേന: (അടുത്തുചെന്ന്) തമ്പുരാനു വിജയം! ദേവി ഉണർത്തിക്കുന്നു: 'തപനീയാശോകത്തിന്റെ കുസുമശോഭ വന്നുകണ്ട് എന്റെ ശ്രമത്തിനു സാഫല്യം വരുത്തിത്തരണം എന്ന്.

രാജാവ്: ദേവിയും അവിടെത്തന്നെ ഉണ്ടോ?

ജയസേന: ഇറാൻ; ഉണ്ട്. കെട്ടിലമ്മമാർക്കെല്ലാം സദൃശംപോലെ സമ്മാനങ്ങൾ കൊടുത്തു സന്തോഷിപ്പിച്ചയച്ചിട്ട് മാളവിക മുതൽ പേരായ പരിജനങ്ങളൊന്നിച്ച് തിരുമേനിയെ കാത്തുകൊണ്ടിരിക്കുന്നു.

രാജാവ്: (സന്തോഷത്തോടെ വിദൂഷകന്റെ നേരെ നോക്കീട്ട്) ജയസേന! മുൻപേ നടക്കൂ.

ജയസേന: ഇതിലേ എഴുന്നള്ളാം !

വിദൂഷകൻ: (നോക്കീട്ട്) തോഴരേ! പ്രമദവനം കണ്ടിട്ട് വസന്തത്തിനു യൗവനം ക്ഷയിച്ചു തുടങ്ങിയതുപോലെ തോന്നുന്നു.

രാജാവ്: അങ്ങു പറഞ്ഞതു ശരിതന്നെ.

**കുരബകം കുസുമങ്ങൾ കൊഴിഞ്ഞു തേ;**
**ഗുരുഫലാവലി മാവിനു ഭാരമായ്;**
**കരളിനാർത്തികരം മധുവിന്റെയി**
**ത്തരുണതാപരിണാമദശാന്തരം** **4**

വിദൂഷകഃ: (പരിക്രമ്യ) അഹോ! അഅം സോ ദിണ്ണണേവച്ഛോ വിഅ കുസുമത്ഥവ ഏഹിം തവണീആസോഓ. ഓലോ ഏദുഭവം. (അഹോ! അയം സ ദത്തനേപഥ്യ ഇവ കുസുമസ്തബകൈസ്തപനീയാ– ശോകഃ അവലോകയതു ഭവാൻ)

രാജാ: സ്ഥാനേ ഖല്വയം പ്രസവമന്ഥരോ?ഭൂത്. യദയമിദാനീമനന്യ സാധാരണീം ശോഭാമുദ്വഹതി. പശ്യ –

**സർവ്വാശോകതരുണാം പ്രഥമം സൂചിതവസന്തമാസാനാം**
**നിർവൃത്തദോഹദേƒസ്മീൻ സംക്രാന്താനീവ കുസുമാനി** 5

വിദൂഷകഃ: ഭോ! വീസദ്ധോ ഹോഹി. അമ്ഹേസു സംണിഹിദേ സുവി ധാരിണീ പാസപരിവട്ടിണിം മാളവിഅം അണുമണ്ണേദി. (ഭോഃ! വിസ്രബ്ധോ ഭവ. അസ്മാസു സന്നിഹിതേഷ്വപി ധാരിണീ പാർശ്വപരീ വർത്തിനീം മാളവികാമനുമന്യതേ.)

രാജാ: (സഹർഷം) സഖേ! പശ്യ

**മാമിയമഭ്യുത്തിഷ്ഠതി ദേവീ വിനയാദനൂത്ഥിതാ പ്രിയയാ**
**വിസ്തൃതഹസ്തകമലയാ നരേന്ദ്രലക്ഷ്മ്യാ വസുമതീവ** 6

(തതഃ പ്രവിശതി ധാരിണീ മാളവികാ പരിവ്രാജികാ വിഭവതശ്ച പരിവാരഃ)

മാളവികാ: (ആത്മഗതം) ജാണാമി ണിമിത്തം കോദുആലങ്കാരസ്സ. തഹ വി ബിസിണീപത്തഗദം വിഅ സലിലം വേവദി മേ ഹി അഅം. അവി അ, ദക്ഖിണേദരം വി ണഅണം ബഹുസോ ഫുരദി. (ജനാമി നിമിത്തം കൗതുകാലങ്കാരസ്യ. തഥാപി ബിസിനീപത്രഗതമിവ സലിലം വേപതേ മേ ഹൃദയം. അപി ച, ദക്ഷിണേതരമപി മേ നയനം ബഹുശഃ സ്ഫുരതി)

വിദൂഷകഃ: ഭോ വഅസ്സ! വിവാഹണേവച്ഛേണ സവിസേസം ഖു സോഹദി മാളവിആ. (ഭോ വയസ്യ! വിവാഹനൈപഥ്യേന സവിശേഷം ഖലു ശോഭതേ മാളവികാ.)

രാജാ: പശ്യാമ്യാഭരണാലംകൃതാമേനാം. യൈഷാ

**അനതിലംബിദുകൂലനിവാസിനീ ബഹുഭിരാഭരണൈഃ പ്രതിഭാതി മേ**
**ഉഡുഗണൈരുദയോന്മുഖ ചന്ദ്രികാഗതഹിമൈരിവ ചൈത്രവിഭാവരീ** 7

വിദൂഷകൻ: ഹേ ഇതാ ആ തപനീയാശോകം പൂന്തൊത്തികൊണ്ട് ആഭരണമണിഞ്ഞതുപോലെ നിൽക്കുന്നു. അങ്ങ് സൂക്ഷിച്ചു നോക്കണം!

രാജാവ്: ഒന്നു വിചാരിക്കുമ്പോൾ ഇതുവരെ ഇതു പൂക്കാൻ താമസിച്ചതു നന്നായി; ഇപ്പോഴായതുകൊണ്ട് ഇതിനൊരു മെച്ചം കിട്ടി. നോക്കൂ:

**അശോകമെല്ലാമൃതുവേറ്റവാക്കേ സ്വശോഭ കാണിച്ചു ധരിച്ച പുഷ്പം**
**അശേഷമിങ്ങോട്ടു പകർന്നതാമോ വിശേഷമായ്ച്ചെയ്ത വളംനിമിത്തം? 5**

വിദൂഷകൻ: ഓഹോയി ! നമ്മുടെ ഊഹം ഫലിച്ചുവെന്നു തോന്നുന്നു. നാം ചെല്ലുന്നതു കണ്ടിട്ടും ദേവി മാളവികയെ അടുക്കൽത്തന്നെ നിറുത്തിയിരിക്കുന്നു.

രാജാവ്: (സന്തോഷത്തോടെ) തോഴരേ! നോക്കൂ!

**വിസ്തൃതഹസ്തകമലയായ്**
**പിൻതുടരും കാന്തയോടെ ദേവിയിതാ!**
**എതിരേറ്റെഴുനേല്ക്കുന്നൂ**
**പൃഥിവി നൃപശ്രീയൊടൊത്തു ചേർന്നതുപോൽ 6**

(അനന്തരം ധാരിണിയും പരിവ്രാജികയും മാളവികയും പരിവാരങ്ങളും പ്രവേശിക്കുന്നു)

മാളവിക: (വിചാരം) വിവാഹവേഷം കെട്ടിച്ചതിന്റെ കാരണം എനിക്കറിയാം; എന്നാലും എന്റെ മനസ്സ് താമരയിലയിലെ വെള്ളത്തുള്ളിപോലെ ചലിക്കുന്നു. ഇടതുകണ്ണു തുടിക്കുന്നുമുണ്ട്.

വിദൂഷകൻ: തോഴരേ! വിവാഹവേഷംകൊണ്ടു ശ്രീമതി മാളവികയ്ക്കു വിശേഷിച്ചൊരു ശോഭ വന്നിട്ടുണ്ടെന്നുള്ളതിനു സംശയമില്ല.

രാജാവ്: ഞാൻ കാണുന്നുണ്ട്.

**ഏതാനുമാഭരണമിട്ടു വെളുത്ത വസ്ത്രം**
**പാദത്തിൽ മുട്ടിയിഴയാതെ ധരിച്ചു ബാല**
**ഏന്തുന്നു താരകൾ തെളിഞ്ഞ വസന്തരാത്രി**
**ക്കിന്ദൂദയത്തിലുളവാം സുഷമാവിശേഷം. 7**

ദേവീ: (ഉപേത്യ) ജേദു അജ്ജഉത്തോ. (ജയത്വാര്യപുത്രഃ)

വിദൂഷകഃ: വഡ്ഢദു ഭോദീ. (വർദ്ധതാം ഭവതീ!)

പരിവ്രാജികാ: വിജയതാം ദേവഃ

രാജാ: ഭഗവതി! അഭിവാദയേ.

പരിവ്രാജികാ: അഭിമതസിദ്ധിരസ്തു

ദേവീ: (സസ്മിതം) അജ്ജഉത്ത! ഏസോ ദേ അമ്ഹേഹിം തരുണീജണ സഹാഅസ്സ അസോഓ സങ്കേദഘരഅം സങ്കപ്പിദോ (ആര്യപുത്ര! ഏഷ തേƒസ്മാഭിസ്തരുണീജനസഹായസ്യാശോകഃ സങ്കേതഗൃഹം സങ്കല്പിതഃ)

വിദൂഷകഃ: ഭോ! ആരാഹിഓസി. (ഭോഃ! ആരാധിതോƒസി)

രാജാ: (സവ്രീഡമശോകമദിതഃ പരിക്രാമൻ.)

**നായം ദേവ്യാ ഭാജനത്വം ന നേയഃ**
**സത്കാരാണാമീദൃശാനാമശോകഃ**
**യഃ സാവജ്ഞോ മാധവശ്രീനിയോഗേ**
**പുഷ്പൈഃ ശംസത്യാദരം ത്വത്പ്രയത്നേ. 8**

വിദൂഷകഃ: ഭോ! വീസദ്ധോ ഭവിഅ തുമം ജോവ്വണവദിം ഇമം പേക്ഖ. (ഭോഃ വിസ്രബ്ധോ ഭൂത്വാ ത്വം യൗവനവതീമിമാം പശ്യ.)

ദേവീ: കം? (കാം?)

വിദൂഷകഃ: തവണീആസോഅസ്സ കുസുമസോഹം. (തപനീയാശോകസ്യ കുസുമശോഭാം.)

(സർവ്വ ഉപവിശന്തി)

രാജാ: (മാളവികാം വിലോക്യ ആത്മഗതം) കഷ്ടഃ ഖലു സന്നിധി വിപ്രയോഗഃ

**അഹം രഥാംഗനാമേവ പ്രിയാ സഹചരീവ മേ**
**അനനുജ്ഞാതസമ്പർക്കാ ധാരിണീ രജനീവ നൗ 9**

(പ്രവിശ്യ)

ധാരിണി: (അടുത്തു ചെന്ന്) ആര്യപുത്രനു വിജയം!

വിദൂഷകൻ: അവിടേക്കു ക്ഷേമം വർദ്ധിക്കട്ടെ!

പരിവ്രാജിക: ദേവന് വിജയം!

രാജാവ്: ഭഗവതിക്ക് അഭിവാദ്യം!

ധാരിണി: (പുഞ്ചിരിയോടെ) ആര്യപുത്ര! ഈ അശോകത്തറ അങ്ങേക്കു തരുണികളൊന്നിച്ചു രമിക്കുന്നതിനു സങ്കേതസ്ഥാനമായിട്ടു ഞാൻ ഒഴിഞ്ഞു തന്നിരിക്കുന്നു.

വിദൂഷകൻ: ഹേ! അങ്ങേക്കു വലിയ പ്രീതിചെയ്തതായി !

രാജാവ്: (ലജ്ജയോടെ അശോകത്തിനു ചുറ്റും നടന്നിട്ട്)

**സത്കാരം നിൻപകൽനിന്നിപ്പടിക്കി**
**ങ്ങേല്ക്കാനോർക്കിൽ പാത്രമാണീയശോകം;**
**കേൾക്കാതൊട്ടും മാധവശ്രീനിയോഗം**
**സംസ്കാരം നീ നല്കവേ പൂത്തുവല്ലോ** 8

വിദൂഷകൻ: തോഴരേ, സങ്കോചംവിട്ടു നേരെതന്നെ ഈ യൗവന വിലാസം നോക്കൂ!

ധാരിണി: ആരുടെ?

വിദൂഷകൻ: പുഷ്പിച്ച തപനീയശോകത്തിന്റെ.

(എല്ലാവരും ഇരിക്കുന്നു)

രാജാവ്: (മാളവികയെ നോക്കീട്ട് വിചാരം) ഈ അരികത്തിരിന്നിട്ടുള്ള വേർപാടു സങ്കടംതന്നെ!

**ഹന്ത! ഞാൻ കോകസദൃശൻ; കാന്ത കോകീസമാനയും;**
**ഇരുപേരേപ്പിരിക്കുന്നോ തിരവിന്നൊത്തു ധാരിണി** 9

(അനന്തരം കഞ്ചുകി പ്രവേശിക്കുന്നു.)

കഞ്ചുകി: ജയതു ദേവഃ അമാത്യോ വിജ്ഞാപയതി 'തസ്മിൻ വിദർഭരാജോപായനേ ദ്വേ ശില്പകാരികേ മാർഗ്ഗപരിശ്രമാദലസശരീരേ ഇതി പൂർവ്വം ന പ്രവേശിതേ. സംപ്രതി ദേവോപസ്ഥാനയോഗ്യേ. തത്രാജ്ഞാം ദേവോ ദാതുമർഹതി' ഇതി.

രാജാ: പ്രവേശയ തേ.

കഞ്ചുകി: യദാജ്ഞാപയതി ദേവഃ (ഇതി നിഷ്ക്രമ്യ താഭ്യാം സഹ പ്രവിശ്യ) ഇത ഇതോ ഭവത്യൗ.

പ്രഥമാ: (ജനാന്തികം) ഹളാ രഅണിഏ! അപൂർവ്വം വി ഏദം രാഅഉലം പവിസന്ദീഏ പസീദഇ മേ അബ്ഭന്ദരഗദോ അപ്പാ. (ഹളാ രജനികേ! അപൂർവ്വമപ്യേതദ്രാജകുലം പ്രവിശന്ത്യാഃ പ്രസീദതി മമാഭ്യന്തരഗത ആത്മാ)

ദ്വിതീയാ: ജോസിണിഏ! മഹ വി ഏവ്വം. അത്ഥി ക്ഖു ലോഅവാഓ, 'ആആമി സുഹം വാ ദുക്ഖം വാ ഹിഅഅസമവത്ഥാ കഹേദി'ത്തി. (ജ്യോത്സ്നികേ! മമാപ്യേവം. അസ്തി ഖലു ലോകവാദഃ, 'ആഗാമി സുഖം വാ ദുഃഖം വാ ഹൃദയസമവസ്ഥാ കഥയതി' ഇതി.)

പ്രഥമാ: സോ ദാണിം സച്ചോ ഹോദു. (സ ഇദാനീം സത്യോ ഭവതു.)

കഞ്ചുകി: ഏഷ ദേവ്യാ സഹ ദേവസ്തിഷ്ഠതി. ഉപസർപ്പതാം ഭവത്യൗ. (ഉഭേ ഉപസർപ്പതഃ)

(മാളവികാ പരിവ്രാജികാ ച ചേട്യൗ ദൃഷ്ട്വാ പരസ്പരമവ ലോകയതഃ)

ഉഭേ: (പ്രണിപത്യ) ജേദു ഭട്ടാ. ജേദു ഭട്ടിണീ. (ജയതു ഭർത്താ. ജയതു ഭട്ടിനീ.)

രാജാ: നിഷീദതം.

(ഉഭേ ഉപവിഷ്ടേ)

രാജാ: കസ്യാം കലായാമഭിവിനീതേ ഭവത്യൗ?

ഉഭേ: ഭട്ടാ! സംഗീദേ അബ്ഭന്ദരമ്ഹ. (ഭർത്തഃ! സംഗീതേ?ഭ്യന്തരേ സ്വഃ)

രാജാ: ദേവി! ഗൃഹ്യതാമനയോരന്യതരാ.

കഞ്ചുകി: മഹാരാജാവിനു വിജയം! അമാത്യൻ ഉണർത്തിക്കുന്നു; 'വിദർഭരാജ്യത്തുനിന്ന് അടിയറ വന്ന കൂട്ടത്തിൽ കലാവിദ്യകൾ അഭ്യസിച്ച രണ്ടു പെണ്ണുങ്ങൾ ഉണ്ടായിരുന്നവരെമാത്രം വഴിയാത്രയുടെ ശ്രമം മാറീട്ടില്ലാതിരുന്നതിനാൽ തിരുമുൻപിൽ അയച്ചില്ല; ഇപ്പോൾ അവർ തൃപ്പാദസേവയ്ക്കു സന്നദ്ധരായിത്തീർന്നിരിക്കുന്നു. അവരെ അങ്ങോട്ടയയ്ക്കുന്നതിനു കല്പന കാക്കുന്നു' എന്ന്.

രാജാവ്: അവരെ വിളിക്കൂ!

കഞ്ചുകി: കല്പനപോലെ! (പോയി അവരെ കൂട്ടികൊണ്ടു പ്രവേശിച്ചിട്ട്) ഇതാ ഇതിലേ വരുവിൻ!

ഒന്നാമത്തവൾ: (രണ്ടാമത്തവളോടു സ്വകാര്യം) തോഴി രജനികേ, ഈ അരമനയിൽ നടാടെയായിക്കേറുകയാണെങ്കിലും എന്റെ അന്തരാത്മാവു പ്രസന്നമായിത്തന്നെ ഇരിക്കുന്നു.

രണ്ടാമത്തവൾ: ജ്യോത്സ്നികേ, എനിക്കും അങ്ങനെതന്നെ; വരാനിരിക്കുന്നതു സുഖമോ ദുഃഖമോ എന്നുള്ളത് ഹൃദയത്തിന്റെ സ്ഥിതിഭേദം കൊണ്ടു നിശ്ചയിക്കാം എന്നൊരു ലോകവാദമുണ്ടല്ലോ!

ജ്യോത്സ്നിക: അതു സത്യമായി പരിണമിക്കട്ടെ!

കഞ്ചുകി: ഇതാ, ദേവിയൊന്നിച്ച് ദേവൻ എഴുന്നള്ളിയിരിക്കുന്നു; അടുത്തുചെല്ലാം!

(രണ്ടുപേരും അടുത്തുചെല്ലുന്നു.)

(മാളവികയും പരിവ്രാജികയും അവരെ കണ്ടിട്ട് അന്യോന്യം നോക്കുന്നു.)

രണ്ടുപേരും: (നമസ്കരിച്ചിട്ട്) തമ്പുരാനും തമ്പുരാട്ടിക്കും വിജയം!

രാജാവ്: ഇതാ ഇവിടെ ഇരുന്നോളിൻ!

(രണ്ടുപേരും ഇരിക്കുന്നു.)

രാജാവ്: ഏതു വിദ്യയിലാണ് നിങ്ങൾക്കു പരിചയം ?

രണ്ടുപേരും: സംഗീതത്തിൽ.

രാജാവ്: ദേവീ! ഇവരിൽ ബോധിച്ചയാളെ തെരഞ്ഞെടുത്തോളൂ!

ദേവീ: മാളവിഏ! ഇദോ പേക്ഖ. കദരോ ദേ സംഗീദസഹാഇണീ രുച്ച!ഇ. (മാളവികേ! ഇതഃ പശ്യ, കതരാ തേ സംഗീതസഹായിനീ രോചതേ)

ഉഭേ: (മാളവികാം ദൃഷ്ട്വാ) അമ്ഹേഹാ! ഭട്ടിദാരിആ! (ഇതി പ്രണമ്യ) ജേദു ജേദു ഭട്ടിദാരിആ (തയാ സഹ ബാഷ്പം വിസൃജതഃ) (അഹോ! ഭർത്തൃ ദാരികാ! ജയതു ജയതു ഭർത്തൃദാരികാ.)

(സർവ്വേ സവിസ്മയേലോകയന്തി.)

രാജാ: കേ ഭവത്യൗ? കാ വേയം ?

ഉഭേ: ഭട്ടാ! ഏസാ അമ്ഹാണം ഭട്ടിദാരിആ. (ഭർത്തഃ!ഏഷാസ്മാകം ഭർത്തൃദാരികാ)

രാജാ: കഥമിവ?

ഉഭേ: സുണാദു ഭട്ടാ. ജോ സോ ഭട്ടിണാ വിജഅദണ്ഡേഹിം വിദബ്ഭണാഹം വസീകരിഅ ബന്ധണാദോ മോഇഓ കുമാരോ മാഹവസേണോ ണാമ, തസ്സ ഇഅം കണീഅസീ ഭഇണീ മാളവിആ ണാമ. (ശൃണോതു ഭർത്താ, യഃ സ ഭർത്രാ വിജയദണ്ഡൈർ വിദർഭനാഥം വശീകൃത്യ ബന്ധനാന്മോചിതഃ കുമാരോ മാധവസേനോ നാമ, തസ്യേയം കനീസയീ ഭഗിനീ മാളവികാ നാമ.)

ദേവീ: കഹം രാഅദാരിആ ഇഅം? ചന്ദണം ക്ഖു മഏ പാദുഓവഓഏണ ദുസിദം. (കഥം രാജദാരികേയം? ചന്ദനം ഖലു മയാപാദുകോപയോഗേന ദൂഷിതം.)

രാജാ: അഥാത്രഭവതീ കഥമിത്ഥംഭൂതാ?

മാളവിക: (നിഃശ്വസ്യ ആത്മഗതം) വിഹിണോ ണിഓഏണ (വിധേർ നിയോഗേന.)

ദ്വിതീയാ: സുണാദു ഭട്ടാ. ദാആദവസംഗദേ അംമ്ഹാണം ഭട്ടിദാരഏ മാഹവസേണേ തസ്സ അമച്ചേണ അജ്ജസുമദിണാ അംമ്ഹാരിസം പരിഅണം ഉജ്ഝിഅ ഗൂഢം അവണീദാ ഏസാ. (ശൃണോതു ഭർത്താ. ദായാദവശംഗതേ*f*സ്മാകം ഭർത്തൃദാരകേ മാധവസേനേ തസ്യാമാ–ത്യേനാര്യസുമതിനാസ്മാദൃശം പരിജനമുജ്ഝിത്വാ ഗൂഢമപനീതൈഷാ)

ധാരിണി: മാളവികേ, ഇതിൽ ആരുകൊള്ളാം നിനക്ക് സംഗീത സഖിയായിട്ടിരിക്കാൻ?

രണ്ടുപേരും: (മാളവികയെ നോക്കീട്ട്) അയ്യോ! നമ്മുടെ കൊച്ചുതമ്പുരാട്ടി! (നമസ്കരിച്ചിട്ട് മാളവികയോടു ചേർന്നു കണ്ണീർപൊഴിക്കുന്നു.)

(എല്ലാവരും വിസ്മയിച്ചു നോക്കുന്നു.)

രാജാവ്: നിങ്ങളാരാണ്? ഇവളും ഏത്?

ജ്യോത്സ്നിക: ദേവ! ഇത് ഞങ്ങളുടെ കൊച്ചു തമ്പുരാട്ടിയാണ്.

രാജാവ്: അതെങ്ങനെ?

രണ്ടുപേരും: തമ്പുരാൻ കേൾക്കണം. തിരുമനസ്സുകൊണ്ട് ഇപ്പോൾ ദണ്ഡചക്രസൈന്യങ്ങളെ അയച്ച് വിദർഭരാജാവിനെ കീഴടക്കി മാധവ സേനൻ എന്നൊരാളെ തടവിൽനിന്നു വിടുവിച്ചല്ലോ! അദ്ദേഹത്തിന്റെ മാളവിക എന്നു പേരായ അനുജത്തിയാണ് ഇത്.

ധാരിണി: അയ്യോ രാജ്യകന്യകയോണോ ഇവൾ? ചന്ദനമുട്ടിയാണല്ലോ ഞാൻ മെതിയടിയായിട്ടുപയോഗിച്ചു ദുഷിപ്പിച്ചത്!

രാജാവ്: ശ്രീമതി പിന്നെ ഈ സ്ഥിതിയിൽ ആയത് എങ്ങനെ?

മാളവിക: (നെടുവീർപ്പുവിട്ട് വിചാരം) വിധിബലം തന്നെ!

രജനിക: തിരുമേനി കേൾക്കണം. ഞങ്ങടെ കൊച്ചുതമ്പുരാൻ മാധവസേനൻ ദായാദന്റെ കൈവശത്തിൽ അകപ്പെട്ടുപോയപ്പോൾ അവിടുത്തേ (മാധവസേനന്റെ) മന്ത്രി സുമതിഎജമാനൻ ഞങ്ങളെ പ്പോലുള്ള പരിജനങ്ങളെ എല്ലാം തള്ളിയുംവെച്ചു വേഷംമാറി ഈ കൊച്ചുതമ്പുരാട്ടിയെ കൂട്ടിച്ചുകൊണ്ട് ഒളിച്ചോടി.

രാജാ: ശ്രുതപൂർവ്വം മയൈതാവത്. തതസ്തതഃ

ഉഭേ: അദോ വരം ണ ആണീമോ. (അതഃപരം ന ജാനീവഃ)

പരിവ്രാജികാ: തതഃപരമഹം മന്ദഭാഗിനി കഥയിഷ്യാമി

ഉഭേ: അജ്ജകോസിഇഏ വിഅ സരസംജോഓ. (ആര്യകൗശിക്യാ ഇവ സ്വരസംയോഗഃ.)

മാളവിക: അഹ ഇം (അഥ കിം?)

ഉഭേ: ജദിവേസധാരിണീ അജ്ജകോസിഈ ദുക്ഖേണ വിഭാവീഅദി. ഭഅവദി! വന്ദാമോ. (യതിവേഷധാരിണ്യാര്യ കൗശികീ ദുഃഖേന വിഭാവ്യതേ. ഭഗവതി! വന്ദാവഹേ.)

പരിവ്രാജികാ: സ്വസ്തി ഭവതീഭ്യാം.

രാജാ: കഥമാപ്തവർഗ്ഗോ?യം ഭഗവത്യാഃ?

പരിവ്രാജിക: ഏവമേതത്.

വിദൂഷകഃ: തേണ ഹി കഹേദു ഭഅവദീ അത്തഹോദീഏ ഉത്തന്തസേസം (തേന ഹി കഥയതു ഭഗവത്യത്രഭവത്യാ വൃത്താന്ത ശേഷം).

പരിവ്രാജികാ: (വൈക്ലബ്യം) താവച്ഛ്രൂയതാം. മാധവസേനസചിവം സുമതിം മമാഗ്രജമവഗച്ഛ.

രാജാ: ഉപലബ്ധം. തതസ്തതഃ

പരിവ്രാജികാ: സ ഇമാം തഥാഗതഭ്രാതൃകാം മയാ സാർദ്ധമപവാഹ്യ ഭവത്സംബന്ധാകാംക്ഷയാ പഥികസാർത്ഥം വിദിശാഗാമിനമനു പ്രവിഷ്ടഃ.

രാജാ: തതസ്തതഃ –

പരിവ്രാജികാ: തതശ്ച –

**തൂണീരപട്ടപരിണദ്ധഭുജാന്തരാള–**
**മാപാർഷ്ണിലംബിശിഖിബർഹകലാപധാരി**
**കോദണ്ഡപാണി നിനദത് പ്രതിരോധകാനാമാ–**
**പാതദുഷ്പ്രസഹമാവിരഭൂദനീകം** **10**

(മാളവികാ ഭയം രൂപയതി.)

രാജാവ്: അതു ഞാൻ മുൻപിൽത്തന്നെ കേട്ടിരിക്കുന്നു. അതിനു ശേഷം എന്തു നടന്നു?

രണ്ടുപേരും: ഇത്രത്തോളമേ ഞങ്ങൾക്കറിവുള്ളൂ.

പരിവ്രാജിക: അതിനുശേഷമുണ്ടായത് ഈ ഭാഗ്യംകെട്ട ഞാൻ പറയാം.

രണ്ടുപേരും: കൊച്ചുതമ്പുരാട്ടി! ശ്രീമതികൗശികിയമ്മയുടെ ഒച്ച പോലെ തോന്നുന്നല്ലോ!

മാളവിക: അവൾ തന്നെയാണ്.

രണ്ടുപേരും: സംന്യാസിവേഷത്തിൽ കൗശികിയമ്മയെ കണ്ടാലറിയാൻ പ്രയാസം; ഭവതിക്ക് ഞങ്ങളുടെ വന്ദനം!

പരിവ്രാജിക: നിങ്ങൾക്ക് നല്ലതുവരട്ടെ!

രാജാവ്: ഇവരെല്ലാം ഭവതിയുടെ ആപ്തവർഗ്ഗത്തിൽ ഉൾപ്പെട്ടവരോ?

പരിവ്രാജിക: അങ്ങനെതന്നെ!

വിദൂഷകൻ: എന്നാൽ ഇനി ഭവതി മാളവികയെപ്പറ്റിയുള്ള വൃത്താന്തം വിവരിക്കണം.

പരിവ്രാജിക: (വ്യസനിച്ചു തളർന്ന ഭാവത്തോടെ) എന്നാൽ കേട്ടുകൊണ്ടാലും! മാധവസേനന്റെ മന്ത്രിയായ സുമതി എന്റെ ജ്യേഷ്ഠനാണെന്നു ഗ്രഹിക്കണം.

രാജാവ്: അതു ധരിച്ചു. പിന്നെ?

പരിവ്രാജിക: ഭ്രാതാവിന് അപ്രകാരമൊരു ആപത്തു നേരിടുകയാൽ അനാഥയായിത്തീർന്ന ഇവളെ അദ്ദേഹം എന്നോടൊന്നിച്ചു കൂട്ടത്തിൽ നിന്നു വേർപിരിച്ച് അങ്ങയുമായുള്ള വിവാഹബന്ധം നടത്താമെന്നു കരുതി വിദിശാനഗരത്തിലേക്കു പോകുന്ന ഒരു കച്ചവടക്കാരുടെ സംഘത്തിൽചേർന്നു!

രാജാവ്: എന്നിട്ടോ?

പരിവ്രാജിക: അതിനുശേഷം

**കെട്ടിപ്പിണച്ചു ശരനാഴികൾ തോളിലേന്തീ**
**ട്ടൊട്ടിച്ച പീലിനിര കറ്റതുടർത്തുടുത്തും**
**പട്ടാളമൊന്നും കുലവില്ലു കുലച്ചു കാണായ്**
**പ്പെട്ടെന്നെതിർത്തരികിലാർത്തു വരുന്നഘോഷം** 10

(മാളവിക ഭയപ്പെട്ടു വിറയ്ക്കുന്നു.)

വിദൂഷകഃ: ഭോദി! മാ ഭആഹി. അദിക്കന്തം ക്ഖു തത്തഹോദീ കഹേദി. (ഭവതി! മാ ബിഭേഹി. അതിക്രാന്തം ഖലു തത്രഭവതീ കഥയതി.)

രാജാ: തതസ്തതഃ

പരിവ്രാജികാ: തതോമുഹൂർത്തം ബദ്ധയുദ്ധാസ്തേ പരാങ്മുഖീകൃതാഃ സാർത്ഥവാഹയോദ്ധാരസ്തസ്കരൈഃ

രാജാ: ഭഗവതിഃ അതഃ പരമിദാനീം കഷ്ടം ശ്രോതവ്യം.

പരിവ്രാജികാ: തതഃ സ മാത്സോദര്യഃ

**ഇമാം പാരീപ്സുർദുർജാതേ പരാഭിവകാതരാം**
**ഭർത്തൃപ്രിയഃ പ്രിയൈർഭർത്തുരാനൃണ്യമസുഭിർഗതഃ. 11**

പ്രഥമാ: ഹാ! ഹദോ സുമദീ (ഹാ! ഹതഃ സുമതിഃ)

ദ്വിതീയ: അദോ ക്ഖു ഭാട്ടിദാരിആഏ ഇഅം സമവത്ഥാ സംവുത്താ. (അതഃ ഖലു ഭർത്തൃദാരികായാ ഇയം സമവസ്ഥാ സംവൃത്താ)

(പരിവ്രാജികാ ബാഷ്പം വിസൃജതി.)

രാജാ: ഭഗവതി! തനുത്യജാമീദൃശീ ലോകയാത്രാ. ന ശോച്യസ്തത്ര ഭവാൻ സഫലീകൃതഭർത്തൃപിണ്ഡഃ. തതസ്തതഃ

പരിവ്രാജികാ: തതോƒഹം മോഹമുപഗതാ. യാവത് സംജ്ഞാം ലഭേ, താവദിയം ദുർല്ലഭദർശനാ സംവൃത്താ.

രാജാ: മഹത് ഖലു കൃച്ഛ്റമനുഭൂതം ഭഗവത്യാ.

പരിവ്രാജികാ: തതോ ഭ്രാതുഃ ശരീരമഗ്നിസാത്കൃത്യ പുനർനവീകൃത–വൈധവ്യദുഃഖയാ മയാ ത്വദീയം ദേശമവതീര്യ ഇമേ കാഷായേ ഗൃഹീതേ.

രാജാ: യുക്തം. സജ്ജനസ്യൈഷ പന്ഥാഃ തതസ്തതഃ

പരിവ്രാജികാ: സേയമാടവികേഭ്യോ വീരസേനം, വീരസേനാച്ച ദേവീം ഗതാ, ദേവീഗൃഹേ ലബ്ധപ്രവേശയാ മയാ പുനർദൃഷ്ടേത്യേതദവസാനം കഥായാഃ.

മാളവികാ: (ആത്മഗതം) കിം ണു ഖു സമ്പദം ഭട്ടാ ഭണാദി? (കിം നു ഖലു സാമ്പ്രതം ഭർത്താ ഭണതി?)

വിദൂഷകൻ: പേടിക്കേണ്ട! കഴിഞ്ഞ കാര്യമല്ലേ ഭഗവതി വിവരിക്കുന്നത്?

പരിവ്രാജിക: പിന്നീടു കുറെനേരം സാർത്ഥവാഹന്റെ ഭടന്മാരും തസ്കരന്മാരും തമ്മിൽ ഭയങ്കരമായ യുദ്ധം നടന്നതിൽ ഞങ്ങളുടെ കക്ഷി തോറ്റുപോയി.

രാജാവ്: ഭവതി! വളരെ കഷ്ടമായ അവസ്ഥയാണ് ഇനി കേൾക്കാനുള്ളത്.

പരിവ്രാജിക: അതിന്റെ ശേഷം എന്റെ ജ്യേഷ്ഠൻ,

**പിണിയിൽ പെട്ടൊരിവളെത്തുണയ്ക്കാനായ്ത്തുനിഞ്ഞതിൽ**
**ഭർത്താവിന്നു കടം വീട്ടിഭർത്തൃപ്രിയയനസുക്കളാൽ** 11

ജ്യോത്സ്നിക: അയ്യോ! യജമാനൻമരിച്ചു പോയോ?

രജനിക: അതിനാലാണ് കൊച്ചു തമ്പുരാട്ടിക്ക് ഈ അവസ്ഥ നേരിട്ടത്.

രാജാവ്: ലോകയാത്രയിൽ പ്രാണികൾക്ക് ഈ വിധമെല്ലാം അകപ്പാടുകൾ പറ്റുന്നതാണ്. തിന്ന ചോറിനു നന്ദി കാണിച്ച ആ മഹാശയനെപ്പറ്റി ശോചിക്കാനില്ല.

പരിവ്രാജിക: തത്ക്ഷണത്തിൽഞാൻ മോഹല്യാസപ്പെട്ടു വീണുപോയി! പിന്നീടുണർന്നു നോക്കുമ്പോൾ ഇവളെ കാണ്മാനില്ല.

രാജാവ്: വലിയ കഷ്ടപ്പടാണ് ഭവതി അനുഭവിച്ചത്!

പരിവ്രാജിക: അനന്തരം ഞാൻ മരിച്ച ജ്യേഷ്ഠന്റെ ശവസംസ്കാരം ചെയ്തിട്ട് ഭ്രാതൃശോകത്താൽ നവീകൃതമായ വൈധവ്യദുഃഖത്തോടെ അങ്ങേടെ രാജ്യത്തു കടന്നു ഈ കാഷായവസ്ത്രം സ്വീകരിച്ചു.

രാജാവ്: ഈ മാർഗ്ഗം സജ്ജനങ്ങൾക്ക് യോജിച്ചതാണ്. ആ, പിന്നെ?

പരിവ്രാജിക: പിന്നീട് ഞാൻ ദേവീഗൃഹത്തിൽ പ്രവേശിച്ചപ്പോഴാണ് ഇവളെ ഇവിടെവച്ചു കാണുകയുണ്ടായത്. ഇവൾ കാട്ടാളർ പക്കൽനിന്നു വീരസേനന്റെ കൈവശത്തിലെത്തി. അവിടെ നിന്നു ദേവിയുടെ അടുക്കൽവന്നു ചേർന്നതായിരിക്കണം, ഇതാണ് കഥയുടെ അവസാനം.

മാളവിക: (വിചാരം) തമ്പുരാൻ ഇനി ഇപ്പോൾ എന്താണാവോ പറക?

രാജാ: അഹോ! പരിഭവോപഹാരിണോ വിനിപാതാഃ. കുതഃ

**പ്രേഷ്യഭാവേന നാമേയം ദേവീശബ്ദക്ഷമാ സതീ**
**സ്നാനീയവസ്ത്രക്രിയയാ പത്രോർണ്ണേവോപയുജ്യതേ.** 12

ദേവീ: ഭഅവദി! തുഏ ഭിജണവദിം മാളവിഅം അണാ ചക്ഖന്ദീഏ അസംപദം കിദം, (ഭഗവതി! ത്വയാഭിവജനവതീം മാളവികാമനാചക്ഷാണയാ*f*സാംപ്രതം കൃതം.)

പരിവ്രാജികാ: ശാന്തം പാപം. കാരണേനൈവ ഖലു മയാ നൈഭൃത്യമവലംബിതം.

ദേവീ: കിംവിഅം തം കാരണം? (കിമിവ തത്കാരണം?)

പരിവ്രാജികാ: ശ്രൂയതാം. ഇയം പിതരി ജീവതി കേനാപി ദേവ യാത്രാ ഗതേന സിദ്ധാദേശേന സധുനാ മത് സമക്ഷം സമാദിഷ്ടാ. 'സംവത്സര മാത്രമിയം പ്രേഷ്യഭാവമനുഭൂയ തതഃ സദൃശഭർതൃഗാമിനീ ഭവിഷ്യതി' ഇതി. തമേനമവശ്യംഭാവിനമാദേശമസ്യാ ദേവീപാദശുശ്രൂഷയാ പരിണമന്തമവേക്ഷ്യ കാലപ്രതീക്ഷയാ മയാ സാധു കൃതമിതി പശ്യാമി.

രാജാ: യുക്തോപേക്ഷാ.

(പ്രവിശ്യ)

കഞ്ചുകി: ദേവ! കഥാന്തരേണാന്തരിതമിദമമാത്യോ വിജ്ഞാപയതി വിദർഭഗതമനുഷ്ഠേയമവധാരിതമസ്മാഭിഃ ദേവസ്യ താവദഭിപ്രായം ശ്രോതുമിച്ഛാമി' ഇതി.

രാജാ: മൌദ്ഗല്യ! തത്രഭവതോർഭ്രാതോർയജ്ഞസേനമാധവ സേനയോർദ്വൈരജ്യമിദാനീമവസ്ഥാപയിതുകാമോ*f*സ്മി.

**തൌ പൃഥഗ്വരദാകൂലേ ശിഷ്ടാമുത്തരദക്ഷിണേ**
**നക്തം ദിവം വിഭജ്യോ!!ഭൌ ശീതോഷ്ണകിരണാവിവ** 13

കഞ്ചുകി: ദേവ! ഏവമാമാത്യപരിഷദേ നിവേദയാമി

(രാജാംഗുല്യാനുമന്യതേഃ നിഷ്ക്രാന്തഃ കഞ്ചുകീ)

പ്രഥമാ: (ജനാന്തികം) ഭട്ടിദാരിഏ! ദിട്ഠിആ ഭട്ടിദാരഓ അദ്ധരജ്ജേ പഡിട്ഠം ഗമിസ്സദി. (ഭർത്തൃദാരികേ! ദിഷ്ട്യാ ഭർത്തൃദാരകോ*f*ർദ്ധരാജ്യേ പ്രതിഷ്ഠാം ഗമിഷ്യതി.)

രാജാവ്: സ്ഥാനഭ്രംശം വരുന്നതായാൽ അതോട് ചേർന്നുതന്നെ മാനഹാനിയും വന്നുചേരും. അതിനാൽ,

**ദേവീപദാർഹയിവളെസ്സേവാവൃത്തിക്കു വെച്ചു നാം;**
**നേർത്ത പിന്നൽപ്പട്ടെടുത്തു തോർത്തുമുണ്ടായ് ചമച്ചപോൽ** 12

ധാരിണി: ഭവതി മാളവികയുടെ ആഭിജാത്യത്തെപ്പറ്റി ഇതേവരെ പ്രസ്താവിക്കാഞ്ഞത് ശരിയായില്ല.

പരിവ്രാജിക: ശാന്തം പാപം! എന്റെ പേരിൽ തെറ്റ് ആരോപിക്കരുത്. കാരണം കൂടാതെയല്ല ഞാൻ മിണ്ടാതിരുന്നത്.

ധാരിണി: എന്താണു കാരണം?

രാജാവ്: പറയാവുന്നതാണെങ്കിൽ കേട്ടാൽകൊള്ളാം!

പരിവ്രാജിക: ഇവളുടെ അച്ഛൻ മരിക്കുംമുൻപ് ഒരു ദിവസം ദേശയാത്രയിൽ വന്നുചേർന്ന ഒരു സിദ്ധയോഗീശ്വരൻ ലക്ഷണം പറക ഉണ്ടായിട്ടുണ്ട്. 'ഇവൾ ഒരു സംവത്സരത്തോളംകാലം ദാസ്യവൃത്തിയിൽ ഇരുന്നിട്ട്, പിന്നീട് ഉചിതനായ ഭർത്താവിനെ ലഭിക്കും'എന്ന്. ഒഴിക്കാൻ പാടില്ലാത്ത ആ വിധി അവിടുത്തെ തൃപ്പാദശുശ്രൂഷകൊണ്ട് ഇവൾ അനുഭവിച്ചു തീർക്കട്ടെ എന്ന് കരുതി ഞാൻ അവസരം കാത്തുകൊണ്ടിരിക്കയായിരുന്നു. എന്റെ ഈ പ്രവൃത്തിയിൽ യാതൊരു തെറ്റും പറവാനില്ലെന്നാണ് ഞാൻ വിചാരിക്കുന്നത്.

രാജാവ്: ഭവതി ഉദാസീനയായി ഇരുന്നതാണ് ശരി.

**കഞ്ചുകി:** (പ്രവേശിച്ചിട്ട്) കാര്യം പലതുമുണ്ടായിരുന്ന കൂട്ടത്തിൽ ഒരു സംഗതി വിട്ടു പോയി; അത് അമാത്യൻ ഉണർത്തിക്കുന്നു; 'വിദർഭ രാജ്യത്തിൽ ഇനി ചെയ്യേണ്ടുന്ന ഏർപ്പാടുകൾ ഒരുവിധം ഞങ്ങൾ തീർച്ചപ്പെടുത്തി; ദേവന്റെ അഭിപ്രായം അറിയേണ്ടിയിരിക്കുന്നു' എന്ന്.

രാജാവ്: മൗദ്ഗല്യ! രാജ്യം ഭാഗിച്ച് യജ്ഞസേനനെയും മാധവസേനനെയും ഒന്നുപോലെ വാഴിക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്.

**തെക്കും വടക്കും വെവ്വേറെ വാഴട്ടേ വരദസ്സവർ**
**വീതിച്ച രാവും പകലും ശീതോഷ്ണാംശുക്കളെന്നപോൽ** 13

**കഞ്ചുകി:** വിവരം മന്ത്രിസഭയോടു ചെന്നു ബോധിപ്പിക്കാം.

(രാജാവ് അംഗുലീസംജ്ഞകൊണ്ട് അനുവാദം കൊടുക്കുന്നു. കഞ്ചുകി പോയി)

**ജ്യോത്സ്നിക:** (സ്വകാര്യമായിട്ട്) തിരുമേനി! ഈശ്വരാധീനംകൊണ്ട് കൊച്ചു തമ്പുരാന് അർദ്ധരാജ്യം കിട്ടി.

മാളവികാ: ഏത്തിഅം ദാവ ബഹുമന്ദവ്വം, ജം ജീവിദസംസആദോ മുത്തോ. (ഏതാവത്താവത് ബഹുമന്തവ്യം, യജ്ജീവിത സംശയാന്മുക്തഃ)

(പ്രവിശ്യ)

കഞ്ചുകി: വിജയതാം ദേവഃ. അമാത്യോ വിജ്ഞാപയതി "അഹോ! കല്യാണീ ദേവസ്യബുദ്ധിഃ. മന്ത്രിപരിഷദോ?പ്യേവമേവ ദർശനം. കുതഃ –

**ദ്വിധാ വിഭക്താം ശ്രിയമുദ്വഹന്തൗ ധുരം രഥാശ്വാവിവ സംഗ്രഹീതുഃ**
**തൌ സ്ഥാസ്യതാസ്തേ നൃപതീനിദേശേ പരസ്പരോപഗ്രഹനിർവ്വികാരൌ 14**

രാജാ: തേന ഹി മന്ത്രിപരിഷദം ബ്രൂഹി 'സേനാന്യേ വീരസേനായ ലിഖ്യതാമേവം ക്രിയതാം'ഇതി.

മാളവിക: ഇതാണ് വല്യ കാര്യം! പ്രാണാപായത്തിൽനിന്നു രക്ഷപ്പെട്ടല്ലോ!

കഞ്ചുകി: യദാജ്ഞാപയതി ദേവഃ (ഇതി നിഷ്ക്രമ്യ സപ്രാഭൃതകം ലേഖം ഗൃഹീത്വാ പുനഃപ്രവിശ്യ) അനുഷ്ഠിതാ പ്രഭോരാജ്ഞാ. അയം പുനരിദാനീം ദേവസ്യ സേനാപതേഃ പുഷ്പമിത്രസ്യ സകാശാത് സപ്രാഭൃതകോ ലേഖഃ പ്രാപ്തഃ. പ്രത്യക്ഷീകരോത്വേനം ദേവഃ.

(രാജാ സഹസോത്ഥായ പ്രാഭൃതകം സോപചാരം പരിഗൃഹ്യ ശിരസി കൃത്വാ പരിജനായാർപ്പയതി. ലേഖം ച നാട്യേനോദ്വേഷ്ടയതി).

ദേവീ: (ആത്മഗതം) അമ്മഹേ! തടോമുഹം ഏവ്വ മേ ഹിഅഅം. സുണിസ്സം ദാവ ഗുരുഅണകുസലാണന്ദരം പുത്തസ്സ വസുമിത്തസ്സ ഉത്തന്ദം. അദിഭാരേ ഖു സേണാവഇണാ ണിഉത്തോ മേ പുത്തഓ. (അഹോ! തതോമുഖമേവ മേ ഹൃദയം. ശ്രോഷ്യാമി താവത് ഗുരുജനസ്യ കുശലാനന്തരം പുത്രസ്യ വസുമിത്രസ്യ വൃത്താന്തം. അതിഭാരേ ഖലു സേനാപതിനാ നിയുക്തോ മേ പുത്രകഃ)

(കഞ്ചുകി പ്രവേശിക്കുന്നു)

രാജാ: (ഉപവിശ്യ വാചയതി) സ്വസ്തി. യജ്ഞശരണാത് സേനാപതിഃ പുഷ്പമിത്രോ വൈദിശസ്ഥം പുത്രമായുഷ്മന്തമഗ്നിമിത്രം സ്നേഹാത് പരിഷ്വജ്യാനുദർശയതി. വിദിതമസ്തു. യോƒസൌ രാജയജ്ഞദീക്ഷിതേന മയാ രാജപുത്രശതപരിവൃതം വസുമിത്രം ഗോപ്തരാമാദിശ്യ സംവത്സ–രോപാവർത്തനീയോ നിരർഗളസ്തുരഗോ വിസൃഷ്ടഃ, സ സിന്ധോർ ദക്ഷിണേ രോധസി ചരന്നശ്വാനീകേന യവനനാം നിഷിദ്ധഃ തത ഉഭയോഃ സേനയോർമഹാനാസീത് സംമർദ്ദഃ.

കഞ്ചുകി: ദേവന് വിജയം! മന്ത്രി ഉണർത്തിക്കുന്നു: 'ദേവന്റെ സദ്ബുദ്ധി കേമംതന്നെ. ഞങ്ങളുടെ കൂടിയാലോചനയിൽ ഉണ്ടായ തീരുമാനവും ഇതുതന്നെ! എന്തുകൊണ്ടെന്നാൽ,

**തേരിന്റെ ജോടിക്കുതിരയ്ക്കു തുല്യം തിരക്കു തമ്മിൽത്തുടരാതെ ഭൂപർ**
**നേരേ നയിക്കുന്ന ഭവാന്റെ കീഴിൽ പിരിച്ചഭാരം ശരിയായ് വഹിക്കും.' 14**

രാജാവ്: എന്നാൽ മന്ത്രിസഭയെ ബോധിപ്പിക്കൂ: "ഇതിൻപ്രകാരം ഏർപ്പാടു ചെയ്യുന്നതിന് സേനാനായകനായ വീരസേനന് എഴുതിയയക്കണം" എന്ന്.

കഞ്ചുകി: കല്പന പോലെ! (പോയിട്ട് സമ്മാനങ്ങളും ഒരെഴുത്തും കൊണ്ടു തിരികെ പ്രവേശിച്ചിട്ട്) കല്പനപ്രകാരം എല്ലാം നടത്തി; മറ്റൊരു സംഗതി അറിയിക്കേണ്ടിയിരിക്കുന്നു! സേനാപതി പുഷ്പമിത്രദേവൻ തിരുമനസ്സിലെ സന്നിധാനത്തിൽനിന്ന് സമ്മാനങ്ങളും ഒരു തിരുവെഴുത്തും വന്നിരിക്കുന്നു. അത് തൃക്കൺപാർക്കണം!

(രാജാവ് പെട്ടെന്നെഴുന്നേറ്റ് ഉപചാരപൂർവ്വം സമ്മാനങ്ങൾ സ്വീകരിച്ച് കണ്ണിൽ വെച്ചിട്ട് പരിജനങ്ങളെ ഏൽപ്പിക്കുന്നു. എഴുത്തു വാങ്ങിച്ചു കെട്ടഴിക്കുന്നു.)

ധാരിണി: എന്റെ ഹൃദയം ആ വഴിക്കുതന്നെയാണ്; ഗുരുജനത്തിന്റെ ക്ഷേമവർത്തമാനം അറിഞ്ഞതിന്റെ ശേഷം വത്സലനായ വസുമിത്രന്റെ വൃത്താന്തവും ഗ്രഹിക്കാം. എന്റെ പുത്രനെ സേനാപതി ചുമതലപ്പെട്ട ജോലിക്കാണല്ലോ നിയമിച്ചിരിക്കുന്നത്!

രാജാവ്: (ഇരുന്നിട്ട് എഴുത്തു വായിക്കുന്നു).

സ്വസ്തി ശ്രീ. യാഗശാലയിൽ നിന്നും സേനാപതി പുഷ്പമിത്രൻ വൈദിശനഗരത്തിൽ താമസിക്കും പുത്രൻ ചിരഞ്ജീവി അഗ്നിമിത്രനെ സ്നേഹപൂർവ്വം ആലിംഗനം ചെയ്തു ധരിപ്പിക്കുമവസ്ഥയാവിത് – രാജസൂയയാഗത്തിനു ദീക്ഷിച്ചിരിക്കുന്ന നാം വസുമിത്രന്റെ മേൽ വരുതിയിൽ ഒരു സംവത്സരക്കാലം സ്വൈരസഞ്ചാരം കഴിച്ചു മടങ്ങി വരുന്നതിലേക്കായി അഴിച്ചുവിട്ടിരുന്ന കുതിരയെ സിന്ധുനദിയുടെ തെക്കേക്കരയിൽവെച്ച് യവനന്മാരുടെ കുതിരപ്പട്ടാളം എതിർത്തു തടയുകയുണ്ടായി. അനന്തരം രണ്ടു സൈന്യങ്ങളും തമ്മിൽ ഘോരമായ യുദ്ധം നടന്നു.'

(ദേവീ വിഷാദം നാടയതി.)

രാജാ: കഥമീദൃശം സംവൃത്തം. (ശേഷം പുനർവാചയതി).

**തതഃ പരാൻ പരാജിത്യ വസുമിത്രേണ ധന്വിനാ**
**പ്രസഹ്യ ഹ്രിയമാണോ മേ വാജിരാജോ നിവർത്തിതഃ** 15

ദേവീ: ഇമിണാ ദാണിം അസ്സസഇ മേ ഹിഅഅം. (അനേനേദാനീമാ-ശ്വസിതി മേ ഹൃദയം.)

രാജാ: (ലേഖശേഷം വാചയതി) സോƒഹമിദാനീമംശുമതേവ സഗരഃ പൌത്രേണ പ്രത്യാഹൃതാശ്വോ യക്ഷ്യേ. തദിദാനീമകലാഹീനം വിഗത രോഷചേതസാ ഭവതാ വധൂജനേന സഹ യജ്ഞസേവനായഗന്തവ്യം ഇതി.

രാജാ: അനുഗ്രഹീതോ?സ്മി.

പരിവ്രാജികാ: ദിഷ്ട്യാ പുത്രവിജയേന ദമ്പതീ വർദ്ധതേ (ദേവീം വിലോക്യ)

**ഭർത്രാസി വീരപത്നീനാം ശ്ലാഘ്യാനാം സ്ഥാപിതാ ധുരി**
**വീരസൂരിതി ശബ്ദോ?യം തനയാത് ത്വാമുപസ്ഥിതഃ** 16

വിദൂഷകഃ: ഹോദി, പരിതുട്ടോമ്ഹി പിദരം അണുജാദോ വഛോത്തി. (ഭവതി! പരിതുഷ്ടോ?സ്മി പിതരമനുജാതോ വത്സ ഇതി)

രാജാ: മൗദ്ഗല്യ! നനു കളഭേന യൂഥപതിരനുകൃതഃ.

**കഞ്ചുകി:** **നൈതാവതാ വീരവിജൃംഭിതേന**
**ചിത്തസ്യ നോ വിസ്മയമാദധാതി**
**യസ്യാപ്രധൃഷ്യഃ പ്രഭവസ്ത്വമുച്ചൈ**
**രഗ്നേരപാംദഗ്ധുരിവോരുജന്മാ** 17

രാജാ: മൌദ്ഗല്യ! യജ്ഞസേനസ്യാലമുരരീകൃത്യ മുച്യന്താം സർവ്വേ ബന്ധനസ്ഥാഃ.

കഞ്ചുകി: യാദാജ്ഞാപയതി ദേവഃ. (ഇതി നിഷ്ക്രാന്തഃ)

(ധാരിണി വിഷാദിക്കുന്നു)

രാജാവ്:: ഏയ്! ഈവിധം ദുർഘടം സംഭവിച്ചോ? (ശേഷം വായിക്കുന്നു.)

**വസുമിത്രനുടൻചെന്നുവെന്നു പോരിലമിത്രരെ**
**തൊണ്ടിയാമെന്റെയശ്വത്തെ വീണ്ടുകൊണ്ടാൻധനുർദ്ധരൻ 16**

ധാരിണി: എന്റെ ഹൃദയത്തിനു ഇപ്പോൾആശ്വാസമായി.

രാജാവ്: (ശേഷം വായിക്കുന്നു)

ഈ സന്തോഷത്തിനു പാത്രീഭൂതനായ ഞാൻ പണ്ട് അംശുമാന്റെ സഹായത്താൽ സഗരൻ എന്ന പോലെ; !പൌത്രൻ വീണ്ടെടുത്തുതന്ന കുതിരയെക്കൊണ്ട് യാഗം ആരംഭിക്കുന്നു. അതിനാൽ താമസിയാതെ ആയുഷ്മാൻ കലുഷഹീനനായി കുടുംബസമേതം വന്നിരുന്നു യാഗം നടത്തിച്ചു തരികയും വേണം"'എന്ന്. എനിക്ക് അനുഗ്രഹമായി.

പരിവ്രാജിക: പുത്രവിജയം കൊണ്ട് ദമ്പതിമാർ ഭാഗ്യവാന്മാരായി.

(ദേവിയെ നോക്കീട്ട്)

**ഇരുത്തി നിന്നെക്കണവൻ വീരപത്നീകുലോപരി;**
**തരുന്നു വീരമാതാവിൻ വിരുതും വിരുതൻസുതൻ 16**

വിദൂഷകൻ: വത്സൻ പിതാവിന് ചേർന്ന പുത്രനായി എന്ന് കേട്ടതിൽ സന്തോഷമായി

രാജാവ്: മൗദ്ഗല്യ! കുട്ടിക്കൊമ്പൻ ആനത്തലവന്റെ വഴിക്ക് തന്നെ പോയി.

കഞ്ചുകി: ഇക്കുമാരൻ –

**ഇത്തവ്വിൽ മെത്തിന പരാക്രമധാടികൊണ്ടു**
**മീയുള്ളവർക്കരിയ വിസ്മയമോന്നുമേകാ!**
**നീർ നീറ്റുമഗ്നിയതിനൂരുജനെന്ന പോലെ**
**നീയല്ലയോ പ്രഭവമായവനപ്രധൃഷ്യൻ. 17**

രാജാവ്: മൗദ്ഗല്യ! യജ്ഞസേനാസ്യാലനൊഴികെ ശേഷമുള്ള ബന്ധന– സ്ഥരെ വിട്ടയക്കാൻ ശട്ടം കെട്ടൂ!

കഞ്ചുകി: കല്പന (പോയി)

ദേവീ: ജഅസേണേ! ഗച്ഛ, ഇരാവദിപ്പമുഹാണം അന്ദേ ഉരാണം പുത്തസ്സ വിഅഅളത്തന്ദം ണിവേദേഹി. (ജയസേനേ! ഗച്ഛ. ഇരാവതീ പ്രമുഖാനാമാന്തഃപുരാണാം പുത്രസ്യ വിജയവൃത്താന്തം നിവേദയ.)

പ്രതീഹാരീ: തഹ. (തഥാ) (ഇതി പ്രസ്ഥിതാ)

ദേവീ: ഏഹി ദാവം (ഏഹി താവത്)

പ്രതീഹാരീ: (പ്രതിനിവൃത്ത്യ) ഇഅമ്ഹി (ഇയമസ്മി)

ദേവീ: (ജനാന്തികം) ജം മഏ അസോഅദോഹളണിഓഏ മാളവിആഏ പഡിണ്ണാദം, തം സേ അഹിജണം അണിവേദിഅ മഹ വഅണേണ ഇരാവദിം അണുണേഹി. തുഏ അഹം സച്ചാദോ ണ വിബ്ഭംസിദവ്വേത്തി. (യന്മയാശോകദോഹദനിയോഗേ മാളവികായൈ പ്രതിജ്ഞാതം, തദസ്യ അഭിജനം ച നിവേദ്യ മമവചനേനേരാ– വതീമനുനയ, ത്വായഹം സത്യാന്നവിഭ്രശയിതവ്യേതി)

പ്രതീഹാരീ: ജം ഭട്ടിണീ ആണവേദി. (ഇതി നിഷ്ക്രമ്യ പുനഃപ്രവിശ്യ) ഭട്ടിനി പുത്തവിജഅണിമിത്തേണ പരിതോസേണ അന്ദേഉരാണം ആഹരണാണം മഞ്ജുസമ്ഹി സംവുത്താ. (യത് ഭട്ടിന്യാജ്ഞാപയതി. ഭട്ടിനി, പുത്രവിജയനിമിത്തേന പരിതോഷേണാന്തഃപുരാണാമാഭരണാ നാം മഞ്ജുഷാസ്മി സംവൃത്താ)

ദേവീ: കിം എത്ഥ അച്ചരിഅം? സാഹാരണോ ക്ഖു താണം മഹ അ അഅം അബ്ഭുദഓ. (കിമത്രാശ്ചര്യം? സാധാരണഃ ഖലു താസാം മമ ചായമഭ്യുദയഃ)

പ്രതീഹാരീ: (ജനാന്തികം) ഭട്ടിണി, ഇവരാദീ വിണ്ണവേദി: സരിസം ക്ഖു ദേവിഏ പഹവന്ദീഏ തുഹഅണം പുഢമസംകപ്പിദം ണ ജൂജ്ജദി അണ്ണഹാ കാദും'ത്തി. (ദേവി! ഇരാവാതീ വിജ്ഞാപയതി: സദൃശം ഖലു ദേവ്യാഃ പ്രഭവന്ത്യാസ്ത്വവ വചനം. പ്രഥമസങ്കല്പിതം ന യുജ്യതേƒ ന്യഥാ കർത്തും' ഇതി)

ദേവീ: ഭഅവദി! തുഏ അണുമദാ ഇച്ഛാമി അജ്ജസുമദിണാ പൂഢമസംകപ്പിദം മാളവിഅം അജ്ജഉത്തസ്സ പഡിവാദേദും. (ഭഗവതി! ത്വയാനുമാതേച്ഛാമ്യാര്യസുമതിനാ പ്രഥമസങ്കല്പിതാം മാളവികാമാര്യ പുത്രസ്യ പ്രതിപാദയിതും)

ധാരിണി: ജയസേനേ! അന്തഃപുരത്തിൽ ചെന്ന് ഇരാവതി മുതൽ പേരോട് പുത്രന്റെ വിജയവൃത്താന്തം അറിയിച്ചുവരൂ!

ജയസേന: കല്പന (പുറപ്പെടുന്നു).

ധാരിണി: വരട്ടെ, ഒന്നുകൂടിപ്പറയാനുണ്ട്.

ജയസേന: (തിരികേ വന്നിട്ട്) കല്പന കാക്കുന്നു.

ധാരിണി: (സ്വകാര്യമായിട്ട്) അശോകത്തിനു വളം ചെയ്യാൻ നിയോഗിച്ചപ്പോൾ ഞാൻ മാളവികയ്ക്ക് വരം കൊടുക്കാമെന്നു വാക്കു പറഞ്ഞിട്ടുള്ളതും, അവളുടെ കുലശുദ്ധി ഇപ്പോൾ വഴിപ്പെട്ടതും, ഞാൻ പറഞ്ഞയച്ചതായി ഗ്രഹിപ്പിച്ച് ഇരാവതിയെ വഴിപ്പെടുത്തണം. അവൾ മൂലമായി എനിക്ക് സത്യഭംഗത്തിനിടയാകാതെ കഴിയണമെന്നു പ്രത്യേകിച്ചും പറയണം.

ജയസേന: ഇറാൻ! (പോയി തിരികെ വന്നിട്ട്) ദേവീ! പുത്രവിജയം ചെന്നറിയിച്ചതിൽ തമ്പുരാട്ടിമാർ അടിയനെ പൊലിവു പറഞ്ഞ വകയ്ക്ക് അവരുടെ ഒരാഭരണപ്പെട്ടിയാക്കിത്തീർത്തു.

ധാരിണി: ഇതിലെന്താണാശ്ചര്യം? ഈ സന്തോഷം എനിക്കും അവർക്കും തുല്യമാണല്ലോ!

ജയസേന: (സ്വകാര്യമായിട്ട്) ഇരാവതി ഉണർത്തിക്കുന്നു: ദേവി അരുളി ച്ചെയ്തതു യുക്തമത്രേ; ആദ്യം ഒന്നു സങ്കല്പിച്ചു പോയാൽ പിന്നീടതു മാറ്റുന്നതു ശരിയല്ല' എന്ന്.

ധാരിണി: (പരിവ്രാജികയെ നോക്കീട്ട്) മാളവികയെ ആര്യപുത്രനു വിവാഹം ചെയ്തുകൊടുക്കണമെന്ന്! മഹാശയനായ സുമതി ചെയ്ത സങ്കല്പം ഫലിപ്പിക്കുന്നതിന് ഭവതിയുടെ അനുവാദം അപേക്ഷിച്ചു കൊള്ളുന്നു.

പരിവ്രാജികാ: ഇദാനീമപി ത്വമേവാസ്യാഃ പ്രഭവസി.

ദേവീ: (മാളവികാം ഹസ്തേ ഗൃഹീത്വാ) ഇദം അജ്ജഉത്തോ പിഅ ണിവേദണാണുരൂവം പാരിതോസിഅം പഡിച്ഛദു. (ഇദമാര്യപുത്രഃ പ്രിയ നിവേദനാനുരൂപം പാരിതോഷികം പ്രതീച്ഛതു)

(രാജാ സവ്രീഡം ജോഷമാസ്തേ)

ദേവീ: (സസ്മിതം) കിം അവധീരേദി മം അജ്ജഉത്തോ? (കിമവധീര യതി മാമാര്യപുത്രഃ?)

വിദൂഷകഃ: ഭോദി! ഏസോ ലോഅവ്വവഹാരോ  സവ്വോ വി ണവവരോ ലജ്ജാദുരോ ഹോദി ത്തി. (ഭവതി! ഏഷാ ലോകവ്യവഹാരഃ സർവ്വോ?പി നവവരോ ലജ്ജാതുരോ ഭവതി ഇതി)

(രാജാ വിദൂഷകമവേക്ഷതേ.)

വിദൂഷകഃ: അഹവ, ദേവീഏ എവ്വ കിദപ്പണഅവിസേസം ദിണ്ണ ദേവീ സദ്ദം മാളവിഅം അത്തഭവം പഡിഗ്ഗ ഹീദും ഇച്ഛദീ. (അഥവാ ദേവ്യൈവ കൃതപ്രണയവിശേഷാം ദത്തദേവീശബ്ദാം മാളവികാമാത്രഭവാൻ പ്രതി ഗ്രഹീതുമിച്ഛതി.)

ദേവീ: ഏദാഏ രാഅദാരിആഏ അഹിജണേണ എവ്വ ദിണ്ണോ ദേവീ സദ്ദോ. കിം പുണരുത്തേണ? (ഏതസ്യാ രാജദാരികായാ അഭിജനേനൈവ ദത്തോ ദേവീശബ്ദഃ കിം പുനരുക്തേന?)

പരിവ്രാജികാ: മാ മൈവ.

**അപ്യാകരസമുത്പന്നാ മണിജാതിരസംസ്കൃതാ**
**ജാതരൂപേണ കല്യാണി! ന ഹി സംയോഗമർഹതി** 18

ദേവീ: (സ്മൃത്വാ) മരിസേദു ഭഅവദീ. അബ്ഭുദഅകഹാഏ ഉഇദം ണ ലക്ഖിദം. ജഅസേണേ! ഗച്ഛ ദാവ കോസേഅപത്തോണ്ണ ജുഅളം ഉവണേഹി. (മർഷയതു ഭഗവതീ അഭ്യുദയകഥയോചിതം ന ലക്ഷിതം. ജയസേനേ! ഗച്ഛ താവത്. കൌശേയപത്രോർണ്ണയുഗളമുപനയ.)

പ്രതീഹാരീ: ജം ദേവീ ആണവേദി. (ഇതി നിഷ്ക്രമ്യ പത്രോർണ്ണേ ഗൃഹീത്വാ പുനഃപ്രവിശ്യ) ദേവി! ഏദം. (യദ്ദേവ്യാജ്ഞാപയതി. ദേവി! ഏതത്)

ദേവീ: (മാളവികാമവഗുണ്ഠ്യ) ദാണീം അജ്ജഉത്തോ പഡിച്ഛദു. (ഇദാനീ–മാര്യപുത്രഃ പ്രതീച്ഛതു.)

പരിവ്രാജിക: മാളവികയുടെമേൽ അവിടേക്കു തന്നെയാണ് ഇപ്പോഴും അധികാരം ഇരിക്കുന്നത്.

ധാരിണി: (മാളവികയെ കൈക്കു പിടിച്ചിട്ട്) ആര്യപുത്രൻ ഈ മാളവികയെ പോലിവു പറഞ്ഞ വകയ്ക്കു ഞാൻ സമ്മാനമായിട്ടു തരുന്നത് സ്വീകരിക്കണം.

(രാജാവ് ലജ്ജിച്ചു മിണ്ടാതിരിക്കുന്നു)

(പുഞ്ചിരിയോടെ) ആര്യപുത്രൻ എന്റെ അപേക്ഷ നിരസിക്കയാണോ?

വിദൂഷകൻ: ദേവീ! പുതുമാപ്പിളയ്ക്കു ലജ്ജയുണ്ടാകുന്നത് പതിവല്ലേ?

(രാജാവ് വിദൂഷകന്റെ നേരെ കണ്ണ് കാണിക്കുന്നു.) ദേവി തന്നെ ദേവീസ്ഥാനവും കൂടി നൽകി മാളവികയെ കൊടുത്തിട്ടു വേണം വാങ്ങാൻ എന്നായിരിക്കും തോഴരുടെ അന്തർഗ്ഗതം എന്നു തോന്നുന്നു.

ധാരിണി: എപ്പോൾ ഇവൾ രാജകന്യയാണെന്നു വന്നോ, അപ്പോൾ കുലശുദ്ധികൊണ്ടുതന്നെ ഇവൾക്ക് ദേവി എന്ന സ്ഥാനപ്പേർ സിദ്ധി ച്ചിരിക്കുന്നു. എടുത്തു പറയുന്നത് ഇരട്ടിപ്പാകയില്ലേ?

പരിവ്രാജിക: അങ്ങനെയല്ല,

**ആകാരത്തിലുളവായ രത്നവും സംസ്കരിച്ചു ശരിയായ്വരും വരെ**
**തങ്കവേലകളോടൊത്തിണങ്ങുവാൻ തിങ്കൾനേർമുഖി! കഥിക്ക! യോഗ്യമോ? 18**

ധാരിണി: ഭവതി! മഹോത്സവകോലാഹലത്തിൽ ആ സംഗതി വിട്ടു പോയി; ക്ഷമിക്കണം! ജയസേനേ! വേഗത്തിൽ ചെന്ന് ഇവൾക്ക് പിന്നൽപ്പട്ടു കൊണ്ടു വരൂ!

ജയസേന: ഇറാൻ. (പോയി പട്ടും എടുത്തുകൊണ്ടു പ്രവേശിച്ചിട്ട്) ദേവീ! ഇതാ പട്ടുടയാട.

ധാരിണി: (പട്ടു വാങ്ങി മാളവികയ്ക്കു മൂടുപടമിട്ടിട്ട്) ഇനി ആര്യപുത്രൻ ഇവളെ സ്വീകരിക്കണം!

രാജാ: ദേവി! ത്വച്ഛാസനാദപ്രത്യുത്തരാ വയം.

പരിവ്രാജികാ: ഹന്ത! പ്രതിഗൃഹീതാ.

വിദൂഷകഃ: അമ്ഹോ! ദേവീഏ അണുഊലദാ! (അഹോ! ദേവ്യാ അനുകൂലതാ!)

(ദേവീ പരിജനമവലോകയതി)

പരിജനഃ: (മാളവികാമുപേത്യ) ജേദു ഭട്ടിണീ (ജയതു ഭട്ടിനീ.)

(ദേവീ പരിവ്രാജികാം നിർവർണ്ണയതി.)

പരിവ്രാജികാ: നൈതച്ചിത്രം ത്വയി. കുതഃ

**പ്രതിപക്ഷേണാപി പതിം സേവന്തേ ഭർതൃവത്സലാഃ സാധ്വ്യഃ**
**അന്യസരിതാം ശതാനി ഹി സമുദ്രഗാഃ പ്രാപയന്ത്യബ്ധിം** 19

(പ്രവിശ്യ)

നിപുണികാ: ജേദു ഭട്ടാ. ഇരാവദീ വിണ്ണവേദി ജം ഉവആരാദിക്കമേണ തദാ ഭട്ടിണോ അവരദ്ധം, തം സഅം ഏവ്വ ഭട്ടിണോ ആണുഊലം ണാമ മഏ ആഅരിദം. സമ്പദം പുണ്ണമണോരഹേണ ഭത്തുണാ പ്രസാദ മേത്തേണ സംഭാവഇദവ്വത്തി. (ജയതു ഭർത്താ. ഇരാവതീ വിജ്ഞാപ യതി യദുപചാരാതിക്രമേണ തദാ ഭർത്രേ അപരാദ്ധം തത് സ്വയമേവ ഭർത്തുരനുകൂലം നാമ മയാചരിതം. സാംപ്രതം പൂർണ്ണമനോരഥേന ഭർത്രാ പ്രസാദമാത്രേണ സംഭാവയിത്യവ്യാ'ഇതി.

ദേവീ: ണിഉണിഏ! അവസ്സം താഏ സംദേസം സേവിദും അജ്ജ ഉത്തോ ജാണിസ്സദി. (നിപുണികേ! അവശ്യം തസ്യാഃ സന്ദേശം സേവിതു മാര്യപുത്രോ ജ്ഞാസ്യതി.)

നിപുണികാ: ജം ദേവീ ആണവേദി (യദ്ദേവ്യാജ്ഞാപയതി.)

(ഇതി നിഷ്ക്രാന്താ)

പരിവ്രാജികാ: ദേവ! അഹമമുനാ യുക്തസംബന്ധേന ചരിതാർത്ഥം മാധവസേനം സഭാജയിതുമിച്ഛാമി, യദി മേ തവ പ്രസാദഃ.

ദേവീ: ഭഅവദി! ണ ജുത്തം അഹ്മേ പരിച്ചത്തും. (ഭഗവതി! ന യുക്ത മസ്മാൻ പരിത്യക്തും.)

രാജാ: ഭഗവതി! മദീയേഷു ലേഖേഷു തത്രഭവതസ്ത്വാമുദ്ദിശ്യ സഭാ ജനാക്ഷരാണി പാതയിഷ്യാമി.

രാജാവ്: ദേവി കല്പിച്ചാൽ എനിക്ക് മറിച്ചുണ്ടോ?

പരിവ്രാജിക: ആവൂ! കന്യാദാനം നടന്നു.

വിദൂഷകൻ: അമ്പ! ദേവിക്ക് ദേവന്റെനേരെയുള്ള ആനുകൂല്യം!

(ധാരിണി പരിവ്രാജികയുടെ നേരെ നോക്കുന്നു)

പരിവ്രാജിക: അവിടുത്തെ സ്ഥിതിക്ക് ഇതിൽ ആശ്ചര്യമൊന്നുമില്ല. എങ്ങനെയെന്നാൽ,

**കണവന്നു സപത്നിയെക്കൊടുത്തും**
**പ്രണയത്താൽ ഗൃഹിണീജനം തുണയ്ക്കും,**
**വഴി വൻപുഴയേകിടുന്നു വേറേ**
**പുഴകൾക്കും സ്വയമാഴിയോടുചേരാൻ** 19

(നിപുണിക പ്രവേശിക്കുന്നു)

നിപുണിക: തമ്പുരാനു വിജയം! ഇരാവതി ഉണർത്തിക്കുന്നു. 'അന്നു ഞാൻ ഉപചാരാതിക്രമം കൊണ്ട് ആര്യപുത്രന് അപരാധം ചെയ്തത് അനുകൂലമായി പരിണമിച്ചല്ലോ! അതിനാൽ ഇപ്പോൾ പൂർണ്ണമനോരഥനായിരിക്കുന്ന ആര്യപുത്രൻ എന്റെ തെറ്റു ക്ഷമിക്കണം' എന്ന്.

ധാരിണി: നിപുണികേ! അവളുടെ അപേക്ഷയെ ആര്യപുത്രൻ ഉറപ്പായിട്ടു സ്വീകരിക്കും!

നിപുണിക: ദേവിയുടെ കല്പന (പോയി).

പരിവ്രാജിക: ദേവന്റെ അനുവാദമുണ്ടെങ്കിൽ എനിക്ക് ഈ വിവാഹ ബന്ധംകൊണ്ട് ചാരിതാർത്ഥനായ മാധവസേനനെച്ചെന്നു കണ്ട് അനു മോദനം ചെയ്താൽ കൊള്ളാമെന്നുണ്ട്.

ധാരിണി: കാര്യം സാധിച്ചു കഴിഞ്ഞയുടനെ ഭവതി ഞങ്ങളെ ഉപേക്ഷിക്ക യുക്തമല്ല.

രാജാവ്: ഭവതീ! ഞാൻ മാധവസേനന് അയയ്ക്കുന്ന എഴുത്തുകളിൽ ഭവതിയുടെ ഉപചാരവാക്കുകളെക്കൂടി പ്രത്യേകമായിട്ടു പ്രസ്താവിക്കാം.

പരിവ്രാജികാ: യുവയോഃ സ്നേഹേന പരവാനയം ജനഃ

ദേവീ: ആണവേദു അജ്ജഉത്തോ, കിം ഭൂഓ വി പിഅം ആണു ചിട്ഠാമി. (ആജ്ഞാപയത്വാര്യപുത്രഃ, കിം ഭൂയോ?പി പ്രിയമനുതിഷ്ഠാമി)

രാജാ: കിമതഃപരമപി പ്രിയമസ്തി? തഥാപീദമസ്തു

**ത്വം മേ പ്രസാദസുമുഖീ ഭവ ചണ്ഡി, നിത്യ**
**മേതാവദേവ വരയേ പ്രതിപക്ഷഹേതോഃ**

(ഭരതവാക്യം)

**ആശാസ്യമീതിവിഗമപ്രഭൃതി പ്രജാനാം**
**സമ്പത്സ്യതേ ന ഖലു ഗോപ്തരി നാഗ്നിമിത്രേ** **20**

(ഇതി നിഷ്ക്രാന്താഃ സർവ്വേ)

**ഇതി കാളിദാസസ്യ കൃതൗ മാളവികാഗ്നിമിത്രേ പഞ്ചമോƒങ്കഃ.**
**നാടകമിദം സമ്പൂർണ്ണം.**

പരിവ്രാജിക: നിങ്ങളുടെ പേരിലുള്ള സ്നേഹംകൊണ്ട് ഞാൻ പരാധീനയാണ്.

ധാരിണി: ആര്യപുത്രൻഅരുളിച്ചെയ്യണം! ഇനി എന്തു പ്രിയമാണു ഞാൻ അവിടേക്കു ചെയ്യേണ്ടത്?

രാജാവ്: ഇതിൽപ്പരമെന്താണുള്ളത്? എന്നാലും ഇത്രയും ഇരിക്കട്ടെ!

(ഭാരതവാക്യം)

**എന്നിൽ പ്രസാദസുമുഖത്വമൊടെന്റെ ദേവി**
**യെന്നും വസിക്കണമതിൽപ്പരമെന്തു വേണ്ടൂ?**
**മന്നിൽ പ്രജാകുശലമൊക്കെയുമഗ്നിമിത്ര**
**മന്നൻ ഭരിക്കുമളവിൽ സ്വയമേവ സിദ്ധം.** **20**

(എല്ലാവരും പോയി)

**(അഞ്ചാമങ്കം കഴിഞ്ഞു. നാടകം പൂർത്തിയായി)**